കത്തോലിക്കാവിശ്വാസവും വെല്ലുവിളികളും – 4



# സഹായകൻ

ഡോ. മൈക്കിൾ കാരിമറ്റം



# സഹായകൻ

## ഡോ. മൈക്കിൾ കാരിമറ്റം

അന്ത്യഅത്താഴവേളയിൽ ശിഷ്യന്മാരോടു വിടപറയുമ്പോൾ യേശു നൽകിയ ഒരു വാഗ്ദാനമായിരുന്നു എന്നും കൂടെ വസിക്കുന്ന 'സഹായകൻ.' ആരാണ് ഈ സഹായകൻ എന്ന് യേശുനാഥൻ തന്നെ വ്യക്തമായി അവരോടു പറയുന്നുണ്ട്: "എന്റെ നാമത്തിൽ പിതാവ് അയയ്ക്കുന്ന സഹായകനായ പരിശുദ്ധാത്മാവ് എല്ലാ കാര്യങ്ങളും നിങ്ങളെ പഠിപ്പിക്കും" (യോഹ 14,26). ബൈബിളിലൂടെ സാവകാശം വെളിപ്പെടുന്ന പരിശുദ്ധാത്മാവിന്റെ സ്വഭാവസവിശേഷതകളെയും പ്രവർത്തനങ്ങളെയും കുറിച്ചുള്ള ഒരു പഠനമാണ് രണ്ടു ഭാഗമായി തിരിച്ചിരിക്കുന്ന ഈ പുസ്തകം. പരിശുദ്ധാത്മാവിനെക്കുറിച്ച് പഴയ നിയമത്തിലും പുതിയ നിയമത്തിലും കാണുന്ന കാര്യങ്ങൾ ആദ്യഭാഗത്തു വിശകലനം ചെയ്യുന്നു. രണ്ടാംഭാഗത്തു പരിശുദ്ധാത്മാവിന്റെ ദാനങ്ങൾ, വരങ്ങൾ, ഫലങ്ങൾ എന്നിവ പഠനവിഷയമാക്കുന്നു.

പാതയിൽ പ്രകാശമായി, പ്രലോഭനങ്ങളെ നേരിടാൻ സഹായകനായി, പ്രതിബന്ധങ്ങളെ മറികടക്കാൻ ശക്തിയായി, വിശ്വസനീയമാംവിധം സുവിശേഷം പ്രഘോഷിക്കാൻ ആന്തരിക പ്രചോദനമായി, ദുഃഖത്തിൽ ആണ്ടുപോകാതെ പ്രത്യാശാദീപമായി, എന്നും കൂടെ വസിക്കുന്ന, കൂടെ നടക്കുന്ന, കൈപിടിച്ചു നടത്തുന്ന ദൈവമാണ് പരിശുദ്ധാത്മാവ്. ഒരിക്കലും കൈവിടാത്ത സ്നേഹസാന്നിധ്യം, ഒരിക്കലും കുറയാത്ത സന്തോഷം, ഒരിക്കലും അസ്തമിക്കാത്ത പ്രത്യാശ, ഒന്നിനും തോല്പിക്കാനാവാത്ത ആന്തരികശക്തി, ശാന്തി, സമാധാനം ഇതെല്ലാമാണ് പരിശുദ്ധാത്മാവായി എന്നിൽ നിരന്തരം വസിക്കുന്ന ദൈവം.

atma books
Parayanchery, Kozhikode - 673 016
Ph: +0495 4022600
+91 9746077500, +91 9746440800
E-mail: atmabooks@gmail.com
www.atmabooks.com

ISBN: 978-93-90790-84-5

₹ 160

Available at: amazon.in & atmabooks.com

Scripture

കത്തോലിക്കാവിശ്വാസവും വെല്ലുവിളികളും – 4

# സഹായകൻ

# ഡോ. മൈക്കിൾ കാരിമറ്റം

പതിനഞ്ചു വർഷക്കാലം തലശ്ശേരി അതിരൂപതയിൽ ബൈബിൾ അപ്പോസ്റ്റൊലേറ്റിന്റെ ഡയറക്ടറായും നാലുവർഷം മുരിങ്ങൂർ ഡിവൈൻ ബൈബിൾ കോളജിന്റെ പ്രിൻസിപ്പലായും പ്രവർത്തിച്ച ഡോ. മൈക്കിൾ കാരിമറ്റം 2002 മുതൽ തൃശ്ശൂർ മേരിമാതാ മേജർ സെമിനാരിയിൽ അദ്ധ്യാപകനായി സേവനം ചെയ്തുവരുന്നു.

മലയാളത്തിലെ ആദ്യത്തെ സമ്പൂർണ്ണ ബൈബിൾ വ്യാഖ്യാനമായ ആൽഫാ ബൈബിൾ കമന്ററിയുടെ ചീഫ് എഡിറ്റർ കൂടിയാണ് അദ്ദേഹം.

**ഞങ്ങൾ പ്രസാധനം ചെയ്ത ഗ്രന്ഥകർത്താവിന്റെ ഇതര കൃതികൾ**

1. അങ്ങയുടെ ചിറകിൻ കീഴിൽ
2. വെളിപാടുപുസ്തകം ഒരു വ്യാഖ്യാനം
3. കുരിശിന്റെ സുവിശേഷം
4. ആത്മാക്കളുടെ ലോകം
5. പുതിയനിയമത്തിലെ സ്ത്രീകൾ
6. കഴുതകൾ സംസാരിക്കുമ്പോൾ
7. നസ്രത്തിൽനിന്നൊരു പ്രവാചകൻ
8. കാണാപ്പുറം
9. പരാജിതരുടെ സുവിശേഷം
10. വിശ്വാസത്തിന്റെ വേരുകൾ
11. 101 വാഗ്ദാനങ്ങൾ
12. ഗുരുമൊഴികൾ
13. പാതയിൽ പ്രകാശം
14. പ്രത്യാശയിൽ സന്തോഷം
15. ദൈവം, ദൈവപുത്രൻ, ദൈവമാതാവ്
16. മോശയെപ്പോലെ ഒരു പ്രവാചകൻ
17. ഇപ്പോഴെങ്കിലും

# സഹായകൻ

## ഡോ. മൈക്കിൾ കാരിമറ്റം

pavan atma
book with a soul

atmabooks@gmail.com

Malayalam
*Sahayakan*
(Scripture)
Author: Dr. Michael Karimattam
Copyright: Author

Layout: Sheeja M
Cover Design: Sreejith George
Typing: Usha MS

First Published: July 2021
ISBN: 978-93-90790-84-5

Printed, Published & Distributed by

Pavanatma Publishers Pvt. Ltd.
Parayanchery, Kuthiravattam (P.O.)
Kozhikode - 673 016
Ph: +91 9746077500, +91 9746440800
E-mail: atmabooks@gmail.com
www.atmabooks.com

# ഉള്ളടക്കം

ആമുഖം 07

## ഭാഗം 1

## പരിശുദ്ധാത്മാവ് ബൈബിളിൽ

1. പരിശുദ്ധാത്മാവ് പഴയനിയമത്തിൽ 13
2. സമാന്തരവിശേഷങ്ങൾ 25
3. യോഹന്നാൻ എഴുതിയ സുവിശേഷം 36
4. അപ്പസ്തോല പ്രവർത്തനങ്ങൾ 44
5. പൗലോസിന്റെ ലേഖനങ്ങൾ 59
6. കാതോലിക ലേഖനങ്ങൾ 67
7. വെളിപാടു പുസ്തകം 78

## ഭാഗം - 2

## പരിശുദ്ധാത്മാവിന്റെ ദാനങ്ങൾ – വരങ്ങൾ – ഫലങ്ങൾ

ആമുഖം 91
1. ദാനങ്ങൾ - വരങ്ങൾ - ഫലങ്ങൾ 93
2. ഏഴു ദാനങ്ങൾ 100
3. ആത്മീയ വരങ്ങൾ 108
4. പരിശുദ്ധാത്മാവിന്റെ ഫലങ്ങൾ 128
ഉപസംഹാരം 155

# ആമുഖം

കത്തോലിക്കാ വിശ്വാസവും വെല്ലുവിളികളും എന്ന പരമ്പര യിലെ നാലാമത്തെ പുസ്തകമാണിത്. പരിശുദ്ധ ത്രിത്വത്തിലുള്ള വിശ്വാസം കത്തോലിക്കാ സഭയുടെ വിശ്വാസത്തിന്റെ അടി സ്ഥാന ശാലയാണ്. പിതാവ്, പുത്രൻ, പരിശുദ്ധാത്മാവ് എന്ന മൂന്നു വ്യക്തികളുടെ കൂട്ടായ്മയാണ് ഏകവും അതേസമയം ത്രിത്വവുമായ ദൈവം. ത്രിത്വത്തിലുള്ള വിശ്വാസവും യേശു ക്രിസ്തുവിന്റെ ദൈവത്വവും ആദ്യപുസ്തകത്തിൽ ചർച്ച ചെയ്തു; അവയ്ക്കെതിരെ ഉന്നയിക്കപ്പെടുന്ന ചോദ്യങ്ങൾക്കു മറുപടിയും നല്കി. പരിശുദ്ധ ത്രിത്വത്തിലെ മൂന്നാം ആളായ പരിശുദ്ധാത്മാ വാണ് ഈ പുസ്തകത്തിലെ പഠനവിഷയം. ഉൽപത്തി മുതൽ വെളിപാട് വരെയുള്ള 73 ബൈബിൾ ഗ്രന്ഥങ്ങളിൽ ഒളിഞ്ഞും തെളിഞ്ഞും പരിശുദ്ധാത്മാവിനെക്കുറിച്ചു പരാമർശങ്ങളുണ്ട്. അതിൽ ഒന്നാണ് തനിക്കുശേഷം വരും എന്ന് യേശു വാഗ്ദാനം ചെയ്ത സഹായകൻ. "*നിങ്ങൾ എന്നെ സ്നേഹിക്കുന്നുവെങ്കിൽ എന്റെ കല്പന പാലിക്കും. ഞാൻ പിതാവിനോട് അപേക്ഷിക്കു കയും എന്നേക്കും നിങ്ങളോടു കൂടെയിരിക്കാൻ മറ്റൊരു സഹായകനെ നിങ്ങൾക്കു തരുകയും ചെയ്യും*" (യോഹ. 4:16).

ആരാണ് ഈ സഹായകൻ? ഇസ്ലാം മതസ്ഥാപകനായ മുഹ മ്മദിനെക്കുറിച്ചാണ് യേശു ശിഷ്യന്മാരോടു പറഞ്ഞു എന്നു ചില മുസ്ലീമുകൾ ഇന്നു വാദിക്കുന്നുണ്ട്. അതിനു തെളിവായി മേലു ദ്ധരിച്ച ഗുരുമൊഴി അവർ ചൂണ്ടിക്കാണിക്കുന്നു. "സഹായകൻ" എന്നു വിവർത്തനം ചെയ്യുന്നത് *പാരാ ക്ലേത്തോസ്* (Paracletos) എന്ന ഗ്രീക്കു വാക്കാണ്. എന്നാൽ മൂലകൃതിയിൽ അത് പെരി ക്ലിത്തോസ് (Periclytos) എന്നായിരുന്നു എന്നും ക്രിസ്ത്യാനികൾ മനഃപൂർവ്വം വാക്കു തിരുത്തിയതാണെന്നും അവർ വാദിക്കുന്നു.

സ്തുതിക്കപ്പെട്ടവൻ അഥവാ പുകഴ്ത്തപ്പെട്ടവൻ എന്നാണ് പെരിക്ലിത്തോസ് എന്ന ഗ്രീക്കു വാക്കിനർത്ഥം. അതുതന്നെ യാണ് "മുഹമ്മദ്" അഥവാ "അഹമ്മദ്" എന്ന അറബി പേരിന്റെ അർത്ഥമെന്നും തുടർന്നു വാദിക്കുന്നു. ഈ വാദം അനുസരിച്ച് യേശു മുഹമ്മദിന്റെ വരവിനെക്കുറിച്ചു മുൻകൂട്ടി അറിയിച്ചിട്ടു ണ്ടെന്നും യേശുവിനെ അയച്ച ദൈവം തന്നെയാണ് മുഹമ്മദി നെയും അയച്ചതെന്നും വിശ്വസിക്കാൻ പ്രേരിപ്പിക്കുന്നു. ഈ വാദം ശരിയാണോ? യേശു മുൻകൂട്ടി അറിയിച്ച സഹായകൻ യഥാർത്ഥത്തിൽ ഇസ്ലാം മതസ്ഥാപകനായ മുഹമ്മദാണോ?

ആശ്ചര്യകരം എന്നേ ഈ വാദങ്ങളെയും നിഗമനത്തെയും കുറിച്ചു പറയാൻ കഴിയൂ! യേശുവിന്റെ മരണം കഴിഞ്ഞ് ആറു നൂറ്റാണ്ടുകൾക്കുശേഷം ദൈവത്താൽ അയയ്ക്കപ്പെട്ടവൻ എന്ന അവകാശവാദവുമായി കടന്നുവന്ന ഒരാൾ യേശു നൽകിയ വാഗ്ദാനത്തിന്റെ പൂർത്തീകരണമാണെന്നു പറയാൻ അസാധാ രണമായ ഭാവനാശക്തിയും ബൈബിളിനെക്കുറിച്ച് തത്തുല്യമായ അജ്ഞതയും ആവശ്യമാണ്. യേശു വാഗ്ദാനം ചെയ്ത സഹാ യകൻ ആര് എന്നന്വേഷിക്കുന്നതിനു മുമ്പേ മുഹമ്മദ് എന്ന പേരിന്റെ കാര്യം നോക്കാം.

സ്തുതിക്കപ്പെട്ടവൻ എന്നാണ് മുഹമ്മദ് എന്ന പേരിനർത്ഥ മെന്നും അത് "പെരിക്ലിത്തോസ്" എന്ന ഗ്രീക്കു വാക്കിന്റെ തർജ്ജ മയാണെന്നും വാദിക്കുന്നവർ ആദ്യമേ ചെയ്യേണ്ടത് ഇങ്ങനെ ഒരു വാക്ക് ബൈബിളിൽ മറ്റെവിടെയെങ്കിലും ഉണ്ടോ എന്നന്വേ ഷിക്കുകയാണ്. കണ്ടെത്തുകയില്ല. എന്നാൽ "പാരാക്ലേത്തോസ്" എന്ന വാക്ക് വീണ്ടും നാലു തവണ പ്രത്യക്ഷപ്പെടുന്നുണ്ട് (യോഹ 14,26; 15,26,16,7:1 യോഹ 2,1) ഇവിടെ സ്തുതിക്കപ്പെ ട്ടവനല്ല, അടുത്തേക്കു വിളിക്കപ്പെട്ടവൻ, സഹായകൻ എന്നാണ് വാക്കിനർത്ഥം. അതിനാൽ മുഹമ്മദിന്റെ പേര് ബൈബിളിൽ ഉണ്ട് എന്നു പറയുന്നത് ഒന്നുകിൽ അറിവില്ലായ്മയാണ്, അല്ലെ ങ്കിൽ മനഃപൂർവ്വം പറയുന്ന നുണയാണ്.

ഇനി സഹായകനെക്കുറിച്ച് യേശു പറയുന്ന സാഹചര്യവും സഹായകൻ ചെയ്യും എന്നു പറയുന്ന കാര്യങ്ങളും പരിശോധി ച്ചാൽ അതിന് മുഹമ്മദുമായി കടലും കടലാടിയും തമ്മിലുള്ള ബന്ധം പോലും ഇല്ല എന്നു വ്യക്തമാകും. ആസന്നമായിരിക്കുന്ന

ഗുരുവിന്റെ വേർപാടിൽ ദുഃഖിതരും സംഭീതിതരുമായ ശിഷ്യന്മാർക്ക് ആശ്വാസവും പ്രത്യാശയും ശക്തിയും പ്രദാനം ചെയ്യുന്നതാണ് യേശു നൽകുന്ന വാഗ്ദാനം. അതിന്റെ വിശദാംശങ്ങൾ വഴിയേ കാണുന്നതാണ്. അതുപോലെ, അവർക്ക് ഇനിയും ഗ്രഹിക്കാൻ കഴിയാത്ത സത്യങ്ങളുടെ ആഴങ്ങളിലേക്ക് സഹായകനായ പരിശുദ്ധാത്മാവ് അവരെ കൈപിടിച്ചു നയിക്കും. ഇതെല്ലാം ആറു നൂറ്റാണ്ടുകൾക്കുശേഷം അറേബ്യയിൽ പ്രത്യക്ഷപ്പെട്ട ഒരു കച്ചവടക്കാരനെക്കുറിച്ചുള്ള വാഗ്ദാനമാണെന്നു പറയാനാകുമോ?

അതിനാൽ യേശു മുഹമ്മദിനെക്കുറിച്ചു പ്രവചിച്ചു എന്നും യേശു വാഗ്ദാനം ചെയ്ത സഹായകനായ പരിശുദ്ധാത്മാവിന്റെ അവതാരമാണ് മുഹമ്മദെന്നും വാദിക്കുന്നെങ്കിൽ അറിവില്ലായ്മയോ ഭോഷത്തമോ ആയി കരുതിയാൽ മതിയാകും. അതിനാൽ അർത്ഥശൂന്യമായ ചോദ്യങ്ങൾക്ക് ഉത്തരം കണ്ടെത്താൻ സമയം പാഴാക്കാതെ ആരാണ് ഈ സഹായകൻ, എന്താണ് ബൈബിൾ സഹായകനെക്കുറിച്ചു പറയുന്നത് എന്നന്വേഷിക്കുകയാണ് കരണീയം. "സഹായകൻ" എന്നും "പരിശുദ്ധാത്മാവ്" എന്നും ഒരാളെക്കുറിച്ചു തന്നെയാണ് പറയുന്നത് എന്നതിൽ സംശയമില്ല. ഉദാ: "*എന്റെ നാമത്തിൽ പിതാവ് അയയ്ക്കുന്ന സഹായകനായ പരിശുദ്ധാത്മാവ് (പാരാക്ലേത്തോസ്, തോ പ്നെവുമാ തോ ഹാഗി യോൺ Paracletos, to pneuma to hagion എന്നു ഗ്രീക്കുമൂലം) എല്ലാ കാര്യങ്ങളും നിങ്ങളെ പഠിപ്പിക്കും*" (യോഹ 14,26). പരിശുദ്ധത്മാവിനെക്കുറിച്ച് ബൈബിളിൽ, പഴയ നിയമത്തിലും പുതിയ നിയമത്തിലും കാണുന്ന കാര്യങ്ങളാണ് ഇവിടെ പഠനവിഷയമാക്കുന്നത്.

പരിശുദ്ധാത്മാവിനെക്കുറിച്ചുള്ള കത്തോലിക്കാസഭയുടെ ആധികാരിക പ്രബോധനം "കത്തോലിക്കാസഭയുടെ മതബോധനഗ്രന്ഥം" (ccc) 683-747-ൽ കാണാം. ലെയോ XIII മാർപ്പാപ്പയുടെ "ദിവീനും ഇല്ലൂദ് മുനുസ്" (Divinum Illud Munus) = ആ ദൈവികദാനം) 1897, ജോൺ പോൾ II മാർപ്പാപ്പായുടെ "ദോമിനും എത് വിവിഫിക്കാൻതെം" (Dominum Et Vivificantem= കർത്താവും ജീവദാതാവും), 1986 എന്നീ ചാക്രികലേഖനങ്ങളിലും കാണാം.

ഈ പുസ്തകം രണ്ടു ഭാഗമായി തിരിച്ചിരിക്കുന്നു. പരിശുദ്ധാത്മാവിനെക്കുറിച്ചു ബൈബിളിൽ കാണുന്ന കാര്യങ്ങൾ ആദ്യ ഭാഗത്തു വിശകലനം ചെയ്യുന്നു. ആത്മാവിന്റെ ദാനങ്ങൾ, വരങ്ങൾ, ഫലങ്ങൾ എന്നീ വിഷയങ്ങൾ രണ്ടാം ഭാഗത്ത് വിശദമായ പഠനത്തിന് വിഷയമാക്കുന്നു.

**ഡോ. മൈക്കിൾ കാരിമറ്റം**

# ഭാഗം I

# പരിശുദ്ധാത്മാവ് ബൈബിളിൽ

ദൈവം തന്നെത്തന്നെയും തന്റെ രക്ഷാകരപദ്ധതിയും വെളിപ്പെടുത്തുന്ന, എഴുതപ്പെട്ട ദൈവവചനമായ ബൈബിളിൽ ആരംഭം മുതൽ അവസാനം വരെ പരിശുദ്ധാത്മാവിനെക്കുറിച്ചുള്ള സൂചനകളും വിവരണങ്ങളും പലവിധത്തിൽ പ്രത്യക്ഷമാകുന്നുണ്ട്. പരിശുദ്ധാത്മാവിന്റെ സ്വഭാവം, പ്രവർത്തനങ്ങൾ എന്നിവയെക്കുറിച്ച് പഴയ നിയമത്തിൽ നല്കിയിരിക്കുന്ന സൂചനകൾ പുതിയ നിയമത്തിൽ കൂടുതൽ വ്യക്തമാകുന്നതായി കാണാം. ഉൽപത്തി മുതൽ വെളിപാടു വരെയുള്ള ബൈബിൾ ഗ്രന്ഥങ്ങളിൽ പ്രത്യക്ഷപ്പെടുന്ന പരിശുദ്ധാത്മാവിന്റെ ചിത്രം അവതരിപ്പിക്കാനാണ് ഈ ആദ്യഭാഗത്ത് ശ്രമിക്കുന്നത്.

# 1

# പരിശുദ്ധാത്മാവ് പഴയനിയമത്തിൽ

പരിശുദ്ധാത്മാവിനെക്കുറിച്ചുള്ള അറിവ് ബൈബിളിൽ സാവകാശമാണ് നൽകപ്പെടുന്നത്. സ്വന്തമായി രൂപമോ ഭാവമോ പേരോ ഇല്ല; അതേസമയം പലവിധത്തിലും പരാമർശവിഷയ മാകുന്നുണ്ട്, അനുഭവവേദ്യമാകുന്നുമുണ്ട്. ഏകദൈവം എന്ന വിശ്വാസമാണ് പഴയനിമയത്തിന്റെ അടിസ്ഥാന ശിലയായി നിൽക്കുന്നത്. എങ്കിലും ഈ ഏകദൈവത്തിൽ ബഹുത്വത്തെക്കു റിച്ചുള്ള ചില സൂചനകൾ കാണാം. ബൈബിളിന്റെ തുടക്കത്തിൽ ത്തന്നെ ഈ സൂചന ദൃശ്യമാണ്. "*ആദിയിൽ ദൈവം ആകാ ശവും ഭൂമിയും സൃഷ്ടിച്ചു. ഭൂമി രൂപരഹിതവും ശൂന്യവുമായി രുന്നു. ആഴത്തിനു മുകളിൽ അന്ധകാരം വ്യാപിച്ചിരുന്നു. ദൈവ ത്തിന്റെ ചൈതന്യം വെള്ളത്തിനു മീതേ ചലിച്ചുകൊണ്ടിരുന്നു*" (ഉൽപ, 1:1-2).

### 1. പ്രതീകങ്ങൾ

**a. ശ്വാസം,കാറ്റ്:** പ്രതീകങ്ങളിലൂടെയാണ് ബൈബിൾ പരിശുദ്ധാത്മാവിനെക്കുറിച്ചു പറയുന്നത്. അതിൽ ആദ്യത്തെ പരാമർശമാണിത്. "*ചൈതന്യം*" എന്നു പി.ഒ.സി. ബൈബിൾ വിവർത്തനം ചെയ്യുന്നത് "*റൂവാഹ്*" എന്ന ഹീബ്രു വാക്കാണ്, "*പ്നെവുമാ*" എന്ന ഗ്രീക്കിലും. രണ്ടിന്റെയും അർത്ഥം ഒന്നു തന്നെ, കാറ്റ്. ഇതിനെ ശക്തി, ചൈതന്യം, ആത്മാവ് എന്നെല്ലാം വിവർത്തനം ചെയ്യാം. ഈ വാക്കുതന്നെയാണ് "*പരിശുദ്ധാ ത്മാവ്*" എന്ന പ്രയോഗത്തിലും ഉള്ളത്. "*റുഹാദ്ക്കുദ്ശാ*" എന്ന സുറിയാനിയിൽ നമുക്കു പരിചിതമായ വാക്കിന്റെ ആദ്യഭാഗം. ഇതൊരു പേരല്ല, ഒരു പ്രവൃത്തിയെ സൂചിപ്പിക്കുന്ന വാക്കാണ്. കാറ്റ് ചലിക്കുന്നു, വീശുന്നു, അടിച്ചു തകർക്കുന്നു, ജീവിപ്പി ക്കുന്നു. നിരവധിയായ പ്രവർത്തനങ്ങൾ കാറ്റുമായി ബന്ധപ്പെ ടുത്തി കാണാൻ കഴിയും.

രൂപരഹിതമായ, അന്ധകാരാവൃതമായ, ആഴങ്ങളുടെ മീതേ പരിവർത്തിച്ച ദൈവത്തിന്റെ ചൈതന്യം രൂപഭാവങ്ങൾ സൃഷ്ടിച്ചു. സൃഷ്ടിയുടെ ആരംഭം മുതലേ സജീവമായി പ്രവർത്തിക്കുന്ന ചൈതന്യമായി ഇവിടെ പരിശുദ്ധാത്മാവ് പ്രത്യക്ഷപ്പെടുന്നു. സൃഷ്ടികർമ്മവുമായി ബന്ധപ്പെടുത്തി പരിശുദ്ധാത്മാവിനെക്കുറിച്ച് വീണ്ടും പഴയനിയമത്തിൽ പല പരാമർശങ്ങൾ കാണാൻ കഴിയും. "*അങ്ങ് ജീവശ്വാസം (റൂവാഹ്) അയയ്ക്കുമ്പോൾ അവ സൃഷ്ടിക്കപ്പെടുന്നു. അങ്ങ് ഭൂമുഖം നവീകരിക്കുന്നു*" (സങ്കീ 104:30). കാറ്റ്, ആത്മാവ് എന്നൊക്കെ വിവർത്തനം ചെയ്യാവുന്ന "റൂവാഹ്" എന്ന പദമാണ് ഹീബ്രു മൂലത്തിൽ ഉപയോഗിച്ചിരിക്കുന്നത്. ആദ്യ സൃഷ്ടിയും നവീകരണമായ പുനഃസൃഷ്ടിയും പരിശുദ്ധാത്മാവിലൂടെ സംഭവിക്കുന്നു.

ഇതേ ആശയം കൂടുതൽ വ്യക്തമായി എസെക്കിയേൽ ഒരു ദർശനത്തിന്റെ ഭാഷയിൽ അവതരിപ്പിക്കുന്നുണ്ട്. ഉണങ്ങിവരണ്ട അസ്ഥികൾ നിറഞ്ഞ താഴ്‌വരയിൽനിന്നു പ്രവചിച്ചപ്പോൾ അസ്ഥികൾ ഒരുമിച്ചുകൂടി, മനുഷ്യരൂപം പ്രാപിച്ചു. എന്നാൽ അവയ്ക്കു ജീവൻ ഉണ്ടായിരുന്നില്ല. അപ്പോഴാണ് കർത്താവ് പ്രവാചകനോടു പറയുന്നത്: "*മനുഷ്യപുത്രാ, ജീവശ്വാസത്തോടു പ്രവചിക്കുക... ജീവശ്വാസമേ, നീ നാലു വായുക്കളിൽനിന്ന് വന്ന് ഈ നിഹിതന്മാരുടെ മേൽ വീശുക, അവർക്കു ജീവനുണ്ടാകട്ടെ*" (എസെ 37:9). ദൈവം പറഞ്ഞതുപോലെ സംഭവിച്ചു; അവരെല്ലാം ജീവൻ പ്രാപിച്ച് ഒരു വലിയ സൈന്യമായി എണീറ്റുനിന്നു എന്ന് പ്രവാചകൻ തുടർന്നു വിവരിക്കുന്നു. "ജീവശ്വാസം" എന്നു വിവർത്തനം ചെയ്യുന്നതും റുവാഹ് എന്ന വാക്കുതന്നെ.

**b. ജലം-നീർച്ചാൽ:** പരിശുദ്ധാത്മാവിനെ സൂചിപ്പിക്കുന്ന മറ്റൊരു പ്രതീകമാണ് ജലം. ജലത്തിനു മുഖ്യമായും രണ്ടു ഗുണങ്ങളാണുള്ളത്. 1. ജീവൻ നല്കുന്നു. 2. കഴുകി ശുദ്ധമാക്കുന്നു. അതോടൊപ്പം സകല പ്രതിബന്ധങ്ങളെയും തകർത്തു മുന്നേറാനുള്ള ശക്തിയും ജലത്തിനുണ്ട്. അതു ശിക്ഷയോ രക്ഷയോ ആകാം. സകലതിനെയും മുക്കിക്കൊല്ലുന്ന പ്രളയജലം ദൈവം അയയ്ക്കുന്ന ശിക്ഷാവിധിയുടെ പ്രതീകമാണ്; അതോടൊപ്പം ജലം പ്രതിബന്ധങ്ങൾ അകറ്റി, കഴുകി വെടിപ്പാക്കുന്ന ശുദ്ധീകരണ പ്രക്രിയയും ആകാം.

ശുദ്ധീകരണവും പുതുജീവനും- ഇവ രണ്ടും ഒരുമിച്ച്,

പുതിയ ഉടമ്പടിയെക്കുറിച്ചുള്ള പ്രവചനത്തിൽ എസെക്കിയേൽ അവതരിപ്പിക്കുന്നുണ്ട്: "*ഞാൻ നിങ്ങളുടെ മേൽ ശുദ്ധജലം തളിക്കും. നിങ്ങളുടെ എല്ലാ മാലിന്യങ്ങളിൽ നിന്നും നിങ്ങൾ ശുദ്ധീകരിക്കപ്പെടും. ഒരു പുതിയ ഹൃദയം നിങ്ങൾക്കു ഞാൻ നൽകും. ഒരു പുതു ചൈതന്യം നിങ്ങളിൽ ഞാൻ നിക്ഷേപിക്കും*" (എസെ. 36:25-26). ചൈതന്യം എന്നു വിവർത്തനം ചെയ്യുന്നത് "റുവാഹ്" എന്ന വാക്കുതന്നെ. ഇവിടെ ജലവും കാറ്റും സമാന്ത രമായി അവതരിപ്പിച്ചുകൊണ്ട് പരിശുദ്ധാത്മാവിന്റെ രണ്ടു പ്രവർത്തനങ്ങളിലേക്കും ശ്രദ്ധ ക്ഷണിക്കുന്നു-ശുദ്ധീകരണവും ജീവദാനവും.

പുതിയ ദേവാലയത്തെക്കുറിച്ചുള്ള ദർശനത്തിന്റെ വിവരണ ത്തിൽ ദേവാലയത്തിൽ നിന്നു പുറപ്പെട്ട് മരുഭൂമിയിലൂടെ ഒഴുകി ചാവുകടലിൽ ചെന്നെത്തുന്ന അരുവിയെക്കുറിച്ചുള്ള പരാമർശം (എസെ 47:1-12) പരിശുദ്ധാത്മാവിന്റെ ജീവദായക പ്രവർത്തന ത്തിലേക്കു ശ്രദ്ധ ക്ഷണിക്കുന്നു. ഉറവ ചെറിയ നീർച്ചാലായി, പുഴയായി, മഹാനദിയായി, സമുദ്രമായി മാറുന്നു. എല്ലായിടത്തും ജീവൻ ത്രസിക്കുന്നു. ജീവൻ സമൃദ്ധമായി നൽകുന്ന ആത്മാ വിന്റെ പ്രവർത്തനം. ഈ പ്രതീകം വീണ്ടും വെളിപാടു പുസ്തക ത്തിൽ കാണാം (വെളി 22:1-3). ദൈവത്തിന്റെയും കുഞ്ഞാടി ന്റെയും സിംഹാസനത്തിൽ നിന്നു പുറപ്പെടുന്ന അരുവി എന്ന പ്രതീകം പിതാവിൽ നിന്നും പുത്രനിൽ നിന്നും പുറപ്പെടുന്ന പരിശുദ്ധാത്മാവിനെയാണ് സൂചിപ്പിക്കുക.

**c. അഗ്നി:** പരിശുദ്ധാത്മാവിന്റെ പ്രതീകമായി പഴയനിയമ ത്തിൽ പ്രത്യക്ഷപ്പെടുന്ന മറ്റൊന്നാണ് അഗ്നി. അധികപങ്കും ശിക്ഷാവിധിയെ സൂചിപ്പിക്കുന്ന പ്രതീകമാണിതെങ്കിലും ദൈവിക സാന്നിധ്യത്തിന്റെ അടയാളമായും അഗ്നി പ്രത്യക്ഷപ്പെ ടുന്നുണ്ട്. അബ്രഹവുമായി ദൈവം ഉടമ്പടി ചെയ്യുമ്പോൾ ബലിയർപ്പിച്ച മൃഗങ്ങളുടെ കഷ്ണങ്ങൾക്കിടയിലൂടെ കടന്നു പോയ തീനാളം (ഉൽപ 15:17-18) ദൈവികസാന്നിധ്യത്തെ സൂചി പ്പിക്കുന്ന പ്രതീകമാണ്. സീനായ് മലയിൽ വച്ച് ദൈവം മോശയ്ക്ക് ആദ്യമായി പ്രത്യക്ഷപ്പെട്ടതും അഗ്നിയുടെ പ്രതീക ത്തിലൂടെ ആയിരുന്നു (പുറ 32-6). മരുഭൂമിയിലൂടെയുള്ള യാത്രാ മദ്ധ്യേ രാത്രി അഗ്നിസ്തംഭമായി ദൈവം ഇസ്രായേൽ ജനത്തെ വഴി നടത്തുമ്പോൾ അഗ്നി എന്ന പ്രതീകം വീണ്ടും പ്രത്യക്ഷ മാകുന്നു (പുറ 13:21; സംഖ്യ 9:15). സീനായ് മലയിൽ ദൈവം

ജനത്തിനു പ്രത്യക്ഷനാകുന്നതും അഗ്നിയുടെ പ്രതീകത്തിലൂടെയാണ് (പുറ 19:16-19). സ്വർഗ്ഗത്തിൽ നിന്ന് അഗ്നിയിറങ്ങി ബലി സ്വീകരിക്കുമ്പോൾ ഈ പ്രതീകം വീണ്ടും സജീവമാകുന്നു (1 രാജാ 18:38).

ദൈവിക സാന്നിദ്ധ്യം വിളിച്ചറിയിക്കുന്ന പ്രതീകമായി പ്രവാചകന്മാരും അഗ്നിയെ ചിത്രീകരിച്ചിട്ടുണ്ട്. "*ഇസ്രായേലിന്റെ പ്രകാശം അഗ്നിയായും അവന്റെ പരിശുദ്ധൻ ഒരു ജ്വാലയായും മാറും*" (ഏശയ്യാ 10:17). ദൈവം വസിക്കുന്നത് ദഹിപ്പിക്കുന്ന അഗ്നിയുടെ മധ്യത്തിലാണെന്നു പ്രതീകാത്മകമായി പ്രഖ്യാപിച്ചുകൊണ്ട് ദൈവത്തിന്റെ വിശുദ്ധിയെയും അവിടുത്തെ സമീപിക്കുന്നവർക്കുണ്ടായിരിക്കേണ്ട ജീവിതവിശുദ്ധിയെയും കുറിച്ചും പഠിപ്പിക്കുമ്പോഴും അഗ്നിയെന്ന പ്രതീകം ഉപയോഗിക്കുന്നതു കാണാം. "*നമ്മിലാർക്കു ദഹിപ്പിക്കുന്ന അഗ്നിയോടൊപ്പം വസിക്കാനാവും? നിത്യജ്വാലയിൽ നമ്മിലാർക്കു ജീവിക്കാൻ കഴിയും?*" (ഏശ 33:14).

ജലത്തിനും കാറ്റിനും എന്നതുപോലെ അഗ്നിക്കുമുണ്ട് മുഖ്യമായ രണ്ടു ധർമ്മങ്ങൾ. 1. തിന്മയായതെല്ലാം നശിപ്പിക്കുക, 2. നന്മയായതിനെ ശുദ്ധീകരിക്കുക. അഗ്നി ദൈവിക സാന്നിധ്യത്തിന്റെ അടയാളമാണ് (സങ്കീ 18:8, 50:3, 97:3). എന്നാൽ പുതിയ നിയമത്തിൽ പരിശുദ്ധാത്മാവിന്റെ സാന്നിധ്യം അറിയിക്കുന്ന പ്രതീകമായിട്ടാണ് അഗ്നി പ്രത്യക്ഷപ്പെടുന്നത്. പന്തക്കുസ്താ ദിവസം ശിഷ്യന്മാരുടെ മേൽ വന്നു വസിച്ച തീനാവുകളുടെ രൂപം ഉദാഹരണം (അപ്പ 2:3-4).

### 2. പ്രവർത്തനങ്ങൾ

പഴയ നിയമത്തിൽ പരിശുദ്ധാത്മാവ് ഒരു വ്യക്തി എന്നതിലുപരി ശക്തി ആയിട്ടാണ് പ്രത്യക്ഷപ്പെടുന്നത്. വ്യക്തികളിൽ ആവസിക്കുന്ന ദൈവികശക്തി, അഥവാ ചൈതന്യം. പരിശുദ്ധാത്മാവ് വ്യക്തികളെ അഭിഷേകം ചെയ്ത് വിശുദ്ധീകരിക്കുന്നു, ശക്തിപ്പെടുത്തുന്നു, നയിക്കുന്നു. ന്യായാധിപന്മാർക്കു നീതിബോധവും, പ്രവാചകന്മാർക്കു ദൈവജ്ഞാനവും, രാജാക്കന്മാർക്കു ശക്തിയും വിവേകവും, പുരോഹിതന്മാർക്കു വിശുദ്ധിയും എല്ലാം നൽകുന്നതു പരിശുദ്ധാത്മാവാണ്.

**a. വിവേകവും ബുദ്ധിയും:** സഹോദരന്മാർ അസൂയ നിമിത്തം അടിമയായി വിറ്റ ജോസഫിനെ ദൈവം നിരന്തരം

പരിപാലിച്ചു; കാരാഗൃഹത്തിൽ നിന്നു മോചിപ്പിച്ചു; അവസാനം ഈജിപ്തിന്റെ മുഴുവൻ അധിപനായി ഉയർത്തി. തന്റെ ഏറ്റം ഉയർന്ന ഉദ്യോഗസ്ഥനായി നിയമിക്കുമ്പോൾ ജോസഫിനെക്കുറിച്ചു ഫറവോ പറയുന്ന ഒരു വിശേഷണം ഇവിടെ ശ്രദ്ധേയമാകുന്നു. "*ദൈവത്തിന്റെ ആത്മാവു കുടികൊള്ളുന്ന ഇവനെപ്പോലെ മറ്റൊരു മനുഷ്യനെ കണ്ടെത്താൻ നമുക്കു കഴിയുമോ?... നിന്നെപ്പോലെ വിവേകിയും ബുദ്ധിമാനുമായ ഒരാൾ വേറെയില്ല*" (ഉൽപ 41:38-39). ദൈവം നൽകുന്ന അടയാളങ്ങൾ തിരിച്ചറിയാനും അതനുസരിച്ച് തീരുമാനങ്ങൾ എടുത്ത്, ജീവിതം ക്രമീകരിക്കാനും ആവശ്യമായ കഴിവുകളാണ് ബുദ്ധിയും വിവേകവും. അതുരണ്ടും ജോസഫിനു നൽകിയത് ദൈവത്തിന്റെ ആത്മാവാണ്. ജോസഫിൽ പ്രവർത്തിച്ച പരിശുദ്ധാത്മാവ് ഒരു ജനത്തെ മുഴുവൻ പട്ടിണി മരണത്തിൽ നിന്നു രക്ഷിച്ചു.

**b. ന്യായാധിപന്മാരിൽ:** ജോഷ്വായ്ക്കു ശേഷം രാജാഭരണത്തിന്റെ തുടക്കം വരെ ഇസ്രായേൽ ജനത്തെ നയിച്ച ശക്തരായ നേതാക്കന്മാരെയാണ് ബൈബിൾ ന്യായാധിപന്മാർ എന്നു വിശേഷിപ്പിക്കുന്നത്. ശത്രുക്കളിൽ നിന്നു ജനത്തെ രക്ഷിക്കാൻ പരിശുദ്ധാത്മാവ് ചില വ്യക്തികളെ തിരഞ്ഞെടുത്ത്, അവരിൽ ആവസിച്ച്, ശക്തിപ്പെടുത്തുന്നു. ആദ്യത്തെ ന്യായാധിപനായ ഒത്ത്നിയേൽ മുതൽ അവസാനത്തെ ന്യായാധിപനായ സാംസൺ വരെ ഇപ്രകാരം ദൈവാത്മാവിനാൽ ശാക്തീകരിക്കപ്പെട്ടവരായിരുന്നു. "*കർത്താവിന്റെ ആത്മാവ് അവന്റെ മേൽ വന്നു*" (ന്യായ 3:10) എന്ന് ഒത്ത്നിയേലിനെക്കുറിച്ചു പറയുന്നു. തുടർന്ന് ഗിദയോൺ (ന്യായ 6:34), ജെഫ്താ (ന്യായാ 11:29), സാംസൺ (ന്യായാ 13:25; 14:6) മുതലായ ന്യായാധിപന്മാരിലും ദൈവത്തിന്റെ ആത്മാവ് വരുകയും അവരെ ശക്തിപ്പെടുത്തുകയും ചെയ്തതായി കാണാം.

ദൈവത്തിന്റെ ആത്മാവ് ചില പ്രത്യേക സാഹചര്യങ്ങളിൽ ചില വ്യക്തികളുടെ മേൽ ആവസിച്ച് അവരെ ശക്തരായ നേതാക്കളായി രൂപാന്തരപ്പെടുത്തുന്നു. ശത്രുക്കളിൽ നിന്നു ജനത്തെ മോചിപ്പിക്കുകയാണിതിന്റെ ലക്ഷ്യം. ശക്തി ദൈവാത്മാവിന്റേതാണ്, സ്വന്തമല്ല എന്ന് ഈ നേതാക്കന്മാർ അറിയണം, അംഗീകരിക്കണം, അനുസ്മരിക്കണം. എന്നാൽ 12 ന്യായാധിപന്മാരിൽ ഏറ്റം ശക്തനായി പ്രത്യക്ഷപ്പെടുന്ന സാംസൺ ഇക്കാര്യം ഗ്രഹിച്ചില്ല, അഥവാ പരിഗണിച്ചില്ല. എല്ലാം തന്റെ

കഴിവും ശക്തിയുമാണെന്നു തെറ്റിധരിച്ച്, അഹങ്കരിച്ച സാംസൺ അവസാനം കർത്താവു തന്നെ വിട്ടുപോയതറിഞ്ഞില്ല (ന്യായാ 16:20). ഫലം ഭയാനകമായിരുന്നു. കാഴ്ചപോയി, സ്വാതന്ത്ര്യം പോയി, അവസാനം ജീവനും നഷ്ടപ്പെട്ടു. ഇതും വലിയൊരു പാഠം തന്നെ.

**c. രാജാക്കന്മാരിൽ:** ഇസ്രായേലിലെ ആദ്യത്തെ രാജാവാണ് സാവൂൾ. ദൈവ കല്പനയനുസരിച്ച് സാമുവേൽ അയാളെ തലയിൽ തൈലം പൂശി അഭിഷേകം ചെയ്തു രാജാവാക്കി. ദൈവത്തിന്റെ ആത്മാവ് അവനിൽ ശക്തമായി പ്രവർത്തിച്ചു. അവൻ ഒരു പുതിയ മനുഷ്യനായി (1 സാമു 10:9-10). തുടർന്ന് തന്റെ ജനത്തെ ശത്രുക്കളിൽ നിന്നു രക്ഷിക്കാൻ വേണ്ടി ദൈവത്തിന്റെ ആത്മാവ് സാവൂളിനെ ശക്തിപ്പെടുത്തി: "*ദൈവത്തിന്റെ ആത്മാവ് അവനിൽ ശക്തമായി ആവസിച്ചു*" (1. സാമു 11:6). എന്നാൽ തന്റെ ശക്തിയിലും അധികാരത്തിലും അഹങ്കരിച്ച്, ദൈവകല്പനകൾ ധിക്കരിച്ചപ്പോൾ "*കർത്താവിന്റെ ആത്മാവ് സാവൂളിനെ വിട്ടുപോയി*" (1 സാമു 16:14). സാവൂളിനു പകരം ദൈവകല്പന പ്രകാരം സാമുവേൽ അഭിഷേകം ചെയ്തപ്പോൾ "*കർത്താവിന്റെ ആത്മാവ് ദാവീദിന്റെ മേൽ ശക്തമായി ആവസിച്ചു*" (1 സാമു 16:13).

ദൈവാത്മാവിനു പകരം ദുരാത്മാവ് സാവൂളിനെ നിരന്തരം പീഡിപ്പിച്ചു എന്നു വി. ഗ്രന്ഥകാരൻ പറയുന്നുണ്ട് (1. സാമു 14:14). ദൈവാത്മാവിന്റെ പ്രചോദനങ്ങൾക്കു നിരന്തരം കാതോർക്കാനും വിധേയപ്പെടാനും രാജാവും ശ്രദ്ധിക്കണം. അല്ലെങ്കിൽ ദൈവത്താൽ തിരസ്കരിക്കപ്പെടും എന്ന് സാവൂളിന്റെ അനുഭവം പഠിപ്പിക്കുന്നു.

**d. പ്രവാചകന്മാരിൽ:** പഴയനിയമത്തിൽ പരിശുദ്ധാത്മാവിന്റെ പ്രവർത്തനം ഏറ്റം അധികം പ്രകടമാകുന്നത് പ്രവാചകരിലാണ്. പ്രവാചകനാകാൻ ലഭിക്കുന്ന വിളി തന്നെ പരിശുദ്ധാത്മാവിനാലുള്ള അഭിഷേകമായി ബൈബിൾ ചിത്രീകരിക്കുന്നു. ദൈവാത്മാവാണ് പ്രവാചകന്റെ നാവിൽ ദൈവവചനം വച്ചുകൊടുക്കുന്നത്. എന്തുപറയണം, ആരോടു പറയണം, എങ്ങനെ പറയണം എന്നെല്ലാം ദൈവാത്മാവ് പ്രവാചകനെ പഠിപ്പിക്കുന്നു, അതിനായി പ്രചോദിപ്പിക്കുന്നു, ശക്തിപ്പെടുത്തുന്നു (ജറെ 1:9, ഏശ 6:1-13, എസെ 3,14). ദൈവം വിളിച്ച്, പരിശുദ്ധാ

ത്മാവിനാൽ അഭിഷേകം ചെയ്ത്, നാവിൽ വചനം വച്ചു കൊടുത്ത്, ജനത്തോടു സംസാരിക്കാനായി അയയ്ക്കുന്ന വനാണ് പഴയനിയമത്തിലെ പ്രവാചകൻ. ഇവിടെ ദൈവാത്മാ വിന്റെ പ്രവർത്തനം നിർണ്ണായകമാണ്.

എന്നാൽ, പ്രവാചകൻ എന്നു സ്വയം വിശേഷിപ്പിക്കുന്നവ രെല്ലാം പ്രവാചകരാകണമെന്നില്ല. വ്യാജപ്രവാചകന്മാർ ജന ത്തിനു വലിയൊരു ശാപം പോലെ ആയിരുന്നു, അന്നും ഇന്നും. അപ്പോൾ എങ്ങനെയാണ് യഥാർത്ഥ പ്രവാചകനെ വ്യാജപ്രവാ ചകരിൽ നിന്നു തിരിച്ചറിയുക, ദൈവവചനത്തെ മാനുഷിക വചനങ്ങളിൽ നിന്നു എങ്ങനെ വേർതിരിച്ചറിയാം എന്ന പ്രശ്നം ഉദിക്കുന്നു. മിക്കവാറും എല്ലാ പ്രവാചകന്മാരും അതോടൊപ്പം ജനവും നേരിട്ട ഒരു പ്രതിസന്ധിയാണിത്. ഇപ്രകാരം ഒരു പ്രതി സന്ധിയിൽ മിക്കാ പ്രവാചകന്റെ സാക്ഷ്യം വഴികാട്ടിയാവുന്നു. വ്യാജപ്രവാചകന്മാർക്കു സംഭവിക്കാൻ പോകുന്ന അപചയ ത്തെക്കുറിച്ചു സൂചിപ്പിച്ചതിനുശേഷം പ്രവാചകൻ തന്റെ ദൗത്യം വ്യക്തമാക്കുന്നു: "*ഞാനാകട്ടെ യാക്കോബിനോട് അവന്റെ അതിക്രമങ്ങളും ഇസ്രായേലിനോട് അവന്റെ പാപങ്ങളും വിളംബരം ചെയ്യാൻ കർത്താവിന്റെ ആത്മാവിനാലും ബല ത്താലും ശക്തിയാലും നീതിയാലും നിറഞ്ഞിരിക്കുന്നു*" (മിക്കാ 3:8).

കർത്താവിന്റെ ആത്മാവിനാൽ നിറഞ്ഞവൻ-അവനാണ് പ്രവാചകൻ. ഈ സത്യം ഏറ്റം ശക്തമായി അവതരിപ്പിച്ചത് മൂന്നാം ഏശയ്യാ എന്ന പേരിൽ അറിയപ്പെടുന്ന (ഏശ 56-66) പ്രവാസാനന്തര പ്രവാചകനാണ്. തന്റെ പ്രവാചക ദൗത്യം ഊന്നി പ്പറയാൻ വേണ്ടി പരിശുദ്ധാത്മാഭിഷേകത്തെ പ്രവാചകൻ എടു ത്തുകാട്ടുന്നു: "*ദൈവമായ കർത്താവിന്റെ ആത്മാവ് എന്റെ മേലുണ്ട്. പീഡിതരെ സദ്വാർത്ത അറിയിക്കാൻ അവിടുന്ന് എന്നെ അഭിഷേകം ചെയ്തിരിക്കുന്നു. ഹൃദയം തകർന്നവരെ ആശ്വസി പ്പിക്കാനും തടവുകാർക്കു മോചനവും ബന്ധിതർക്കു സ്വാത ന്ത്ര്യവും പ്രഖ്യാപിക്കാനും... എന്നെ അയച്ചിരിക്കുന്നു*" (ഏശ 61:1-2). പരിശുദ്ധാത്മാവിന്റെ പ്രവൃത്തികളാണ് ഇവിടെ എണ്ണിപ്പറ യുന്നത്. അഭിഷേകം, അയയ്ക്കൽ, വചനപ്രഘോഷണം, സ്വാതന്ത്ര്യം നൽകൽ, ബന്ധിതരെ മോചിപ്പിക്കൽ എല്ലാം സംഭവിക്കുന്നതു ദൈവവചനത്തിന്റെ ശക്തിയാലാണ്. ആ വചനം നൽകുന്നതാകട്ടെ പരിശുദ്ധാത്മാവും. ഈ പ്രവചന ഭാഗം

തന്നിൽ നിറവേറിയിരിക്കുന്നു എന്നു പ്രഖ്യാപിച്ചുകൊണ്ടാണ് യേശു തന്റെ പരസ്യജീവിതം ആരംഭിച്ചത് എന്ന് ലൂക്കാ സുവിശേഷകൻ രേഖപ്പെടുത്തിയിരിക്കുന്നു (ലൂക്കാ 4:18-21).

**e. കർത്താവിന്റെ ദാസനിൽ:** ബാബിലോണിൽ പ്രവാസികളായി കഴിയുന്ന ഇസ്രായേൽ ജനത്തിന്റെ അടുക്കലേക്ക് ആശ്വാസത്തിന്റെയും പ്രത്യാശയുടെയും വചനവുമായി അയയ്ക്കപ്പെട്ടവനാണ് രണ്ടാം ഏശയ്യാ (ഏശ 40-55) എന്ന പേരിൽ അറിയപ്പെടുന്ന പ്രവാചകൻ. ഈ അധ്യായങ്ങളിൽ പലതവണ പ്രത്യക്ഷപ്പെടുന്ന ഒരു വ്യക്തിയുണ്ട്, കർത്താവിന്റെ ദാസൻ. ആരാണീ ദാസൻ എന്നതിനെക്കുറിച്ച് ബൈബിൾ വ്യാഖ്യാതാക്കളുടെ ഇടയിൽ തർക്കമുണ്ട്. പ്രവാസികളായി കഴിയുന്ന മുഴുവൻ ഇസ്രായേൽ ജനത്തെയും ഒറ്റ വ്യക്തിയായി, ഒരു സംഘാത വ്യക്തിത്വമായി, അവതരിപ്പിക്കുന്നു എന്നു കരുതുന്നവരുണ്ട്. "*എന്റെ ദാസനായ യാക്കോബേ, ഞാൻ തിരഞ്ഞെടുത്ത ഇസ്രായേലേ*" (ഏശ 44:1) എന്ന അഭിസംബോധന തന്നെ ഈ വ്യാഖ്യാനത്തിനു പിൻബലം നൽകുന്നു. ഇതുപോലുള്ള പ്രയോഗം പലതവണ ആവർത്തിക്കുന്നുണ്ട്. അതിനാൽ 40-55 മുഴുവൻ കർത്താവിന്റെ ദാസനായ ഇസ്രായേൽ ജനത്തെക്കുറിച്ചുള്ള പ്രതിപാദനങ്ങളായി കരുതുന്നവരുമുണ്ട്.

എന്നാൽ, ജനത്തെ മുഴുവനുമല്ല, കർത്താവിന്റെ ദാസൻ എന്ന പ്രതീകം, ഒരു വ്യക്തിയെ പ്രത്യേകം സൂചിപ്പിക്കുന്നു എന്ന വ്യാഖ്യാനത്തിന് കൂടുതൽ സാധുതയുണ്ട്. ആരാണിത് എന്ന കാര്യത്തിൽ വീണ്ടും അഭിപ്രായൈക്യമില്ല. ദൈവവചനത്തിന്റെ പേരിൽ ഏറെ സഹിക്കേണ്ടി വന്ന ജറെമിയാ പ്രവാചകനെ ഒരു പ്രതീകമായി കണ്ട് വിവരിക്കുന്നതാണീ കീർത്തനങ്ങൾ എന്നു ചിലർ കരുതുന്നു. അല്ല, വരാനിരിക്കുന്ന ഒരു രക്ഷകനെക്കുറിച്ചുള്ള പ്രവചനങ്ങളാണിത് എന്നു വാദിക്കുന്നവരുമുണ്ട്. ഈ അവസാനത്തെ അഭിപ്രായമാണ് കൂടുതൽ സ്വീകാര്യം. പുതിയ നിയമത്തിന്റെ പിന്തുണയും ഈ വ്യാഖ്യാനത്തിനുണ്ട് (അപ്പ 8:32-35).

ഇന്നു ചിലരെല്ലാം ചോദ്യം ചെയ്യുന്നുണ്ടെങ്കിലും, നാലു പ്രവചനഭാഗങ്ങൾ ഇപ്രകാരമുള്ള ദാസഗീതികളായി പൊതുവേ അംഗീകരിക്കപ്പെട്ടിട്ടുണ്ട്. ഏശ 42:1-9; 49:1-6; 50:4-11; 52:13-53-12 ഈ കീർത്തനങ്ങളിൽ പ്രത്യക്ഷപ്പെടുന്ന ദാസൻ ഒരേസമയം

പ്രവാചകനും രാജാവും, അതോടൊപ്പം സഹനവും മരണവും വഴി ജനത്തിനു പാപമോചനവും സമ്പൂർണ്ണ സൗഖ്യവും നൽകുന്ന രക്ഷകനുമാണ്. വരാനിരിക്കുന്ന രക്ഷകനെക്കുറിച്ച് ഇസ്രായേൽ ജനത്തിനു പ്രവാചകന്മാരിലൂടെ നൽകപ്പെട്ട വാഗ്ദാനങ്ങളിൽ ഈ പ്രവചന കീർത്തനങ്ങൾക്കു സുപ്രധാനമായൊരു പങ്കുണ്ട്. ഈ ദാസനിലുള്ള പരിശുദ്ധാത്മാവിന്റെ പ്രവർത്തനമാണ് നമ്മുടെ മുഖ്യശ്രദ്ധാവിഷയം.

"*ഇതാ ഞാൻ താങ്ങുന്ന എന്റെ ദാസൻ, ഞാൻ തിരഞ്ഞെടുത്ത എന്റെ പ്രീതി പാത്രം. ഞാൻ എന്റെ ആത്മാവിനെ അവനു നൽകി. അവൻ ജനതകൾക്കു നീതി പ്രദാനം ചെയ്യും*"(ഏശ 4:2-1). തുടക്കത്തിൽത്തന്നെ ദാസന്റെ സ്വഭാവ സവിശേഷതകൾ, ശക്തിയുടെ ഉറവിടം, ദൗത്യം എന്നിവയെക്കുറിച്ചു വ്യക്തമായ സൂചനകൾ നൽകുന്നു. ദൈവത്തിന്റെ പ്രത്യേകമായ സ്നേഹത്തിനു പാത്രീഭൂതനാണ് ഈ ദാസൻ. "*എബെദ്*" എന്നാണു ഹീബ്രു മൂലം. അതിനു ദാസൻ എന്നു മാത്രമല്ല, പുത്രൻ എന്നും അർത്ഥമുണ്ടാകാം. യേശുവിന്റെ മാമ്മോദീസായുടെ അവസരത്തിൽ സ്വർഗ്ഗത്തിൽ നിന്നു മുഴങ്ങിയ പിതാവിന്റെ വാക്കുകളിൽ (മത്താ 3,17) ഈ പ്രവചന ഭാഗത്തിന്റെ സ്വാധീനം കാണാം. ദാസനെ പ്രവാചകനായി അഭിഷേകം ചെയ്യുന്നത് ദൈവത്തിന്റെ ആത്മാവാണ് എന്ന് ഇവിടെ വ്യക്തമാക്കുന്നു. ദാസന്റെ സകല പ്രവൃത്തികളുടെയും ശക്തികേന്ദ്രം, അഥവാ ഉറവിടം, ദൈവത്തിന്റെ ആത്മാവാണ്.

ജനതകൾക്കു മധ്യേ നീതി സ്ഥാപിക്കുക, ബന്ധിതർക്കു മോചനം നൽകുക, സകലർക്കും രക്ഷയുടെ പ്രകാശമായി വർത്തിക്കുക- ഇതിനാണ് ദൈവത്തിന്റെ ആത്മാവ് കർത്താവിന്റെ ദാസനെ ശക്തിപ്പെടുത്തുന്നത്. ഇവിടെ പ്രവാചകന്റെയും രാജാവിന്റെയും ദൗത്യം ഒരേ വ്യക്തിയിൽ ഒന്നിക്കുന്നു. ദാസൻ പ്രവാചകനാണ്, രാജാവാണ്, ഒപ്പം രക്ഷകനും. ഇസ്രായേൽ ജനത്തിനു മാത്രമല്ല, സകല ജനതകൾക്കും അവൻ വിമോചകനും രക്ഷകനുമായിരിക്കും. ഇതിനെല്ലാം ദാസനെ പ്രാപ്തനാക്കുന്നത് ദൈവത്തിന്റെ ആത്മാവാണ്. വചനം കൊണ്ടു മാത്രമല്ല, മുഖ്യമായും തന്റെ സഹനവും മരണവും വഴിയാണ് ദാസൻ ജനതകൾക്കു രക്ഷ പ്രദാനം ചെയ്യുന്നത്. ഇവിടെയെല്ലാം ആത്മാവിന്റെ ശക്തിയും ചൈതന്യവും ദാസനിൽ പ്രവർത്തിക്കുന്നു. കർത്താവിന്റെ ദാസനെക്കുറിച്ചുള്ള ഈ പ്രവചനങ്ങളെല്ലാം

ദൈവപുത്രനായ യേശുക്രിസ്തുവിൽ നിറവേറിയപ്പോൾ, അതോടൊപ്പം പരിശുദ്ധാത്മാവിനെക്കുറിച്ചുള്ള ദൈവിക വെളിപ്പെടുത്തലും കൂടുതൽ വ്യക്തമായി-പുത്രനായ യേശുവിൽ പ്രവർത്തിക്കുന്ന പിതാവിന്റെ ചൈതന്യമാണ് പരിശുദ്ധാത്മാവ്.

**f. ആത്മാവിന്റെ പ്രവർത്തനം ജനങ്ങളിൽ:** "*അന്ന് ഇങ്ങനെ സംഭവിക്കും: എല്ലാവരുടെയും മേൽ എന്റെ ആത്മാവിനെ ഞാൻ വർഷിക്കും. നിങ്ങളുടെ പുത്രന്മാരും പുത്രിമാരും പ്രവചിക്കും. നിങ്ങളുടെ വൃദ്ധന്മാർ സ്വപ്നങ്ങൾ കാണും. യുവാക്കൾക്കു ദർശനങ്ങൾ ഉണ്ടാകും. ആ നാളുകളിൽ എന്റെ ദാസന്മാരുടെയും ദാസിമാരുടെയും മേൽ എന്റെ ആത്മാവിനെ ഞാൻ വർഷിക്കും*" (ജോയേൽ 2:28-29).

ഇതൊരു വാഗ്ദാനമാണ്, യേശുവിന്റെ മഹത്വീകരണത്തിനു ശേഷം പന്തക്കുസ്താ ദിവസം പൂർത്തിയായ വാഗ്ദാനം (അപ്പ 2:1-4). ഒറ്റപ്പെട്ട വ്യക്തികളിൽ മാത്രമല്ല, ദൈവജനം മുഴുവന്റെ മേലും ദൈവം തന്റെ ആത്മാവിനെ വർഷിക്കും എന്നു പറയുമ്പോൾ ദൈവത്തിൽ നിന്നു വ്യതിരിക്തവും അതേസമയം ദൈവത്തോടു സമാനവുമായ എന്തോ ഒന്ന്, ഒരു വ്യക്തിയെന്നു പറയുന്നില്ലെങ്കിലും ആളുകളിൽ ആവസിച്ച്, അവരെ പ്രചോദിപ്പിക്കുന്ന, നയിക്കുന്ന ഒരു ശക്തി, രൂപരഹിതമായൊരു ശക്തിപ്രവാഹം- അതാണ് പഴയനിയമത്തിൽ പരിശുദ്ധാത്മാവ്. ആത്മാവു വരുമ്പോൾ വൃദ്ധർക്കു പുതിയ സ്വപ്നങ്ങൾ ഉണ്ടാകുന്നു. ആ സ്വപ്നങ്ങൾ യുവാക്കൾക്കു മാർഗ്ഗനിർദ്ദേശം നൽകുന്ന ദർശനങ്ങളാകുന്നു, ലോകത്തെ മുഴുവൻ നവീകരിക്കുന്ന സ്വപ്നസാക്ഷാത്കാരങ്ങൾ.

മോശ ആഗ്രഹിച്ചതും പ്രാർത്ഥിച്ചതും വിഭാവനം ചെയ്തതുമാണിത്. ജനങ്ങളെ നയിക്കുക എന്ന ഭാരം ഒറ്റയ്ക്കു വഹിച്ചു തളർന്ന മോശയെ സഹായിക്കാനായി, ദൈവനിർദ്ദേശ പ്രകാരം എഴുപതു പേരെ തിരഞ്ഞെടുത്തു. അപ്പോൾ "*കർത്താവ് മേഘത്തിൽ ഇറങ്ങി വന്ന് അവനോടു സംസാരിച്ചു. അവിടുന്ന് മോശയുടെ മേലുണ്ടായിരുന്ന ചൈതന്യത്തിൽ ഒരു ഭാഗം എഴുപതു നേതാക്കന്മാരുടെ മേൽ പകർന്നു. അപ്പോൾ അവർ പ്രവചിച്ചു*" (സംഖ്യ 11,25). "റുവാഹ്" എന്ന ഹീബ്രു വാക്കാണ് ചൈതന്യം എന്നു വിവർത്തനം ചെയ്തിരിക്കുന്നത്. ജനത്തിനു നേതൃത്വം നൽകാൻ മോശയെ ശക്തിപ്പെടുത്തിയ ദൈവത്തിന്റെ ആത്മാവു

തന്നെയാണ് തിരഞ്ഞെടുക്കപ്പെട്ട മറ്റ് എഴുപത് പേരെയും നയിക്കുന്നത്.

തിരഞ്ഞെടുക്കപ്പെട്ടിരുന്നെങ്കിലും സമ്മേളനത്തിൽ പങ്കെടുക്കാതിരുന്ന എൽദാദ്, മെദാദ് എന്ന രണ്ടു പേരിലും ദൈവത്തിന്റെ ആത്മാവ് ആവസിച്ചു. അവരും പ്രവചിച്ചുകൊണ്ട് ദൈവാത്മാവിന്റെ സാന്നിധ്യം പ്രകടമാക്കി. അംഗീകാരം കൂടാതെ പ്രവചിച്ച അവരെ മുടക്കണം എന്ന ജോഷ്വായുടെ നിർദ്ദേശത്തിനു മോശ നൽകുന്ന മറുപടി ഇവിടെ പ്രത്യേകം ശ്രദ്ധേയമാകുന്നു! "*എന്നെ പ്രതി നീ അസൂയപ്പെടുന്നുവോ? കർത്താവിന്റെ ജനം മുഴുവൻ പ്രവാചകന്മാരാവുകയും അവിടുന്ന് തന്റെ ആത്മാവിനെ അവർക്കു നൽകുകയും ചെയ്തിരുന്നെങ്കിൽ എന്നു ഞാൻ ആശിക്കുന്നു*" (സംഖ്യ 11,29). ദൈവജനത്തിൽ നിറഞ്ഞ്, വചനം അറിയാനും പ്രഘോഷിക്കാനും ജീവിക്കാനും സഹായിക്കുന്ന ദൈവത്തിന്റെ ആത്മാവ്-അതാണ് പഴയനിയമം നൽകുന്ന വാഗ്ദാനം.

പ്രവാസത്തിൽ നിന്നു മടങ്ങി വന്നിട്ടും നിരാശരായി കഴിയുന്ന ജനത്തിനു ദൈവം നൽകുന്ന വാഗ്ദാനത്തിൽ ഇതു കൂടുതൽ വ്യക്തവും ശക്തവുമാകുന്നു: "*കർത്താവരുളിച്ചെയ്യുന്നു. ഞാൻ അവരുമായി ചെയ്യുന്ന ഉടമ്പടി ഇതാണ്. നിന്റെ മേലുള്ള എന്റെ ആത്മാവും, നിന്റെ അധരങ്ങളിൽ ഞാൻ നിക്ഷേപിച്ച വചനങ്ങളും, നിന്റെയോ നിന്റെ സന്താനങ്ങളുടെയോ അവരുടെ സന്താനങ്ങളുടെയോ അധരങ്ങളിൽ നിന്ന് ഇനി ഒരിക്കലും അകന്നു പോവുകയില്ല, കർത്താവാണിത് അരുളിച്ചെയ്യുന്നത്*" (ഏശ 59,21). ജനത്തിന്റെ മേൽ നിരന്തരം വസിച്ച് വഴി നടത്തുന്ന ദൈവാത്മാവ്, ഇതാണ് പ്രതീക്ഷ.

### ചുരുക്കത്തിൽ

ഉൽപത്തി മുതൽ മലാക്കിവരെയുള്ള 46 പഴയ നിയമഗ്രന്ഥങ്ങളിൽ ഒളിഞ്ഞും തെളിഞ്ഞും നൽകപ്പെടുന്ന പരിശുദ്ധാത്മാവിനെക്കുറിച്ചുള്ള വെളിപ്പെടുത്തലുകൾ ഇപ്രകാരം സംഗ്രഹിക്കാം. ദൈവത്തിന്റെ ഏകത്വത്തിനാണ് പഴയനിയമം ഊന്നൽ നൽകുന്നതെങ്കിലും ആ ഏകത്വത്തിൽത്തന്നെ ഒരു ബഹുത്വം നിലനിൽക്കുന്നു എന്ന സൂചനകൾ തുടക്കം മുതലേ കാണാം. പ്രപഞ്ചസൃഷ്ടിയുടെ തുടക്കത്തിൽ പറയുന്ന ദൈവവും സൃഷ്ടിക്കുന്ന വചനവും, സൃഷ്ടിക്കുമുമ്പേ പരിവർത്തിക്കുന്ന ദൈവത്തിന്റെ ആത്മാവും (ഉൽപ 1:1-2) ഈ ബഹുത്വത്തിലേക്കു വിരൽ

ചൂണ്ടുന്നു. ദൈവം വചനം വഴി ആത്മാവിലൂടെ സൃഷ്ടിക്കുന്നു. ഇതുതന്നെയാണ് അനേകം പ്രതീകങ്ങളിലൂടെ തുടർന്ന് വ്യക്ത മാക്കുന്നത്.

പരിശുദ്ധാത്മാവിനെ ഒരു വ്യക്തി എന്നതിനേക്കാൾ ശക്തി യായി അവതരിപ്പിക്കുമ്പോഴും ദൈവത്തിന്റെ ഒരു നൈസർഗ്ഗിക ഗുണം എന്നതിനേക്കാൾ തനതായ ഇച്ഛാശക്തിയുള്ള ഒരു വ്യക്തിത്വത്തെക്കുറിച്ചുള്ള സൂചനകളും കാണാം. ന്യായാധിപന്മാ രിലും പ്രവാചകന്മാരിലും രാജാക്കന്മാരിലും ആവസിക്കുകയും അവരെ പ്രചോദിപ്പിക്കുകയും ശക്തിപ്പെടുത്തുകയും ചെയ്യുന്നത് ദൈവത്തിന്റെ ആത്മാവാണ്. ദൈവം തന്റെ ആത്മാവിനെ ഒരു വ്യക്തിക്കു നൽകുന്നതിനെ അഭിഷേകമായി അവതരിപ്പിക്കുന്നു. ദൈവിക പദ്ധതി പൂർത്തീകരിക്കാൻ വേണ്ടിയാണ് ഓരോ വ്യക്തിയും ദൈവാത്മാവിനാൽ അഭിഷിക്തനാകുന്നത്.

ആത്മാഭിഷേകത്തെക്കുറിച്ചുള്ള ഈ സൂചനകളും വാഗ്ദാന ങ്ങളും എല്ലാം വരാനിരിക്കുന്ന രക്ഷകനിൽ കേന്ദ്രീകരിക്കുന്നു. ഒരേസമയം പ്രവാചകനും രാജാവും, ന്യായാധിപനും പുരോഹി തനുമാണ് മിശിഹാ രാജാവ്. അവനിൽ നിറയുന്നതും അവനെ നയിക്കുന്നതും ദൈവത്തിന്റെ ആത്മാവു തന്നെ. ആ ആത്മാവ് ദൈവജനം മുഴുവനിലും വന്നു നിറയും; ഓരോ വ്യക്തിയെയും നയിക്കും. ഈ പ്രതീക്ഷകളാണ് പുതിയ നിയമത്തിൽ പൂർത്തി യാകുന്നത്.

രക്ഷകനായ മിശിഹാ രാജാവിൽ വസിച്ച്, ശക്തിപകർന്ന് നയിക്കുന്ന പരിശുദ്ധാത്മാവിന്റെ പ്രവൃത്തികളെക്കുറിച്ച് ഏശ 11,1-3 ൽ വിവരിക്കുന്ന കാര്യങ്ങൾ പരിശുദ്ധാത്മാവിന്റെ ദാന ങ്ങളെക്കുറിച്ചു പ്രതിപാദിക്കുമ്പോൾ പഠനവിഷയമാക്കുന്നതാണ് (പേജ് 97-101 കാണുക).

# 2

# സമാന്തരവിശേഷങ്ങൾ

വ്യംഗ്യമായും അവ്യക്തമായും പഴയനിയമത്തിൽ പരിശുദ്ധാത്മാവിനെക്കുറിച്ചു നല്കപ്പെട്ട സൂചനകളും പ്രവചനങ്ങളും വാഗ്ദാനങ്ങളും പുതിയനിയമത്തിൽ കൂടുതൽ വ്യക്തതയാർജ്ജിക്കുന്നു; പൂർത്തീകരിക്കപ്പെടുന്നു. യേശുവുമായി ബന്ധപ്പെട്ടാണ് മുഖ്യമായും സുവിശേഷങ്ങളിൽ പരിശുദ്ധാത്മാവ് പരാമർശവിഷയമാകുന്നത്. ശിഷ്യരിൽ ആവസിച്ച് അവരെ പ്രവർത്തന സജ്ജരാക്കുകയും, പ്രചോദിപ്പിച്ച് വഴിനടത്തുകയും ചെയ്യുന്ന പരിശുദ്ധാത്മാവിനെക്കുറിച്ച് അപ്പസ്തോലപ്രവർത്തനങ്ങളിൽ അനേകം തവണ പ്രതിപാദിക്കുന്നുണ്ട്. പരിശുദ്ധാത്മാവിന്റെ വിവിധ പ്രവർത്തനങ്ങളെക്കുറിച്ച് ലേഖനങ്ങളിൽ, പ്രത്യേകിച്ചും പൗലോസിന്റെ ലേഖനങ്ങളിൽ പരാമർശങ്ങളുണ്ട്. വെളിപാടു പുസ്തകത്തിൽ പല പ്രതീകങ്ങളിലൂടെ പരിശുദ്ധാത്മാവ് പ്രതിപാദന വിഷയമാകുന്നു.

### 1. പുതിയ തുടക്കം

പഴയനിയമത്തിലെ അവസാനത്തെ പ്രവാചകനായ മലാക്കിയുടെ മരണത്തോടെ ദൈവാത്മാവിന്റെ പ്രവർത്തന ഫലമായ ദൈവിക വെളിപാടുകൾ നിലച്ചു എന്ന് പൊതുവേ കരുതപ്പെട്ടിരുന്നു. ദൈവാത്മാവിനാൽ പ്രചോദിതരായ പ്രവചാകന്മാർ ഇല്ലാതായി. യുഗാന്തത്തോടെ ആയിരിക്കും ഇനി ദൈവത്തിന്റെ ആത്മാവ് വീണ്ടും ജനങ്ങൾക്കു നൽകപ്പെടുക എന്ന് ജോയേൽ 2:28–29 പോലുള്ള പ്രവചനങ്ങളെ അടിസ്ഥാനമാക്കി വിശ്വസിച്ചുപോന്നു. ഈ പ്രതീക്ഷകളുടെ സാക്ഷാത്കാരം പോലെയാണ് ലൂക്കായുടെ സുവിശേഷത്തിന്റെ ആദ്യത്തെ രണ്ടധ്യായങ്ങളിൽ പരിശുദ്ധാത്മാവിന്റെ സാന്നിധ്യവും പ്രവർത്തനങ്ങളും അവതരിപ്പിച്ചിരിക്കുന്നത്.

ആത്മാവിനാൽ നിറഞ്ഞു കർമ്മോദ്യുക്തരാകുന്ന ഒരു പറ്റം

ആളുകളെ ചിത്രീകരിച്ചുകൊണ്ടാണ് ലൂക്കാ സുവിശേഷം ആരംഭിക്കുന്നത്. ബലിയർപ്പണസമയത്ത് ദേവാലയത്തിൽവച്ചു സഖറിയാക്കുണ്ടാകുന്ന ദൈവദൂത ദർശനത്തോടെ ആരംഭിക്കുന്നു പരിശുദ്ധാത്മാവിനെക്കുറിച്ചുള്ള പരാമർശങ്ങൾ. വന്ധ്യരായ വൃദ്ധദമ്പതികൾക്കു ജനിക്കാൻ പോകുന്ന ശിശുവിലായിരിക്കും ആത്മാവിന്റെ പ്രവർത്തനം പ്രത്യക്ഷമാവുക. "*അമ്മയുടെ ഉദരത്തിൽ വച്ചുതന്നെ അവൻ പരിശുദ്ധാത്മാവിനാൽ നിറയും. ഇസ്രായേൽ മക്കളിൽ വളരെപ്പേരെ അവൻ അവരുടെ ദൈവമായ കർത്താവിലേക്ക് തിരിയെ കൊണ്ടുവരും*" (ലൂക്കാ 1:15-16). രക്ഷകന്റെ മുന്നോടിയെ നയിക്കുന്നത് ദൈവത്തിന്റെ ആത്മാവായിരിക്കും എന്ന പ്രവചനം പഴയ നിയമ പ്രവാചകരുടെ പിൻതുടർച്ചയും അവസാനവും യോഹന്നാനിൽ കാണുന്നു. സമൂലമായ മനഃപരിവർത്തനത്തിലൂടെ ദൈവത്തിനു സ്വീകാര്യമായ ഒരു ജനത്തെ ഒരുക്കാനാണ് രക്ഷകന്റെ മുന്നോടിയിൽ പരിശുദ്ധാത്മാവ് നിറയുന്നത്

രക്ഷകശിശുവിനെ ഉദരത്തിൽ വഹിക്കുന്ന മറിയത്തിന്റെ അഭിവാദനസ്വരം ശ്രവിച്ചപ്പോൾ "*എലിസബത്തിന്റെ ഉദരത്തിൽ ശിശു കുതിച്ചുചാടി; എലിസബത്ത് പരിശുദ്ധാത്മാവിനാൽ നിറഞ്ഞു*" (ലൂക്കാ 1,41). ആത്മാവിന്റെ പ്രവർത്തനം എലിസബത്തിനെ പ്രവാചികയാക്കി മാറ്റി. മുന്നിൽ നിൽക്കുന്നത് രക്ഷകന്റെ അമ്മയാണെന്ന് അവൾ തിരിച്ചറിഞ്ഞു; സന്തോഷത്തോടെ ആ സത്യം ഏറ്റുപറഞ്ഞു, ദൈവത്തെ സ്തുതിച്ചു. ഗർഭസ്ഥശിശുവിന്റെ കുതിച്ചുചാട്ടം പരിശുദ്ധാത്മ നിറവിനെയും തജ്ജന്യമായ സന്തോഷത്തെയും പ്രകടമാക്കുന്നു. ശിശുവിന്റെ നാമകരണത്തോടെ ദൂതൻ സഖറിയായ്ക്കു നൽകിയ അടയാളം പൂർത്തിയായി, അവന്റെ നാവിന്റെ കെട്ടഴിഞ്ഞു. പഴയ നിയമപ്രവാചകന്മാരെപ്പോലെ, ദൈവാത്മാവാൽ പ്രചോദിതനായി അവൻ ദൈവത്തെ സ്തുതിച്ചു. അതോടൊപ്പം, വരാനിരിക്കുന്ന രക്ഷകന്റെ സവിശേഷതകളും ആ രക്ഷകനു വഴിയൊരുക്കാൻ നിയുക്തനായിരിക്കുന്ന ശിശുവിന്റെ ദൗത്യവും പ്രവചനങ്ങളായി അവതരിപ്പിച്ചു.

ഇവർ ഇരുവരേക്കാളും പ്രാധാന്യമുണ്ട്, രക്ഷകന്റെ അമ്മയാകാനുള്ള വിളി സ്വീകരിച്ച മറിയത്തിന്. ദൈവാത്മാവിന്റെ പ്രവർത്തനം പുതിയ നിയമത്തിൽ ആദ്യമായി പ്രകടമാകുന്നത് അവളിലാണ്. ജനിക്കാൻ പോകുന്ന രക്ഷകനെക്കുറിച്ചും ആ

ജനനത്തിൽ തനിക്കുള്ള പങ്കിനെക്കുറിച്ചും കേട്ട് വിസ്മയഭരിതയായ മറിയം ദൂതനോടുതന്നെ ചോദിച്ചു: ഇതെങ്ങനെ സംഭവിക്കും? ഞാൻ പുരുഷനെ അറിയുന്നില്ലല്ലോ? ഇവിടെയാണ് ദൈവപുത്രനായ യേശുവിന്റെ മാനുഷിക ജീവിതവുമായി ബന്ധപ്പെട്ട പരിശുദ്ധാത്മാവിന്റെ പ്രവർത്തനത്തെക്കുറിച്ച് ആദ്യമായി നാം കേൾക്കുന്നത്: "*പരിശുദ്ധാത്മാവ് നിന്റെ മേൽവരും; അത്യുന്നതന്റെ ശക്തി നിന്റെ മേൽ ആവസിക്കും. ആകയാൽ ജനിക്കാൻ പോകുന്ന ശിശു പരിശുദ്ധൻ, ദൈവപുത്രൻ എന്നു വിളിക്കപ്പെടും*" (ലൂക്കാ 1,35).

ഏകാർത്ഥസമാന്തര വാക്യങ്ങൾ (Synonymous Parallelism) എന്നറിയപ്പെടുന്ന ഒരു രചനാശൈലിയാണ് ദൂതന്റെ വാക്കുകളിൽ ലൂക്കാ ഉപയോഗിച്ചിരിക്കുന്നത്. പരിശുദ്ധാത്മാവ്, അത്യുന്നതന്റെ ശക്തി എന്നീ പ്രയോഗങ്ങൾ ഒരേ യാഥാർത്ഥ്യത്തെ സൂചിപ്പിക്കുന്നു; അതേസമയം പരസ്പരം വിശദീകരിക്കുകയും ചെയ്യുന്നു. അതുപോലെതന്നെ വരും, ആവസിക്കും, എന്ന വാക്കുകളും ഒരേ പ്രവർത്തനത്തെ സൂചിപ്പിക്കുന്നതോടൊപ്പം പരസ്പരം വ്യാഖ്യാനിക്കുകയും ചെയ്യുന്നു.

സൃഷ്ടികർമ്മത്തിന്റെ ആരംഭത്തിൽ രൂപരഹിതമായ ആദിജല പിണ്ഡത്തിനുമേൽ പരിവർത്തിച്ച് രൂപഭാവങ്ങൾ സൃഷ്ടിച്ച ദൈവാത്മാവിന്റെ പ്രവർത്തനത്തോടാണ് ഇവിടെ ദൈവപുത്രന്റെ മനുഷ്യാവതാരത്തെ ഉപമിക്കുന്നത്. മാനുഷികമായ ഒരു പിതാവില്ലാതെ ദൈവപുത്രൻ കന്യകയിൽ നിന്നു ജനിക്കുന്നു. ഇല്ലായ്മയിൽ നിന്ന് എല്ലാം സൃഷ്ടിക്കുന്ന ദൈവത്തിന് ഒന്നും അസാധ്യമല്ല എന്ന ദൂതന്റെ വിശദീകരണം മറിയത്തിനു തൃപ്തികരമായി. അതോടെ മനുഷ്യാവതാരത്തിലുള്ള പരിശുദ്ധ ത്രിത്വത്തിന്റെ പ്രവർത്തനത്തിലേക്ക്, പ്രത്യേകിച്ചും പരിശുദ്ധാത്മാവിന്റെ പ്രവർത്തനത്തിലേക്ക്, വ്യക്തമായൊരു സൂചനയും ലഭിക്കുന്നു. ആത്മാവ് ദൈവത്തിന്റെ ശക്തിയാണ്; ദൈവം തന്നെയാണ്, അതിനാൽ പരിശുദ്ധവുമാണ്. ബൈബിൾ ദൈവത്തിനു നൽകുന്ന ഒരു വിശേഷണമാണ് പരിശുദ്ധൻ. പരിശുദ്ധനായ ദൈവത്തിനായി പ്രതിഷ്ഠിക്കപ്പെടുകയും തിരുഹിതം പൂർണ്ണമായി അനുസരിച്ചു ജീവിക്കുകയും ചെയ്യുന്നതു വഴി മനുഷ്യൻ ദൈവിക പരിശുദ്ധിയിൽ പങ്കുചേരാൻ വിളിക്കപ്പെട്ടിരിക്കുന്നു.

ദൈവപുത്രന്റെ മനുഷ്യാവതാരം പരിശുദ്ധാത്മാവിന്റെ പ്രവർത്തനത്തിന്റെ ഫലമാണെന്ന് സ്വപ്നത്തിലുണ്ടായ ദൈവ ദൂത സന്ദേശത്തിലൂടെ ജോസഫിനു വെളിവാക്കപ്പെട്ടതായി മത്തായി സുവിശേഷകനും രേഖപ്പെടുത്തിയിരിക്കുന്നു (മത്താ 1:18-20). പ്രവാചകന്മാർ വഴി ദൈവം നൽകിയിരുന്ന വാഗ്ദാന ങ്ങളുടെ പൂർത്തീകരണമാണിതെന്ന് മത്തായി തുടർന്ന് വിശദീ കരിക്കുന്നു (1:22-23). രക്ഷാചരിത്രത്തിന്റെ പൂർത്തീകരണത്തിനു പരിശുദ്ധാത്മാവാണ് തുടക്കം കുറിക്കുന്നത് എന്ന് ഈ വിശദീ കരണങ്ങൾ വ്യക്തമാക്കുന്നു.

നാല്പതാം ദിവസം ദൈവത്തിനു സമർപ്പിക്കാനായി മാതാ പിതാക്കൾ ശിശുവിനെ ദേവാലയത്തിൽ കൊണ്ടുവന്ന സാഹ ചര്യത്തിലാണ് പരിശുദ്ധാത്മാവിന്റെ പ്രവർത്തനങ്ങളെക്കുറി ച്ചുള്ള ബാല്യകാല സുവിശേഷങ്ങളിലെ അവസാനത്തെ പരാ മർശം. ദരിദ്ര മാതാപിതാക്കളുടെ കാണിക്കയായ രണ്ടു പ്രാവിൻ കുഞ്ഞുങ്ങളുമായി മകനെ കാഴ്ച വയ്ക്കാൻ വന്ന ആ സാധു ദമ്പതികളിൽ ആരും പ്രത്യേകമായൊന്നും കണ്ടില്ല, ശ്രദ്ധിച്ചു മില്ല, രണ്ടു പേരൊഴികെ. അതിൽ ആദ്യത്തേതാണ് വൃദ്ധനായ ശിമയോൻ. അയാൾ ശിശുവിൽ രക്ഷകനെ തിരിച്ചറിഞ്ഞതും ദൈവത്തെ സ്തുതിച്ചതും ശിശുവിനെയും അമ്മയെയും കുറിച്ചു പ്രവചിച്ചതും എല്ലാം പരിശുദ്ധാത്മാവിന്റെ പ്രത്യേക പ്രേരണയാ ലായിരുന്നു എന്ന് ലൂക്കാ എടുത്തു പറയുന്നു. രണ്ടു വാക്യങ്ങ ളിൽ പരിശുദ്ധാത്മാവിനെക്കുറിച്ചു മൂന്നു പരാമർശങ്ങളുണ്ട്.

*"ജറുസലെമിൽ ശിമയോൻ എന്നൊരുവൻ ജീവിച്ചിരുന്നു. അവൻ നീതിമാനും ദൈവഭക്തനും ഇസ്രായേലിന്റെ ആശ്വാസം പ്രതീക്ഷിച്ചിരുന്നവനും ആയിരുന്നു. പരിശുദ്ധാത്മാവ് അവന്റെ മേൽ ഉണ്ടായിരുന്നു. കർത്താവിന്റെ അഭിഷിക്തനെ കാണുന്നതു വരെ മരിക്കുകയില്ലെന്ന് പരിശുദ്ധാത്മാവ് അവനു വെളിപ്പെടുത്തി യിരുന്നു. പരിശുദ്ധാത്മാവിന്റെ പ്രേരണയാൽ അവൻ ദേവാലയ ത്തിലേക്കു വന്നു"* (ലൂക്കാ 2:26-27). ദൈവിക സത്യങ്ങൾ വെളി പ്പെടുത്തുകയും നിരന്തരം വഴി നയിക്കുകയും ചെയ്യുന്ന പരിശു ദ്ധാത്മാവ്; ആത്മാവിന്റെ പ്രചോദനങ്ങൾക്കും പ്രേരണകൾക്കും നിരന്തരം കാതോർക്കുന്ന, അനുസരിക്കുന്ന, നീതിമാനായ ദൈവഭക്തൻ. രക്ഷകനെ കാത്തിരിക്കുന്ന, സ്വീകരിക്കാൻ ഒരുങ്ങി യിരിക്കുന്ന ഇസ്രായേൽ ജനത്തിലെ അവശിഷ്ടഭാഗത്തിന്റെ

പ്രതീകമാണ് ശിമയോനും, പിന്നാലെ വന്നു ദൈവത്തെ സ്തുതിക്കുന്ന ഹന്നായും.

സഖറിയാ, എലിസബത്ത്, മറിയം, ശിമയോൻ, ഹന്നാ, സ്നാപകൻ എന്നിങ്ങനെ പ്രത്യേകം തിരഞ്ഞെടുക്കപ്പെട്ട വ്യക്തികളിൽ ഉണ്ടാകുന്ന പരിശുദ്ധാത്മാവിന്റെ പ്രവർത്തനങ്ങൾ രക്ഷാചരിത്രത്തിലെ ഒരു പുതിയ ഘട്ടത്തിന്റെ തുടക്കം കുറിക്കുന്നു. ഏതാണ്ട് നാലു നൂറ്റാണ്ടുകളിലേറെ അനുഭവവേദ്യമാകാതിരുന്ന ദൈവാത്മാവിന്റെ പ്രവർത്തനം ഇവിടെ വീണ്ടും സജീവമാകുന്നു. അത് ഏറ്റം ശക്തമായി അനുഭവപ്പെടുന്നത് സ്നാപകയോഹന്നാനിലാണ്.

രക്ഷകനായ മിശിഹായ്ക്കു വഴിയൊരുക്കാനും അവനെ ജനങ്ങൾക്കു പരിചയപ്പെടുത്താനുമായി അയയ്ക്കപ്പെട്ട യോഹന്നാനിൽ പ്രവർത്തിച്ചത് ദൈവത്തിന്റെ ആത്മാവാണ്. "*ദൈവത്തിന്റെ വചനം യോഹന്നാന്റെ മേൽ വന്നു*" (ലൂക്കാ 3:2) എന്നാണ് "അരുളപ്പാടുണ്ടായി" എന്നു വിവർത്തനം ചെയ്യുന്ന പ്രസ്താവനയുടെ മൂലഭാഷയായ ഗ്രീക്കിലെ അർത്ഥം. പഴയ നിയമ പ്രവാചകന്മാരോടുള്ള യോഹന്നാന്റെ സാമ്യം ഇവിടെ പ്രകടമാകുന്നു. ദൈവാത്മാവാണ് യോഹന്നാനെ പ്രചോദിപ്പിക്കുന്നത്. എന്നാൽ പഴയ നിയമ പ്രവാചകന്മാരിൽ നിന്നു യോഹന്നാനെ വ്യത്യസ്തനാക്കുന്നതാണ് അയാൾക്ക് ഏല്പിക്കപ്പെട്ടിരിക്കുന്ന രക്ഷകനെ ജനങ്ങൾക്കു പരിചയപ്പെടുത്തുക എന്ന ദൗത്യം. യോഹന്നാൻ അറിയിക്കുന്ന രക്ഷകന്റെ പ്രവർത്തനങ്ങളിൽ ഒരു കാര്യത്തിന് ഊന്നൽ നൽകുന്നു.

"*അവൻ പരിശുദ്ധാത്മാവിനാലും അഗ്നിയാലും നിങ്ങളെ സ്നാനപ്പെടുത്തും*" (ലൂക്കാ 3:16). പരിശുദ്ധാത്മാവിന്റെ ഒരു വിശേഷണമോ പ്രവർത്തനമോ പോലെയാണ് അഗ്നി. അത് ഒരേ സമയം ശുദ്ധീകരണത്തിന്റെയും ശിക്ഷയുടെയും പ്രതീകമായി നിൽക്കുന്നു; ലോഹത്തിലെ കറകൾ ഉരുക്കി ശുദ്ധീകരിക്കും. ഫലം തരാത്ത വൃക്ഷങ്ങളെ ദഹിപ്പിച്ചു ചാരമാക്കും. സ്നാപകന്റെ സന്ദേശത്തിൽ മുന്നിട്ടു നിൽക്കുന്നതാണ് ഈ രണ്ടു പ്രമേയങ്ങൾ -ശിക്ഷയും ശുദ്ധീകരണവും. ഇവ രണ്ടിനും മിശിഹായെ പ്രാപ്തനാക്കുന്നത് അവനിൽ വസിക്കുന്ന പരിശുദ്ധാത്മാവായിരിക്കും എന്നും യോഹന്നാൻ അറിയിക്കുന്നു. യോഹന്നാൻ എഴുതിയ സുവിശേഷത്തിലും സ്നാപകൻ യേശുവിനെ പരിശുദ്ധാത്മാവി

നാൽ സ്നാനം നൽകുന്ന രക്ഷകനായി അവതരിപ്പിക്കുന്നുണ്ട്. "*ആത്മാവ് ഇറങ്ങി വന്ന് ആരുടെ മേൽ ആവസിക്കുന്നതായി നീ കാണുന്നുവോ അവനാണ് പരിശുദ്ധാത്മാവുകൊണ്ട് സ്നാനം നൽകുന്നവൻ. ഞാനതു കാണുകയും ഇവൻ ദൈവപുത്രനാണെന്നു സാക്ഷ്യപ്പെടുത്തുകയും ചെയ്തിരിക്കുന്നു*" (യോഹ 1:33-34).

### 2. യേശുവും പരിശുദ്ധാത്മാവും

യേശുവിന്റെ ജനനം മുതൽ മരണവും ഉത്ഥാനവും വഴിയുള്ള മഹത്വീകരണം വരെ എല്ലാ കാര്യങ്ങളിലും പരിശുദ്ധാത്മാവിന്റെ പ്രവർത്തനം സുവിശേഷങ്ങളിൽ രേഖപ്പെടുത്തിയിട്ടുണ്ട്. അതോടൊപ്പം പരിശുദ്ധാത്മാവിനെക്കുറിച്ച് യേശു നൽകിയ പ്രബോധനങ്ങളും വാഗ്ദാനങ്ങളും സുവിശേഷങ്ങളിൽ കാണാം.

**ജനനം-അഭിഷേകം:** ദൈവവചനം മനുഷ്യനായി അവതരിച്ചത് പരിശുദ്ധാത്മാവിന്റെ പ്രവർത്തനത്താലാണെന്നു സുവിശേഷ സാക്ഷ്യങ്ങൾ നാം കണ്ടുകഴിഞ്ഞു (ലൂക്കാ 1-35; മത്താ 1:18-20). യേശു പരസ്യജീവിതം ആരംഭിക്കുന്നത് പരിശുദ്ധാത്മാവ് തന്റെ മേൽ വന്നു കഴിയുമ്പോഴാണ്. ജോർദ്ദാനിൽ വച്ച്, യോഹന്നാനിൽ നിന്നു സ്നാനം സ്വീകരിച്ചത് ഇതിന് സാഹചര്യമൊരുക്കി. സമാന്തര സുവിശേഷങ്ങൾ മൂന്നും രേഖപ്പെടുത്തിയിരിക്കുന്നതാണ് ഈ സംഭവം. സ്നാനം സ്വീകരിച്ചതിനുശേഷമാണ് പരിശുദ്ധാത്മാവ് യേശുവിന്റെ മേൽ വന്നത് എന്ന് എടുത്തു പറയുന്നതിലൂടെ സ്നാപകന്റെ സ്നാനമല്ല പരിശുദ്ധാത്മാവിനെ നല്കിയത്, മറിച്ച് പിതാവായ ദൈവമാണ്, സ്നാനം അതിനുള്ള സാഹചര്യം മാത്രമായിരുന്നു എന്ന് വ്യക്തമാക്കുന്നു.

സ്നാനത്തോടനുബന്ധിച്ച് മൂന്നു കാര്യങ്ങൾ സംഭവിച്ചതായി സമാന്തരസുവിശേഷങ്ങൾ മൂന്നും രേഖപ്പെടുത്തുന്നുണ്ട്. 1. സ്വർഗ്ഗം തുറന്നു, 2. പരിശുദ്ധാത്മാവ് പ്രാവിന്റെ രൂപത്തിൽ യേശുവിന്റെ മേൽ ഇറങ്ങി വന്നു. 3. സ്വർഗ്ഗത്തിൽ നിന്നു പിതാവിന്റെ ശബ്ദം യേശുവിനെ ദൈവപുത്രനായി വെളിപ്പെടുത്തി (മത്താ 3:16-17; മർക്കോ 1:10-11; ലൂക്കാ 3:21-22). ഈ സംഭവത്തെ യേശുവിന്റെ പരസ്യജീവിതത്തിന് ഒരുക്കമായുള്ള പ്രവാചകാഭിഷേകമായാണ് ലൂക്കാ വിശദീകരിക്കുന്നത് (ലൂക്കാ 4:18-19.21;

അപ്പ 10,38), ആത്മാവിനാലും ശക്തിയാലും അഭിഷേകം ചെയ്യപ്പെട്ട യേശുവിൽ ആത്മാവിന്റെ നിരന്തര സാന്നിധ്യമുണ്ടായിരുന്നു. യേശുവിന്റെ വാക്കും പ്രവൃത്തിയും, ജീവിതം മുഴുവനും, ആത്മാവിന്റെ പ്രേരണയ്ക്കു വിധേയമായിരുന്നു. അങ്ങനെ വാക്കിലും പ്രവൃത്തിയിലും ശക്തനായ പ്രവാചകനായി (ലൂക്കാ 24,19) യേശുവിനെ ജനം മനസ്സിലാക്കി.

### സാത്താന്റെ മേൽ വിജയം

പരിശുദ്ധാത്മാഭിഷേകം സ്വീകരിച്ച യേശുവിന്റെ ആദ്യത്തെ പ്രവൃത്തിയായി സമാന്തരസുവിശേഷങ്ങൾ രേഖപ്പെടുത്തിയിരിക്കുന്നത് മരുഭൂമിയിലെ നാല്പതു ദിവസത്തെ ഉപവാസവും പ്രലോഭനങ്ങളും പ്രലോഭകന്റെ മേൽ വരിച്ച വിജയവുമാണ്. തിന്മയുടെ ശക്തിയും മനുഷ്യനെ ദൈവത്തിൽ നിന്നകറ്റുന്ന പ്രലോഭകനുമായ സാത്താന്റെ കോട്ട ആയിട്ടാണ് മരുഭൂമി ചിത്രീകരിക്കപ്പെട്ടിരുന്നത്. അവിടെയാണ് ഇസ്രായേൽ ജനം നാല്പതു വർഷം പ്രലോഭനങ്ങളിൽ പരാജയപ്പെട്ട്, അലഞ്ഞത്. ആ ചരിത്രം യേശു തിരുത്തിക്കുറിക്കുന്നു. ശക്തനായവൻ ആയുധധാരിയായി സംരക്ഷിക്കുന്ന കോട്ടയെ കടന്നാക്രമിച്ചു കീഴ്പ്പെടുത്തുന്ന അതിശക്തനായി യേശു തന്നെത്തന്നെ ഉപമയിലൂടെ ചിത്രീകരിച്ചതും (ലൂക്കാ 11:21-22) ഈ വിജയത്തെ സൂചിപ്പിക്കുന്നു.

ആത്മാവാണ് യേശുവിനെ മരുഭൂമിയിലേക്കു നയിച്ചതും പ്രലോഭനങ്ങളിൽ വിജയിക്കാൻ ശക്തിപ്പെടുത്തിയതും എന്നു സുവിശേഷങ്ങൾ എടുത്തു പറയുന്നുണ്ട് (മത്താ 4,1; മർക്കോ 1,12). പ്രലോഭകനെ പരാജയപ്പെടുത്തി, ദൈവരാജ്യത്തിന്റെ സുവിശേഷം പ്രസംഗിക്കാനായി ഗലീലിയിലേക്കു പോയത് ആത്മാവിന്റെ ശക്തിയാൽ നിറഞ്ഞവനായിട്ടാണെന്ന് ലൂക്കാ പ്രത്യേകം രേഖപ്പെടുത്തിയിട്ടുണ്ട് (ലൂക്കാ 4,14).

### യേശുവിന്റെ പ്രവർത്തനങ്ങളിൽ

പരിശുദ്ധാത്മാവിന്റെ ശക്തിയാലാണ് യേശുവിന്റെ എല്ലാ പ്രവർത്തനങ്ങളും നിർവ്വഹിക്കപ്പെട്ടത്. നസ്രത്തിലെ നയപ്രഖ്യാപനം (ലൂക്കാ 4:16-30) എന്നറിയപ്പെടുന്ന ആദ്യപ്രഘോഷണത്തിൽത്തന്നെ, പ്രവചനം ഉദ്ധരിച്ചുകൊണ്ട് യേശു പരിശുദ്ധാത്മാവിന്റെ പ്രവർത്തനങ്ങളിലേക്കു ശ്രദ്ധ ക്ഷണിക്കുന്നു. "*കർത്താ*

*വിന്റെ ആത്മാവ് എന്റെ മേൽ ഉണ്ട്. ദരിദ്രരെ സുവിശേഷം അറിയിക്കാൻ അവിടുന്ന് എന്നെ അഭിഷേകം ചെയ്തിരിക്കുന്നു...*" (ലൂക്കാ 4:18-19). രക്ഷയുടെ യുഗം ഉദ്ഘാടനം ചെയ്യാൻ അയയ്ക്കപ്പെടുന്ന യുഗാന്തപ്രവാചകനെക്കുറിച്ചുള്ള ഈ പ്രവചനം (ഏശ 61:1-2) തന്നിൽ പൂർത്തിയായിരിക്കുന്നു എന്ന് ഉദ്ഘോഷിച്ചുകൊണ്ട് (ലൂക്കാ 4,21) പരിശുദ്ധാത്മാവാണ് തന്റെ ശക്തിസ്രോതസ് എന്ന് സാക്ഷ്യപ്പെടുത്തുന്നു. റോമൻ ശതാധിപനായ കൊർണേലിയൂസിന്റെ ഭവനത്തിൽ സുവിശേഷം പ്രഘോഷിക്കുമ്പോൾ അപ്പസ്തോലപ്രമുഖനായ പത്രോസ് ഈ സത്യം എടുത്തു പറയുന്നുണ്ട് (അപ്പ 10,38).

യേശുവിന്റെ പ്രവർത്തനങ്ങളിൽ ഏറ്റം അധികം ജനശ്രദ്ധ നേടിയ ഒന്നായിരുന്നു പിശാചുബഹിഷ്കരണം. ഈ ലോകം മുഴുവൻ സാത്താന്റെ ആധിപത്യത്തിലാണെന്നും മനുഷ്യൻ അനുഭവിക്കുന്ന സകലദുരിതങ്ങളുടെയും രോഗങ്ങളുടെയും മുഖ്യ കാരണം ഈ പൈശാചികാധിപത്യമാണെന്നും വിശ്വസിച്ചിരുന്ന ജനത്തിന് യേശുവിന്റെ അത്ഭുത പ്രവർത്തനങ്ങൾ പ്രത്യേകിച്ചും പിശാചു ബഹിഷ്കരണം, വലിയൊരു സാക്ഷ്യമായിരുന്നു. എന്നാൽ ഈ ദൈവിക സാക്ഷ്യത്തെ അംഗീകരിച്ചു വിശ്വസിക്കുന്നതിനു പകരം യഹൂദ നേതാക്കൾ യേശുവിനെ സാത്താന്റെ ഉപകരണമായി ചിത്രീകരിച്ചു. "*ചിലർ പറഞ്ഞു: അവൻ പിശാചുക്കളുടെ തലവനായ ബേൽസെബൂലിനെക്കൊണ്ടാണ് പിശാചുക്കളെ ബഹിഷ്കരിക്കുന്നത്*" (ലൂക്കാ 11,15).

ഈ ആരോപണത്തിന്റെ പൊള്ളത്തരം വ്യക്തമാക്കി നിഷേധിക്കുന്നതോടൊപ്പം യേശു രണ്ടു കാര്യങ്ങൾ കൂടി ശ്രദ്ധയിൽപ്പെടുത്തുന്നുണ്ട്. 1. ദൈവത്തിന്റെ ആത്മാവിനാൽ താൻ പിശാചുക്കളെ ബഹിഷ്കരിക്കുന്നത് ദൈവരാജ്യത്തിന്റെ സാന്നിധ്യത്തിനു തെളിവായി നിൽക്കുന്നു. 2. അറിയുന്ന സത്യം മനഃപൂർവ്വം നിഷേധിക്കുന്നതും ദൈവാത്മാവിനെ സാത്താന്റെ ആത്മാവായി ചിത്രീകരിക്കുന്നതും അക്ഷന്തവ്യമായ അപരാധമായിരിക്കും (ലൂക്കാ 11:19-23; മത്താ 12:24-32).

### യേശുവിന്റെ പ്രാർത്ഥനയിൽ

യേശുവിന്റെ ജീവിതത്തിലെ ഒരു മുഖ്യഘടകമായിരുന്നു പ്രാർത്ഥന. പ്രാർത്ഥനയിലൂടെ പിതാവുമായി നിരന്തരം ബന്ധം

പുലർത്തുക യേശുവിന്റെ ജീവിതശൈലി തന്നെ ആയിരുന്നു. പരസ്യജീവിതത്തിന്റെ തുടക്കത്തിൽ, സ്നാനം സ്വീകരിച്ചതിനു ശേഷം പ്രാർത്ഥിച്ചുകൊണ്ടിരുന്ന യേശുവിന്റെ മേലാണ് പരിശുദ്ധാത്മാവ് ആവസിച്ചത് (ലൂക്കാ 3,21). മരുഭൂമിയിലും മലമുകളിലും വിജനസ്ഥലത്തും എല്ലാം യേശു പ്രാർത്ഥിച്ചിരുന്നതായി സുവിശേഷങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ട്. ഇപ്രകാരമുള്ള പ്രാർത്ഥനകളിൽ യേശുവിൽ നിറഞ്ഞ് നയിച്ചിരുന്നതു പരിശുദ്ധാത്മാവാണെന്നു ലൂക്കാ പ്രത്യേകം എടുത്തു പറയുന്നുണ്ട്.

തങ്ങളുടെ ആദ്യ ദൗത്യം വിജയകരമായി പൂർത്തിയാക്കി തിരിച്ചെത്തിയ അപ്പസ്തോലന്മാരുടെ സന്തോഷത്തിൽ യേശുവും പങ്കുചേർന്നു. "*ആ സമയം തന്നെ പരിശുദ്ധാത്മാവിൽ ആനന്ദിച്ച്, അവൻ പറഞ്ഞു: സ്വർഗ്ഗത്തിന്റെയും ഭൂമിയുടെയും കർത്താവായ പിതാവേ, അങ്ങയെ ഞാൻ സ്തുതിക്കുന്നു......*" (ലൂക്കാ 10:21–24). പരിശുദ്ധാത്മാവിന്റെ ഫലമായി ആനന്ദത്തെ പൗലോസ് അപ്പസ്തോലൻ പിന്നീട് എടുത്തു കാട്ടുന്നുണ്ട് (ഗലാ 5,22). തന്നെ ഏല്പിച്ച ദൗത്യത്തിൽ ശിഷ്യന്മാരും പങ്കുചേരുകയും വിജയിക്കുകയും ചെയ്യുമ്പോൾ യേശുവിൽ ആനന്ദം നിറഞ്ഞു കവിയുന്നു. അതും പരിശുദ്ധാത്മാവിന്റെ പ്രവർത്തന ഫലമാണെന്ന് സുവിശേഷകൻ അനുസ്മരിപ്പിക്കുന്നു.

എന്നാൽ ആനന്ദത്തിൽ മാത്രമല്ല, ദുഃഖത്തിലും യേശു പിതാവിങ്കലേക്കാണു തിരിയുക, തീവ്രമായ വേദനയിൽ തീക്ഷ്ണമായ യാചനയോടെ: "*പിതാവേ അങ്ങേയ്ക്ക് ഇഷ്ടമെങ്കിൽ ഈ പാനപാത്രം എന്നിൽ നിന്നകറ്റണമേ. എങ്കിലും എന്റെ ഹിതമല്ല, അവിടുത്തെ ഹിതം നിറവേറട്ടെ*" (ലൂക്കാ 22,42). പാനപാത്രം മാറിപ്പോയില്ല. എന്നാൽ അതു മട്ടുവരെ കുടിച്ചു തീർക്കാനുള്ള ശക്തിയും ധൈര്യവും പിതാവു നൽകി. അതും പരിശുദ്ധാത്മാവിന്റെ പ്രവർത്തനം തന്നെ എന്ന് സുവിശേഷകൻ തുടർന്നു സാക്ഷ്യപ്പെടുത്തുന്നു. തന്നെ ഏല്പിച്ച ദൗത്യം യേശു പൂർത്തിയാക്കുന്ന അവസാന പ്രവൃത്തിയിലും പരിശുദ്ധാത്മാവിന്റെ സാന്നിധ്യം കാണാം. "*പിതാവേ അങ്ങയുടെ കരങ്ങളിൽ എന്റെ ആത്മാവിനെ ഞാൻ സമർപ്പിക്കുന്നു. ഇതുപറഞ്ഞ് അവൻ ജീവൻ വെടിഞ്ഞു*" (ലൂക്കാ 23,46). "*അവൻ തല ചായ്ച്ച് ആത്മാവിനെ സമർപ്പിച്ചു*" എന്നാണ് യോഹന്നാൻ രേഖപ്പെടുത്തിയിരിക്കുന്നത് (19,30). യേശുവിന്റെ ഉത്ഥാനം പരിശുദ്ധാത്മാവു

വഴിയുള്ള പിതാവിന്റെ പ്രവൃത്തിയായി പുതിയനിയമഗ്രന്ഥങ്ങൾ, പ്രത്യേകിച്ചും പൗലോസിന്റെ ലേഖനങ്ങൾ അവതരിപ്പിക്കുന്നുണ്ട് (റോമാ 8,11).

### യേശുവിന്റെ വാഗ്ദാനം

ബൈബിൾ പ്രത്യേകിച്ചും പുതിയനിയമം, ലോകചരിത്രത്തെയും അതിലുപരി രക്ഷാചരിത്രത്തെയും മൂന്നു ഘട്ടമായി തിരിച്ചിരിക്കുന്നതായി കാണാം. പ്രപഞ്ചസൃഷ്ടി മുതൽ ദൈവപുത്രന്റെ മനുഷ്യാവതാരം വരെയുള്ള സുദീർഘമായ കാലഘട്ടത്തിൽ യാഹ്വേ എന്ന പേരിൽ സ്വയം വെളിപ്പെടുത്തിയ ദൈവത്തിന്റെ പ്രവർത്തനങ്ങൾക്ക് ഊന്നൽ നൽകുന്നു. സ്രഷ്ടാവും വിമോചകനുമായ ദൈവത്തിന്റെ ഏകത്വമാണ് മുഖ്യമായും ഇവിടെ വെളിപ്പെടുന്നത്. ദൈവവചനത്തിന്റെ മനുഷ്യാവതാരം മുതൽ മഹത്വീകരണം വരെയുള്ള കാലഘട്ടം ചരിത്രത്തിന്റെ കേന്ദ്രമാണ്. അവിടെ ദൈവപുത്രന്റെ രക്ഷാകര പ്രവർത്തനങ്ങൾക്ക് ഊന്നൽ നൽകുന്നു. യേശുവിന്റെ സ്വർഗ്ഗാരോഹണം മുതൽ ചരിത്രത്തിന്റെ അന്ത്യം കുറിക്കുന്ന രണ്ടാം വരവുവരെയുള്ള കാലഘട്ടത്തിൽ പരിശുദ്ധാത്മാവിന്റെ പ്രവർത്തനങ്ങൾക്കാണ് മുഖ്യപ്രാധാന്യം. ഈ മൂന്നു കാലഘട്ടങ്ങളെ പിതാവ്, പുത്രൻ, പരിശുദ്ധാത്മാവ് എന്നീ ഏക ദൈവത്തിലെ മൂന്നാളുകളുടെ പ്രവർത്തന കാലങ്ങളായി ചിത്രീകരിച്ചിരിക്കുന്നു എന്നു പറയുമ്പോഴും എല്ലാ കാലങ്ങളിലും ഒരേ ദൈവമാണ് പ്രവർത്തിക്കുന്നത് എന്ന കാര്യം മറക്കരുത്. ഓരോ ഘട്ടത്തിലും ഓരോ വ്യക്തിയുടെ പ്രവർത്തനത്തിന് ഊന്നൽ നൽകുന്നു എന്നു മാത്രം.

പരിശുദ്ധാത്മാവിനെക്കുറിച്ച് യേശു നൽകിയ പ്രബോധനങ്ങളും വാഗ്ദാനങ്ങളും പഠിക്കാൻ ശ്രമിക്കുമ്പോൾ മേൽ വിവരിച്ച ദൈവത്തിന്റെ പ്രവർത്തനങ്ങൾ ശ്രദ്ധയിൽ സൂക്ഷിക്കണം. ബാല്യകാല സുവിശേഷങ്ങളിൽ (മത്താ 1-2; ലൂക്കാ 1-2) ആത്മാവിനാൽ നിറഞ്ഞ അനേകം വ്യക്തികളുടെ പ്രവർത്തനങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ യേശു പരസ്യജീവിതം ആരംഭിക്കുന്നതോടെ പരിശുദ്ധാത്മാവിന്റെ പ്രവർത്തനം യേശുവിൽ മാത്രം കേന്ദ്രീകരിക്കുന്നതായി തോന്നും. മാത്രമല്ല, യേശുവിന്റെ മഹത്വീകരണത്തിലൂടെ നൽകപ്പെടുന്ന ദൈവത്തിന്റെ ദാനവും ശക്തിയുമാണ് പരിശുദ്ധാത്മാവ് എന്ന് യേശു തന്നെ

പറയുന്നതായും രേഖപ്പെടുത്തിയിട്ടുണ്ട് (യോഹ 7,39). ആത്മാവിന്റെ ശക്തിയാൽ സുവിശേഷം പ്രഘോഷിക്കാനും അത്ഭുതങ്ങൾ പ്രവർത്തിക്കാനും അധികാരം നൽകി ശിഷ്യന്മാരെ അയയ്ക്കുമ്പോഴും പരിശുദ്ധാത്മാവ് അവരിൽ സ്ഥിരമായി വസിക്കുന്നു എന്നു പറയുന്നില്ല. അതിനാൽ യേശുവിന്റെ പരസ്യജീവിത കാലത്തും പുനരുത്ഥാനത്തിനു ശേഷവുമുള്ള പരിശുദ്ധാത്മാവിന്റെ സാന്നിധ്യവും പ്രവർത്തനങ്ങളും വേർതിരിച്ചു കാണണം. യേശു നൽകുന്ന വാഗ്ദാനങ്ങളിലും ഈ വ്യത്യാസം ദൃശ്യമാണ്.

പരസ്യജീവിതകാലത്ത് യേശു പന്ത്രണ്ടുപേരെയും (മത്താ 10:1-42; ലൂക്കാ 9:1-6) പിന്നീട് എഴുപത്തിരണ്ടുപേരെയും (ലൂക്കാ 10:1-2) തന്റെ മുന്നോടികളായി അയച്ചു. അവർ തങ്ങളുടെ ദൗത്യം വിജയകരമായി നിർവ്വഹിച്ചു മടങ്ങിവന്നപ്പോൾ യേശു പരിശുദ്ധാത്മാവിനാൽ നിറഞ്ഞ് പിതാവിനെ സ്തുതിച്ചു (ലൂക്കാ 10,21). ശിഷ്യന്മാർക്കു നൽകുന്ന ഉപദേശത്തിന്റെ രണ്ടാം ഭാഗമായി മത്തായി അവതരിപ്പിക്കുന്ന പീഡനങ്ങൾ യേശുവിന്റെ മഹത്വീകരണത്തിനുശേഷം ശിഷ്യർ നേരിടാൻ പോകുന്ന ക്ലേശങ്ങളെയും പീഡനങ്ങളെയും സൂചിപ്പിക്കുന്നു. അപ്പോൾ അവർക്കു സഹായകനായി പരിശുദ്ധാത്മാവുണ്ടായിരിക്കും എന്ന് യേശു വാഗ്ദാനം ചെയ്യുന്നു: "*നിങ്ങളല്ല, നിങ്ങളിലൂടെ പിതാവിന്റെ ആത്മാവാണു സംസാരിക്കുന്നത്*" (മത്താ 10,20; ലൂക്കാ 12,12). ആഗ്രഹത്തോടെ, വിശ്വാസത്തോടെ, നിരന്തരം പ്രാർത്ഥിച്ചാൽ പരിശുദ്ധാത്മാവിനെ പിതാവു നൽകും എന്ന് യേശു ശിഷ്യന്മാർക്ക് ഉറപ്പു നൽകി: "*സ്വർഗ്ഗസ്ഥനായ പിതാവ് തന്നോടു ചോദിക്കുന്നവർക്ക് എത്രയധികമായി പരിശുദ്ധാത്മാവിനെ നൽകുകയില്ല!*" (ലൂക്കാ 11,13). ശിഷ്യന്മാരുടെ മേൽ പരിശുദ്ധാത്മാവിനെ അയച്ച് സുവിശേഷപ്രഘോഷണത്തിന് അവരെ ശക്തിപ്പെടുത്തും എന്ന് ഉത്ഥിതനായ യേശു സ്വർഗ്ഗാരോഹണത്തിനു മുമ്പു വാഗ്ദാനം ചെയ്തതായി ലൂക്കാ സുവിശേഷകൻ രേഖപ്പെടുത്തിയിട്ടുണ്ട്. "*എന്റെ പിതാവിന്റെ വാഗ്ദാനം നിങ്ങളുടെ മേൽ ഞാൻ അയയ്ക്കുന്നു. ഉന്നതത്തിൽ നിന്നു ശക്തി ധരിക്കുന്നതുവരെ നഗരത്തിൽത്തന്നെ വസിക്കുവിൻ*" (ലൂക്കാ 24,49).

# 3

## യോഹന്നാൻ എഴുതിയ സുവിശേഷം

യേശു തന്റെ ശിഷ്യന്മാർക്കു പരിശുദ്ധാത്മാവിനെ വാഗ്ദാനം ചെയ്തു. ആത്മാവിന്റെ പ്രവർത്തനങ്ങളെ പല ഉപമകളും ഉദാഹരണങ്ങളും വഴി വ്യക്തമാക്കുകയും ചെയ്തു. യോഹന്നാൻ എഴുതിയ സുവിശേഷത്തിലാണ് ഈ വാഗ്ദാനങ്ങളും വിശദീകരണങ്ങളും കൂടുതൽ കാണുന്നത്.

### പ്രതീകങ്ങൾ

രാത്രിയിൽ തന്നെ സന്ദർശിക്കാൻ വന്ന യഹൂദനേതാവ് നിക്കോദേമൂസുമായുള്ള സംഭാഷണത്തിൽ പരിശുദ്ധാത്മാവിന്റെ പ്രവർത്തനങ്ങളെക്കുറിച്ച് യേശു പ്രതീകങ്ങളിലൂടെ പഠിപ്പിക്കുന്നതു കാണാം. ദൈവരാജ്യത്തിലെ അംഗമാകാൻ വീണ്ടും ജനിക്കുന്നത് പരിശുദ്ധാത്മാവിന്റെ പ്രവർത്തനം വഴിയായിരിക്കും: "*ജലത്താലും ആത്മാവിനാലും വീണ്ടും ജനിക്കും*" (യോഹ 3,5). ഇവിടെ ജലം പരിശുദ്ധാത്മാവിന്റെ പ്രതീകമായി നിൽക്കുന്നു. തൊട്ടുപിന്നാലെ കാറ്റ് എന്ന പ്രതീകവും പരിശുദ്ധാത്മാവിന്റെ പ്രവർത്തനത്തെ സൂചിപ്പിക്കാൻ ഉപയോഗിക്കുന്നു (യോഹ 3,8). കാറ്റ് അതിനിഷ്ടമുള്ളിടത്തേക്കു വീശുന്നതുപോലെ ആയിരിക്കും പരിശുദ്ധാത്മാവിന്റെ പ്രവർത്തനം. മനുഷ്യനിർമ്മിതമായ വേലിക്കെട്ടുകൾക്കു പരിശുദ്ധാത്മാവിനെ നിയന്ത്രിക്കാനാവില്ല.

നിത്യജീവനിലേക്കു നിർഗ്ഗളിക്കുന്ന ജീവജലത്തിന്റെ അരുവി എന്നാണ് സമറിയാക്കാരിയുമായി നടത്തിയ സംഭാഷണമദ്ധ്യേ യേശു പരിശുദ്ധാത്മാവിനെ വിശേഷിപ്പിച്ചത് (യോഹ 4:13-14). നിത്യജീവൻ നൽകുന്ന പരിശുദ്ധാത്മാവുതന്നെയാണ് ദൈവതിരുമുമ്പിൽ പ്രാർത്ഥനയും യഥാർത്ഥമായ ആരാധനയും സമർപ്പിക്കാൻ വിശ്വാസികളെ ശക്തരാക്കുന്നത് (യോഹ 4,23). മനുഷ്യപുത്രന്റെ മാംസം ഭക്ഷിക്കുകയും രക്തം കുടിക്കുകയും ചെയ്യുന്നില്ലെങ്കിൽ നിങ്ങൾക്കു ജീവൻ ഉണ്ടായിരിക്കുകയില്ല എന്ന

യേശുവിന്റെ പ്രഖ്യാപനത്തിൽ ഇടറി, ഞങ്ങളാരും നരഭോജികളല്ല എന്നു പറഞ്ഞ് ശിഷ്യരിൽ നിന്നുപോലും പലരും വിട്ടുപോയപ്പോൾ യേശു നൽകിയ വിശദീകരണം ആത്മാവിനെക്കുറിച്ചു പുതിയ ഉൾക്കാഴ്ച നൽകുന്നു: "*ഞാൻ നിങ്ങളോടു പറഞ്ഞ വാക്കുകൾ ആത്മാവും ജീവനുമാണ്*" (യോഹ 6,63). തീർത്തും ശാരീരികവും ഭൗതികവുമായ അർത്ഥത്തിലല്ല യേശുവിന്റെ വാക്കുകൾ മനസിലാക്കേണ്ടത് എന്നർത്ഥം. ആത്മാവാണ് ജീവൻ നൽകുന്നത്; ആത്മാവില്ലാത്ത ശരീരം ഒന്നിനും ഉപകരിക്കുന്നില്ല എന്ന് യേശു തുടർന്നു വ്യക്തമാക്കി.

സമറിയാക്കാരിയോടു പറഞ്ഞതുപോലെ, കൂടാരത്തിരുനാളിന്റെ സമാപനദിനത്തിൽ യേശു പരസ്യമായി വിളിച്ചു പറഞ്ഞു: "*ആർക്കെങ്കിലും ദാഹിക്കുന്നെങ്കിൽ അവൻ എന്റെ അടുക്കൽ വന്നു കുടിക്കട്ടെ. എന്നിൽ വിശ്വസിക്കുന്നവന്റെ ഹൃദയത്തിൽ നിന്ന് വിശുദ്ധ ലിഖിതം പ്രസ്താവിക്കുന്നതു പോലെ, ജീവജലത്തിന്റെ അരുവികൾ ഒഴുകും*" (യോഹ 7,38). ഹൃദയത്തിൽ ഉറവുപൊട്ടി, അരുവിയായി ഒഴുകുന്ന ജീവജലം, അതാണ് പരിശുദ്ധാത്മാവ്. യേശുവിൽ വിശ്വസിക്കുന്നവർക്കു നൽകപ്പെട്ടിരിക്കുന്ന വാഗ്ദാനമാണിത്. യേശുവിന്റെ മഹത്വീകരണം വഴി ആയിരിക്കും ആത്മാവു നൽകപ്പെടുക എന്നു പറഞ്ഞുവച്ച (യോഹ 7,39) സുവിശേഷകൻ യോഹന്നാൻ തന്നെയാണ് കുരിശിൽ ഉയർത്തപ്പെട്ട യേശുവിന്റെ, കുത്തി പിളർക്കപ്പെട്ട പാർശ്വത്തിൽ നിന്ന്, പരിശുദ്ധാത്മാവിന്റെ പ്രതീകമായ രക്തവും ജലവും പുറപ്പെട്ടതായി രേഖപ്പെടുത്തിയിരിക്കുന്നത് (യോഹ 19,34-35).

### വാഗ്ദാനങ്ങൾ

അന്ത്യ അത്താഴവേളയിലെ വിടവാങ്ങൽ പ്രസംഗത്തിനു മധ്യേ യേശു പലതവണ പരിശുദ്ധാത്മാവിനെ വാഗ്ദാനം ചെയ്യുകയും ആത്മാവിന്റെ പ്രവർത്തനങ്ങളെ വിശദീകരിക്കുകയും ചെയ്തതായി യോഹന്നാൻ രേഖപ്പെടുത്തിയിട്ടുണ്ട്. ഏകദേശം മൂന്നുവർഷം മുമ്പ് തന്റെ വിളി സ്വീകരിച്ച്, സ്വന്തമായിരുന്നതെല്ലാം ഉപേക്ഷിച്ച്, കൂടെ വന്ന ശിഷ്യന്മാർ ഇപ്പോൾ അനാഥരാകും. ക്രൂരമായ മരണം വഴി ഗുരുനാഥൻ അവരിൽനിന്നു എടുക്കപ്പെടും. ഇനി ആരാണവരെ നയിക്കുക? ഇതുവരെ താൻ വാക്കും പ്രവൃത്തിയും വഴി പഠിപ്പിച്ചതിന്റെ അർത്ഥമൊന്നും അവർക്കു മനസി

ലായിട്ടില്ല. തന്റെ വേർപാടിനുശേഷം ഇടയനില്ലാത്ത ആടുകളെ ചെന്നായ എന്നതുപോലെ തിന്മയുടെ ശക്തി അവരെ വേട്ടയാടും. അതികഠിനമായ പീഡനവും മരണവുമാണ് അവരെ കാത്തിരിക്കുന്നത്. ഈ സാഹചര്യത്തിലാണ് യേശു പരിശുദ്ധാത്മാവിനെക്കുറിച്ചു വാചാലനാകുന്നത്.

തന്റെ നാമത്തിൽ ശിഷ്യർ പിതാവിനോട് എന്തു ചോദിച്ചാലും പിതാവു തരും എന്നുറപ്പു നൽകിയതിനുശേഷം വീണ്ടും പ്രത്യാശയും ശക്തിയും പകരുന്ന വാഗ്ദാനം നൽകുന്നു: "*ഞാൻ പിതാവിനോട് അപേക്ഷിക്കുകയും എന്നേക്കും നിങ്ങളോടുകൂടെ ആയിരിക്കാൻ മറ്റൊരു സഹായകനെ അവൻ നിങ്ങൾക്കു തരുകയും ചെയ്യും*" (യോഹ 14,16). "*പാരാക്ലേത്തോസ്*" (Paracletos) എന്നാണ് ഗ്രീക്കുമൂലം. "*അദ്വോക്കാത്തൂസ്*" (advocatus) എന്നു ലത്തീൻ. അടുത്തേക്കു വിളിക്കപ്പെട്ടവൻ എന്നു വാച്യാർത്ഥം. വിചാരണ കോടതിയുടെ പശ്ചാത്തലത്തിൽ രൂപം കൊണ്ട ഒരു വാക്കാണിത്. സഹായത്തിനായി വിളിക്കപ്പെട്ടവൻ, അഥവാ സഹായിക്കാനായി അടുത്തു നിൽക്കുന്നവൻ എന്നാണ് വാക്കിനർത്ഥം.

യേശു അവരിൽ നിന്ന് ശാരീരികമായി അകന്നാലും അവർ ഭയപ്പെടേണ്ടതില്ല. അവരുടെ കൂടെ, അവരുടെ ഉള്ളിൽ, നിരന്തരം വസിച്ചു നയിക്കുന്ന ശക്തിയുടെ ഉറവിടമായി പരിശുദ്ധാത്മാവുണ്ടായിരിക്കും. മരണവും ഉത്ഥാനവും വഴി യേശു പിതാവിന്റെ പക്കലേക്കു പോകുന്നു. അത് മഹത്വീകരണമാണ്, മനുഷ്യാവതാര വേളയിൽ മാറ്റി വച്ച മഹത്വം വീണ്ടും സ്വീകരിക്കൽ (ഫിലി 2:6-11). ഈ മഹത്വീകരണം വഴി ആയിരിക്കും പരിശുദ്ധാത്മാവു നൽകപ്പെടുക. "*ഞാൻ പോകുന്നില്ലെങ്കിൽ സഹായകൻ നിങ്ങളുടെ അടുക്കലേക്കു വരുകയില്ല. ഞാൻ പോയാൽ അവനെ നിങ്ങളുടെ അടുക്കലേക്ക് ഞാൻ അയയ്ക്കും*" (യോഹ 16,7).

മഹത്വീകൃതനായ യേശു പരിശുദ്ധാത്മാവിനെ അയയ്ക്കും എന്നു പറയുമ്പോഴും പിതാവിൽ നിന്നു പുറപ്പെടുന്നതാണ് ആത്മാവെന്നും (യോഹ 16,26) പിതാവാണ് ആത്മാവിനെ അയയ്ക്കുന്നതെന്നും (14,16) യേശുവിന്റെ നാമത്തിൽ പിതാവ് അയയ്ക്കുമെന്നും (14,26) ഉള്ള വാഗ്ദാനങ്ങളും വ്യാഖ്യാനങ്ങളും ഓർത്തിരിക്കണം. ഈ പ്രബോധനത്തിൽ നിന്നാണ് "*പിതാവിൽ നിന്നും പുത്രനിൽ നിന്നും പുറപ്പെടുന്ന പരിശുദ്ധാത്മാവിലും*

*ഞങ്ങൾ വിശ്വസിക്കുന്നു*" എന്ന വിശ്വാസ പ്രഖ്യാപനം രൂപപ്പെട്ടത്.

പരിശുദ്ധാത്മാവിന്റെ പ്രവർത്തനങ്ങളെക്കുറിച്ചും യേശു വ്യക്തമായ വാഗ്ദാനങ്ങൾ നൽകി.

***1. എന്നും ശിഷ്യരോടുകൂടെ വസിക്കും.*** ഇതുവരെ കണ്ടതുപോലെ ചില സാഹചര്യങ്ങളിൽ കടന്നുവന്ന് ശക്തിപ്പെടുത്തുകയും അതിനുശേഷം വിട്ടുപോകുകയും ചെയ്യുകയില്ല. പരിശുദ്ധാത്മാവ് ഒരു സ്ഥിരസാന്നിധ്യമായിരിക്കും.

***2. സഹായിക്കും.*** എപ്പോഴും കൂടെ വസിക്കുന്ന പരിശുദ്ധാത്മാവ്, ദൈവഹിതം പൂർണ്ണമായി നിറവേറ്റാൻ ശിഷ്യരെ സഹായിക്കും. ഈ സഹായം പലവിധത്തിലാകാം.

***3. എല്ലാ കാര്യങ്ങളും പഠിപ്പിക്കും, ഓർമ്മിപ്പിക്കും*** (യോഹ. 14,26). യേശു ചെയ്തതും പറഞ്ഞതുമായ കാര്യങ്ങൾ അധികമൊന്നും മനസിലാക്കാൻ ശിഷ്യന്മാർക്കു കഴിഞ്ഞില്ല. എന്നാൽ പരിശുദ്ധാത്മാവ് ആ കാര്യങ്ങളെല്ലാം അവരെ പഠിപ്പിക്കും. യേശു പറഞ്ഞ കാര്യങ്ങൾ അനുസ്മരിപ്പിക്കും. അവയുടെ അർത്ഥം വ്യക്തമാക്കിത്തരും. അങ്ങനെ "*സത്യത്തിന്റെ പൂർണ്ണതയിലേക്കു നയിക്കും*" (യോഹ 16,13).

***4. വ്യക്തമായ ബോധ്യങ്ങൾ നൽകും.*** "*അവൻ വന്ന് പാപത്തെക്കുറിച്ചും നീതിയെക്കുറിച്ചും ന്യായവിധിയെക്കുറിച്ചും ലോകത്തെ ബോധ്യപ്പെടുത്തും*" (യോഹ 16,9). ആഴമേറിയ അർത്ഥമുള്ളതും അതിനാൽത്തന്നെ മനസിലാക്കാൻ ഏറെ പ്രയാസമുള്ളതുമായൊരു വാക്യമാണിത്. ബോധ്യപ്പെടുത്തും എന്ന വാക്കുതന്നെ ഏറ്റം വ്യക്തമായ ഉദാഹരണം "*എലെക്സെയി*" എന്നാണ് ഗ്രീക്ക്. *എലെങ്കോ* (elengo) എന്ന ക്രിയാധാതുവിന്റെ ഭാവിരൂപമാണിത്. കുറ്റപ്പെടുത്തുക, കുറ്റം സ്ഥിരീകരിക്കുക, കുറ്റം തെളിയിക്കുക എന്നൊക്കെയാണ് ഈ വാക്കിനർത്ഥം. അനിഷേധ്യമാംവിധം തെളിയിക്കുക, അഥവാ ബോധ്യപ്പെടുത്തുക. കോടതി വിചാരണയുടെ പശ്ചാത്തലത്തിൽ ഉപയോഗിക്കുന്ന ഒരു വാക്കാണിത്. കുറ്റാരോപിതന്റെ കുറ്റം സംശയാതീതമാംവിധം തെളിയിക്കുക. ഇതാണ് കോടതിയിൽ അഭിഭാഷകന്റെ ദൗത്യം. ഈ ദൗത്യമാണ് സഹായകൻ എന്ന വിശേഷണം വഴി പരിശുദ്ധാത്മാവിന്റെ പ്രവർത്തനമായി അവതരിപ്പിക്കുന്നത്.

ആരിലാണ് കുറ്റം ആരോപിക്കുന്നത്, തെളിയിക്കുന്നത്

എന്നതും ശ്രദ്ധേയമത്രെ. ലോകത്തെയാണ് കുറ്റം ബോധ്യപ്പെടുത്തി വിധിക്കുന്നത്. യേശുവിനെ നിഷേധിക്കുക വഴി ദൈവത്തെ തിരസ്കരിക്കുന്ന സകല വ്യക്തികളും ശക്തികളും "**ലോകം**" എന്ന ശീർഷകത്തിനു കീഴിൽ നിൽക്കുന്നു. ആത്യന്തികമായി ലോകം തിന്മയുടെ ആധിപത്യത്തിലാണ്. "*ഈ ലോകത്തിന്റെ അധികാരി*" (യോഹ 14,30) എന്നു സാത്താനെ വിശേഷിപ്പിക്കുമ്പോൾ ഇത് വ്യക്തമാകുന്നു. നന്മയും തിന്മയും തമ്മിൽ, ദൈവവും സാത്താനും തമ്മിൽ നടക്കുന്ന സംഘട്ടനമാണ് രക്ഷാചരിത്രം. ഇവിടെ സാത്താനെ പ്രതിക്കൂട്ടിലാക്കി കുറ്റം തെളിയിക്കുകയാണ് പാരാക്ലേറ്റോസ് എന്നു വിശേഷിപ്പിക്കപ്പെടുന്ന പരിശുദ്ധാത്മാവിന്റെ ദൗത്യം.

മൂന്നു കാര്യങ്ങളിലായിരിക്കും പരിശുദ്ധാത്മാവ് ലോകത്തിന്റെ കുറ്റം തെളിയിക്കുക. പാപം, നീതി, ന്യായവിധി.

**a. പാപം:** ആത്യന്തികമായി ദൈവത്തെ നിഷേധിക്കലാണ് പാപം. യേശുവിലൂടെ സ്വയം വെളിപ്പെടുത്തിയ ദൈവത്തെ ലോകം ബോധപൂർവ്വം തിരസ്കരിച്ചു. വിശ്വസിക്കാൻ ആവശ്യത്തിലേറെ തെളിവുകൾ ലഭിച്ചിട്ടും ലോകം മനഃപൂർവ്വം യേശുവിനു നേരെ കണ്ണടച്ചു. അങ്ങനെ സ്വയം അന്ധകാരത്തിൽ ആണ്ടുപോയി. യേശുവിന്റെ വിചാരണയും വിധിയും ക്രൂശീകരണവും ഈ തിരസ്കാരത്തിന്റെ ഉച്ചകോടിയായി. ഇതായിരിക്കും പരിശുദ്ധാത്മാവു നൽകുന്ന ഉത്തമ ബോധ്യങ്ങളിൽ ആദ്യത്തേത്, അഥവാ ലോകത്തിനെതിരേ തെളിയിക്കുന്ന ആദ്യത്തെ കുറ്റം.

**b. നീതി:** "*ദിക്കായിയോസുനേ*" (dikaiosune) എന്നാണ് ഗ്രീക്കുമൂലം. വിശുദ്ധി എന്നും വിവർത്തനം ചെയ്യാം. വിശുദ്ധി തന്നെ ആയ ദൈവത്തോടുള്ള പൂർണ്ണമായ ഐക്യമാണ് നീതി, അഥവാ വിശുദ്ധി. പാപിയായ മനുഷ്യന് പാപമോചനവും ദൈവിക ജീവനിലുള്ള പങ്കുചേരലും വഴിയാണ് യേശു നീതി നൽകുന്നത്. യേശുവിന്റെ മരണം വഴി മനുഷ്യന് ദൈവിക ജീവനിൽ പങ്കാളിത്തം ലഭിക്കുന്നു എന്ന് പരിശുദ്ധാത്മാവ് ലോകത്തെ ബോധ്യപ്പെടുത്തും.

**c. ന്യായവിധി:** യേശുവിന്റെ മരണവും മഹത്വീകരണവും വഴി ദൈവം പാപത്തിന്റെയും അതിനടിസ്ഥാനമായ സാത്താന്റെയും മേൽ വിജയം വരിച്ചിരിക്കുന്നു. ഇതാണ് ന്യായവിധി.

യേശുവിന്റെ കുരിശിൽ ദൈവസ്നേഹത്തിന്റെ പാരമ്യം എന്നതു പോലെത്തന്നെ സാത്താന്റെ തനിരൂപവും പ്രകടമായി. യേശുവിനെ തിരസ്കരിക്കുക വഴി തിന്മയുടെ ശക്തിയായ സാത്താൻ തന്റെ തന്നെ വിധി ഉറപ്പു വരുത്തുകയായിരുന്നു. "*ഇപ്പോഴാണ് ലോകത്തിന്റെ ന്യായവിധി. ഇപ്പോൾ ഈ ലോകത്തിന്റെ അധികാരി പുറന്തള്ളപ്പെടും*" (യോഹ 12,31).

ഈ മൂന്നു ദൗത്യങ്ങളും പരിശുദ്ധാത്മാവ് പൂർത്തിയാക്കിക്കൊണ്ടേയിരിക്കും. അതാണ് സഹായകന്റെ ദൗത്യം. ദൈവത്തിന്റെ കോടതിയിൽ ലോകത്തെ പ്രതിക്കൂട്ടിലാക്കി ക്രിസ്തു ശിഷ്യർക്കുവേണ്ടി വാദിക്കുകയും അവരെ സംരക്ഷിക്കുകയും ചെയ്യുന്നത് പരിശുദ്ധാത്മാവെന്ന സഹായകനായിരിക്കും. യേശുവിന്റെ തന്നെ പ്രവൃത്തികൾ പരിശുദ്ധാത്മാവു തുടർന്നുകൊണ്ടിരിക്കും.

**5. സാക്ഷ്യം:** യേശുവിനു സാക്ഷ്യം നൽകുക എന്നതായിരിക്കും പരിശുദ്ധാത്മാവിന്റെ ഒരു പ്രവൃത്തി: ''*ഞാൻ പിതാവിന്റെ അടുക്കൽ നിന്നയയ്ക്കുന്ന സഹായകൻ, പിതാവിൽ നിന്നു പുറപ്പെടുന്ന ആ സത്യാത്മാവ്, വരുമ്പോൾ അവൻ എന്നെക്കുറിച്ച് സാക്ഷ്യം നൽകും. ആരംഭം മുതൽ എന്നോടു കൂടെയുള്ളവരായതുകൊണ്ട് നിങ്ങളും സാക്ഷ്യം നൽകും*'' (യോഹ 15:26-27). യോഹന്നാന്റെ ലിഖിതങ്ങളിലും ക്രൈസ്തവ വിശ്വാസ ജീവിതത്തിലും വളരെ പ്രാധാന്യമുള്ള ഒന്നാണ് സാക്ഷ്യം. വചനം മനുഷ്യനായി അവതരിച്ച യേശു പിതാവിനു സാക്ഷ്യം നൽകി; തന്റെ വാക്കും പ്രവൃത്തികളും, സർവ്വോപരി മരണവും ഉത്ഥാനവും വഴി ദൈവസ്നേഹം പ്രകടമാക്കി. ഈ ദൗത്യമാണ് പരിശുദ്ധാത്മാവു തുടർന്നു നിർവ്വഹിക്കുന്നത്. യേശു ആരെന്നും ദൈവത്തിന്റെ പദ്ധതി എന്തെന്നും അത് എപ്രകാരം യേശുവിൽ പൂർത്തിയായി എന്നും സാക്ഷ്യപ്പെടുത്തുന്നത്, അഥവാ വ്യക്തമായി പഠിപ്പിക്കുന്നത് പരിശുദ്ധാത്മാവിന്റെ പ്രവൃത്തി ആയിരിക്കും. പരിശുദ്ധാത്മാവിന്റെ സാന്നിധ്യവും സഹായവും പ്രചോദനവും വഴി ക്രിസ്തുശിഷ്യർ ഈ സാക്ഷ്യം തുടരണം.

**6. ആത്മദാനം:** യേശുവിന്റെ മഹത്വീകരണത്തോടുകൂടെ മാത്രമേ പരിശുദ്ധാത്മാവു നൽകപ്പെടുകയുള്ളു (യോഹ 7,39) എന്ന പ്രസ്താവനയുടെ അർത്ഥം പൂർത്തിയാകുന്നതും

യോഹന്നാൻ തന്നെ രേഖപ്പെടുത്തിയിട്ടുണ്ട് (യോഹ 19,30). യേശുവിന്റെ മരണം തന്നെ പരിശുദ്ധാത്മാവിനെ നൽകലാണെന്ന പ്രതീതിയാണ് യോഹന്നാന്റെ വിവരണം നൽകുന്നത്. "*പാരെദൊക്കേൻ തോ പ്നെവുമാ*" (Paradoken to Pneuma) എന്ന ഗ്രീക്കുമൂലത്തിൽ രണ്ട് അർത്ഥസൂചനകൾ കാണാം. ജീവൻ വെടിഞ്ഞു, അഥവാ മരിച്ചു എന്നതാണ് ഏറ്റം സ്പഷ്ടമായ അർത്ഥം. എന്നാൽ അതുമാത്രമല്ല.

യോഹന്നാന്റെ രചനാശൈലിയിൽ പൊതുവേ ഉള്ളതാണ് പ്രത്യക്ഷത്തിൽ കാണുന്നതിനേക്കാൾ ആഴമേറിയ അർത്ഥം പ്രസ്താവനകളിൽ ഒളിപ്പിച്ചുവയ്ക്കുക എന്നത്. മൂന്നാം ദിവസം (2,1), സമയം (2,4), ഈ ആലയം (2,9), വീണ്ടും ജനനം (3,3) മുതലായവ ഉദാഹരണങ്ങൾ. ഇവിടെ ആത്മാവിനെ സമർപ്പിച്ചു എന്നു പറയുമ്പോൾ എന്താണ് അർത്ഥമാക്കുന്നത്? ആർക്കാണു സമർപ്പിച്ചത്? ഇങ്ങനെയുള്ള ചോദ്യങ്ങൾ പ്രസക്തമാകുന്നു. "പ്നെവുമാ" എന്ന വാക്കിന് "ജീവൻ" എന്നതിനേക്കാൾ ആഴമേറിയ അർത്ഥമുണ്ട്. സമർപ്പിച്ചു എന്നു വിവർത്തനം ചെയ്യുന്ന "പാരെദോക്കേൻ" (Paredoken) എന്ന വാക്കിന് ഏല്പിച്ചു കൊടുക്കുക എന്നും അർത്ഥമുണ്ട്. യേശുവിന്റെ മരണം ആത്മാവിനെ ഏല്പിച്ചു കൊടുക്കലായിരുന്നു, അഥവാ നൽകലായിരുന്നു എന്നും ഇതിനെ വ്യാഖ്യാനിക്കാം.

ഈ അർത്ഥസൂചനയാണ് കുത്തിത്തുറക്കപ്പെട്ട ഹൃദയത്തിൽ നിന്നൊഴുകിയ രക്തവും ജലവും നൽകുന്നത്. ഹൃദയത്തിൽ നിന്നൊഴുകുന്ന പരിശുദ്ധാത്മാവെന്ന നീർച്ചാലിനെക്കുറിച്ചു യേശു പറഞ്ഞത് (യോഹ 7,39) ഇപ്പോൾ പൂർത്തിയായി. ഈ സംഭവത്തിനു സുവിശേഷകൻ നൽകുന്ന അതുല്യ പ്രാധാന്യം തന്നെ ഇതിനു തെളിവായി നിൽക്കുന്നു: "*അതു കണ്ടയാൾ തന്നെ സാക്ഷ്യപ്പെടുത്തിയിരിക്കുന്നു... അവന്റെ സാക്ഷ്യം നിങ്ങളും വിശ്വസിക്കേണ്ടതിന് താൻ സത്യമാണു പറയുന്നതെന്ന് അവൻ അറിയുകയും ചെയ്യുന്നു*" (യോഹ 19,35).

സമാന്തര സുവിശേഷങ്ങളിൽ നിന്നും വ്യത്യസ്തമായി, ഉത്ഥിതനായ യേശു ശിഷ്യന്മാരുടെമേൽ പരിശുദ്ധാത്മാവിനെ അയക്കുന്നതു യോഹന്നാൻ രേഖപ്പെടുത്തിയിട്ടുണ്ട്. ആഴ്ചയുടെ ഒന്നാം ദിവസം, വൈകിട്ട് ശിഷ്യന്മാർക്കു പ്രത്യക്ഷപ്പെട്ട ഉത്ഥിതനായ യേശു "*അവരുടെമേൽ നിശ്വസിച്ചുകൊണ്ട് അവരോടു*

*പറഞ്ഞു: നിങ്ങൾ പരിശുദ്ധാത്മാവിനെ സ്വീകരിക്കുവിൻ. നിങ്ങൾ ആരുടെ പാപങ്ങൾ മോചിക്കുന്നുവോ അവ മോചിക്കപ്പെട്ടിരിക്കും. നിങ്ങൾ ആരുടെ പാപങ്ങൾ ബന്ധിക്കുന്നുവോ അവ ബന്ധിക്കപ്പെട്ടിരിക്കും*" (20:22-23). "*യോഹന്നാന്റെ പന്തക്കുസ്ത*" (Johannine Pentecost) എന്നറിയപ്പെടുന്ന ഈ സംഭവം യേശു നൽകിയിരുന്ന വാഗ്ദാനങ്ങളുടെ പൂർത്തീകരണത്തെ സൂചിപ്പിക്കുന്നു.

പൂഴിയിൽ നിന്നു മെനഞ്ഞെടുത്ത രൂപത്തിലേക്കു ദൈവം നിശ്വസിച്ചപ്പോൾ അതു ജീവിക്കുന്ന മനുഷ്യനായിത്തീർന്നു എന്ന മനുഷ്യോല്പത്തിയെക്കുറിച്ചുള്ള വിവരണത്തെ (ഉൽപ 2,7) അനുസ്മരിപ്പിക്കുന്നതാണ് യേശുവിന്റെ പ്രവർത്തനം. ദൈവിക ജീവനാണ് ഇവിടെ മനുഷ്യരായ ശിഷ്യന്മാരിലേക്കു പ്രവഹിക്കുന്നത്. തങ്ങളെ ഏല്പിച്ചിരിക്കുന്ന ദൗത്യം വിശ്വസ്താപൂർവ്വം നിർവ്വഹിക്കാനുള്ള ശക്തിയും അധികാരവും ഈ പരിശുദ്ധാത്മദാനം വഴി അവർക്കു നൽകപ്പെടുന്നു. കെട്ടുക-അഴിക്കുക എന്ന വിപരീതാർത്ഥ സമാന്തര പ്രയോഗം, ദൈവിക ജീവനിൽ മനുഷ്യരെ പങ്കുകാരാക്കാൻ ശിഷ്യന്മാർക്കു നൽകപ്പെട്ടിരിക്കുന്ന അധികാരത്തിലേക്കു ശ്രദ്ധ ക്ഷണിക്കുന്നു. വാതിലടച്ചു മനുഷ്യരെ പുറത്താക്കാനല്ല, ദൈവരാജ്യത്തിലേക്കു ക്ഷണിക്കാനും ആനയിക്കാനുമാണ് സഭയ്ക്ക് അധികാരം നൽകപ്പെട്ടിരിക്കുന്നത്. അതിനു ശക്തി നൽകുന്നതും സഹായിക്കുന്നതും പരിശുദ്ധാത്മാവായിരിക്കും.

# 4

## അപ്പസ്തോല പ്രവർത്തനങ്ങൾ

യേശുവിന്റെ മഹത്വീകരണത്തോടെ ഒരു പുതുയുഗം ആരംഭിക്കുകയായി. ലോകാതിർത്തികൾവരെ സുവിശേഷം എത്തിക്കുക എന്ന ദൗത്യം ശിഷ്യന്മാരെ ഏല്പിച്ചതിനുശേഷം സ്വർഗ്ഗാരോഹണം ചെയ്ത്, പിതാവിന്റെ വലതുഭാഗത്ത് ഉപവിഷ്ടനായ യേശു (മർക്കോ 16,19) തന്റെ ആത്മാവിനെ അയച്ച് അവരെ ശക്തിപ്പെടുത്തി. എപ്രകാരമാണ് തങ്ങളെ ഏല്പിച്ച ദൗത്യം ശിഷ്യന്മാർ പൂർത്തിയാക്കിയത് എന്ന് അപ്പസ്തോല പ്രവർത്തനങ്ങൾ സവിസ്തരം പ്രതിപാദിക്കുന്നു. "പരിശുദ്ധാത്മാവിന്റെ സുവിശേഷം" എന്ന് ഈ ഗ്രന്ഥത്തെ വിശേഷിപ്പിക്കാറുണ്ട്. കാരണം ക്രിസ്തുശിഷ്യരുടെ പ്രവർത്തനങ്ങളെ നയിക്കുന്നതും അവർക്കു ശക്തിയും ലക്ഷ്യബോധവും നൽകുന്നതും പരിശുദ്ധാത്മാവാണ്.

**1. യേശുവിന്റെ വാഗ്ദാനം:** സ്വർഗ്ഗാരോഹണത്തിനു തൊട്ടുമുമ്പ് ശിഷ്യന്മാർക്കു നൽകുന്ന നിർദ്ദേശത്തിൽ പരിശുദ്ധാത്മാവിന്റെ പ്രവർത്തനങ്ങളെക്കുറിച്ച് യേശു വ്യക്തമായി പഠിപ്പിക്കുന്നുണ്ട്. "*പരിശുദ്ധാത്മാവു നിങ്ങളുടെ മേൽ വന്നുകഴിയുമ്പോൾ നിങ്ങൾ ശക്തിപ്രാപിക്കും. ജറുസലെമിലും യൂദയാ മുഴുവനിലും സമറിയായിലും ഭൂമിയുടെ അതിർത്തികൾ വരെയും നിങ്ങൾ എനിക്കു സാക്ഷികളായിരിക്കുകയും ചെയ്യും*" (അപ്പ 1,8). ദുർബലരായിരുന്നു ശിഷ്യന്മാർ, ഭീരുക്കളും. പാറയെന്ന് പേരിട്ട് തലവനായി നിശ്ചയിക്കപ്പെട്ടവൻ മൊഴുകുപോലെ ഉരുകി ഗുരുവിനെ തള്ളിപ്പറഞ്ഞു. ആണയിട്ട് മൂന്നു തവണ യേശുവിനെ അറിയില്ലെന്നു നുണ പറഞ്ഞു. ഭയം അവനെ അത്രമാത്രം ഗ്രസിച്ചിരുന്നു. പത്രോസ് മാത്രമല്ല, എല്ലാ ശിഷ്യന്മാരും ഒരുപോലെ ഭയന്നുമാറിയവരാണ്; ഒളിച്ചോടിയവരാണ്. മൂന്നു വർഷം കൂടെ കൊണ്ടു നടന്നു പഠിപ്പിച്ചിട്ടും അവർക്കു ലഭിക്കാതിരുന്ന അറിവും ശക്തിയും ധൈര്യവും പരിശുദ്ധാത്മാവു നൽകും. അതാണ് ഗുരുവിന്റെ അവസാന വാഗ്ദാനം, ഏറ്റം വിശിഷ്ടദാനം,

**കാത്തിരിക്കണം.** "*എന്നിൽ നിന്നു നിങ്ങൾ കേട്ട പിതാവിന്റെ വാഗ്ദാനം കാത്തിരിക്കുവിൻ. യോഹന്നാൻ വെള്ളം കൊണ്ടു സ്നാനം നൽകി; നിങ്ങളാകട്ടെ ഏറെ താമസിയാതെ പരിശുദ്ധാത്മാവിനാൽ സ്നാനം ഏല്ക്കും*" (അപ്പ 1:4-5). പിതാവിന്റെ വാഗ്ദാനമാണ് പരിശുദ്ധാത്മാവ്, യേശുവിന്റെ ദൗത്യം ശിഷ്യന്മാരിലൂടെ തുടരുന്നതു പരിശുദ്ധാത്മാവായിരിക്കും. ആത്മാവിനെ സ്വീകരിക്കുന്നത് ഒരു സ്നാനത്തോട് ഉപമിക്കുന്നതു പ്രത്യേക ശ്രദ്ധയർഹിക്കുന്നു. യോഹന്നാൻ നൽകിയ സ്നാനം രക്ഷകനെ സ്വീകരിക്കാൻ ഒരുക്കുന്നതായിരുന്നു. ഇവിടെ ആത്മാവു നൽകുന്ന സ്നാനം അവരെ രക്ഷാകര ദൗത്യത്തിൽ രക്ഷകന്റെ സഹപ്രവർത്തകരാക്കുന്നു. യോഹന്നാൻ മുൻകൂട്ടി അറിയിച്ചതായിരുന്നു ഈ പരിശുദ്ധാത്മസ്നാനം (മത്താ 3:11; യോഹ 1,33).

യേശുവിന്റെ സ്വർഗ്ഗാരോഹണവും പരിശുദ്ധാത്മാവിന്റെ ആഗമനവും തമ്മിലുള്ള പത്തു ദിവസത്തെ അകലം (അപ്പ 1,3; 2,1) രണ്ടു യുഗങ്ങൾ തമ്മിലുള്ള ബന്ധവും അതേസമയം വ്യത്യാസവും സൂചിപ്പിക്കുന്നു. സ്വർഗ്ഗാരോഹണം, പിതാവിന്റെ വലതുഭാഗത്തിരിക്കൽ എന്നീ പ്രതീകങ്ങൾ യേശു മനുഷ്യാവതാരവേളയിൽ മാറ്റിവച്ച ദൈവികമഹത്വം വീണ്ടും സ്വീകരിക്കുന്നു എന്നർത്ഥമാക്കുന്നു. അതോടൊപ്പം പിതാവ് ഏല്പിച്ച ദൗത്യം യേശു പൂർത്തിയാക്കിയെന്നും തുടർന്നുള്ള പ്രവർത്തനങ്ങൾ പരിശുദ്ധാത്മാവായിരിക്കും നയിക്കുക എന്നും സൂചിപ്പിക്കുന്നു. പരിശുദ്ധാത്മസ്നാനം ശുദ്ധീകരണത്തിന്റെയും ഒപ്പം ശാക്തീകരണത്തിന്റെയും പ്രതീകങ്ങളായി കാണാം. പന്തക്കുസ്താദിവസമാണത് സംഭവിച്ചത്.

**2. പന്തക്കുസ്താ അനുഭവം:** യേശുവിന്റെ നിർദ്ദേശമനുസരിച്ച് ശിഷ്യർ പ്രാർത്ഥനാപൂർവ്വം കാത്തിരുന്നു. യേശുവിന്റെ അമ്മ അവരുടെ മദ്ധ്യേ ഉണ്ടായിരുന്നു. പത്താം ദിവസമാണതു സംഭവിച്ചത്. സീനായ്മലയിൽ വച്ചു നടത്തിയ ഉടമ്പടി വഴി ദൈവത്തിന്റെ സ്വന്തം ജനമായി തിരഞ്ഞെടുക്കപ്പെട്ട സംഭവം ഇസ്രായേൽക്കാർ അനുസ്മരിക്കുകയും ആഘോഷിക്കുകയും ചെയ്തിരുന്ന തിരുനാളാണ് അമ്പതാം ദിവസം എന്നർത്ഥമുള്ള പന്തക്കുസ്താ. ഇപ്പോൾ അത് പുതിയൊരു തുടക്കത്തിനു വഴിമാറി. "*കൊടുങ്കാറ്റടിക്കുന്നതുപോലുള്ള ഒരു ശബ്ദം പെട്ടെന്ന് ആകാശത്തുനിന്നുണ്ടായി. അത് അവർ സമ്മേളിച്ചി*

*രുന്ന വീടു മുഴുവൻ നിറഞ്ഞു. അഗ്നിജ്വാലകൾ പോലുള്ള നാവുകൾ തങ്ങളോരുരുത്തരുടെയും മേൽ വന്നുനിൽക്കുന്നതായി അവർ കണ്ടു. അവരെല്ലാവരും പരിശുദ്ധാത്മാവിനാൽ നിറഞ്ഞു. ആത്മാവു കൊടുത്ത ഭാഷണവരമനുസരിച്ച് അവർ വിവിധ ഭാഷകളിൽ സംസാരിക്കാൻ തുടങ്ങി*" (അപ്പ 2:2-4).

സകല പ്രതിബന്ധങ്ങളെയും തകർത്തു മുന്നേറുന്ന ശക്തിയുടെ പ്രതീകമാണ് കൊടുങ്കാറ്റ്. പ്രപഞ്ച സൃഷ്ടിയുടെ ആരംഭത്തിൽ കണ്ട അതേ ശക്തി (ഉൽപ. 1,2) ഇപ്പോൾ ശിഷ്യന്മാർ സമ്മേളിച്ചിരുന്ന മുറിയിൽ നിറയുന്നു. "കൊടുങ്കാറ്റ്" എന്നു വിവർത്തനം ചെയ്യുന്നത് രണ്ടു ഗ്രീക്കു വാക്കുകളാണ്. "*പ്നോഏ*" (Pnoe) എന്നതാണ് ആദ്യത്തേത്. ഇതിനെ ശ്വാസം, കാറ്റ് എന്നൊക്കെ വിവർത്തനം ചെയ്യാം. "ആത്മാവ്" എന്നു വിവർത്തനം ചെയ്യുന്ന "*പ്നെവുമാ*" (Pneuma) എന്ന വാക്കും ഇതേ മൂലത്തിൽ നിന്നുവരുന്നു എന്നതു ശ്രദ്ധിക്കണം. "*ബിയായാ*" (biaia) എന്ന രണ്ടാമത്തെ വാക്ക് ശക്തിയെ സൂചിപ്പിക്കുന്ന ഒരു വിശേഷണമാണ്. ഒരേ സമയം ജീവൻ നൽകുകയും പ്രതിബന്ധങ്ങൾ അകറ്റുകയും ചെയ്യുന്ന പരിശുദ്ധാത്മാവിന്റെ ആഗമനത്തെയാണിത് സൂചിപ്പിക്കുക.

കാറ്റു കാണാനാവില്ല; അനുഭവിക്കാം; അതിന്റെ ശക്തി അറിയാം. എന്നാൽ അതുപോലല്ല അഗ്നി. അതു കാണാം; ചൂടനുഭവിച്ചറിയുകയും ചെയ്യാം. ശിഷ്യർ ഓരോരുത്തരുടെയും മേൽ തീനാവുകൾ വന്നിരിക്കുന്നതായി അവർ കണ്ടു. "*വിഭജിക്കപ്പെട്ട നാവുകൾ*" എന്നാണ് ഗ്രീക്കു മൂലത്തിന്റെ അർത്ഥം. ഒരേ നാവ് പലതായി പിളർന്ന് ഓരോരുത്തരുടെയും മേൽ ആവസിക്കുന്നതായി അവർ കണ്ടു. പ്രത്യക്ഷത്തിൽ കാണുന്നതിനേക്കാൾ ആഴമേറിയ അർത്ഥം ഈ പ്രയോഗത്തിനുണ്ട്. വസ്തുനിഷ്ഠമായ ഒരു വിവരണം എന്നതിനേക്കാൾ വ്യക്തിനിഷ്ഠമായ ഒരനുഭവമായിട്ടാണ് അഗ്നിനാവുകളുടെ ആവാസം അവതരിപ്പിച്ചിരിക്കുന്നത്, ഓരോ വ്യക്തിക്കും ഉണ്ടായ അനുഭവം. ഒരേ ആത്മാവ് തീനാവായി ആവസിക്കുന്നു. എന്താണിതിനർത്ഥം?

നാവ് സംസാരിക്കാനുള്ള ദൗത്യത്തെ സൂചിപ്പിക്കുന്നു എന്നതിൽ സംശയമില്ല. എന്നാൽ അനേകം നാവുകളല്ല, ഒരേ ഒരു നാവാണ് പലതായി പിളർന്ന് അവരുടെ മേൽ ആവസിക്കുന്നത്. ഒരേ പരിശുദ്ധാത്മാവ് ഓരോരുത്തരെയും സംസാരിക്കാൻ

പ്രാപ്തരാക്കുന്നു. നല്കുന്നത് ഏകസന്ദേശമായിരിക്കും. സന്ദേശത്തിന്റെയും അതു സ്വീകരിക്കുന്ന സമൂഹത്തിന്റെയും ഐക്യത്തെ ഇതു സൂചിപ്പിക്കുന്നു. അതോടൊപ്പം അഗ്നി എന്ന പ്രതീകവും ശ്രദ്ധിക്കണം. അഗ്നിക്കു പല ധർമ്മങ്ങളുണ്ട്. ശുദ്ധീകരിക്കുക എന്നതാണ് അതിൽ ഒന്ന്, അഗ്നി ശുദ്ധി ചെയ്യുക എന്ന പ്രയോഗം വ്യക്തമാക്കുന്നതുപോലെ. ലോഹത്തിൽ പറ്റിയ കറകൾ ഉരുക്കി ശുദ്ധീകരിക്കും. അതോടൊപ്പം ബൈബിളിൽ ശിക്ഷയുടെ പ്രതീകവുമാണ് അഗ്നി. തിന്മായായതിനെയെല്ലാം ദഹിപ്പിക്കുന്നതാണ് അഗ്നി അയച്ചുള്ള ശിക്ഷാവിധി (ആമോ 1,4. 7.10; മത്താ 25,41; വെളി 19:20;20, 9–10). അതേസമയം ദൈവത്തെയും ദൈവിക സാന്നിധ്യത്തെയും ബൈബിൾ അഗ്നിയായി ചിത്രീകരിക്കുന്നുണ്ട്. "*നമ്മിലാർക്കു ദഹിപ്പിക്കുന്ന അഗ്നിയോടൊപ്പം വസിക്കാനാവും? നിത്യജ്വാലയിൽ നമ്മിലാർക്കു ജീവിക്കാൻ കഴിയും?*" (ഏശ 33,14). പാപികൾക്കു സമീപിക്കാനാവില്ല എന്നു സൂചനയാണ് ദൈവിക സാന്നിധ്യത്തെ അഗ്നി, നിത്യജ്വാല എന്നിങ്ങനെ വിശേഷിപ്പിക്കുന്നതിലൂടെ നൽകുന്നത്. ഇവിടെ പ്രത്യക്ഷപ്പെടുന്നതു ദൈവമാണെന്ന സൂചനയും അഗ്നി നൽകുന്നു.

ജലം കഴുകി ശുദ്ധീകരിക്കുന്നതുപോലെ അഗ്നി ഉരുക്കി ശുദ്ധമാക്കുന്നു. ദൈവരാജ്യത്തിനു സാക്ഷ്യം വഹിക്കുന്ന പ്രഘോഷകരാകാൻ ശിഷ്യരെ ശക്തിപ്പെടുത്തുന്ന പരിശുദ്ധാത്മാവ് തീനാവുകളുടെ രൂപത്തിൽ അവർ ഓരോരുത്തരിലും ഇറങ്ങി വന്ന് വസിക്കുന്നത് അവർക്ക് നൽകപ്പെടുന്ന ദൗത്യത്തെയും അതു നിർവ്വഹിക്കാനാവശ്യമായ ശക്തിയെയും സൂചിപ്പിക്കുന്നു. ദൈവാലയത്തിൽ വച്ചുണ്ടായ ദർശനത്തിൽ സ്വന്തം പാപാവസ്ഥയെക്കുറിച്ചു തിരിച്ചറിഞ്ഞ്, ഭയന്നു നിലവിളിച്ച ഏശയ്യായുടെ അനുഭവം ഈ അഗ്നി ശുദ്ധീകരണത്തിന്റെ ഒരു മുന്നോടിയായി കാണാം. "*അപ്പോൾ സെറാഫുകളിലൊന്ന് ബലിപീഠത്തിൽ നിന്നു കൊടിൽ കൊണ്ടെടുത്ത ഒരു തീക്കനലുമായി എന്റെയടുത്തേക്കു പറന്നുവന്നു. അവൻ എന്റെ അധരങ്ങളെ സ്പർശിച്ചിട്ടു പറഞ്ഞു: ഇതു നിന്റെ അധരങ്ങളെ സ്പർശിച്ചിരിക്കുന്നു; നിന്റെ മാലിന്യം നീക്കപ്പെട്ടിരിക്കുന്നു; നിന്റെ പാപം ക്ഷമിക്കപ്പെട്ടിരിക്കുന്നു*" (ഏശ 6:6–7). ഉരുക്കി ശുദ്ധീകരിക്കുക, പാപം ക്ഷമിച്ചു പുതിയ മനുഷ്യരാക്കുക, വചനപ്രഘോഷണത്തിന് ശക്തരാ

ക്കുക, ഇതാണ് തീനാവിന്റെ രൂപത്തിൽ അനുഭവവേദ്യമായ ആത്മാവിന്റെ ദൗത്യം.

ഈ ആത്മാവ് എപ്പോഴും അവരോടുകൂടെ ഉണ്ടായിരിക്കും, ശക്തിയായി, സാന്ത്വനമായി, പ്രചോദനമായി. വചനത്തിന്റെ പേരിൽ വലിയ ക്ലേശങ്ങളും കൊടിയ ദുരിതങ്ങളും അനുഭവി ക്കേണ്ടി വരുമ്പോഴും ആത്മാവ് അവരുടെ ഉള്ളിലുണ്ടായിരിക്കും, ജറെമിയായ്ക്കുണ്ടായ അനുഭവം പോലെ. ദൈവവചനം വിശ്വസ്തതയോടെ പ്രഘോഷിച്ചതിന്റെ പേരിൽ ഏറ്റം അധികം പീഡനങ്ങൾ സഹിച്ച പഴയ നിയമപ്രവാചകനാണ് ജറെമിയാ. ക്ലേശങ്ങളുടെ നടുവിൽ ദൗത്യം ഉപേക്ഷിച്ചുപോകാം എന്നു കരുതാൻവരെ അയാൾ പ്രലോഭിതനായി. പക്ഷേ വിളിച്ചു വിശുദ്ധീകരിച്ച്, നിയോഗിച്ച കർത്താവ് ദൗത്യം കൈവെടിയാൻ അനുവദിക്കുകയില്ല, മറിച്ച് പൂർത്തിയാക്കാൻ ശക്തി നൽകും എന്ന അവബോധം പ്രവാചകൻ ഒരു വിലാപമായി അവതരി പ്പിക്കുന്നുണ്ട്.

"*കർത്താവിന്റെ വചനം എനിക്ക് ഇടവിടാത്ത നിന്ദനത്തിനും പരിഹാസത്തിനും ഹേതുവായിരിക്കുന്നു. അവിടുത്തെപ്പറ്റി ഞാൻ ചിന്തിക്കുകയില്ല, അവിടുത്തെ നാമത്തിൽ മേലിൽ സംസാരിക്കുകയില്ല എന്നു ഞാൻ പറഞ്ഞു. എന്നാൽ ഹൃദ യത്തെ ദഹിപ്പിക്കുന്ന അഗ്നി എന്റെ അസ്ഥികൾക്കുള്ളിൽ അടച്ചി ട്ടിരിക്കുന്നതുപോലെ എനിക്കനുഭവപ്പെട്ടു. അതിനെ അടക്കാൻ ശ്രമിച്ചു ഞാൻ തളരുന്നു. എനിക്കു സാധിക്കുന്നില്ല*" (ജറെ. 20:8–9). അസ്ഥികൾക്കുള്ളിൽ അടച്ചിട്ടിരിക്കുന്ന അഗ്നി! അതു ദൈവത്തിന്റെ വചനമാണെന്നു പ്രവാചകൻ തിരിച്ചറിഞ്ഞു. "*എന്റെ വചനം നിന്റെ നാവിൽ ഞാൻ അഗ്നിയാക്കും*" (ജറെ 5,14). ശക്തമാണ് ദൈവവചനം. അതു വ്യാജപ്രവാചകന്മാരുടെ പൊള്ളവാക്കുകൾ പോലെയല്ല. "*എന്റെ വചനം അഗ്നിപോ ലെയും പാറയെ തകർക്കുന്ന കൂടം പോലെയുമല്ലേ?*" (ജറെ 23,29).

**3. ശാക്തീകരണം:** തങ്ങളുടെ മേൽ വന്നിറങ്ങിയ പരിശു ദ്ധാത്മാവ് ജ്വലിക്കുന്ന അഗ്നിപോലെ, ത്രസിപ്പിക്കുന്ന ശക്തി പോലെ ഹൃദയത്തിൽ നിറയുന്നതായി ശിഷ്യന്മാർക്കനുഭവപ്പെട്ടു. ഒരു നിമിഷാർദ്ധത്തിൽ അവർ പുതിയ മനുഷ്യരായി മാറി. ശത്രുക്കളെ ഭയന്ന് അടച്ചിട്ടിരുന്ന വാതായനങ്ങൾ കൊടുങ്കാറ്റ്

തല്ലിത്തുറന്നു. ഭയത്താൽ മരവിച്ചിരുന്ന നാവുകളുടെ കെട്ടഴിഞ്ഞു. ഗുരുവിനെ കൊന്നവർ തങ്ങൾക്കുചുറ്റും മാരകായുധങ്ങളുമായി നിലയുറപ്പിച്ചിട്ടുണ്ട് എന്ന അറിവിൽ അവർക്കിനി ഭയമില്ല.

ഏതു പ്രതിസന്ധിയും തരണം ചെയ്യാൻ, ഏതു പീഡനവും നേരിടാൻ അവർ സജ്ജരായി. ഉള്ളിൽ നിറഞ്ഞു തിരതല്ലിയ സന്തോഷം സ്തുതികീർത്തനങ്ങളായി പ്രവഹിച്ചു. തങ്ങൾ അറിയാതെതന്നെ ഉള്ളിൽ നിന്നുയർന്ന സ്വരങ്ങൾ ദൈവമഹത്വം ഉദ്ഘോഷിക്കുന്ന കീർത്തനങ്ങളായി, യേശുവിൽ പൂർത്തീകരിക്കപ്പെട്ട രക്ഷാപദ്ധതി വിളിച്ചുപറയുന്ന സുവിശേഷ പ്രഘോഷണമായി മാറുന്നത് അവർ കണ്ടു. ചുറ്റിലും ആർത്തിരമ്പിയ ജനക്കൂട്ടം താന്താങ്ങളുടെ ഭാഷയിൽ ശിഷ്യന്മാരുടെ സ്തുതിപ്പുകളും പ്രഘോഷണങ്ങളും കേട്ടു; ആശ്ചര്യപ്പെട്ടു. എവിടെ നിന്നു കിട്ടി അവർക്കീ ധൈര്യം? ഒരു ഭാഷയിൽ പറയുമ്പോൾ കേൾവിക്കാരുടെ ആവശ്യമനുസരിച്ച് ഓരോ ഭാഷയിൽ അർത്ഥം ഗ്രഹിക്കാൻ ആരു നൽകി ഈ കഴിവ്?

സംശയമില്ല, അതാണ് യേശു വാഗ്ദാനം ചെയ്ത പരിശുദ്ധാത്മാവ്. എന്തു പറയണം എന്നു പഠിപ്പിക്കുന്ന, പറയേണ്ട വാക്ക് നാവിൽ വച്ചു കൊടുക്കുന്ന, ശത്രുക്കളുടെ മുമ്പിൽ നിർഭയം നിവർന്നുനിന്ന്, യേശുവിനെ രക്ഷകനായി പ്രഘോഷിക്കാൻ ഉള്ളിൽ നിന്നു തള്ളി വിടുന്ന ശക്തി. അതാണ് അപ്പസ്തോല പ്രവർത്തനങ്ങൾ അനേകം ഉദാഹരണങ്ങളിലൂടെ ആവർത്തിച്ച് അവതരിപ്പിക്കുന്ന പരിശുദ്ധാത്മാവ്.

ഒരു വേലക്കാരിയുടെ മുമ്പിൽ ഭയന്ന്, ഗുരുവിനെ തള്ളിപ്പറഞ്ഞ പത്രോസ് ഇപ്പോൾ വാചാലനായി. കൊടുങ്കാറ്റിന്റെ ആരവം കേട്ടു തടിച്ചുകൂടിയ ജനത്തോട് നിർഭയം വിളിച്ചു പറഞ്ഞു: നിങ്ങൾ കുരിശിൽ തറച്ചു കൊന്ന യേശുവിനെ ദൈവം മരണത്തിൽനിന്നും ഉയിർപ്പിച്ചു, തന്റെ വലത്തു ഭാഗത്തു ഉപവിഷ്ടനാക്കി. മഹത്വീകൃതനായ ക്രിസ്തു പരിശുദ്ധാത്മാവിനെ വർഷിച്ചിരിക്കുന്നു. അതാണ് നിങ്ങൾ കാണുകയും കേൾക്കുകയും ചെയ്യുന്നത്. ഈ പരിശുദ്ധാത്മദാനം ജോയേൽ പ്രവാചകൻ വഴി വാഗ്ദാനം ചെയ്യപ്പെട്ടിരുന്നതാണ്. അതിപ്പോൾ യാഥാർത്ഥ്യമായിരിക്കുന്നു (അപ്പ. 2:14-36).

മാനസാന്തരത്തിനുള്ള ആഹ്വാനവും, പരിശുദ്ധാത്മാവിനെ നിങ്ങൾക്കും ലഭിക്കും എന്ന വാഗ്ദാനവും കൊണ്ടാണ്

പത്രോസ് തന്റെ കന്നിപ്രസംഗം സമാപിക്കുന്നത്: "*നിങ്ങൾ പശ്ചാത്തപിക്കുവിൻ. പാപമോചനത്തിനായി എല്ലാവരും യേശു ക്രിസ്തുവിന്റെ നാമത്തിൽ സ്നാനം സ്വീകരിക്കുവിൻ. പരി ശുദ്ധാത്മാവിന്റെ ദാനം നിങ്ങൾക്കും ലഭിക്കും*" (അപ്പ. 2,38). സാക്ഷ്യം ഫലത്തായി. മൂവായിരത്തോളം പേർ അന്നുതന്നെ സ്നാനം സ്വീകരിച്ചു, ആത്മാവിനാൽ നിറഞ്ഞു പുതിയ മനു ഷ്യരായി, പുതിയ സമൂഹമായി (അപ്പ. 2:41-42).

ദിവസങ്ങൾ കഴിയുന്തോറും അവർ അനുഭവിച്ച ശക്തി ക്ഷയിക്കുകയല്ല, വർദ്ധിക്കുകയാണു ചെയ്തത്. എതിർപ്പുകളു ണ്ടായി. യഹൂദ മതനേതൃത്വം ശക്തമായ നിലപാടുകൾ സ്വീക രിച്ചു. അപ്പസ്തോലന്മാരെ ഭീഷണിപ്പെടുത്തി, തടവിലാക്കി. യേശുവിന്റെ നാമത്തിൽ സംസാരിക്കരുത് എന്നു കല്പിച്ചു. എന്നാൽ ഭീഷണികൾക്കു വഴങ്ങുന്നതായിരുന്നില്ല അവരിൽ നിറഞ്ഞു നിന്ന പരിശുദ്ധാത്മശക്തി. "*ദൈവത്തേക്കാളുപരി നിങ്ങളെ അനുസരിക്കുന്നത് ദൈവസന്നിധിയിൽ ന്യായമാണോ? നിങ്ങൾ തന്നെ വിധിക്കുവിൻ. എന്തെന്നാൽ ഞങ്ങൾ കാണു കയും കേൾക്കുകയും ചെയ്ത കാര്യങ്ങളെക്കുറിച്ചു സംസാരി ക്കാതിരിക്കാൻ ഞങ്ങൾക്കു സാധ്യമല്ല*'' (അപ്പ 4:19-20). പത്രോസിന്റെ വാക്കുകളിൽ പ്രതിധ്വനിക്കുന്ന ബോധ്യവും ധൈര്യവും അധികാരികളെ പോലും അത്ഭുതപ്പെടുത്തി. താക്കീ തുകൾ ആവർത്തിച്ച ശേഷം അവരെ വിട്ടയച്ചു.

പ്രതിസന്ധികൾക്കു നടുവിൽ ശിഷ്യഗണം കൂടുതൽ തീക്ഷ് ണമായി പ്രാർത്ഥിച്ചു. "*പൂർണ്ണ ധൈര്യത്തോടെ പ്രസംഗിക്കാൻ ഈ ദാസരെ അനുഗ്രഹിക്കണമേ. പ്രാർത്ഥന കഴിഞ്ഞപ്പോൾ അവർ സമ്മേളിച്ചിരുന്ന സ്ഥലം കുലുങ്ങി. അവരെല്ലാം പരി ശുദ്ധാത്മാവിനാൽ പൂരിതരായി. ദൈവവചനം ധൈര്യപൂർവ്വം പ്രസംഗിച്ചു*" (അപ്പ 4,31). പന്തക്കുസ്താ ദിനം മുതൽ ഇന്നുവരെ തുടരുന്നതാണ് പരിശുദ്ധാത്മാവു നൽകുന്ന ഈ ശാക്തീകരണം, ജീവൻ ത്യജിച്ചും യേശുവിനു സാക്ഷ്യം നൽകാൻ ലഭിക്കുന്ന ശക്തി. അതു പരിശുദ്ധാത്മാവിന്റെ പ്രവൃത്തിയുടെ ഫലമാണ്.

**4. അത്ഭുതങ്ങൾ-അടയാളങ്ങൾ:** ശിഷ്യന്മാരിൽ പ്രവർത്തിച്ച പരിശുദ്ധാത്മശക്തി തീക്ഷ്ണമായ പ്രാർത്ഥന യിലും സുധീരമായ വചനപ്രഘോഷണത്തിലും മാത്രം ഒതുങ്ങി നിന്നില്ല. യേശു വാഗ്ദാനം ചെയ്തിരുന്നതുപോലെ അവർ വഴി

അനേകം അത്ഭുതങ്ങൾ സംഭവിച്ചു. ദേവാലയവാതിൽക്കൽ ഭിക്ഷ യാചിച്ചിരുന്ന മുടന്തനു നൽകുന്ന സൗഖ്യത്തിലാണു തുടക്കം. "*വെള്ളിയോ പൊന്നോ എന്റെ കയ്യിലില്ല. എനിക്കുള്ളതു നിനക്കു ഞാൻ തരുന്നു. നസ്രായനായ യേശുക്രിസ്തുവിന്റെ നാമത്തിൽ എഴുന്നേറ്റു നടക്കുക*" (അപ്പ 3,6). മുടന്തൻ ചാടിയെണീറ്റു; ദൈവത്തെ സ്തുതിച്ചുകൊണ്ട് അവനെ അനുഗമിച്ചു. "*ജനം വിസ്മയഭരിതരായി*" (അപ്പ 3,10). തുടർന്നുള്ള പ്രസംഗത്തിൽ ഈ സംഭവം അനിഷേധ്യ തെളിവായി, ശിഷ്യർ പറയുന്നത് സത്യമാണെന്നും ദൈവമാണ് അവരിലൂടെ പ്രവർത്തിക്കുന്നത് എന്നും വിശ്വസിക്കാൻ ആവശ്യമായ തെളിവ്.

ഇതൊരു തുടക്കം മാത്രമായിരുന്നു. തുടർന്നങ്ങോട്ട് അത്ഭുതങ്ങളുടെ ഒരു ഘോഷയാത്രയായി. പരിശുദ്ധാത്മശക്തിയാൽ നിറഞ്ഞ ശിഷ്യരുടെ വാക്കാൽ പിശാചുക്കൾ ബഹിഷ്കൃതരായി; രോഗികൾ സൗഖ്യം പ്രാപിച്ചു. കടന്നുപോകുന്ന പത്രോസിന്റെ നിഴൽ പതിച്ച രോഗികൾ പോലും സുഖപ്പെട്ടു (അപ്പ 5:12-15). യേശു പ്രവർത്തിച്ചതു പോലെയുള്ള അത്ഭുതങ്ങൾ ശിഷ്യന്മാരിലൂടെ പരിശുദ്ധാത്മാവു പ്രവർത്തിച്ചു. ലിദായിലെ തളർവാതരോഗിക്കു പത്രോസ് വഴി ലഭിച്ച സൗഖ്യം (അപ്പ 9:34-35), യേശു തളർവാതരോഗിയെ സുഖപ്പെടുത്തിയതിന്റെ (മർക്കോ 2:10-12) ഒരു തനി ആവർത്തനം പോലെ തോന്നും. യോപ്പായിലെ തബീത്തായെ ഉയർപ്പിക്കാൻ പത്രോസ് പറയുന്ന വാക്ക് "*തബീത്താ, എഴുന്നേൽക്കൂ*" (അപ്പ 9,40), ജായി റോസിന്റെ മകളോട് യേശു പറഞ്ഞ വാക്കുകളെ അനുസ്മരിപ്പിക്കുന്നു: "*തലീത്താക്കൂം*" (ബാലികേ എഴുന്നേൽക്കൂ, മർക്കോ 5,41). തൽക്ഷണം ഫലമുണ്ടായി. മരിച്ചവൾ എഴുന്നേറ്റിരുന്നു. ഇപ്രകാരം നിരവധിയായ അത്ഭുതങ്ങൾ സുവിശേഷപ്രഘോഷണത്തിനു വിശ്വാസ്യത നൽകി, ശിഷ്യർക്കു ധൈര്യവും. ദൈവാത്മാവാണിവിടെ പ്രവർത്തിക്കുന്നതെന്നതിനു വ്യക്തമായ തെളിവുകളായിരുന്നു ഈ അത്ഭുതപ്രവൃത്തികൾ.

**5. സമൂഹജീവിതം-ക്രിസ്തീയ സാക്ഷ്യം:** ഇവയേക്കാൾ എല്ലാം വിശ്വസനീയമായ സാക്ഷ്യമായിരുന്നു ക്രിസ്തുശിഷ്യരുടെ സമൂഹ ജീവിതം.

അപ്പസ്തോല പ്രവർത്തനങ്ങൾ അടിവരയിട്ടവതരിപ്പിക്കുന്ന ഒരു കാര്യമാണിത്. സുവിശേഷ പ്രഘോഷണം കേട്ടു

വിശ്വസിച്ചവർ എല്ലാവരും "*പരിശുദ്ധാത്മാവിനാൽ പൂരിതരായി, ദൈവവചനം ധൈര്യപൂർവ്വം പ്രസംഗിച്ചു. വിശ്വാസികളുടെ സമൂഹം ഒരു ഹൃദയവും ഒരാത്മാവുമായിരുന്നു. ആരും തങ്ങളുടെ വസ്തുവകകൾ സ്വന്തമെന്ന് അവകാശപ്പെട്ടില്ല. എല്ലാം പൊതു സ്വത്തായിരുന്നു... അവരുടെ ഇടയിൽ ദാരിദ്ര്യം അനുഭവിക്കുന്നവർ ആരും ഉണ്ടായിരുന്നില്ല...*" (അപ്പ 4:31-34). അവർ "*അപ്പസ്തോലന്മാരുടെ പ്രബോധനം, കൂട്ടായ്മ, അപ്പം മുറിക്കൽ, പ്രാർത്ഥന എന്നിവയിൽ സദാ താല്പര്യപൂർവ്വം പങ്കുചേർന്നു*" (അപ്പ 2,42).

ഈ സമൂഹത്തിന്റെ ജീവിതസാക്ഷ്യമാണ് അനേകരെ സുവിശേഷത്തിലേക്കാകർഷിച്ചത്. അത്ഭുതസിദ്ധികൾ സ്വന്തം കാര്യലാഭത്തിനായി ആരും ഉപയോഗിച്ചില്ല. ധനിക-ദരിദ്ര വ്യത്യാസം ആ സമൂഹത്തിലുണ്ടായിരുന്നില്ല. അപ്പസ്തോലന്മാരിൽ നിന്നു ലഭിച്ച, യേശുവിനെയും അവിടുത്തെ പ്രവർത്തനങ്ങളെയും കല്പനകളെയും കുറിച്ചുള്ള പ്രബോധനം അവരുടെ സമൂഹ ജീവിതത്തിന് അടിത്തറയായി. ഭൗതിക സ്വത്തുക്കൾ സ്വന്തമെന്നവകാശപ്പെടാതെ പങ്കുവച്ചു. അതിനാൽ ആർക്കും ദാരിദ്ര്യമുണ്ടായില്ല. യേശുവിന്റെ അന്ത്യഅത്താഴത്തെ അനുസ്മരിപ്പിക്കുന്ന അപ്പം മുറിക്കൽ അവരുടെ ശക്തികേന്ദ്രമായിരുന്നു. കൂട്ടായ പ്രാർത്ഥന സമൂഹത്തിന്റെ ഐക്യദാർഢ്യം വർദ്ധിപ്പിച്ചു. ഇതെല്ലാം തങ്ങളിൽ നിറഞ്ഞു നിൽക്കുന്ന പരിശുദ്ധാത്മാവിന്റെ പ്രവർത്തന ഫലങ്ങളായി അവർ തിരിച്ചറിഞ്ഞു.

മാനസാന്തരപ്പെട്ട് സുവിശേഷത്തിൽ വിശ്വസിച്ച ആദിമ ക്രൈസ്തവരുടെ മുഖമുദ്ര ആയിട്ടാണ് ഈ സമൂഹജീവിതം അപ്പസ്തോല പ്രവർത്തനങ്ങളിൽ എടുത്തു കാട്ടുന്നത്. കാലക്രമത്തിൽ ഈ കൂട്ടായ്മയ്ക്കു കോട്ടം തട്ടി. സാമ്പത്തികതലത്തിലാണ് ആദ്യമായ വീഴ്ചകളും പാളിച്ചകളും സംഭവിച്ചത്. അതിശക്തമായി അപ്പസ്തോലന്മാർ അതിനെതിരേ പ്രതികരിച്ചു. പരിശുദ്ധാത്മാവു നൽകിയ അടയാളങ്ങൾ താക്കീതായി. അനനിയാസ് -സഫീറ ദമ്പതിമാരുടെ ദുരന്തം തന്നെ വ്യക്തമായ ഉദാഹരണം (അപ്പ 5:1-11). സ്വന്തം പറമ്പു വിറ്റു കിട്ടിയ തുകയിൽ ഒരു ഭാഗം മാറ്റിവച്ചിട്ട്, മുഴുവൻ സമർപ്പിക്കുന്നു എന്ന ഭാവത്തിൽ അപ്പസ്തോലന്മാരുടെ അടുക്കൽ ബാക്കി തുക കാഴ്ച വച്ചതാണ് അവർ ചെയ്ത കുറ്റം. "*നീ വ്യാജം പറഞ്ഞതു മനുഷ്യനോടല്ല, ദൈവത്തോടാണ്*" (അപ്പ 5,4) എന്ന പത്രോസിന്റെ കുറ്റാരോ

പണം സംഭവത്തിന്റെ പ്രാധാന്യം വ്യക്തമാക്കുന്നു, എന്നും പ്രസക്തമാണീ താക്കീത്.

**6. രക്തസാക്ഷിത്വം:** എളുപ്പമായിരിക്കില്ല തന്റെ ശിഷ്യരുടെ ജീവിതം എന്ന് യേശു തന്നെ പലതവണ മുന്നറിയിപ്പു നൽകിയിരുന്നു (ലൂക്കാ 9:23-24. 57-62;12:4-12; 14:25-34). തന്നെ അനുഗമിക്കാൻ ആഗ്രഹിക്കുന്നവർ കുരിശെടുക്കാനും കുരിശിൽ മരിക്കാനും തയ്യാറായിരിക്കണം എന്ന് സംശയത്തിനു പഴുതില്ലാതെ യേശു അവരെ പഠിപ്പിച്ചിരുന്നെങ്കിലും ഇത്ര കഠിനമായിരിക്കും ക്രൂശിതന്റെ പാത എന്ന് അന്നവർക്ക് ഊഹിക്കാൻ പോലും കഴിഞ്ഞിട്ടുണ്ടാവില്ല. അതുകൊണ്ടു തന്നെയാണല്ലോ നിർണ്ണായക നിമിഷത്തിൽ ബന്ധിതനായ ഗുരുവിനെ ഉപേക്ഷിച്ച് എല്ലാവരും ഓടിയൊളിച്ചത്!

എന്നാൽ പരിശുദ്ധാത്മാവിന്റെ വരവോടെ അവരിൽ അടിമുടി മാറ്റമുണ്ടായി. തല്ലുകൊള്ളാൻ മടിയില്ല. കൽത്തുറുങ്കുകളെ അവർക്കു ഭയമില്ല. ക്രിസ്തുവിനുവേണ്ടി, അവന്റെ ശിഷ്യർ എന്നതിനാൽ, മരിക്കാൻ കഴിയുന്നതു നേട്ടവും മഹാഭാഗ്യവുമായി അവർ കരുതി. അതാണ് ആദ്യ രക്തസാക്ഷിയായ സ്തേഫനോസു മുതൽ ഇന്നുവരെ, കഴിഞ്ഞ ഇരുപതു നൂറ്റാണ്ടായി ക്രിസ്തു ശിഷ്യർ അനുഭവത്തിലൂടെ വിളിച്ചു പറയുന്നത്. "*എനിക്കു ജീവിതം ക്രിസ്തുവാണ്; മരണം നേട്ടവും*" (ഫിലി 1,21) എന്ന പൗലോസിന്റെ വിശ്വാസപ്രഖ്യാപനം ഈ സത്യത്തിന്റെ ഏറ്റം വ്യക്തമായ ഉദാഹരണം. സ്തേഫനോസിനെ ദൈവദൂഷകനായി മുദ്രകുത്തി കല്ലെറിഞ്ഞു കൊല്ലുന്നതിൽ മുൻപന്തിയിൽ നിന്നു നേതൃത്വം കൊടുത്ത സാവൂൾ എന്ന യുവ മതഭീകരന്റേതാണ് ഈ വാക്കുകൾ എന്നത് പരിശുദ്ധാത്മാവിന്റെ പ്രവർത്തനം ഒരു വ്യക്തിയിൽ വരുത്തുന്ന മാറ്റം എത്രയെന്ന് വ്യക്തമാക്കുന്നു.

**7. സാവൂളിന്റെ മാനസാന്തരം:** യേശുവിനെ വ്യാജപ്രവാചകനും ക്രിസ്തുമതത്തെ പാഷണ്ഡതയുമായി തെറ്റിദ്ധരിച്ച യുവ മതപണ്ഡിതനായ ടാർസൂസിലെ സാവൂൾ പരിശുദ്ധാത്മാവ് ഒരു മനുഷ്യനിൽ വരുത്തുന്ന പരിവർത്തനത്തിന്റെ മകുടോദാഹരണമാണ്. ക്രിസ്തുവിശ്വാസികളെ തടവിലാക്കിയും കൊന്നൊടുക്കിയും ഈ പുതിയ വിശ്വാസമുന്നേറ്റത്തെ മുളയിലേ നുള്ളിക്കളയാൻ കച്ചകെട്ടി ഇറങ്ങിയതായിരുന്നു സാവൂൾ.

യഹൂദമതത്തിന്റെ പരമോന്നത അധികാര സമിതിയായ സാൻഹ ദ്രിൻ സംഘത്തിന്റെ അംഗീകാര പത്രത്തോടെ ഡമാസ്കസിലെ യഹൂദക്രൈസ്തവരെ പിടിച്ചു കെട്ടി ജറുസലെമിലേക്കു കൊണ്ടു വരാൻ പോയതാണയാൾ. പക്ഷേ എത്ര പെട്ടെന്നാണയാളിൽ മാറ്റം സംഭവിച്ചത്!

നഗരവാതിൽക്കൽ എത്തിയ അയാളുടെമേൽ ഇടിമിന്നൽ പോലൊരു പ്രകാശം-ഇടിവെട്ടേറ്റതുപോലെ അയാൾ നിലം പതിച്ചു. പ്രകാശത്തിന്റെ ശക്തിയാൽ കാഴ്ച നഷ്ടപ്പെട്ടു. കാതുകളിൽ പതിച്ച മേഘഗർജ്ജനം "*നീ പീഡിപ്പിക്കുന്ന ക്രിസ്തുവാണ് ഞാൻ*" (അപ്പ 9,6) അയാളെ കിടിലംകൊള്ളിച്ചു. നിലത്തു നിന്നെണീറ്റത് ഒരു പുതിയ മനുഷ്യനാണ്. വ്യാജപ്രവാചകൻ എന്നു താൻ ഇതുവരെ തെറ്റിദ്ധരിച്ചത് സാക്ഷാൽ ദൈവപുത്രനെയാണ്; അവനെയാണ് താൻ സ്തേഫനോസിൽ കല്ലെറിഞ്ഞത്; അവനെ തന്നെയാണ് താൻ നിരന്തരം പീഡിപ്പിക്കുന്നത് എന്ന തിരിച്ചറിവ് ഉൾക്കൊള്ളാൻ സമയം വേണ്ടിവന്നു. മൂന്നാം ദിവസം, അന്ധനായ തന്റെ മുമ്പിൽ വന്നു നിന്ന യേശുശിഷ്യന്റെ വാക്കുകൾ വലിയൊരു വഴിത്തിരിവായി, പുതിയ വഴിയ്ക്കു വേണ്ട മാർഗ്ഗനിർദ്ദേശമായി: "*സഹോദരനായ സാവൂൾ, മാർഗ്ഗമധ്യേ നിനക്കു പ്രത്യക്ഷപ്പെട്ട കർത്താവായ യേശു, നിനക്കു വീണ്ടും കാഴ്ച ലഭിക്കുന്നതിനും നീ പരിശുദ്ധാത്മാവിനാൽ നിറയുന്നതിനും വേണ്ടി എന്നെ അയച്ചിരിക്കുന്നു*" (അപ്പ 9,17).

സാവൂളിന്റെ തലയിൽ കൈവച്ചുകൊണ്ട് അനനിയാസ് പറഞ്ഞ വാക്കുകൾ ഉടനെ ഫലം പുറപ്പെടുവിച്ചു. ഇതുവരെ സത്യത്തെ മറച്ചുവച്ചിരുന്ന മിഥ്യാധാരണകളുടെ പ്രതീകമായ "*ചെതുമ്പലുപോലെ എന്തോ ഒന്ന്*" അവന്റെ കണ്ണുകളിൽ നിന്നും അടർന്നുവീണു. കാഴ്ചകിട്ടി; അതോടെ പുതിയ ഒരുൾക്കാഴ്ചയും. തുടർന്നുള്ള ജീവിതം മുഴുവൻ പരിശുദ്ധാത്മാവിന്റെ നിയന്ത്രണത്തിലായി. കാരാഗൃഹങ്ങളും പീഡനങ്ങളും അവസാനം റോമിൽവച്ച് ശിരച്ഛേദവും വരെ, യേശുവിന്റെ സാക്ഷിയാക്കി, അയാളെ രക്തസാക്ഷിയാക്കി മാറ്റിയത് പരിശുദ്ധാത്മാവാണ്. എങ്ങോട്ടു പോകണം, എങ്ങോട്ടു പോകരുത്, ആരോടു പറയണം, എന്തു പറയണം എന്നെല്ലാം പരിശുദ്ധാത്മാവു നിർദ്ദേശം നൽകി. 28 അധ്യായങ്ങളുള്ള അപ്പസ്തോല പ്രവർത്തനങ്ങളിൽ പകുതിയിലധികം (അപ്പ 9;13-28) പൗലോസിന്റെ സുവിശേഷപ്രഘോഷണത്തിനായി മാറ്റിവച്ചി

രിക്കുന്ന ലൂക്കാ പരിശുദ്ധാത്മാവിന്റെ പ്രവർത്തനങ്ങളുടെ ഏറ്റം വ്യക്തവും ശക്തവുമായ ഉദാഹരണമായി പൗലോസിനെ അവതരിപ്പിക്കുന്നു, ഇന്നും തുടർന്നുകൊണ്ടിരിക്കുന്ന ജീവിത സാക്ഷ്യം.

**8. മാർഗ്ഗനിർദ്ദേശം:** ആദിമസഭ അനേകം പ്രതിസന്ധികളിലൂടെ കടന്നുപോകേണ്ടി വന്നു. യഹൂദരുടെയും വിജാതീയരുടെയും ഭാഗത്തു നിന്നുണ്ടായ എതിർപ്പും പീഡനവും ഒരുവശത്ത്. സഭയ്ക്കുള്ളിൽത്തന്നെ ഉടലെടുത്ത പ്രശ്നങ്ങൾ മറുവശത്ത്. സാമ്പത്തിക കാര്യങ്ങളിൽ അനനിയാസ്-സഫീറ ദമ്പതികൾ കാട്ടിയ കൃത്രിമത്വം ഒരു തുടക്കം മാത്രമായിരുന്നു. പിന്നീട് യഹൂദ ക്രൈസ്തവരും വിജാതീയ ക്രൈസ്തവരും തമ്മിൽ ഭിന്നതയുണ്ടായി. അതും മുഖ്യമായും സാമ്പത്തിക കാര്യത്തെച്ചൊല്ലി ആയിരുന്നു. അനുദിനാവശ്യങ്ങൾക്കുവേണ്ട വിഭവ വിതരണത്തിൽ വിജാതീയ ക്രൈസ്തവർ അവഗണിക്കപ്പെട്ടു. ഈ സാഹചര്യത്തിൽ പരിശുദ്ധാത്മാവു തന്നെയാണ് പരിഹാരം നിർദ്ദേശിക്കുന്നത്, പത്രോസ് വഴി.

"*ഞങ്ങൾ ദൈവവചന ശുശ്രൂഷയിൽ ഉപേക്ഷ കാണിച്ച്, ഭക്ഷണ മേശകളിൽ ശുശ്രൂഷിക്കുന്നതു ശരിയല്ല. അതിനാൽ സഹോദരരേ, സുസമ്മതരും ആത്മാവും ജ്ഞാനവും കൊണ്ട് നിറഞ്ഞവരുമായ ഏഴുപേരെ നിങ്ങൾ തന്നെ കണ്ടുപിടിക്കുവിൻ. ഞങ്ങൾ അവരെ ഈ ചുമതല ഏല്പിക്കാം. ഞങ്ങൾ പ്രാർത്ഥനയിലും വചനശുശ്രൂഷയിലും നിരന്തരം വ്യാപരിച്ചു കൊള്ളാം*" (അപ്പ 6:2-4). തീരുമാനം എല്ലാവരും അംഗീകരിച്ചു. സഭയിൽ പുതിയൊരു ശുശ്രൂഷാ സംവിധാനം നിലവിൽ വന്നു-ഡീക്കന്മാർ. സഭയുടെ ഭൗതികകാര്യങ്ങൾക്കു നീതിപൂർവ്വകമായ നേതൃത്വം നൽകുക അവരുടെ ഉത്തരവാദിത്വമാണ്. അപ്പസ്തോലന്മാർ പ്രാർത്ഥനയിലും വചന ശുശ്രൂഷയിലും മാത്രം ശ്രദ്ധ കേന്ദ്രീകരിക്കണം.

എത്ര മനോഹരമായ, പ്രായോഗിക തീരുമാനം! ആദിമ സഭയിൽ പരിശുദ്ധാത്മാവിന്റെ പ്രത്യേക പ്രേരണയാൽ നിലവിൽ വന്ന ഈ അധികാരവികേന്ദ്രീകരണ സംവിധാനം കാലക്രമത്തിൽ വിസ്മരിക്കപ്പെട്ടു എന്നത് ചരിത്രം അവശേഷിപ്പിക്കുന്ന ബാക്കി പത്രം. ഇന്ന് റോളുകൾ ആകെ കീഴ്മേൽ മറിഞ്ഞതുപോലെ തോന്നും. അപ്പസ്തോലന്മാരുടെ പിൻഗാമികൾ എന്നവകാശ

പ്പെടുന്നവർ സഭയുടെ സാമ്പത്തിക കാര്യങ്ങളിൽ അതിരുകടന്ന ശ്രദ്ധയും വ്യഗ്രതയുമായി ഇടപെടുമ്പോൾ സുവിശേഷ പ്രഘോഷണവും പ്രാർത്ഥനയും നടത്തുന്നതിൽ ആത്മായ ശുശ്രൂഷകർ വലിയ താൽപര്യം കാണിക്കാൻ ഇടയാക്കുന്നതും പരിശുദ്ധാത്മാവിന്റെ പ്രവർത്തനം തന്നെ എന്നു കാണണം. അതോടൊപ്പം ദൈവം ഏല്പിച്ചിരിക്കുന്ന ദൗത്യത്തെക്കുറിച്ച് ഓരോരുത്തർക്കും കൂടുതൽ അവബോധമുണ്ടാകാനും അതിൽ മാത്രം ശ്രദ്ധ കേന്ദ്രീകരിക്കാനുമുള്ള ഒരാഹ്വാനവും ഇതിൽ മുഴങ്ങുന്നില്ലേ എന്നും ചിന്തിക്കണം.

**9. യഹൂദപാരമ്പര്യവും സുവിശേഷത്തനിമയും:** യഹൂദ നിയമങ്ങൾക്കും പാരമ്പര്യങ്ങൾക്കും ക്രിസ്തുവിശ്വാസികൾക്കിടയിലുള്ള സ്ഥാനവും പ്രാധാന്യവും ആദിമസഭ നേരിട്ട വലിയൊരു പ്രതിസന്ധിയായിരുന്നു. പൗലോസിന്റെ സുവിശേഷണ പ്രഘോഷണംവഴി ആയിരക്കണക്കിന് വിജാതീയർ യേശുവിൽ വിശ്വസിച്ച്, സ്നാനം സ്വീകരിച്ച്, സഭാംഗങ്ങളായപ്പോൾ ഈ പ്രശ്നം രൂക്ഷമായി. "*കർത്താവായ യേശുവിൽ വിശ്വസിക്കുക. നീയും കുടുംബവും രക്ഷ പ്രാപിക്കും*" (അപ്പ 16,31), ഇതായിരുന്നു ആരംഭം മുതലേ പൗലോസ് സ്വീകരിച്ച നിലപാട്. കൊർണേലിയൂസിന്റെ വീട്ടിൽവച്ച് പത്രോസ് സുവിശേഷം പ്രസംഗിച്ചപ്പോൾ മാമ്മോദീസാപോലും സ്വീകരിക്കുന്നതിനുമുമ്പേ ശ്രോതാക്കളിലെല്ലാം പരിശുദ്ധാത്മാവു വന്നു നിറഞ്ഞു. അവർ എല്ലാവരും വിജാതീയരായിരുന്നു.

ഈ അനുഭവങ്ങളൊന്നും, യഹൂദമതത്തിന്റെ നവീകരിക്കപ്പെട്ട തുടർച്ചയായി ക്രിസ്തുസഭയെ കണ്ട നേതാക്കന്മാർക്ക്, തങ്ങളുടെ വിശ്വാസവും നിലപാടുകളും മാറ്റാൻ മതിയായില്ല. അബ്രാഹത്തിനു ദൈവം നൽകിയ വാഗ്ദാനങ്ങൾ പ്രാപിക്കണമെങ്കിൽ സീനായ് ഉടമ്പടി അംഗീകരിക്കുകയും അതിന്റ നിയമങ്ങൾ അനുസരിക്കുകയും ചെയ്യണം എന്ന് ഇക്കൂട്ടർ വാദിച്ചു. പത്രോസു പോലും ഈ വിഭാഗത്തിന്റെ വാദങ്ങൾ അംഗീകരിച്ചതുപോലെ തോന്നും. അന്തിയോക്കിയായിൽ വച്ച് പൗലോസ് പത്രോസിനെ പരസ്യമായി കുറ്റപ്പെടുത്തി എന്നു പറയുമ്പോൾ (ഗലാ 2:11-14) ഈ പാരമ്പര്യവാദത്തിന്റെ സ്വാധീനം എത്ര ശക്തമായിരുന്നു എന്ന് ഊഹിക്കാൻ കഴിയും.

നേതൃത്വത്തിൽത്തന്നെ ഉടലെടുത്ത അഭിപ്രായ ഭിന്നത

സഭയിൽ പിളർപ്പിനു കാരണമായേക്കും എന്ന സ്ഥിതി വന്നു. അപ്പോഴാണ് പരിശുദ്ധാത്മാവിന്റെ പ്രത്യേക പ്രചോദനത്തിനു വഴങ്ങിയ അപ്പസ്തോലന്മാർ ആദ്യത്തെ സാർവ്വത്രിക സൂനഹദോസ് ജറുസലെമിൽ വിളിച്ചുകൂട്ടിയത്. അവിടെ വച്ച് സഭയുടെ മുന്നോട്ടുള്ള പ്രയാണത്തിൽ നിർണ്ണായക പ്രാധാന്യം വഹിക്കുന്ന തീരുമാനമുണ്ടായി. അതിനു പ്രേരിപ്പിച്ചതും പരിശുദ്ധാത്മാവാണ് എന്നു സഭാനേതാക്കൾ പരസ്യമായി ഏറ്റു പറഞ്ഞു.

പത്രോസ് തന്നെയാണ് ഈ തീരുമാനത്തിലേക്കു നയിച്ച ചർച്ചയ്ക്കു തുടക്കം കുറിച്ചത്. വിജാതീയരെ, അവർ ആയിരിക്കുന്ന അവസ്ഥയിൽത്തന്നെ വിശ്വാസത്തിലേക്കു നയിച്ചത് ദൈവമാണ്. "*ഹൃദയങ്ങളെ അറിയുന്ന ദൈവം നമുക്കെന്നതുപോലെ അവർക്കും പരിശുദ്ധാത്മാവിനെ നല്കിക്കൊണ്ട് അവരെ അംഗീകരിച്ചു.... അതുകൊണ്ട്, നമ്മുടെ പിതാക്കന്മാർക്കോ നമുക്കോ താങ്ങാൻ വയ്യാതിരുന്ന ഒരു നുകം ഇപ്പോൾ ശിഷ്യരുടെ ചുമലിൽ വച്ചുകെട്ടി, എന്തിനു നിങ്ങൾ ദൈവത്തെ പരീക്ഷിക്കുന്നു? അവരെപ്പോലെ തന്നെ നാമും രക്ഷ പ്രാപിക്കുന്നത് കർത്താവായ യേശുവിന്റെ കൃപയാലാണെന്നു നാം വിശ്വസിക്കുന്നു*" (അപ്പ 15:8-11).

വിശദമായ ചർച്ചകൾക്കുശേഷം തീരുമാനമുണ്ടായി. യഹൂദാചാരങ്ങളുടെ അതിർവരമ്പുകൾ ഭേദിച്ച് ലോകാതിർത്തികൾ വരെ, ജാതി, വർണ്ണ, വർഗ്ഗ വ്യത്യാസമെന്യേ, സകല ജനതകളോടും സുവിശേഷം പ്രഘോഷിക്കാൻ സഹായിക്കുന്ന തീരുമാനമെടുക്കാൻ സഭയെ പ്രേരിപ്പിച്ചതും നയിച്ചതും പരിശുദ്ധാത്മാവാണ്. ഈ സത്യം സൂഹനഹോസിന്റെ സമാപന പ്രഖ്യാപനത്തിൽ എടുത്തുപറയുന്നുണ്ട്: "*താഴെപ്പറയുന്ന കാര്യങ്ങളെക്കാൾ കൂടുതലായി ഒരു ഭാരവും നിങ്ങളുടെ മേൽ ചുമത്താതിരിക്കുന്നതാണു നല്ലതെന്ന് പരിശുദ്ധാത്മാവിനും ഞങ്ങൾക്കും തോന്നി*" (അപ്പ 15,28).

ആഗോള സുവിശേഷവൽക്കരണത്തിന്റെ പാതയിൽ നിർണ്ണായകമായൊരു തീരുമാനമായിരുന്നു ഇത്, താൻ അയയ്ക്കുന്ന സഹായകൻ സത്യത്തിന്റെ പൂർണ്ണതയിലേക്കു നയിക്കും എന്ന് യേശു ശിഷ്യർക്കു നൽകിയ വാഗ്ദാനത്തിന്റെ പൂർത്തീകരണം. തുടർന്നുവന്ന 21 സാർവ്വത്രിക സൂനഹദോസുകളും പത്രോസുമുതൽ ഫ്രാൻസിസ് വരെയുള്ള 267 മാർപാപ്പാമാരും അവരുടെ

നേതൃത്വത്തിൽ സാർവ്വത്രിക സഭയും നയിക്കപ്പെടുന്നത് പരിശുദ്ധാത്മാവ് എന്ന ഈ സഹായകൻ വഴിയാണ്.

വിശ്വാസത്തെയും ധാർമ്മികതയെയും സംബന്ധിക്കുന്ന കാര്യങ്ങളിൽ ചരിത്രത്തിലുടനീളം ഉയർന്നുവരുന്ന പ്രശ്നങ്ങളിലും പ്രതിസന്ധികളിലും വിവേകപൂർണ്ണവും ദൈവഹിതാനുസൃതവുമായ തീരുമാനങ്ങൾ എടുക്കാൻ പരിശുദ്ധാത്മാവ് സഭയെ എന്നും സഹായിച്ചുകൊണ്ടിരിക്കും. മുൻവിധികളും സ്ഥാപിത താൽപര്യങ്ങളും ഞാൻ പറയുന്നതു മാത്രം ശരിയെന്ന, വ്യർത്ഥാഭിമാനത്തിൽ നിന്നു രൂപംകൊള്ളുന്ന കടുംപിടുത്തവും മാറ്റിവച്ച്, സഭാസമൂഹം ഒന്നടങ്കം, വിനയത്തോടെ തുറന്ന ഹൃദയത്തോടെ, പരിശുദ്ധാത്മാവിന്റെ നിമന്ത്രണങ്ങൾക്കു കാതോർക്കണം; പ്രചോദനങ്ങൾ തിരിച്ചറിഞ്ഞ് അനുസരിക്കാൻ സന്നദ്ധരാകണം എന്ന് ജറുസലെം സൂനഹദോസ് മാതൃക നൽകി പഠിപ്പിക്കുന്നു.

# 5

## പൗലോസിന്റെ ലേഖനങ്ങൾ

ബൈബിളിൽ പരിശുദ്ധാത്മാവിനെക്കുറിച്ചുള്ള പ്രബോധനം ഏറ്റം വിശദവും വ്യക്തവുമായി കാണുന്നത് പൗലോസിന്റെ ലേഖനങ്ങളിലാണ്. സ്വന്തം ജീവിതാനുഭവങ്ങളിൽ നിന്നു ലഭിച്ച ആഴമേറിയ ഉൾക്കാഴ്ചകൾ വിശ്വാസ സമൂഹങ്ങളുമായി ലേഖനങ്ങളിലൂടെ അപ്പസ്തോലൻ പങ്കുവയ്ക്കുന്നു. അതിൽ പരിശുദ്ധാത്മാവിന്റെ പ്രവർത്തനങ്ങൾക്ക് അതുല്യ പ്രാധാന്യം നൽകിയിരിക്കുന്നതായി കാണാം. പരിശുദ്ധാത്മാവിന്റെ ദാനങ്ങൾ വരങ്ങൾ ഫലങ്ങൾ എന്നിവ രണ്ടാം ഭഗത്ത് വിശദമായി ചർച്ച ചെയ്യുന്നതിനാൽ ഈ അധ്യായത്തിൽ ഉൾപ്പെടുത്തിയിട്ടില്ല.

**പൗലോസിന്റെ ജീവിതത്തിൽ:** ഡമാസ്കസിന്റെ കവാടത്തിൽവച്ച് ഉത്ഥിതനായ യേശുക്രിസ്തുവിനെ കണ്ടുമുട്ടിയ നിമിഷം മുതൽ തന്നെ ഉള്ളിൽനിന്നു നയിച്ചുകൊണ്ടിരിക്കുന്നത് പരിശുദ്ധാത്മാവാണെന്ന് പൗലോസ് എടുത്തു പറയുന്നുണ്ട്. എവിടേക്കു പോകണം, എന്തു പറയണം, ആരോടു പറയണം എന്നതെല്ലാം പരിശുദ്ധാത്മാവുതന്നെ നിശ്ചയിക്കുന്നു, ആന്തരിക പ്രചോദനങ്ങളും ബാഹ്യമായ അടയാളങ്ങളും വഴി വെളിപ്പെടുത്തുന്നു.

"*ഏഷ്യയിൽ വചനം പ്രസംഗിക്കുന്നതിൽ നിന്ന് ആത്മാവ് അവരെ പിന്തിരിപ്പിച്ചു... ബിഥീനിയായിലേക്കു പോകാൻ ആഗ്രഹിച്ചെങ്കിലും യേശുവിന്റെ ആത്മാവ് അതിനനുവദിച്ചില്ല*" (അപ്പ 16:6-7). പ്രേഷിതയാത്രകൾ അവസാനിപ്പിച്ച് ജറുസലെമിലേക്കു പോയത് പരിശുദ്ധാത്മാവിന്റെ പ്രേരണയാലാണ്. അവിടെ ബന്ധനവും പീഡനങ്ങളുമാണ് തന്നെ കാത്തിരിക്കുന്നത് എന്ന് ആന്തരിക പ്രചോദനങ്ങളും ചില പ്രത്യേക വ്യക്തികളും വഴി പരിശുദ്ധാത്മാവ് മുന്നറിയിപ്പു നൽകിയിരുന്നു. "*ഇതാ,*

*ഇപ്പോൾ പരിശുദ്ധാത്മാവിനാൽ നിർബ്ബന്ധിതനായി ഞാൻ ജറുസലെമിലേക്കു പോകുന്നു...."* (അപ്പ 20:22-23; 21:11).

തന്റെ കൈവെപ്പുവഴി വിശ്വാസികളിൽ പരിശുദ്ധാത്മാവ് ആവസിക്കുന്നതായി അപ്പസ്തോലൻ കണ്ടറിഞ്ഞു. വിവിധ ഭാഷകളിൽ സംസാരിക്കുന്നതും പ്രവചിക്കുന്നതും പരിശുദ്ധാത്മ സാന്നിധ്യത്തിന്റെ അടയാളങ്ങളായി തിരിച്ചറിഞ്ഞു (അപ്പ 19:6-7). അത്ഭുകരമായ രോഗശാന്തികൾ അനിഷേധ്യമായ തെളിവുകളായിനിന്നു; ഇത് അനേകരെ ക്രിസ്തു ശിഷ്യത്വത്തിലേക്കു നയിച്ചു. വിശ്വാസികളുടെ സമൂഹത്തിൽ നേതാക്കളെ നിശ്ചയിക്കുന്നതും പരിശുദ്ധാത്മാവാണെന്ന് പൗലോസ് അനുഭവിച്ചറിഞ്ഞു, ശിഷ്യരെ പഠിപ്പിച്ചു. എഫേസോസിലെ നേതാക്കന്മാരോടു നടത്തിയ വിടവാങ്ങൽ പ്രസംഗത്തിൽ ഇക്കാര്യം പ്രത്യേകം അനുസ്മരിപ്പിക്കുന്നുണ്ട്. "*കർത്താവു സ്വന്തം രക്തത്താൽ നേടിയെടുത്ത ദൈവത്തിന്റെ സഭയെ പരിപാലിക്കാൻ പരിശുദ്ധാത്മാവു നിയോഗിച്ചിരിക്കുന്ന അജപാലകരാണു നിങ്ങൾ*" (അപ്പ 20,28).

**പൗലോസിന്റെ പ്രബോധനങ്ങളിൽ:** പരിശുദ്ധാത്മാവിനെക്കുറിച്ച് താൻ അനുഭവിച്ചറിഞ്ഞ കാര്യങ്ങൾ അപ്പസ്തോലൻ ശിഷ്യഗണങ്ങളുമായി പങ്കുവച്ചു: അതുവഴി അവർക്കു മാർഗ്ഗനിർദ്ദേശങ്ങൾ നൽകി. അനുഭവത്തിൽ നിന്നു രൂപംകൊണ്ട ആ പ്രബോധനങ്ങൾ ഒന്നൊന്നായി ചുരുക്കത്തിൽ അവതരിപ്പിക്കാനാണ് ഇവിടെ തുടർന്നു ശ്രമിക്കുന്നത്.

**1. പരിശുദ്ധാത്മാവ്-ദൈവിക ജീവന്റെ ഉറവിടം:** മനുഷ്യമക്കളെ ദൈവത്തിന്റെ മക്കളായി ദത്തെടുക്കുന്നതും രൂപപ്പെടുത്തുന്നതും പരിശുദ്ധാത്മാവാണ്. അതുകൊണ്ടാണ് നമുക്കു ദൈവത്തെ പിതാവേ എന്നു വിളിക്കാൻ കഴിയുന്നത്. "*നിങ്ങൾ മക്കളായതുകൊണ്ട്, ആബാ, പിതാവേ എന്നു വിളിക്കുന്ന തന്റെ പുത്രന്റെ ആത്മാവിനെ ദൈവം നമ്മുടെ ഹൃദയത്തിലേക്ക് അയച്ചിരിക്കുന്നു. ആകയാൽ, നീ ഇനിമേൽ ദാസനല്ല, പിന്നെയോ പുത്രനാണ്; പുത്രനെങ്കിൽ ദൈവഹിതമനുസരിച്ച് അവകാശിയുമാണ്*" (ഗലാ 4:6-7). ദൈവപുത്രസ്ഥാനം, ദൈവത്തെ പിതാവേ എന്നു വിളിക്കാൻ അധികാരം. ഈ അവകാശവും അധികാരവും തുടർന്നു നിലനിൽക്കണമെങ്കിൽ പരി

ശുദ്ധാത്മാവിന്റെ പ്രചോദനങ്ങൾക്കു കാതോർക്കണം, കീഴ് വഴങ്ങണം.

"*ദൈവാത്മാവിനാൽ നയിക്കപ്പെടുന്നവരെല്ലാം ദൈവപുത്രന്മാരാണ്... പുത്രസ്വീകാര്യത്തിന്റെ ആത്മാവിനെയാണ് നിങ്ങൾ കൈക്കൊണ്ടിരിക്കുന്നത്. ഈ ആത്മാവു മൂലമാണ് നാം ദൈവത്തെ ആബാ പിതാവേ, എന്നു വിളിക്കുന്നത്. നാം മക്കളാണെന്ന് ഈ ആത്മാവ് നമ്മുടെ ആത്മാവിനോടു ചേർന്ന് സാക്ഷ്യം നൽകുന്നു. നാം മക്കളെങ്കിൽ അവകാശികളുമാണ്. ദൈവത്തിന്റെ അവകാശികളും ക്രിസ്തുവിന്റെ കൂട്ടവകാശികളും*" (റോമാ 8:14-17).

"*നിങ്ങളോടു ഞാൻ പറയുന്നു. ആത്മാവിന്റെ പ്രേരണയനുസരിച്ചു ജീവിക്കുവിൻ*" (ഗലാ 5,16). പാപംമൂലം ദുർബ്ബലവും വികലവുമാക്കപ്പെട്ട മനുഷ്യപ്രകൃതിയുടെ സ്വാഭാവിക പ്രവണതകൾ തിന്മയിലേക്കും ആത്യന്തികമായി നാശത്തിലേക്കുമായിരിക്കും നയിക്കുക. ഈ പ്രവണതകളെ എതിർത്തു തോല്പിച്ച്, ദൈവമക്കളായി വളരാൻ സഹായിക്കുന്നതു പരിശുദ്ധാത്മാവാണ്. ഈ അവബോധം എല്ലാവർക്കുമുണ്ടാകണം; ദൈവമക്കൾ എന്ന തങ്ങളുടെ മഹത്വത്തെക്കുറിച്ചുള്ള അറിവും അവബോധവും അതിനനുരൂപമായൊരു ജീവിതശൈലി രൂപപ്പെടുത്താൻ സഹായിക്കുകയും വേണം.

**2. നമ്മിൽ വസിക്കുന്നു, നമ്മെ രൂപാന്തരപ്പെടുത്തുന്നു:** യേശുവിന്റെ മഹത്വീകരണം വഴി നൽകപ്പെട്ട പരിശുദ്ധാത്മാവ്, പഴയ നിയമകാലത്തെന്നതുപോലെ വ്യക്തികളിലേക്കു വന്ന് അവരെ പ്രചോദിപ്പിക്കുകയും ഏല്പിച്ച ദൗത്യം പൂർത്തിയാക്കിക്കഴിയുമ്പോൾ അവരെ വിട്ടുപോവുകയും ചെയ്യുന്ന ഒരു താൽക്കാലിക സാന്നിധ്യമല്ല. മറിച്ച്, വിശ്വാസികളുടെ ഹൃദയങ്ങളിൽ സ്ഥിരമായി വസിച്ച് അവരെ ദൈവമക്കളുടെ ജീവിതം നയിക്കാൻ നിരന്തരം സഹായിക്കുന്നു. അതുവഴി അവരെ ദൈവത്തിന്റെ സജീവ ആലയങ്ങളാക്കി മാറ്റുന്നു.

"*നിങ്ങളിൽ വസിക്കുന്ന ദൈവദത്തമായ പരിശുദ്ധാത്മാവിന്റെ ആലയങ്ങളാണ് നിങ്ങളുടെ ശരീരം എന്നു നിങ്ങൾക്ക് അറിഞ്ഞു കൂടേ?*" (1 കോറി 6,19; 3,16; എഫേ 2,22; റോമാ 8,9). ജീവിക്കുന്ന ദൈവാലയങ്ങളാക്കി മനുഷ്യനെ രൂപപ്പെടുത്തുന്നത്

അവരിൽ വസിക്കുന്ന പരിശുദ്ധാത്മാവാണ്. യേശു ശിഷ്യന്മാർക്ക് ഒരു സഹായകനെ വാഗ്ദാനം ചെയ്തപ്പോൾ ആത്മാവിന്റെ ഈ സ്ഥിരവാസത്തെക്കുറിച്ചു സൂചിപ്പിച്ചിരുന്നു: "*എന്നേക്കും നിങ്ങളോടുകൂടെ വസിക്കാൻ മറ്റൊരു സഹായകനെ നിങ്ങൾക്കു തരുകയും ചെയ്യും*" (യോഹ 14,16).

**3. നിത്യജീവന്റെ അച്ചാരം, മുദ്ര:** "*രക്ഷയുടെ സദ്വാർത്തയായ സത്യത്തിന്റെ വചനം ശ്രവിക്കുകയും അതിൽ വിശ്വസിക്കുകയും ചെയ്ത നിങ്ങളും വാഗ്ദാനം ചെയ്യപ്പെട്ട പരിശുദ്ധാത്മാവിനാൽ അവനിൽ മുദ്രിതരായിരിക്കുന്നു. അവിടുത്തെ മഹത്വം പ്രകീർത്തിക്കുന്നതിനുള്ള അവകാശം നാം വീണ്ടെടുത്തു സ്വന്തമാക്കുന്നതുവരെ ആ അവകാശത്തിന്റെ അച്ചാരമാണ് ഈ പരിശുദ്ധാത്മാവ്*" (എഫേ 1:13-14).

വ്യാപാര ഉടമ്പടിയുടെ ഭാഗമായി ഉപയോഗിക്കുന്ന, ഒരു പദമാണ് "*അച്ചാരം*". തുക മുഴുവൻ ഒരുമിച്ചോ, തവണകളായോ കൊടുത്തു തീർത്തു കൊള്ളാം എന്ന വാഗ്ദാനത്തിന്റെ അടയാളവും ഉറപ്പുമായി മുൻകൂർ കൊടുക്കുന്നതാണ് അച്ചാരം. "*അറബോൺ*" (arrabon) എന്നു ഗ്രീക്കുമൂലം. അച്ചാരം ലഭിക്കുന്ന ആൾക്കു ബാക്കിയും കിട്ടും എന്ന ഉറപ്പുണ്ട്. ഈ പദം ഉപയോഗിക്കുന്നതുവഴി പരിശുദ്ധാത്മാവിനെ ദൈവം നൽകിയിരിക്കുന്ന ഉറപ്പായി അവതരിപ്പിക്കുന്നു. പരിശുദ്ധാത്മാവിനെ ലഭിച്ചിട്ടുണ്ടെങ്കിൽ എന്നും ദൈവത്തോടൊന്നിച്ച്, അവിടുത്തെ മഹത്വം ദർശിച്ചും പ്രകീർത്തിച്ചുംകൊണ്ട് ജീവിക്കാൻ ദൈവംതന്നെ കൃപ നൽകും എന്ന് ഉറച്ചു വിശ്വസിക്കാം. അതാണ് അച്ചാരത്തിന്റെ പ്രത്യേകത.

മുഖ്യമായും ഉടമസ്ഥാവകാശത്തെ സൂചിപ്പിക്കുന്നതാണ് മുദ്ര. പണ്ടൊക്കെ മൃഗങ്ങളുടെയും അടിമകളുടെയും മേൽ ഉടമയുടെ അടയാളമായി മുദ്ര പതിപ്പിക്കാറുണ്ടായിരുന്നു. പരിശുദ്ധാത്മാവിനെ ആത്മാവിൽ പതിച്ച മുദ്രയായി ചിത്രീകരിക്കുന്നതിലൂടെ ദൈവം നമ്മെ സ്വന്തമായി സ്വീകരിച്ചിരിക്കുന്നു എന്ന് ഉറപ്പു നൽകുന്നു. ഔദ്യോഗിക രേഖകളിൽ മുദ്ര പതിക്കുന്നത് ആധികാരികത ഉറപ്പിക്കുന്നു. അത് ഇനി മാറ്റാൻ സാധിക്കുകയില്ല. ദൈവം പരിശുദ്ധാത്മാവു വഴി നമ്മുടെ മേൽ മുദ്ര പതിച്ചിരിക്കുന്നു എന്നു പറയുന്നതിലൂടെ ഈ ഉറപ്പും നൽകുന്നു. മാമ്മോ

ദീസാ, സ്ഥൈര്യലേപനം, തിരുപ്പട്ടം എന്നിവ ആത്മാവിൽ മുദ്ര പതിക്കുന്ന കൂദാശകളാണെന്നു പഠിപ്പിക്കുമ്പോൾ തിരുസഭ ഈ സത്യങ്ങളാണ് അനുസ്മരിപ്പിക്കുന്നത്.

നാം ഇനി നമ്മുടെ സ്വന്തമല്ല; ദൈവത്തിന്റേതാണ്; ദൈവത്തിന്റെ സ്വന്തം മക്കൾ. ഇതിന്റെ അടയാളവും അച്ചാരവുമായി ദൈവം പരിശുദ്ധാത്മാവിനെ നൽകിയിരിക്കുന്നു. ഇതിലൂടെ ലഭിക്കുന്ന മഹത്വത്തെക്കുറിച്ച് അവബോധമുണ്ടാകണം (ഏശ 43:4-5).

**4. പ്രത്യാശയുടെ ഉറവിടം:** "*പരിശുദ്ധാത്മാവിന്റെ ശക്തിയാൽ നിങ്ങൾ പ്രത്യാശയിൽ സമൃദ്ധി പ്രാപിക്കുകയും ചെയ്യട്ടെ*" (റോമ 15,13). മരണം കൊണ്ടവസാനിക്കുന്നതല്ല മനുഷ്യജീവിതം. മരണം ഈ ലോക ജീവിതത്തിന്റെ അന്ത്യം കുറിക്കുന്നതോടൊപ്പം നിത്യജീവിതത്തിലേക്കുള്ള വാതിൽ തുറക്കുകയും ചെയ്യുന്നു. ആ നിത്യജീവിതം ദൈവത്തോടൊന്നിച്ച് അവിടുത്തെ മക്കൾ എന്ന നിലയിൽ സന്തോഷപൂർണ്ണമായിരിക്കും എന്ന പ്രത്യാശ നമുക്കു നൽകുന്നതു പരിശുദ്ധാത്മാവാണ്. അത് വിശ്വാസത്തിൽ ആഴപ്പെടുത്തിക്കൊണ്ടായിരിക്കും എന്ന് ഗലാത്തിയർക്കെഴുതിയ ലേഖനത്തിൽ അനുസ്മരിപ്പിക്കുന്നു: "*ഞങ്ങളാകട്ടെ പരിശുദ്ധാത്മാവിലൂടെ, വിശ്വാസം വഴി നീതി ലഭിക്കും എന്ന പ്രത്യാശയോടെ കാത്തിരിക്കുന്നു*" (ഗലാ 5,5).

**5. ദൈവിക രഹസ്യങ്ങൾ വെളിപ്പെടുത്തിത്തരുന്നു:** ദൈവം ആരെന്നും അവിടുത്തെ ഹിതവും പദ്ധതിയും എന്തെന്നും മനുഷ്യബുദ്ധിക്കു പൂർണ്ണമായി കണ്ടെത്താനാവില്ല. ദൈവാത്മാവാണ് അതെല്ലാം നമുക്കു വെളിപ്പെടുത്തിത്തരുന്നത്. യേശുക്രിസ്തുവിനെ മനുഷ്യനായി അവതരിച്ച ദൈവവചനവും ലോകരക്ഷകനുമായി മനസിലാക്കാൻ ലോകത്തിനു കഴിഞ്ഞില്ല. അതിനാൽ ദൈവത്തിനുവേണ്ടി ഒരു നല്ല കാര്യം ചെയ്യുന്നു എന്ന ധാരണയോടെയാണ് യേശുവിനെ വ്യാജപ്രവാചകനും കലാപകാരിയുമായി മുദ്രകുത്തി വധിച്ചത്. എന്നാൽ യേശു യഥാർത്ഥത്തിൽ ദൈവപുത്രനാണെന്നും അവൻ വഴിയാണ് നമുക്കു ദൈവമക്കളുടെ സ്ഥാനവും നിത്യജീവനും ലഭിക്കുന്നതെന്നും ബോധ്യം നല്കുന്നതു പരിശുദ്ധാത്മാവാണ്.

"*ദൈവം തന്നെ സ്നേഹിക്കുന്നവർക്കായി സജ്ജീകരിച്ചിരി*

*ക്കുന്നവ കണ്ണുകൾ കാണുകയോ ചെവികൾ കേൾക്കുകയോ മനുഷ്യമനസ്സു ഗ്രഹിക്കുകയോ ചെയ്തിട്ടില്ല. എന്നാൽ, നമുക്ക് ദൈവം അതെല്ലാം ആത്മാവു മുഖേന വെളിപ്പെടുത്തിത്തന്നിരിക്കുന്നു*" (1 കോറി 2:9-14).

**6. പ്രാർത്ഥിക്കാൻ പഠിപ്പിക്കുന്നു, സഹായിക്കുന്നു:** "*നമ്മുടെ ബലഹീനതയിൽ ആത്മാവു നമ്മെ സഹായിക്കുന്നു. വേണ്ടവിധം പ്രാർത്ഥിക്കേണ്ടത് എങ്ങനെയെന്നു നമുക്കറിഞ്ഞുകൂടാ. എന്നാൽ അവാച്യമായ നെടുവീർപ്പുകളാൽ ആത്മാവു തന്നെ നമുക്കു വേണ്ടി മാധ്യസ്ഥ്യം വഹിക്കുന്നു*" (റോമാ 8,26). പ്രാർത്ഥിക്കാൻ പഠിപ്പിക്കണമേ എന്നു ശിഷ്യന്മാർക്കു യേശുവിനോടു യാചിച്ചതിനെ (ലൂക്കാ 11,1) അനുസ്മരിപ്പിക്കുന്നതാണ് ഈ പ്രസ്താവന. ദൈവത്തെ പിതാവേ എന്നു വിളിച്ചു പ്രാർത്ഥിക്കാൻ യേശു പഠിപ്പിച്ചു. അത് ഓരോ ക്രിസ്തുവിശ്വാസിയിലും യാഥാർത്ഥ്യമാക്കുന്നതാണ് പരിശുദ്ധാത്മാവിന്റെ പ്രവർത്തനം. ദൈവഹിതം അനുസരിച്ചാണ് പരിശുദ്ധാത്മാവു മാധ്യസ്ഥ്യം വഹിക്കുന്നത് എന്നു തുടർന്നു പറയുമ്പോൾ ഉള്ളിൽ വസിച്ച്, നിരന്തരം നയിക്കുന്ന, അന്തര്യാമിയായ, പരിശുദ്ധാത്മാവിന്റെ പ്രവർത്തനത്തിനു പ്രത്യേകം ഊന്നൽ നൽകുന്നതായി കാണാം. ദൈവഹിതം അറിയാനും അതു ജീവിതത്തിൽ പ്രാവർത്തികമാക്കാനും സഹായിക്കുന്നതാണ് ഈ പ്രചോദനവും പ്രാർത്ഥനയും. സഹായകൻ എന്ന് യേശു നൽകിയ വിശേഷണം ഇവിടെയും അന്വർത്ഥമാകുന്നു.

"*അവാച്യമായ നെടുവീർപ്പുകൾ*" എന്ന പ്രയോഗം പ്രത്യേക ശ്രദ്ധയർഹിക്കുന്നു. സൃഷ്ടപ്രപഞ്ചം മുഴുവൻ പുനർസൃഷ്ടി പ്രതീക്ഷിച്ചു നെടുവീർപ്പിടുന്നതായി റോമാ 8,22ൽ പറഞ്ഞുവച്ചതുമായി ബന്ധപ്പെടുത്തി ഇതിനെ കാണണം. ദൈവത്തിന്റെ ഹിതവും നിഗൂഢമായ പദ്ധതികളും അറിയുന്ന പരിശുദ്ധാത്മാവു തന്നെയാണ് വിശ്വാസികളുടെ ഹൃദയങ്ങളിൽനിന്ന് ഈ നെടുവീർപ്പുകൾ ഉയർത്തുന്നത്. അഗാധമായ അന്തർദാഹവും അനുഭവങ്ങളും മുഴുവനായും പ്രകടമാക്കാൻ വാക്കുകൾ അശക്തമാണ്. വ്യക്തികൾ തമ്മിലുള്ള സ്നേഹത്തിന്റെയും, വ്യക്തികൾ അനുഭവിക്കുന്ന ദുഃഖത്തിന്റെയും സന്തോഷത്തിന്റെയും ഒന്നും ആഴം അതിന്റെ പൂർണ്ണതയിൽ പ്രകാശിപ്പിക്കാൻ ഒരു വാക്കിനും കഴിയില്ല. ഇവിടെയാണ് അഗാധമായ നെടുവീർപ്പുകൾ പ്രസക്ത

മാകുന്നത്. യഥാർത്ഥമായ പ്രാർത്ഥന പരിശുദ്ധാത്മാവിനാൽ പ്രേരിതമായി, വ്യക്തികളുടെ അന്തരംഗത്തിൽ നിന്നുയരുന്ന തീവ്രമായ, തീക്ഷ്ണമായ നെടുവീർപ്പുകളായിരിക്കും, അമ്മയും, ഇനിയും സംസാരശക്തി ലഭിച്ചിട്ടില്ലാത്ത കൊച്ചു കുഞ്ഞും തമ്മിൽ നടക്കുന്ന സംഭാഷണം പോലെ.

**7. വിശുദ്ധീകരിക്കുന്നു:** ദൈവത്തിന്റേതു മാത്രമായി മാറ്റുക എന്നതാണ് വിശുദ്ധീകരണം കൊണ്ട് അർത്ഥമാക്കുന്നത്. വിശുദ്ധനായ ദൈവത്തിനു പ്രതിഷ്ഠിക്കപ്പെടുന്നതെല്ലാം വിശുദ്ധമാകുന്നു. ഇപ്രകാരം മനുഷ്യ വ്യക്തികളെ ദൈവത്തിന്റേതാക്കുന്നതു പരിശുദ്ധാത്മാവിന്റെ പ്രവൃത്തിയാണ്. തെസലോണിക്കായിലെ വിശ്വാസികളെ പീഡനങ്ങളുടെ മധ്യേ ഉറച്ചുനിൽക്കാൻ പ്രേരിപ്പിക്കുമ്പോൾ അവരെ ഇക്കാര്യം അനുസ്മരിപ്പിക്കുന്നുണ്ട്: "*കർത്താവിന്റെ വാത്സല്യഭാജനങ്ങളായ സഹോദരരേ, ആത്മാവു മുഖേനയുള്ള വിശുദ്ധീകരണത്താലും സത്യത്തിലുള്ള വിശ്വാസത്താലും രക്ഷയ്ക്കുള്ള ആദ്യഫലമായി ദൈവം നിങ്ങളെ തിരഞ്ഞെടുത്തിരിക്കുന്നു*" (2 തെസ 2,13).

**8. വിശ്വാസികളുടെ പ്രതികരണം:** പരിശുദ്ധാത്മാവിന്റെ ഈ പ്രവൃത്തികളോട് എപ്രകാരമാണ് വിശ്വാസികൾ പ്രതികരിക്കേണ്ടത് എന്ന് അപ്പസ്തോലൻ പല ലേഖനങ്ങളിലും ആവർത്തിച്ചു പഠിപ്പിക്കുന്നുണ്ട്. വിശ്വാസം വഴിയാണ് ആത്മാവിനെ ലഭിച്ചതെന്ന് ഓർമ്മിക്കണം (ഗലാ 3,2). ആത്മാവിന്റെ പ്രചോദനങ്ങൾക്കു നിരന്തരം കാതോർക്കണം; ആത്മാവിനു വേണ്ടി തീക്ഷ്ണമായി ആഗ്രഹിക്കണം. ലഭിക്കുന്ന പ്രചോദനങ്ങൾ അനുസരിക്കണം. "*തീക്ഷ്ണതയിൽ മാന്ദ്യം കൂടാതെ ആത്മാവിൽ ജ്വലിക്കുന്നവരായി കർത്താവിനെ ശുശ്രൂഷിക്കുവിൻ*" (റോമാ 12,11). ഒരു കാരണവശാലും പരിശുദ്ധാത്മാവിന്റെ പ്രചോദനങ്ങളെ നിരസിക്കരുത്. "*ആത്മാവിനെ നിങ്ങൾ നിർവ്വീര്യമാക്കരുത്*" (1 തെസ 5,19) എന്ന താക്കീത് പ്രത്യേകം ശ്രദ്ധിക്കണം. എന്റെ അനുസരണക്കേടും അശ്രദ്ധയും മൂലം പരിശുദ്ധാത്മാവിന്റെ പ്രവർത്തനങ്ങൾ എന്നിൽ നിറവേറാതെ പോകാം. അത് എനിക്കു നിത്യനാശത്തിനു കാരണമാകും എന്നതും മറക്കാതിരിക്കാം.

പരിശുദ്ധാത്മാവിന്റെ പ്രേരണകളെ തിരസ്കരിച്ച്, ദൈവ

ഹിതത്തിനു വിരുദ്ധമായി പ്രവർത്തിക്കുന്നത് എനിക്കു നാശം വരുത്തിവയ്ക്കുക മാത്രമല്ല, അതു ദൈവത്തെ വേദനിപ്പിക്കുകയും ചെയ്യും. പ്രളയത്തിനു മുമ്പ് മനുഷ്യന്റെ പാപത്തിൽ ദുഃഖിക്കുന്ന ദൈവത്തെക്കുറിച്ചു വിശുദ്ധഗ്രന്ഥകാരൻ പറഞ്ഞത് (ഉൽപ 6,6) ഇവിടെ കൂടുതൽ ശക്തമായി, ഒരു താക്കീതും ഉപദേശവുമായി, അപ്പസ്തോലൻ അവതരിപ്പിക്കുന്നു: "*രക്ഷയുടെ ദിനത്തിനുവേണ്ടി നിങ്ങളെ മുദ്രിതരാക്കിയിരിക്കുന്ന പരിശുദ്ധാത്മാവിനെ വേദനിപ്പിക്കരുത്*" (എഫേ 4,30).

# 6

## കാതോലിക ലേഖനങ്ങൾ

27 പുസ്തകങ്ങളുടെ സമാഹാരമായ പുതിയ നിയമത്തിലെ 21 പുസ്തകങ്ങൾ ലേഖനങ്ങൾ എന്ന പേരിൽ അറിയപ്പെടുന്നു. അവയിൽ 13 ലേഖനങ്ങൾ പൗലോസ് വിവിധ സഭകൾക്കും വ്യക്തികൾക്കും വ്യത്യസ്ത സാഹചര്യങ്ങളിൽ എഴുതിയവയാണ്. സാർവ്വത്രിക സഭയെ ലക്ഷ്യം വച്ച് എഴുതപ്പെട്ടതാകയാൽ 7 ലേഖനങ്ങൾ (യാക്കോബ്; 1-2 പത്രോസ്, 1,2,3 യോഹന്നാൻ യൂദാ) കാതോലിക ലേഖനങ്ങൾ എന്നറിയപ്പെടുന്നു.

ഹെബ്രായർക്ക് എഴുതപ്പെട്ട ലേഖനം വേറിട്ടു നിൽക്കുന്നു. പൗലോസ് എഴുതിയതാണീ ലേഖനം എന്ന് ഒരു കാലത്ത് കരുതപ്പെട്ടിരുന്നു. എന്നാൽ ലേഖനത്തിന്റെ ഭാഷാശൈലിയും പ്രമേയങ്ങളും പരിഗണിച്ച്, പൗലോസിന്റെ ഏതോ ഒരു ശിഷ്യൻ, മുഖ്യമായും യഹൂദക്രൈസ്തവരെ മുന്നിൽകണ്ട് രചിച്ചതാണീ ലേഖനം എന്ന്, ഇന്നു പൊതുവേ കരുതപ്പെടുന്നു. പഠനസൗകര്യാർത്ഥം ഈ ലേഖനത്തിലെ പരാമർശങ്ങളും ഈ അധ്യായത്തിൽ ചർച്ചാവിഷയമാക്കുന്നു. ഈ എട്ടു ലേഖനങ്ങളിൽ പരിശുദ്ധാത്മാവിനെക്കുറിച്ചു പറയുന്ന കാര്യങ്ങൾ സംക്ഷിപ്തമായി അവതരിപ്പിക്കാനാണ് ഈ അധ്യായത്തിൽ ശ്രമിക്കുന്നത്.

### 1. ഹെബ്രായർക്കുള്ള ലേഖനം

യേശുവിന്റെ പൗരോഹിത്യവും ബലിയർപ്പണവും മുഖ്യവിഷയമാക്കുന്ന ഹെബ്രായ ലേഖനത്തിൽ പരിശുദ്ധാത്മാവിനെക്കുറിച്ച് 7 തവണ പരാമർശിക്കുന്നുണ്ട്. പ്രാവചകന്മാരിലും യേശുവിലും ക്രിസ്തുശിഷ്യരിലുമുള്ള ആത്മാവിന്റെ പ്രവർത്തനങ്ങളെക്കുറിച്ച് ചില സൂചനകൾ ഇവിടെ നൽകപ്പെടുന്നു.

**a. പ. ആത്മാവിന്റെ പ്രവർത്തനം പ്രവാചകന്മാരിൽ:** ദൈവത്തിന്റെ ആത്മാവാണ് പഴയ നിയമപ്രവാചകന്മാരെ പ്രചോദിപ്പിച്ചതും അവരിലൂടെ സംസാരിച്ചതും എന്ന് ലേഖനം പ്രത്യേകം

എടുത്തു പറയുന്നുണ്ട്. സങ്കീർത്തനങ്ങളിലൂടെയും ദൈവാത്മാവിന്റെ സന്ദേശം പ്രകടമാകുന്നു. ഹെബ്രാ 3,7 ൽ "*പരിശുദ്ധാത്മാവു പറയുന്നതുപോലെ*" എന്ന ആമുഖത്തോടെ അവതരിപ്പിക്കുന്നത് ജീവിതത്തിൽ അവശ്യം പാലിക്കേണ്ട ഒരു കല്പനയെ അനുസ്മരിപ്പിക്കുന്ന സങ്കീർത്തന വാക്യങ്ങളാണ് (സങ്കീ 95:7–11).

പഴയനിയമകാലത്തെ ബലികളൊന്നും മനുഷ്യനെ പാപത്തിൽ നിന്നു ശുദ്ധീകരിക്കാൻ പര്യാപ്തമായിരുന്നില്ല എന്ന അവബോധം നൽകുന്നതും, പുതിയതും ഫലപ്രദവുമായ മറ്റൊരു ബലിയുടെ ആവശ്യകതയെക്കുറിച്ചു സൂചന നൽകുന്നതും പരിശുദ്ധാത്മാവാണ് (ഹെബ്രാ 9,8). ദൈവപുത്രനായ യേശുക്രിസ്തു അർപ്പിച്ച ആത്മബലിയിലൂടെ പാപങ്ങൾക്കു മോചനമായി; പാപം മൂലം തകർന്നുപോയ ദൈവ-മനുഷ്യബന്ധം പുനഃസ്ഥാപിക്കപ്പെട്ടു. അത് ഒരു പുതിയ ഉടമ്പടി സ്ഥിരീകരിക്കുന്ന ബലിയായിരുന്നു. ഇത് പരിശുദ്ധാത്മാവ് ജറെമിയാ പ്രവാചകനിലൂടെ മുൻകൂട്ടി അറിയിച്ചതും സാക്ഷ്യപ്പെടുത്തിയതുമാണ് (ഹെബ്രാ 10,15).

**b. യേശുവിൽ:** യേശുവിന്റെ ജനനം മുതൽ മഹത്വീകരണം വരെയുള്ള സകല സംഭവങ്ങളിലും പരിശുദ്ധാത്മാവ് പ്രവർത്തിച്ചിരുന്നു എന്നു സുവിശേഷങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ യേശുവിന്റെ ബലിയിലാണ് ഹെബ്രായ ലേഖനകർത്താവ് ശ്രദ്ധ കേന്ദ്രീകരിക്കുന്നത്. "*നിത്യാത്മാവു മൂലം കളങ്കമില്ലാതെ ദൈവത്തിനു തന്നെത്തന്നെ സമർപ്പിച്ച ക്രിസ്തുവിന്റെ രക്തം...*" (ഹെബ്രാ 9,14) നമ്മെ പൂർണ്ണമായും വിശുദ്ധീകരിക്കും. പഴയ നിയമബലികൾ നൽകിയ വിശുദ്ധീകരണം ബാഹ്യമാത്രമായിരുന്നു. എന്നാൽ യേശുവിന്റെ ബലി മനുഷ്യനെ പൂർണ്ണമായി ശുദ്ധീകരിക്കുന്നു. അതും പരിശുദ്ധാത്മാവിന്റെ പ്രവർത്തനമാണ്. അർപ്പിക്കുന്ന പുത്രൻ, അതിനു പ്രേരിപ്പിക്കുകയും, നയിക്കുകയും ചെയ്യുന്ന പരിശുദ്ധാത്മാവ്, ബലി സ്വീകരിക്കുന്ന പിതാവ്. രക്ഷാകര കർമ്മത്തിൽ പരിശുദ്ധ ത്രിത്വത്തിലെ മൂന്നാളുകളുടെയും പ്രവർത്തനങ്ങളെക്കുറിച്ചുള്ള ഒരു സൂചന ഇവിടെ കാണാം. ആത്മാവാണ് പ്രേരകശക്തി, നയിക്കുന്ന ചൈതന്യം.

**c. വിശ്വാസികൾക്കു ദൈവം നൽകുന്ന ദാനം:** സുവിശേഷ പ്രഘോഷണത്തിന് ശിഷ്യന്മാരെ ശാക്തീകരിച്ചതും നയിച്ചതും പരിശുദ്ധാത്മാവാണ്. അവരിലൂടെ സംഭവിച്ച അത്ഭുതങ്ങളെല്ലാം അടയാളങ്ങളായിരുന്നു, ദൈവരാജ്യം ഈ ഭൂമിയിൽ ഒരു യാഥാർത്ഥ്യമാകുന്നതിന്റെ അടയാളങ്ങൾ. ഇപ്രകാരം, വിശ്വസനീയമായ രീതിയിൽ സുവിശേഷം പ്രസംഗിക്കാൻ കഴിവും ശക്തിയും നൽകിയതും പരിശുദ്ധാത്മാവാണ്. പിതാവായ ദൈവമാണ് "*തന്റെ ഇഷ്ടത്തിനൊത്തു പരിശുദ്ധാത്മാവിനെ ദാനം*" (ഹെബ്രാ 2,4) ചെയ്തത്. ദൈവം നൽകുന്ന ദാനം, ശിഷ്യന്മാരിൽ പ്രവർത്തിക്കുന്ന ആന്തരികശക്തി. ഇതുതന്നെയാണ് സ്വർഗ്ഗാരോഹണത്തിനു മുമ്പ് യേശു തന്റെ ശിഷ്യന്മാർക്ക് വാഗ്ദാനം ചെയ്തിരുന്നത് (അപ്പ 1,8). ആ വാഗ്ദാനം പൂർത്തിയായിരിക്കുന്നു എന്നതിന് ഹെബ്രായലേഖനം ഇവിടെ സാക്ഷ്യം നൽകുന്നു.

പരിശുദ്ധാത്മാവിനെ ദാനമായി സ്വീകരിക്കുന്നവർ ആത്മാവിന്റെ പ്രചോദനമനുസരിച്ച് ജീവിക്കണം. അനുസരണക്കേട് വലിയ ശിക്ഷ വിളിച്ചു വരുത്തും എന്ന് വി. ഗ്രന്ഥകാരൻ അനുസ്മരിപ്പിക്കുന്നു, ഒന്നല്ല, രണ്ടു തവണ. "*പരിശുദ്ധാത്മാവിൽ പങ്കുകാരാകുകയും ദൈവവചനത്തിൽ നന്മയും... രുചിച്ചറിയുകയും ചെയ്തവർ വീണു പോവുകയാണെങ്കിൽ അവരെ അനുതാപത്തിലേക്കു നയിക്കുക അസാധ്യമാണ്*" (ഹെബ്രാ 6:4-6).

അറിഞ്ഞ സത്യം നിഷേധിക്കുകയും ലഭിച്ച പരിശുദ്ധാത്മാവിന്റെ പ്രചോദനങ്ങളെ തിരസ്കരിക്കുകയും ചെയ്താൽ "*ഭയങ്കരമായ ന്യായവിധിയുടെ സംഭീതമായ കാത്തിരിപ്പും ശത്രുക്കളെ വിഴുങ്ങിക്കളയുന്ന അഗ്നിയുടെ ക്രോധവും മാത്രമേ ഉണ്ടായിരിക്കൂ*" (ഹെബ്രാ 10,27), കാരണം ദൈവത്തോടു കാട്ടുന്ന അവിശ്വസ്തത യേശുവിനെ തിരസ്കരിക്കുകയും "*കൃപയുടെ ആത്മാവിനെ അവമാനിക്കുകയും*" (ഹെബ്രാ 10,29) ചെയ്യലാണ്. "കൃപയുടെ ആത്മാവ്" എന്ന വിശേഷണം പ്രത്യേകം ശ്രദ്ധിക്കണം. എല്ലാ കൃപകളുടെയും ദാനങ്ങളുടെയും ഉറവിടമാണ് പരിശുദ്ധാത്മാവ്. അതേസമയം പരിശുദ്ധാത്മാവു തന്നെ നമുക്കു നൽകപ്പെടുന്ന ഏറ്റം വലിയ ദാനമാണ്. അതിനാൽ വലിയ നന്ദിയോടെ, പരിശുദ്ധാത്മാവിന്റെ പ്രചോദനങ്ങൾക്കു കാതോർക്കണം, സ്വയം സമർപ്പിക്കണം എന്ന് ലേഖനം അനുസ്മരിപ്പിക്കുന്നു.

### 2. യാക്കോബിന്റെ ലേഖനം

ഒരിക്കൽ മാത്രമേ യാക്കോബിന്റെ ലേഖനത്തിൽ പരിശുദ്ധാത്മാവിനെക്കുറിച്ചു പരാമർശിക്കുന്നുള്ളൂ; അതും മനസിലാക്കാൻ ഏറെ പ്രയാസമുള്ളതും, അതിനാൽത്തന്നെ വ്യാഖ്യാതാക്കളുടെ ഇടയിൽ അഭിപ്രായ ഐക്യമില്ലാത്തതുമായ ഒരു വാക്യം. "*നമ്മിൽ നിക്ഷേപിച്ചിരിക്കുന്ന ആത്മാവിനെ ദൈവം അസൂയയോടെ അഭിലഷിക്കുന്നു എന്ന തിരുവെഴുത്തു വൃഥാ ആണെന്നു നിങ്ങൾ വിചാരിക്കുന്നുവോ?*" (യാക്കോ 4,5). ഏതാണ് ഗ്രന്ഥകർത്താവ് സൂചിപ്പിക്കുന്ന തിരുവെഴുത്ത് എന്നു വ്യക്തമല്ല. ഇപ്രകാരം ഒരു വാക്യം പഴയനിയമത്തിൽ ഇല്ല. അതിനാൽ ഏതെങ്കിലും ഒരു പ്രത്യേക ബൈബിൾ വാക്യം എന്നതിനേക്കാൾ ദൈവവചനത്തെ പൊതുവായി സൂചിപ്പിക്കുന്നതാവാം ഈ വചനം. ഈ നിഗമനം ശരിയാണെങ്കിൽ മേലുദ്ധരിച്ച വാക്യം രണ്ടു വാക്യങ്ങളായി വായിക്കണം.

"*നമ്മിൽ നിക്ഷേപിച്ചിരിക്കുന്ന ആത്മാവിനെ ദൈവം അസൂയയോടെ അഭിലഷിക്കുന്നു. തിരുവെഴുത്ത് വൃഥാ ആണെന്നു നിങ്ങൾ കരുതുന്നുവോ?*" തുടർന്ന് ഉദ്ധരിക്കുന്ന തിരുവചനം (സുഭാ 3,34) ഈ നിഗമനത്തിനു പിന്തുണ നൽകുന്നു. "നമ്മിൽ നിക്ഷേപിച്ചിരിക്കുന്ന ആത്മാവ്" ആരെ സൂചിപ്പിക്കുന്നു എന്ന കാര്യത്തിലും തർക്കമുണ്ട്. മനുഷ്യനെ ഇതര ജീവികളിൽ നിന്നു വ്യത്യസ്തനാക്കുന്ന മനുഷ്യാത്മാവിനെയാണ് ഉദ്ദേശിക്കുന്നത് എന്നു കരുതുന്ന വ്യാഖ്യാതാക്കളുണ്ട്. എന്നാൽ അതിനേക്കാൾ സ്വീകാര്യമായത് വിശ്വസിക്കുന്ന ഓരോ വ്യക്തിയിലേക്കും ദൈവം അയയ്ക്കുന്ന ദാനമായ പരിശുദ്ധാത്മാവിനെയാണിവിടെ സൂചിപ്പിക്കുന്നത് എന്ന വ്യാഖ്യാനമാണ്.

പരിശുദ്ധാത്മാവ് നമ്മിൽ വസിക്കുന്നു. ആ ആത്മാവിന്റെ പ്രചോദനം അനുസരിച്ച് നാം പ്രവർത്തിക്കണം, ജീവിക്കണം. ആത്മാവിന്റെ പ്രചോദനങ്ങളെ തിരസ്കരിച്ച് നാം നാശത്തിൽപ്പെട്ടുപോകാതിരിക്കാനുള്ള ദൈവത്തിന്റെ ആഗ്രഹമാണ് "അസൂയയോടെ അഭിലഷിക്കുന്നു" എന്നതുകൊണ്ടു അർത്ഥമാക്കുന്നത്. ദൈവത്തിന്റെ അസൂയ ബൈബിളിൽ പലതവണ കാണുന്ന ഒരു പ്രതീകമാണ് (പുറ 20,5). അസഹിഷ്ണുത എന്നാണ് ഇവിടെ വിവർത്തനം ചെയ്തിരിക്കുന്നത്. എങ്കിലും അർത്ഥം ഒന്നുതന്നെ. തന്റെ ആത്മാവിനെ നൽകി മക്കളായി സ്വീകരിച്ചവരിൽ ആരും

നഷ്ടപ്പെട്ടു പോകരുത് എന്ന ദൈവത്തിന്റെ ആഗ്രഹമാണ് ഇവിടെ അസൂയ എന്നതുകൊണ്ട് അർത്ഥമാക്കുന്നത്.

### 3. പത്രോസിന്റെ ലേഖനങ്ങൾ

അപ്പസ്തോലന്മാരുടെ തലവനായ പത്രോസിന്റെ പേരിൽ അറിയപ്പെടുന്ന രണ്ടു ലേഖനങ്ങളുണ്ട്. അതിൽ ആദ്യത്തെ ലേഖനത്തിൽ 8 തവണയും രണ്ടാം ലേഖനത്തിൽ ഒരിക്കൽ മാത്രവും ആത്മാവിനെക്കുറിച്ചു പരാമർശിക്കുന്നുണ്ട്. ഇതിൽ 1 പത്രോ 3,4 ൽ കാണുന്ന പരാമർശം പരിശുദ്ധാത്മാവിനെക്കുറിച്ചല്ല, മറിച്ച് മനുഷ്യവ്യക്തിത്വത്തെയാണ് സൂചിപ്പിക്കുന്നത് എന്നു വ്യാഖ്യാതക്കൾ അഭിപ്രായപ്പെടുന്നു. "*സൗമ്യവും ശാന്തവുമായ ആത്മാവാകുന്ന അനശ്വരരത്നം അണിഞ്ഞ ആന്തരിക വ്യക്തിത്വം*" ആയിരിക്കണം സ്ത്രീകൾക്ക് അലങ്കാരം എന്നു പറയുന്നതിൽ നിന്ന് ഇതു വ്യക്തമാകുന്നു.

1 പത്രോ 1,11; 2 പത്രോ 1,21 വാക്യങ്ങളിൽ പഴയ നിയമപ്രവാചകന്മാരിൽ പ്രവർത്തിച്ച പരിശുദ്ധാത്മാവിനെക്കുറിച്ചു പ്രതിപാദിക്കുന്നു. "*അവരിലുണ്ടായിരുന്ന ക്രിസ്തുവിന്റെ ആത്മാവ് മുൻകൂട്ടി പ്രവചിച്ചു*" (1 പത്രോ 1,11). വരാനിരിക്കുന്ന മനുഷ്യരക്ഷയെയും രക്ഷയുടെ നിദാനമായി നിൽക്കുന്ന ക്രിസ്തുവിന്റെ സഹനത്തെയും കുറിച്ച് മുൻകൂട്ടി അറിയിക്കാൻ പ്രവാചകന്മാർക്കു കഴിഞ്ഞത് അവരിൽ പ്രവർത്തിച്ച പരിശുദ്ധാത്മാവു വഴിയാണ്. പരിശുദ്ധാത്മാവിനെ "ക്രിസ്തുവിന്റെ ആത്മാവ്" എന്നു വിശേഷിപ്പിക്കുന്നത് പ്രത്യേകം ശ്രദ്ധിക്കണം. ദൈവത്തിന്റെ ഏകത്വത്തിലേക്കും അതേസമയം ത്രിത്വത്തിലെ ഓരോ വ്യക്തിയുടെയും വ്യത്യസ്ത പ്രവർത്തനങ്ങളിലേക്കും ശ്രദ്ധ ക്ഷണിക്കുന്നതാണ് ഈ വിശേഷണം. "*എന്റെ നാമത്തിൽ പിതാവ് അയയ്ക്കുന്ന പരിശുദ്ധാത്മാവ്*" (യോഹ 14,26), "*ഞാൻ പിതാവിന്റെ അടുത്തുനിന്ന് അയയ്ക്കുന്ന സഹായകൻ*" (യോഹ 15,26) എന്നിങ്ങനെ യോഹന്നാന്റെ സുവിശേഷത്തിൽ കണ്ടതിനു സമാനമാണിത്. പരിശുദ്ധാത്മാവ് പിതാവിന്റെ ആത്മാവാണ്; അതേസമയം പുത്രനായ ക്രിസ്തുവിന്റെയും ആത്മാവാണ്.

യേശുവിനെ മരിച്ചവരിൽ നിന്നുയർപ്പിച്ചത് ദൈവത്തിന്റെ ആത്മാവാണെന്ന് 1 പത്രോ 3,18-19 വാക്യങ്ങളിൽ എടുത്തു പറയുന്നു. ജനനം മുതൽ, മരണവും ഉത്ഥാനവും സ്വർഗ്ഗാരോഹണവും വഴിയുള്ള മഹത്വീകരണം വരെ യേശുവിന്റെ എല്ലാ പ്രവൃ

ത്തികളിലും പരിശുദ്ധാത്മാവിന്റെ സാന്നിധ്യവും ശാക്തീകരണവും ഉണ്ടായിരുന്നു എന്ന പുതിയ നിയമത്തിന്റെ പൊതുവായ കാഴ്ചപ്പാട് ഇവിടെയും ദൃശ്യമാകുന്നു.

യേശുക്രിസ്തുവിലുള്ള വിശ്വാസത്തിന്റെ പേരിൽ കഠിനമായ പീഡനങ്ങൾ സഹിക്കുന്ന ഒരു സമൂഹത്തെ മുന്നിൽ കണ്ടുകൊണ്ടാണ് പത്രോസ് എഴുതുന്നത്. അവർക്ക് ആശ്വാസവും പ്രത്യാശയും, അതിലുപരി പീഡനങ്ങളിൽ മനംതകരാതെ ചെറുത്തു നിൽക്കാൻ ശക്തിയും അവരിൽ വസിക്കുന്ന പരിശുദ്ധാത്മാവു നൽകും എന്ന് അപ്പസ്തോല പ്രമുഖൻ ഉദ്ബോധിപ്പിക്കുന്നു: "*ക്രിസ്തുവിന്റെ നാമം നിമിത്തം നിന്ദിക്കപ്പെട്ടാൽ നിങ്ങൾ ഭാഗ്യവാന്മാർ. എന്തെന്നാൽ, മഹത്വത്തിന്റെ ആത്മാവ്, അതായത് ദൈവാത്മാവ് നിങ്ങളിൽ വസിക്കുന്നു*" (1 പത്രോ 4,14). എന്നും പ്രസക്തമാണ് ഈ പ്രബോധനം, ഒരുപക്ഷേ, എന്നത്തേക്കാൾ ഏറെ ഇന്ന്.

ദൈവാത്മാവിനെ "*മഹത്വത്തിന്റെ ആത്മാവ്*" എന്നു വിശേഷിപ്പിച്ചിരിക്കുന്നതു പ്രത്യേകം ശ്രദ്ധിക്കണം. ദൈവത്തിന്റെ മഹത്വം പ്രകടമാക്കുന്നതാണ് പരിശുദ്ധാത്മാവിന്റെ പ്രവർത്തനം. ദൈവമഹത്വം ഏറ്റം കൂടുതൽ പ്രകടമായത് യേശുവിന്റെ മരണവും ഉത്ഥാനവും അടങ്ങുന്ന പെസഹാരഹസ്യത്തിലാണ്. കാരണം അവിടെയാണ് ദൈവസ്നേഹത്തിന്റെ പാരമ്യം പ്രത്യക്ഷമായത് (യോഹ 3,16). അതിനു സമാനവും അതേസമയം ആ അനന്തസ്നേഹത്തിനുള്ള മറുപടിയുമാണ് ക്രിസ്തുവിനുവേണ്ടി പീഡകൾ സഹിക്കാനും മരിക്കാനും സന്നദ്ധരാകുന്ന ശിഷ്യർ പ്രകടമാക്കുന്നത്. ഇപ്രകാരം ഒരു സ്നേഹാർപ്പണത്തിലൂടെ വെളിപ്പെടുന്നതും ദൈവത്തിന്റെ മഹത്വം തന്നെ. അതിനാൽ "*മഹത്വത്തിന്റെ ആത്മാവ്*" എന്ന വിശേഷണം ദൈവസ്നേഹത്തിന്റെയും അതിനു മനുഷ്യൻ നൽകുന്ന മറുപടിയുടെയും മഹത്വത്തിലേക്കു വിരൽ ചൂണ്ടുന്നു.

### 4. യോഹന്നാന്റെ ലേഖനങ്ങൾ

യോഹന്നാന്റെ പേരിൽ അറിയപ്പെടുന്ന മൂന്നു ലേഖനങ്ങളുണ്ട്. അവയിൽ ആദ്യത്തെ ലേഖനത്തിൽ 7 തവണ പരിശുദ്ധാത്മാവിനെക്കുറിച്ചുള്ള പരാമർശങ്ങൾ കാണാം. രണ്ടും മൂന്നും ലേഖനങ്ങളിൽ ഒരിക്കൽ പോലും പരിശുദ്ധാത്മാവിനെക്കുറിച്ച്

സൂചിപ്പിക്കുന്നില്ല. ആദ്യലേഖനത്തിലെ പരാമർശങ്ങൾ മൂന്നു കാര്യങ്ങൾ സൂചിപ്പിക്കുന്നു.

**a. നമ്മിലുള്ള ദൈവികസാന്നിധ്യത്തെക്കുറിച്ച് അവബോധം നൽകുന്നു:** "*അവൻ നമുക്കു നൽകിയിരിക്കുന്ന ആത്മാവു മൂലം അവൻ നമ്മിൽ വസിക്കുന്നു എന്നു നാം അറിയുന്നു*" (1 യോഹ 3,24). പരിശുദ്ധാത്മാവിനെ ദൈവം നമുക്ക് ദാനമായി നൽകിയിരിക്കുന്നു. ആത്മാവ് നമ്മിൽ വസിക്കുന്നു. നമ്മിലുള്ള ദൈവിക സാന്നിധ്യത്തെക്കുറിച്ച് നമ്മെ ബോധവാന്മാരാക്കുന്നു. ഇപ്രകാരം ദൈവം നമ്മിൽ വസിക്കണമെങ്കിൽ നാം അവിടുത്തെ കല്പനകൾ അനുസരിച്ചു ജീവിക്കണം. യേശു തന്നെ നൽകിയിരുന്നതാണ് ഈ വാഗ്ദാനവും ആഹ്വാനവും (യോഹ 14,23). ദൈവം നമ്മിൽ വസിക്കുന്നു എന്ന സത്യം തിരിച്ചറിയാൻ പരിശുദ്ധാത്മാവാണു സഹായിക്കുന്നതെന്ന് ലേഖനം വീണ്ടും ഒരിക്കൽ കൂടി അനുസ്മരിപ്പിക്കുന്നുണ്ട്. "*ദൈവം തന്റെ ആത്മാവിനെ നമുക്കു തന്നിരിക്കുന്നതിനാൽ നാം ദൈവത്തിലും ദൈവം നമ്മിലും വസിക്കുന്നു എന്നു നാം അറിയുന്നു*" (1 യോഹ 4,13). ആദ്ധ്യാത്മിക ജീവിതത്തിന്റെ അടിത്തറയാണ് ഈ അവബോധം.

**b. സത്യാത്മാവിനെ തിരിച്ചറിയാൻ മാനദണ്ഡം:** മനുഷ്യരെ നയിക്കുന്ന ആന്തരിക ശക്തി പരിശുദ്ധാത്മാവിന്റേതു മാത്രമല്ല, ചിലപ്പോൾ പൈശാചികശക്തിയുമാകാം എന്ന വലിയൊരു അപകടത്തെക്കുറിച്ചു ലേഖനം താക്കീതു നൽകുന്നുണ്ട്. പഴയനിയമകാലത്തും ജനം നേരിട്ടിരുന്ന വലിയൊരു പ്രശ്നമാണിത്. സത്യാത്മാവിനെ വ്യാജാത്മാവിൽ നിന്ന് എങ്ങനെ തിരിച്ചറിയും? യഥാർത്ഥ പ്രവാചകന്മാരെ വ്യാജപ്രവാചകരിൽ നിന്നു തിരിച്ചറിയാൻ പല മാനദണ്ഡങ്ങൾ ബൈബിളിൽ നൽകിയിട്ടുണ്ട്. എന്നാൽ ഇവിടെ ഒരേ ഒരു മാനദണ്ഡമാണ് അവതരിപ്പിക്കുന്നത്.

"*ദൈവത്തിന്റെ ആത്മാവിനെ ഇങ്ങനെ തിരിച്ചറിയാം. യേശുക്രിസ്തു ശരീരം ധരിച്ചുവന്നു എന്നു പറയുന്ന ആത്മാവ് ദൈവത്തിൽ നിന്നാണ്*" (1 യോഹ 4,2). ഒരു വാക്യത്തിൽ രണ്ടുതവണ പരിശുദ്ധാത്മാവിനെക്കുറിച്ച് ആവർത്തിച്ചുകൊണ്ട് മാനദണ്ഡം വ്യക്തമാക്കുന്നു. യേശുക്രിസ്തുവിനെ മനുഷ്യനായി അവതരിച്ച ദൈവപുത്രനായി തിരിച്ചറിഞ്ഞു വിശ്വസിക്കാനും ഏറ്റുപറയാനും പ്രേരിപ്പിക്കുന്നതു പരിശുദ്ധാത്മാവാണ്. യേശുവിന്റെ

ദൈവത്വമോ മനുഷ്യത്വമോ നിഷേധിക്കുന്നത് ദുരാത്മാവിന്റെ പ്രേരണയാൽ ആയിരിക്കും.

ആദ്യനൂറ്റാണ്ടു മുതൽ പ്രസക്തമാണ് ഈ പ്രമേയം. യേശുവിന്റെ മനുഷ്യത്വം വെറും ഒരു തോന്നൽ മാത്രമായിരുന്നു എന്നു വാദിച്ച *ദൊസേറ്റിസം (മായാവാദം)* എന്ന പാഷണ്ഡതയ്ക്കെതിരേയുള്ള ഒരു താക്കീത് ഈ പ്രബോധനത്തിലുണ്ട്. അതേസമയം യേശുവിന്റെ ദൈവത്വം നിഷേധിക്കുന്നവർ ആദ്യനൂറ്റാണ്ടു മുതൽ ഇന്നുവരെ സജീവമായി രംഗത്തുണ്ട്. ഇക്കൂട്ടരെയും വ്യാജപ്രവാചകന്മാരായി കരുതണം എന്ന് ലേഖനം ഉദ്ബോധിപ്പിക്കുന്നു. യേശുവിന്റെ യഥാർത്ഥ വ്യക്തിത്വം വെളിപ്പെടുത്തിത്തരുന്നത് പരിശുദ്ധാത്മാവാണ്. പൂർണ്ണ ദൈവവും പൂർണ്ണ മനുഷ്യനുമാണ് മാംസമായ ദൈവവചനം (യോഹ 1,14). ഈ സത്യം അറിയാനും അംഗീകരിക്കാനും പരിശുദ്ധാത്മാവു സഹായിക്കുന്നു. ഇതിനെ നിഷേധിക്കാൻ പ്രേരിപ്പിക്കുന്നത് പിശാചിന്റെ അവതാരമായ അന്തിക്രിസ്തുവിന്റെ ആത്മാവായിരിക്കും.

**c. യേശുവിനു സാക്ഷ്യം നൽകും:** യേശുക്രിസ്തു മനുഷ്യനായി അവതരിച്ച ദൈവപുത്രനാണ്; ഒരേ സമയം പൂർണ്ണ ദൈവവും പൂർണ്ണ മനുഷ്യനും. ഈ സത്യത്തിനു സാക്ഷ്യം വഹിക്കുന്നതു പരിശുദ്ധാത്മാവാണെന്ന് മൂന്നു തവണ ആവർത്തിച്ചു പറയുന്നുണ്ട്: "*ജലത്താലും രക്തത്താലും വന്നവൻ ഇവനാണ്- യേശുക്രിസ്തു. ജലത്താൽ മാത്രമല്ല ജലത്താലും രക്തത്താലുമാണ് അവൻ വന്നത്. ആത്മാവാണു സാക്ഷ്യം നൽകുന്നത്. ആത്മാവ് സത്യമാണ്. മൂന്നു സാക്ഷികളാണുള്ളത്- ആത്മാവ്, ജലം, രക്തം*" (1 യോഹ 5:6-8).

മനസിലാക്കാൻ ഏറെ പ്രയാസമുള്ളതും അതിനാൽത്തന്നെ അനേകം വ്യാഖ്യാന സാധ്യതകൾ ഉള്ളതുമായ ഒരു പ്രസ്താവനയാണിത്. ജലം, രക്തം, ആത്മാവ് എന്നീ മൂന്നു സാക്ഷികൾ ആരെ അല്ലെങ്കിൽ എന്തിനെ സൂചിപ്പിക്കുന്നു എന്നതാണ് പ്രധാന വിഷയം. ചർച്ചകളുടെ വിശദാംശങ്ങളിലേക്കു കടക്കാതെ, സ്വീകാര്യം എന്നു പൊതുവേ കരുതപ്പെടുന്ന വ്യാഖ്യാനം മാത്രം ഇവിടെ അവതരിപ്പിക്കുന്നു. യേശുവിന്റെ വ്യക്തിത്വമാണ് മുഖ്യവിഷയം. ദൈവപുത്രന്റെ മനുഷ്യാവതാരം എങ്ങനെ മനസിലാക്കണം? യേശുവിന്റെ മനുഷ്യത്വം ഒരു തോന്നൽ മാത്രമായിരുന്നു. യഥാർത്ഥത്തിൽ ദൈവപുത്രനായ യേശു ജനിച്ചിട്ടു

മില്ല, മരിച്ചിട്ടുമില്ല. എല്ലാം വെറും ഒരു തോന്നൽ മാത്രമായിരുന്നു എന്നു വാദിച്ച ദൊസേറ്റിസം എന്ന പാഷണ്ഡതയെക്കുറിച്ചു മുകളിൽ സൂചിപ്പിച്ചു.

അതിനു പുറമേ ദത്തു പുത്രവാദവും പ്രസക്തമാകുന്നു. നസ്രത്തിൽ നിന്നുള്ള മരപ്പണിക്കാരനായ യേശുവിനെ ജോർദ്ദാനിലെ മാമ്മോദീസായുടെ അവസരത്തിൽ പിതാവായ ദൈവം തന്റെ പുത്രനായി ദത്തെടുത്തു; അവനിൽ തന്റെ വചനത്തെ പരിശുദ്ധാത്മാവിലൂടെ നിവേശിപ്പിച്ചു. അങ്ങനെ യേശു ദൈവത്തിന്റെ ദത്തുപുത്രനായി, മാമ്മോദീസായിലൂടെ ദത്തെടുത്ത പുത്രൻ. എന്നാൽ പീഡാസഹനത്തിന് തൊട്ടുമുമ്പ് വചനമാകുന്ന ദൈവപുത്രൻ യേശുവിൽ നിന്നു വിട്ടുപോയി. പീഡ സഹിച്ചതും കുരിശിൽ മരിച്ചതും വെറും മനുഷ്യൻ മാത്രമായ നസ്രത്തുകാരൻ യേശുവാണ്.

ഒന്നാം നൂറ്റാണ്ടിൽത്തന്നെ ഏറെ പ്രചാരം ലഭിച്ച ഒരു വിവരണമാണിത്. യേശു മരിച്ചിട്ടില്ല, അവൻ അദൃശ്യനാവുകയാണത്രെ ചെയ്തത് എന്നു പഠിപ്പിക്കുന്ന മുസ്ലീമുകൾ ഈ ഒരാശയമാണവതരിപ്പിക്കുന്നത്. ഈ വാദത്തെ ഖണ്ഡിക്കുന്നതാണ് യോഹന്നാൻ അവതരിപ്പിക്കുന്ന മൂന്നു സാക്ഷികൾ. ജലം യേശുവിന്റെ മാമ്മോദീസായെയും രക്തം മരണത്തെയും സൂചിപ്പിക്കുന്നു. അതിലൂടെ യേശുവിന്റെ മനുഷ്യത്വം പൂർണ്ണമായിരുന്നു എന്നു സൂചിപ്പിക്കുന്നു. മാമ്മോദീസായിൽ ആവസിച്ച് മരണത്തിനു മുമ്പേ ഉപേക്ഷിച്ചു പോയതല്ല യേശുവിന്റെ ദൈവപുത്രത്വം. മനുഷ്യനായി ജനിച്ചതും ജീവിച്ചതും മരിച്ചതും ദൈവപുത്രൻ തന്നെ. അതിനുള്ള സാക്ഷ്യമാണ് ജലത്താലുള്ള മാമ്മോദീസായും ആ സമയത്ത് സ്വർഗ്ഗത്തിൽ നിന്നു മുഴങ്ങിയ പിതാവിന്റെ സ്വരവും (മർക്കോ 1,11). മരിച്ചതും ദൈവപുത്രൻ തന്നെ എന്ന് രക്തം സാക്ഷ്യം നൽകുന്നു. ഈ രണ്ടു സാക്ഷ്യങ്ങളെയും സ്ഥിരീകരിക്കുന്നതാണ് ആത്മാവ്.

അതോടൊപ്പം ജലത്തെയും രക്തത്തെയും കുറിച്ചുള്ള പരാമർശത്തിൽ യേശുവിന്റെ മരണം വഴി സംഭവിച്ച മഹത്വീകരണത്തിലൂടെയാണ് പരിശുദ്ധാത്മാവ് നൽകപ്പെട്ടത് എന്ന സൂചനയും കാണാം. "*എന്നിൽ വിശ്വസിക്കുന്നവന്റെ ഹൃദയത്തിൽ നിന്നും ജീവജലത്തിന്റെ അരുവികൾ ഒഴുകും. അവൻ ഇതുപറഞ്ഞത് തന്നിൽ വിശ്വസിക്കുന്നവർ സ്വീകരിക്കാനിരുന്ന ആത്മാവിനെ*

*പ്പറ്റിയാണ്. അതുവരെയും ആത്മാവു നൽകപ്പെട്ടിരുന്നില്ല. എന്തെന്നാൽ യേശു അതുവരെയും മഹത്വീകരിക്കപ്പെട്ടിരുന്നില്ല"* (യോഹ 7,37-39). കുരിശിൽ ഉയർത്തപ്പെട്ട യേശുവിൽ നിന്നാണ് പരിശുദ്ധാത്മാവു നൽകപ്പെടുന്നത് എന്ന സൂചന, ഈ പ്രവചനത്തിന്റെ പൂർത്തീകരണംപോലെ, യോഹന്നാൻ അവതരിപ്പിക്കുന്നുണ്ട്.

*"പടയാളികളിൽ ഒരുവൻ അവന്റെ പാർശ്വത്തിൽ കുന്തം കൊണ്ടു കുത്തി. ഉടനെ അതിൽ നിന്നു രക്തവും വെള്ളവും പുറപ്പെട്ടു. അതു കണ്ടയാൾ തന്നെ സാക്ഷ്യപ്പെടുത്തിയിരിക്കുന്നു. ആ സാക്ഷ്യം സത്യവുമാണ്"* (യോഹ 19:34-35). മഹത്വീകൃതനായ യേശുവിൽ നിന്ന് പരിശുദ്ധാത്മാവു നൽകപ്പെടുന്നതിന്റെ അടയാളമായി ഈ രക്തവും വെള്ളവും കാണണം; ക്രൂശിതൻ മരിച്ചു എന്നതിന്റെ തെളിവും ആത്മാവിന്റെ അടയാളവും. അതോടൊപ്പം ജലത്തെ മാമ്മോദീസായുടെയും രക്തത്തെ വിശുദ്ധ കുർബാനയുടെയും അടയാളങ്ങളായി വ്യാഖ്യാനിക്കുന്നവരുമുണ്ട്. എന്നാൽ സംശയലേശമെന്നിയേ ഒരു കാര്യം വ്യക്തം. യേശുവിനെ മനുഷ്യനായി അവതരിച്ച ദൈവപുത്രനായി സാക്ഷ്യപ്പെടുത്തുന്നത് പരിശുദ്ധാത്മാവാണ്. അതുതന്നെയാണ് യോഹന്നാൻ എഴുതിയ സുവിശേഷത്തിലും ഒന്നാം ലേഖനത്തിലും പരിശുദ്ധാത്മാവിന്റെ ഏറ്റം പ്രധാനപ്പെട്ട ഒരു പ്രവർത്തനം.

### 5. യൂദാ എഴുതിയ ലേഖനം

25 വാക്യങ്ങൾ മാത്രമുള്ള യൂദായുടെ ലേഖനത്തിന്റെ അവസാനഭാഗത്ത് പരിശുദ്ധാത്മാവിനെക്കുറിച്ചു രണ്ടുതവണ പരാമർശിക്കുന്നുണ്ട്. ഇതുവരെ കണ്ടതിനോടു സമാനമായ ആശയങ്ങൾ തന്നെയാണ് ഇവിടെയും അവതരിപ്പിക്കുന്നത്. ക്രിസ്തുവിശ്വാസികളുടെ ഇടയിൽ തെറ്റായ പ്രബോധനങ്ങൾ പ്രചരിപ്പിച്ചു ഭിന്നതകൾ ഉണ്ടാക്കുന്നവരെക്കുറിച്ചുള്ള താക്കീതിന്റെ ഭാഗമായിട്ടാണ് പരിശുദ്ധാത്മാവ് പരാമർശവിഷയമാകുന്നത്.

*"തങ്ങളുടെ ദുഷ്ടമായ അധമവികാരങ്ങൾക്ക് അടിമപ്പെട്ടു ജീവിക്കുന്ന പരദൂഷകർ അവസാന നാളുകളിൽ വരും. പരിശുദ്ധാത്മാവില്ലാത്തവരും കേവലം ലൗകികരുമായ ഇവരാണ് ഭിന്നിപ്പുണ്ടാക്കുന്നത്. എന്നാൽ പ്രിയപ്പെട്ടവരേ നിങ്ങൾ പരിശുദ്ധാ*

*ത്മാവിൽ പ്രാർത്ഥിച്ചുകൊണ്ട്, നിങ്ങളുടെ പവിത്രമായ വിശ്വാസത്തിൽ അഭിവൃദ്ധി പ്രാപിക്കുവിൻ*" (യൂദാ 19-20).

വിശ്വാസികളുടെ ഹൃദയത്തിലും സമൂഹത്തിലും വസിച്ചുകൊണ്ട് പരിശുദ്ധാത്മാവ് വിശ്വാസത്തിന്റെ പൂർണ്ണതയിലേക്കു നയിക്കും; വിശ്വാസികളെ ഐക്യത്തിൽ നിലനിർത്തും. അവരെ വിശ്വാസത്തിൽ ഉറപ്പിക്കും; പ്രാർത്ഥിക്കാൻ പഠിപ്പിക്കും; സഹായിക്കും. വ്യക്തികളിലും സമൂഹത്തിലുമുള്ള പരിശുദ്ധാത്മാവിന്റെ പ്രവർത്തനത്തെക്കുറിച്ച് ലേഖനം നല്കുന്ന പ്രബോധനമാണിത്. ആത്മാവിന്റെ അഭാവം അഥവാ ആത്മാവിന്റെ പ്രേരണയ്ക്കു വിരുദ്ധമായുള്ള പ്രവർത്തനങ്ങളാണു വിശ്വാസത്യാഗത്തിലേക്കും അബദ്ധവിശ്വാസങ്ങളിലേക്കും, അതുവഴി ഭിന്നതകളിലേക്കും നയിക്കുന്നത് എന്ന താക്കീത് എന്നും പ്രസക്തമാണ്. സഭാചരിത്രത്തിൽ ഉടനീളം ഇതിന്റെ സാക്ഷ്യങ്ങൾ കാണാം. അതിനാൽ ആത്മാവിനെ തിരിച്ചറിയുക; പരിശുദ്ധാത്മാവിന്റെ പ്രേരണകൾക്കു വിധേയപ്പെടുക.

വിശ്വാസത്തിൽ അടിയുറയ്ക്കാനും ശക്തിപ്പെടാനും പരിശുദ്ധാത്മാവ് സഹായിക്കും. പ്രാർത്ഥിക്കാൻ സഹായിക്കുന്നതും പരിശുദ്ധാത്മാവായിരിക്കും എന്ന ഈ പ്രബോധനം റോമാക്കാർക്കെഴുതിയ ലേഖനത്തിൽ പൗലോസ് നൽകിയ പ്രബോധനത്തിനു സമാനമാണ് "*അവാച്യമായ നെടുവീർപ്പുകളാൽ ആത്മാവുതന്നെ നമുക്കു വേണ്ടി മാധ്യസ്ഥ്യം വഹിക്കുന്നു*" (റോമാ 8,26). പരിശുദ്ധാത്മാവിന്റെ പ്രചോദനങ്ങൾ ഹൃദയം കൊണ്ടു ശ്രവിക്കുന്നതും പ്രാർത്ഥനയാണ്. ആത്മാവു നൽകുന്ന പ്രചോദനങ്ങൾ പ്രാർത്ഥനയായി രൂപപ്പെടുമ്പോൾ വിശ്വാസത്തിൽ ദൃഢതയുണ്ടാകും. സമൂഹത്തിൽ ഐക്യവും.

# 7

## വെളിപാടു പുസ്തകം

രക്ഷാചരിത്രത്തിന്റെ സംഘർഷഭരിതവും ഉദ്വോഗജനകവുമായ മുന്നേറ്റവും അതിമനോഹരമായ പരിസമാപ്തിയും വിവരിക്കുന്ന **"യോഹന്നാനു ലഭിച്ച വെളിപാട്"** ബൈബിളിലെ 73-ാമത്തേതും അവസാനത്തേതുമായ പുസ്തകമാണ്. ഇതര ബൈബിൾ ഗ്രന്ഥങ്ങളിൽ നിന്നു വ്യത്യസ്തമായി, പ്രതീകങ്ങളുടെ ഭാഷയിൽ രചിച്ചിരിക്കുന്നതിനാൽ അർത്ഥം ഗ്രഹിക്കാൻ ഏറെ ക്ലേശിക്കേണ്ടി വരും. അതിനാൽത്തന്നെ "പുതിയ ആകാശവും പുതിയ ഭൂമിയും" പോലുള്ള ചുരുക്കം ചിത്രങ്ങൾ ഒഴികെ ഈ പുസ്തകത്തിന്റെ അധികപങ്കും പൊതുവേ വായനയിൽ നിന്ന് ഒഴിവാക്കുകയാണ് പതിവ്.

അതേസമയം ഇതിലെ പല പ്രതീകങ്ങളും, മഹാവേശ്യ, മൃഗം മുതലായവ, ദുർവ്യാഖ്യാനം ചെയ്യപ്പെടാറുമുണ്ട്. ലോകാവസാനത്തിന്റെ തിയതി നിശ്ചയിക്കാൻ ഈ പുസ്തകത്തിലെ ചില കണക്കുകൾ ഉപയോഗിക്കുന്നവരുമുണ്ട്. അതിനാൽ ഏറെ ശ്രദ്ധയോടെ പഠിക്കേണ്ട ഗ്രന്ഥമാണിത്. "*വെളിപാട്*" (apocalyptic) എന്ന സാഹിത്യശൈലിയാണിവിടെ ഉപയോഗിച്ചിരിക്കുന്നത്. പ്രതീകങ്ങളുടെ ഉപയോഗം ഈ സാഹിത്യശൈലിയുടെ ഒരു സവിശേഷതയാണ്. സംഖ്യകൾ, ശരീരഭാഗങ്ങൾ, മൃഗങ്ങൾ, പക്ഷികൾ, വ്യക്തികൾ തുടങ്ങി അനേകം പ്രതീകങ്ങൾ ഇവിടെ കാണാം. അതെല്ലാം അക്ഷരാർത്ഥത്തിൽ എടുത്താൽ ഗ്രന്ഥകാരൻ ഉദ്ദേശിക്കുന്ന അർത്ഥം ഗ്രഹിക്കാൻ കഴിയാതെ പോകും.

പരിശുദ്ധാത്മാവിനെക്കുറിച്ച് പ്രതിപാദിക്കുമ്പോഴും വെളിപാടു പുസ്തകം പ്രതീകങ്ങളുടെ ഭാഷയാണ് ഉപയോഗിക്കുന്നത്. അതേസമയം അത്രതന്നെ നിഗൂഢമല്ലാത്തതും എളുപ്പം ഗ്രഹിക്കാൻ കഴിയുന്നതുമായ പദപ്രയോഗങ്ങളും കാണാം. വെളിപാടു പുസ്തകത്തിന്റെ സങ്കീർണ്ണതകളിലേക്കു കടക്കാതെ, പരിശുദ്ധാ

ത്മാവിനെക്കുറിച്ചു പറയുന്ന കാര്യങ്ങൾ മാത്രം എടുത്തു കാട്ടാനാണ് തുടർന്നു ശ്രമിക്കുന്നത്.

### 1. പ്രതീകങ്ങൾ

പരിശുദ്ധാത്മാവിനെ സൂചിപ്പിക്കാൻ വെളിപാടു പുസ്തകം ഏറ്റം ആദ്യം ഉപയോഗിക്കുന്ന പ്രതീകം ഏഴ് എന്ന സംഖ്യയാണ്: "*സപ്താത്മാക്കൾ*". നാലുതവണ ഈ പ്രതീകം ഉപയോഗിച്ചിരിക്കുന്നു. 1,10; 3,1; 4,5; 5,6. പൂർണ്ണതയെ സൂചിപ്പിക്കുന്ന സംഖ്യയാണ് ഏഴ്. അതിനാൽ ഏഴാത്മാക്കൾ അഥവാ സപ്താത്മാക്കൾ എന്ന പ്രയോഗം ആത്മാവിന്റെ പൂർണ്ണതയായ പരിശുദ്ധാത്മാവിനെ സൂചിപ്പിക്കുന്നു എന്നു ഗ്രന്ഥകാരൻ അനുസ്മരിപ്പിക്കുന്നു.

പുസ്തകത്തിന്റെ ആമുഖത്തിൽ കൃപയും സമാധാനവും ആശംസിക്കുമ്പോൾ വെളിപാടിന്റെ തനതു ശൈലിയിൽ പരിശുദ്ധ ത്രിത്വത്തെക്കുറിച്ച് ഒരു സൂചനയുണ്ട്. "*ആയിരുന്നവനും ആയിരിക്കുന്നവനും വരാനിരിക്കുന്നവനുമായവനിൽ നിന്നും അവന്റെ സിംഹാസന സന്നിധിയിലെ സപ്താത്മാക്കളിൽ നിന്നും*" (1:4-5) എന്ന വിവരണത്തിൽ പിതാവായ ദൈവത്തെ നിത്യൻ എന്നും പരിശുദ്ധാത്മാവിനെ ദൈവസന്നിധിയിലെ സപ്താത്മാക്കൾ എന്നും വിശേഷിപ്പിക്കുന്നു. തുടർന്ന് യേശുക്രിസ്തുവിനെ ദൈവത്തെ വെളിപ്പെടുത്തുന്ന വിശ്വസ്ത സാക്ഷിയും മരിച്ചവരിൽ നിന്നുയിർത്തെഴുന്നേറ്റ രാജാധിരാജനുമായി അവതരിപ്പിക്കുന്നു. പിതാവ്, പുത്രൻ, പരിശുദ്ധാത്മാവ് എന്നു നമുക്കു സുപരിചിതമായ യാഥാർത്ഥ്യം തന്നെയാണ് ഈ മൂന്നു പ്രതീകങ്ങളിലൂടെ അവതരിപ്പിക്കുന്നത്. അതിനാൽ പരിശുദ്ധാത്മാവിന്റെ ദൈവത്വവും, ത്രിയേകദൈവത്തിലെ പിതാവിനോടും പുത്രനോടുമുള്ള തുല്യതയും ആരംഭത്തിൽത്തന്നെ എടുത്തു കാട്ടുന്നു.

സാർദീസിലെ സഭയ്ക്കെഴുതുന്ന ലേഖനത്തിൽ യേശുവിനെ "*ദൈവത്തിന്റെ സപ്താത്മാക്കളും സപ്തതാരങ്ങളും ഉള്ളവൻ*" എന്നു വിശേഷിപ്പിക്കുമ്പോൾ (3,1) രക്ഷകനായ യേശുവിൽ നിരന്തരം വസിക്കുന്ന പരിശുദ്ധാത്മാവിന്റെ സ്ഥിരസാന്നിധ്യത്തിനാണ് ഊന്നൽ നൽകുന്നത്. "സപ്തതാരങ്ങൾ" 1:16-20 ൽ അവതരിപ്പിച്ച സഭയുടെ പ്രതീകമാണ്. ഉത്ഥിതനായ യേശു സഭയിൽ നിന്നകന്നു പോയിട്ടില്ല. അവൻ സഭയുടെ മധ്യേവസിക്കുന്നു എന്ന് ഏഴു ദീപപീഠങ്ങളുടെയും, സഭയെ സ്വന്തം വലതു കയ്യിൽ

വഹിച്ചു സംരക്ഷിക്കുന്നു എന്ന് ഏഴു നക്ഷത്രങ്ങളുടെയും പ്രതീകങ്ങളിലൂടെ സൂചിപ്പിച്ചതിനു ശേഷമാണ് സപ്താത്മാക്കളെക്കുറിച്ചുള്ള ഈ പരാമർശം. ആത്മാവിലൂടെയാണ് യേശു സഭയിൽ സന്നിഹിതനാകുന്നതും പഠിപ്പിക്കുന്നതും സഭയെ കാത്തു പാലിക്കുന്നതും എന്ന് ഈ പ്രതീകങ്ങൾ സൂചിപ്പിക്കുന്നു.

വെളിപാടു പുസ്തകത്തിന്റെ രണ്ടാംഭാഗം (4-22) ആരംഭിക്കുന്നത് ഒരു സ്വർഗ്ഗീയ ദർശനത്തോടെയാണ് (4:1-5,14) ദൈവത്തിന്റെ "*സിംഹാസനത്തിനു മുമ്പിൽ ജ്വലിക്കുന്ന ഏഴു തീപ്പന്തങ്ങൾ; ഇവ ദൈവത്തിന്റെ സപ്താത്മാക്കളാണ്*" (4,5). ആത്മാവിന്റെ പ്രതീകമായി അഗ്നി പലതവണ ബൈബിളിൽ പ്രത്യക്ഷപ്പെടുന്നതു നാം കണ്ടു കഴിഞ്ഞു. രാത്രിയിൽ നടക്കുന്നവർക്കു വഴി കാട്ടാനാണ് തീപ്പന്തം. അതേസമയം തീ കൊളുത്താനും പന്തം ഉപയോഗിക്കാം. അഗ്നി ശുദ്ധീകരിക്കുന്ന ശക്തിയാണ്, വിധിയുടെ അടയാളവുമാണ്.

അഗ്നിഗോളമായി ഇറങ്ങി, തീനാവുകളായി സ്വയം വിഭജിച്ച്, ശിഷ്യന്മാരുടെമേൽ ആവസിച്ച (അപ്പ 2,3) പരിശുദ്ധാത്മാവിനെക്കുറിച്ചുള്ള സൂചനയും ഇവിടെ പ്രസക്തമാകുന്നു. ലോകത്തിന്റെ വിധികർത്താവായി സ്വർഗ്ഗത്തിൽ സിംഹാസനസ്ഥനായിരിക്കുന്ന ദൈവത്തിന്റെ മുമ്പിൽ തീപ്പന്തംപോലെ ജ്വലിക്കുന്ന പരിശുദ്ധാത്മാവ് എല്ലാം വെളിപ്പെടുത്തുന്നവനാണ്; വിധിക്കുകയും ശുദ്ധീകരിക്കുകയും ചെയ്യുന്നവനാണ്. തുടർന്നു വരുന്ന അധ്യായങ്ങളിൽ രക്ഷാചരിത്രത്തെ ശിക്ഷാവിധിയുടെ മൂന്നു സപ്തഗണങ്ങളായി അവതരിപ്പിച്ചിരിക്കുന്നു (6:1-12; 8:1-9,19; 16:1-21). പരിശുദ്ധാത്മാവിന്റെ ദൈവത്വത്തിലേക്കും രക്ഷാചരിത്രത്തിലുള്ള പങ്കാളിത്തത്തിലേക്കും ഈ ഏഴു തീപ്പന്തങ്ങളുടെ പ്രതീകവും ശ്രദ്ധ ക്ഷണിക്കുന്നു.

ദൈവത്തിന്റെ രക്ഷാകരപദ്ധതി പൂർത്തിയാക്കുന്നത് സ്വയം ബലിയായി അർപ്പിക്കുകയും ഉയിർത്തെഴുന്നേറ്റ് മഹത്വീകരിക്കപ്പെടുകയും ചെയ്ത യേശുക്രിസ്തുവാണ്. യേശുവിന്റെ മരണത്തെയും ഉത്ഥാനത്തെയും ഒരുമിച്ചു സൂചിപ്പിക്കുന്ന പ്രതീകമാണ് "*കൊല്ലപ്പെട്ടതായി തോന്നുന്ന കുഞ്ഞാടു നിൽക്കുന്നത്*". ആ കുഞ്ഞാടിന്റെ വിവരണത്തിൽ പരിശുദ്ധാത്മാവിനെക്കുറിച്ചുള്ള അടുത്ത പ്രതീകം കാണാം. "*അവന് ഏഴു കൊമ്പുകളും ഏഴു കണ്ണുകളും. ഈ കണ്ണുകൾ ലോകമെമ്പാടും അയയ്ക്കപ്പെട്ട ദൈവ*

*ത്തിന്റെ സപ്താത്മാക്കളാണ്*" (5,6). കൊമ്പുകൾ ശക്തിയെയും രാജത്വത്തെയും സൂചിപ്പിക്കുമ്പോൾ കണ്ണുകൾ അറിവിനെ സൂചിപ്പിക്കുന്നു. അതിനാൽ ഈ പ്രതീകങ്ങളിലൂടെ യേശുവിനെ സർവ്വശക്തനും എല്ലാം അറിയുന്നവനുമായി അവതരിപ്പിക്കുന്നു. ആത്മാവ് സർവ്വവ്യാപിയാണ്. എല്ലാം കാണുന്നു, എല്ലാം അറിയുന്നു. പരിശുദ്ധാത്മാവിലൂടെയാണ് ദൈവപുത്രനായ യേശു പ്രവർത്തിക്കുന്നത് എന്ന് ഈ പ്രതീകവും സാക്ഷ്യപ്പെടുത്തുന്നു.

വെളിപാടു പുസ്തകത്തിന്റെ അവസാനത്തെ അധ്യായത്തിൽ പുതിയ ലോകത്തെ സ്വർഗ്ഗീയ ജറുസലെമും അതേസമയം ദൈവത്തിന്റെ പറുദീസായും ആയി ചിത്രീകരിക്കുന്നു. ഈ നഗരത്തിന്റെ വിവരണത്തിൽ പരിശുദ്ധാത്മാവിനെ സൂചിപ്പിക്കുന്ന മറ്റൊരുപ്രതീകം കാണാം. "*ദൈവത്തിന്റെയും കുഞ്ഞാടിന്റെയും സിംഹാസനത്തിൽ നിന്നു പുറപ്പെടുന്നതും സ്ഫടികം പോലെ തെളിഞ്ഞതുമായ ജീവജലത്തിന്റെ നദി*" (22,1). പിതാവിൽനിന്നും പുത്രനിൽ നിന്നും പുറപ്പെടുന്നതും ജീവദാതാവുമായ പരിശുദ്ധാത്മാവ് എന്ന് പരിശുദ്ധാത്മാവിനു സഭ നൽകുന്ന വിശേഷണങ്ങളുടെ ഉറവിടം ഇവിടെ കാണാം. എസെക്കിയേൽ ദർശനത്തിൽ കണ്ട നദി (എസെ 47:1-2) യാണിത്. വിശ്വസിക്കുന്നവരുടെ ഹൃദയത്തിൽ നിന്നൊഴുകുന്ന നീർച്ചാൽ (യോഹ 7,38).

ജലമാണ് ജീവൻ നൽകുന്നത്. അതേസമയം കഴുകി ശുദ്ധീകരിക്കുന്നതും ജലം തന്നെ. പറുദീസായെക്കുറിച്ചുള്ള ബൈബിളിന്റെ ആദ്യവിവരണത്തിൽ നദി ജീവന്റെയും സമൃദ്ധിയുടെയും പ്രതീകമായി പ്രത്യക്ഷപ്പെടുന്നു (ഉൽപ 2:10-15). എല്ലാം ശുദ്ധീകരിക്കുന്ന, സമൃദ്ധമായ ജീവൻ, നിത്യജീവൻ നൽകുന്ന പരിശുദ്ധാത്മാവാണ് പിതാവിന്റെയും പുത്രന്റെ സിംഹാസനത്തിൽ നിന്നു പുറപ്പെടുന്ന ജീവന്റെ നദി. ജീവജലം സൗജന്യമായി സ്വീകരിക്കാൻ ആഹ്വാനം ചെയ്യുമ്പോഴും (22,17) പരിശുദ്ധാത്മാവിനെ ജലത്തിന്റെ പ്രതീകത്തിലൂടെ സൂചിപ്പിക്കുന്നു.

### 2. പ്രവർത്തനങ്ങൾ

**a. ആത്മീയാനുഭൂതി:** ശാരീരിക ദൃഷ്ടികൾക്ക് അദൃശ്യവും മനുഷ്യബുദ്ധിക്ക് അഗ്രാഹ്യവുമായ ദൈവിക രഹസ്യങ്ങൾ പരിശുദ്ധാത്മാവു വെളിപ്പെടുത്തിത്തരുന്നതായി വെളിപാടുപുസ്തകം പലതവണ രേഖപ്പെടുത്തിയിട്ടുണ്ട്. "*കർത്താവിന്റെ ദിനത്തിൽ*

*ഞാൻ ആത്മാവിൽ ലയിച്ചിരിക്കെ*" (1,10) എന്ന സാഹചര്യ വിവരണം മനുഷ്യാത്മാവിലുള്ള ദൈവാത്മാവിന്റെ പ്രവർത്തനത്തെ സൂചിപ്പിക്കുന്നതായി കാണാനാവും. ലഭിക്കാൻ പോകുന്ന ദൈവിക വെളിപാടിനുള്ള ഒരുക്കമാണ് ആത്മാവിലുള്ള ലയനം. ഇനി പറയാൻ പോകുന്ന കാര്യങ്ങൾ ദൈവം വെളിപ്പെടുത്തിത്തന്നതാണെന്ന് ഇതിലൂടെ സൂചിപ്പിക്കുന്നു.

വെളിപാടു പുസ്തകത്തിന്റെ ഒന്നാം ഭാഗത്തെ ആദ്യദർശനം തുടങ്ങുന്നതുതന്നെ ഈ പ്രസ്താവനയോടെയാണ്. തുടർന്നു വരുന്നത് മനുഷ്യപുത്ര ദർശനവും ഉത്ഥിതനായ നാഥൻ സഭകൾക്കു നൽകുന്ന സന്ദേശവും. പുസ്തകത്തിന്റെ രണ്ടാം ഭാഗത്തിന്റെ തുടക്കത്തിലും ഇതുപോലൊരു അനുഭവം രേഖപ്പെടുത്തിയിട്ടുണ്ട്. "*പെട്ടെന്ന് ഞാൻ ആത്മീയാനുഭൂതിയിൽ ലയിച്ചു*" (4,2). ആദ്യത്തെ ദർശനത്തിന്റെ വിഷയം ഭൂമിയിൽ നിൽക്കുന്ന മഹത്വീകൃതനായ മനുഷ്യപുത്രനാണെങ്കിൽ രണ്ടാമത്തെ ദർശനത്തിന്റേത് സ്വർഗ്ഗവും സ്വർഗ്ഗീയ യാഥാർത്ഥ്യങ്ങളുമാണ്. രക്ഷാചരിത്രത്തെ സംബന്ധിച്ച ദൈവിക പദ്ധതിയാണ് രണ്ടാം ഭാഗത്ത് പടിപടിയായി അവതരിപ്പിക്കുന്നത്. ഈ രണ്ടു ഭാഗങ്ങളിലെയും വിവരണങ്ങൾ ഒരു ആത്മീയാനുഭൂതിയിൽ നിന്നു രൂപംകൊണ്ടതാണ്. പരിശുദ്ധാത്മാവിനാൽ പ്രകാശിതമായ മനുഷ്യാത്മാവിനു ലഭിച്ച ആന്തരികാനുഭവം-അതാണ് പരിശുദ്ധാത്മാവിന്റെ ഒരു പ്രവൃത്തി, ആത്മീയാനുഭൂതിയിലേക്കു നയിക്കുക.

ഇതേ ആശയം വ്യത്യസ്തരൂപത്തിൽ രണ്ടുതവണകൂടി ആവർത്തിക്കുന്നുണ്ട്. രണ്ടും ആത്മാവിന്റെ പ്രവർത്തനത്തെ സൂചിപ്പിക്കുന്നു: "*ആ ദൂതൻ എന്നെ ആത്മാവിൽ മരുഭൂമിയിലേക്കു നയിച്ചു*" (17,3) ക്രിസ്തുവിന്റെ മണവാട്ടിയായ സഭയെ ഉന്മൂലനം ചെയ്യാൻ ശ്രമിക്കുന്ന പൈശാചിക ശക്തിയുടെ പ്രതീകാത്മകമായ ചിത്രമാണ് യേശുവിന്റെ സാക്ഷികളുടെ രക്തം കുടിച്ച് ഉന്മത്തയായ മഹാവേശ്യ (17:1-6).

യേശുവിന്റെ സ്വർഗ്ഗാരോഹണം മുതൽ രണ്ടാം വരവുവരെയുള്ള സുദീർഘമായ കാലഘട്ടം മുഴുവൻ സഭ മരുഭൂമിയിലാണ്; കഠിനമായ പീഡനങ്ങൾക്ക് ഇരയാകുന്നു. എന്നാൽ ഈ പീഡനങ്ങൾക്ക് അറുതിയുണ്ടാകും. പീഡകനായ സാത്താൻ പരാജിതനാകും. ഉന്മൂലനം ചെയ്യപ്പെടും എന്ന് തുടർന്നു വിവരിക്കുന്നു. 18-ാം അധ്യായത്തിൽ വർണ്ണിക്കുന്ന മഹാനഗരത്തിന്റെ നാശം

ഇതിന്റെ തുടക്കമാണ്. ദൈവത്തിന്റെ ആത്മാവു മുൻകൂട്ടി നൽകുന്നതാണ് ഈ അറിവുകൾ എന്ന് മരുഭൂമിയിലേക്കു നയിക്കുന്ന ആത്മാവിന്റെ ചിത്രത്തിലൂടെ വ്യക്തമാക്കുന്നു. പരസ്യജീവിതത്തിന്റെ ആരംഭത്തിൽ സാത്താനെ പരാജയപ്പെടുത്താനായി യേശുവിനെ മരുഭൂമിയിലേക്കു നയിച്ച പരിശുദ്ധാത്മാവിനെക്കുറിച്ചുള്ള സുവിശേഷങ്ങളിലെ പരാമർശം (മത്താ 4,1) ഇവിടെ ശ്രദ്ധേയമാകുന്നു. മരുഭൂമി സാത്താന്റെ കോട്ടയാണ്. എന്നാൽ ആത്മാവിന്റെ ശക്തിയാൽ യേശു ആ കോട്ട തകർത്തു; സാത്താനെ പരാജയപ്പെടുത്തി. ആ സംഭവത്തിന്റെ പ്രതിഫലനവും ഫലവും ഇവിടെ ദൃശ്യമാകുന്നു. യേശു നേടിയ വിജയത്തിൽ സഭ പങ്കുചേരുന്നു. രണ്ടിനും പിൻബലമായി നിൽക്കുന്നത് പരിശുദ്ധാത്മാവു തന്നെ.

രക്ഷാചരിത്രത്തിന്റെ പരിസമാപ്തി കുറിക്കുന്ന പുതിയ ആകാശവും പുതിയ ഭൂമിയും, പുതിയ ജറുസലെമായി ഇറങ്ങി വരുന്നതു കാണാൻ പരിശുദ്ധാത്മാവാണ് സഹായിക്കുന്നത്. "*അവൻ ഉയരമുള്ള ഒരു മലയിലേക്ക് ആത്മാവിൽ എന്നെ കൊണ്ടുപോയി*" (20,10). 17,3 ൽ കണ്ടതിനു സമാനമാണ് ഇവിടെയും പരിശുദ്ധാത്മാവിന്റെ പ്രവർത്തനം. ദൈവിക പദ്ധതിയിൽ യാഥാർത്ഥ്യമായിക്കഴിഞ്ഞ, എന്നാൽ ചരിത്രത്തിൽ ഇനിയും നിറവേറാനിരിക്കുന്ന, പുതിയ സൃഷ്ടിയുടെ വിവരണമാണിവിടെ ലഭിക്കുന്നത്. അതും ദൈവാത്മാവിന്റെ പ്രവർത്തനഫലമാണെന്നു ഗ്രന്ഥകാരൻ സൂചിപ്പിക്കുന്നു.

ഇവിടെ കണ്ട നാലു പരാമർശങ്ങളിലും പരിശുദ്ധാത്മാവിന്റെ പ്രവർത്തനം ഒന്നുതന്നെ. മനുഷ്യാത്മാവിനെ ദൈവിക മേഖലയിലേയ്ക്കുണർത്തുന്നു. ആത്മീയാനുഭൂതിയിലൂടെ ദൈവത്തിന്റെ കണ്ണിലൂടെ ഓരോ സംഭവത്തെയും, ചരിത്രത്തെ മുഴുവനും കാണാൻ മനുഷ്യനെ സഹായിക്കുന്നു. ഈ ദർശനവും അറിവും വ്യക്തിയെ വിശ്വാസത്തിൽ ഉറപ്പിക്കുന്നു; പ്രത്യാശ ശക്തിപ്പെടുത്തുന്നു. കഠിനമായ പീഡനങ്ങൾക്കു നടുവിലും സന്തോഷമായി കഴിയാൻ സഹായിക്കുന്നു. അതാണ് ആത്മീയാനുഭൂതി നൽകുന്ന ദാനം.

**b. പ്രവചനം:** ദൈവം നൽകുന്ന സന്ദേശം മനുഷ്യനെ അറിയിക്കുന്നതിനെയാണ് പ്രവചനം എന്നു വിശേഷിപ്പിക്കുന്നത്. ദൈവത്തിന്റെ പദ്ധതിയും പ്രവർത്തനങ്ങളും അറിയാനും അതു

പ്രഘോഷിക്കാനും മനുഷ്യനെ ശക്തിപ്പെടുത്തുന്നത് ദൈവത്തിന്റെ ആത്മാവാണ്. ബൈബിളിൽ ഉടനീളം അവതരിപ്പിച്ചിരിക്കുന്ന ഈ സത്യം വെളിപാടു പുസ്തകത്തിൽ പലതവണ ആവർത്തിക്കുന്നുണ്ട്.

"*ആത്മാവ് സഭകളോട് അരുളിച്ചെയ്യുന്നത് ചെവിയുള്ളവൻ കേൾക്കട്ടെ*" (2,7) എന്ന ആഹ്വാനം ദൈവാത്മാവിന്റെ പ്രവർത്തനത്തിലേക്കു ശ്രദ്ധ ക്ഷണിക്കുന്നു. മനുഷ്യപുത്രനാണു സംസാരിക്കുന്നതെങ്കിലും (2,1) സന്ദേശം പരിശുദ്ധാത്മാവിന്റേതാണ്. സഭാസമൂഹത്തിനു മുഴുവനായും, ഓരോ അംഗത്തിനും പ്രത്യേകമായും ആവശ്യമായ ദൈവിക സന്ദേശം നൽകുന്നതു പരിശുദ്ധാത്മാവിന്റെ പ്രവൃത്തിയാണെന്ന് ഈ ആഹ്വാനം വ്യക്തമാക്കുന്നു. ഏഴു സഭകൾക്കുള്ള ലേഖനങ്ങളും ഇതേ ആഹ്വാനത്തോടെയാണവസാനിക്കുന്നത്. സഭയിൽ പ്രഘോഷിക്കപ്പെടുന്ന ദൈവവചനത്തിലൂടെ പരിശുദ്ധാത്മാവാണ് സംസാരിക്കുന്നത് എന്ന് നിരന്തരം അനുസ്മരിക്കാനും, നൽകപ്പെടുന്ന സന്ദേശം വിശ്വാസത്തോടെ സ്വീകരിച്ച് അനുസരിക്കാനും ഈ ആഹ്വാനം പ്രേരകമാകണം.

"*അവരുടെ പ്രവൃത്തികൾ അവരെ അനുഗമിക്കുന്നു എന്ന് ആത്മാവ് അരുളിച്ചെയ്യുന്നു*" (14,13). സ്വർഗ്ഗത്തിന്റെയും നരകത്തിന്റെയും പ്രതീകാത്മക ദർശനങ്ങൾ (14:1-12) അവതരിപ്പിച്ചതിനുശേഷമാണ് ഈ പ്രസ്താവന. ശാശ്വതമായ സ്വർഗ്ഗഭാഗ്യത്തെ മുന്നിൽ കണ്ടുകൊണ്ട്, പീഡനങ്ങളിൽ വിശ്വാസം നഷ്ടപ്പെടുത്താതെ ഉറച്ചുനിൽക്കാനും, പ്രലോഭനങ്ങളെ ചെറുത്തു തോല്പിക്കാനും, പരിശുദ്ധാത്മാവ് ഇവിടെ അനുസ്മരിപ്പിക്കുന്നു. ഇന്നു നാം ചെയ്യുന്ന പ്രവൃത്തികളാണ് നമ്മുടെ നിത്യജീവിതം സ്വർഗ്ഗത്തിലോ നരകത്തിലോ എന്നു നിശ്ചയിക്കുന്നത് എന്ന ഓർമ്മപ്പെടുത്തൽ ഗൗരവമായിത്തന്നെ എടുക്കണം.

"*യേശുവിനുള്ള സാക്ഷ്യമാണ് പ്രവചനത്തിന്റെ ആത്മാവ്*" (19,10). വാക്കും പ്രവൃത്തിയും വഴി, സർവ്വോപരി ജീവിതം മുഴുവൻ വഴി, യേശുവിനു സാക്ഷ്യം വഹിക്കാൻ ശിഷ്യന്മാർ വിളിക്കപ്പെട്ടിരിക്കുന്നു. യേശുതന്നെ നൽകിയതാണല്ലോ ഈ ദൗത്യം. "*പരിശുദ്ധാത്മാവു നിങ്ങളുടെ മേൽ വന്നു കഴിയുമ്പോൾ നിങ്ങൾ ശക്തി പ്രാപിക്കും... ഭൂമിയുടെ അതിർത്തികൾ വരെ നിങ്ങൾ*

*എനിക്കു സാക്ഷികളായിരിക്കുകയും ചെയ്യും*" (അപ്പ 1,8). ഈ വാഗ്ദാനവും ദൗത്യവും ഇവിടെ ആവർത്തിച്ചുറപ്പിക്കുന്നു. പരിശുദ്ധാത്മാവാണ് ക്രിസ്തു ശിഷ്യന്റെ ശക്തിസ്രോതസ്, പ്രത്യാശയുടെ ഉറവിടം.

"*ഉടനെ സംഭവിക്കാനിരിക്കുന്ന കാര്യങ്ങൾ തന്റെ ദാസന്മാർക്കു കാണിച്ചു കൊടുക്കാനായി പ്രവാചകാത്മാക്കളുടെ ദൈവമായ കർത്താവ് തന്റെ ദൂതനെ അയച്ചിരിക്കുന്നു*" (22,6). *പ്രവാചകന്മാരുടെ ആത്മാക്കൾ* എന്ന പ്രയോഗം പ്രവാചകന്മാരെ പ്രചോദിപ്പിച്ച, ദൈവവചനം നൽകി വഴി നടത്തിയ, അവരിലൂടെ ദൈവവചനം അറിയിച്ച പരിശുദ്ധാത്മാവിനെത്തന്നെയാണ് സൂചിപ്പിക്കുന്നത്. ആത്മാക്കൾ എന്ന ബഹുവചനം "സപ്താത്മാക്കൾ" എന്ന പ്രയോഗത്തിന്റെ പശ്ചാത്തലത്തിൽ മനസിലാക്കണം. വെളിപാടു പുസ്തകത്തിൽ കണ്ടതും കേട്ടതും മുഴുവൻ ദൈവത്തിന്റെ ആത്മാവു വെളിപ്പെടുത്തിത്തന്നതാണെന്ന് ഈ പ്രസ്താവനയിലൂടെ വ്യക്തമാക്കുന്നു.

ദൈവഹിതം മനുഷ്യനെ അറിയിക്കുക, ആ തിരുഹിതം അനുസരിച്ചു ജീവിക്കാൻ പ്രേരിപ്പിക്കുക, ഇതാണ് പരിശുദ്ധാത്മാവിന്റെ പ്രവർത്തനങ്ങളിൽ സുപ്രധാനമായ ഒന്ന്. അത് ആത്മീയാനുഭൂതിയിലൂടെയാവാം, ആന്തരിക പ്രചോദനങ്ങളിലൂടെയാവാം, ദർശനങ്ങളും ശ്രവണങ്ങളും വഴിയുമാവാം. ആത്മാവിന്റെ പ്രചോദനങ്ങളെ തിരിച്ചറിയണം, അനുസരിക്കണം.

**c. പുതുജീവൻ:** "*മൂന്നര ദിവസത്തിനുശേഷം ദൈവത്തിൽ നിന്നുള്ള ജീവാത്മാവ് അവരിൽ പ്രവേശിച്ചു. അവർ എഴുന്നേറ്റു നിന്നു... ഒരു മേഘത്തിൽ സ്വർഗ്ഗത്തിലേക്കു കയറി*" (11:11-12). പരിശുദ്ധാത്മാവിന്റെ മറ്റൊരു പ്രവർത്തനം ഇവിടെ രേഖപ്പെടുത്തുന്നു- മരിച്ചവർക്കു പുതുജീവൻ നൽകുക. യേശുവിനും സുവിശേഷത്തിനും വേണ്ടി ജീവൻ ത്യജിച്ചവരുടെ പ്രതീകമായ രണ്ടു സാക്ഷികളെക്കുറിച്ചുള്ള വിവരണത്തിന്റെ (11:4-13) സമാപനമാണിത്. ക്രിസ്തുവിലുള്ള വിശ്വാസത്തിന്റെ പേരിൽ വധിക്കപ്പെട്ടാലും ഭയപ്പെടേണ്ടാ. ദൈവാത്മാവ് അവരെ പുതുജീവൻ നൽകി ഉയിർപ്പിക്കും; എന്നേക്കും ദൈവത്തോടൊന്നിച്ചായിരിക്കാൻ വേണ്ടി സ്വർഗ്ഗത്തിലേക്കു സംവഹിക്കും. വിശ്വാസികൾക്ക് വലിയ ധൈര്യവും പ്രത്യാശയും നൽകുന്നതാണ് ഈ ചിത്രം.

മരിച്ചവരിൽ ജീവാത്മാവു പ്രവേശിക്കുന്ന ഈ പ്രതീകം

എസെക്കിയേൽ പ്രവാചകനുണ്ടായ ഒരു ദർശനത്തിനു സമാന മാണ്, ഉണങ്ങി വരണ്ട അസ്ഥികളിൽ പ്രവേശിച്ചു ജീവൻ നൽകിയ ജീവശ്വാസത്തിന്റെ ചിത്രം (എസെ 37:9-10). "*റുവാഹ്*" എന്ന ഹീബ്രു വാക്കാണ് ശ്വാസം എന്നു വിവർത്തനം ചെയ്തിരി ക്കുന്നത്. പ്രവാസികളായ ഇസ്രായേൽ ജനം വാഗ്ദത്തഭൂമിയി ലേക്കു മടങ്ങി വരുന്നത് ഉണങ്ങിവരണ്ട അസ്ഥികൾ ജീവൻ പ്രാപിക്കുന്നതു പോലെ ആയിരിക്കും എന്ന് എസെക്കിയേൽ പ്രവാചകനിലൂടെ പറഞ്ഞത് ഇവിടെ ഒരു യാഥാർത്ഥ്യമാകുന്നു. ദൈവത്തിന്റെ ആത്മാവ് ജീവാത്മാവാണ്, എല്ലാവർക്കും പുതു ജീവൻ നൽകുന്ന ആത്മാവ്.

**d. പ്രാർത്ഥന, ആഹ്വാനം:** "*ആത്മാവും മണവാട്ടിയും പറ യുന്നു: വരുക. കേൾക്കുന്നവൻ പറയട്ടെ, വരുക. ദാഹിക്കുന്ന വൻ വരട്ടെ. ആഗ്രഹമുള്ളവൻ ജീവന്റെ ജലം സൗജന്യമായി സ്വീക രിക്കട്ടെ*" (22,17).

പരിശുദ്ധാത്മാവിനെക്കുറിച്ചുള്ള ബൈബിളിലെ അവസാ നത്തെ പരാമർശമാണിത്. സഭയിൽ നിരന്തരം വസിക്കുകയും പ്രചോദനം നൽകി നയിക്കുകയും ചെയ്യുന്ന പരിശുദ്ധാത്മാവാണ് ഇപ്പോൾ സഭയോടൊന്നിച്ച്, സഭയിലൂടെ, ആഹ്വാനം ചെയ്യുന്നത്: വരുക! "മണവാട്ടി" എന്ന പ്രയോഗം സഭയെ സൂചിപ്പിക്കുന്നു; ആത്മാവ് പരിശുദ്ധാത്മാവിനെയും എന്നതിൽ സംശയമില്ല. എന്നാൽ ആരെയാണ് ക്ഷണിക്കുന്നത്? ആരോടാണ് വരാൻ പറ യുന്നത്? രണ്ടുത്തരങ്ങൾ സാധ്യമാണ്.

ചരിത്രത്തിന് അവസാനം കുറിച്ച്, പുതിയ ആകാശവും പുതിയ ഭൂമിയും സംജാതമാക്കാൻ വരണമേ എന്ന് യേശുവിനെ ക്ഷണിക്കുന്നു എന്നതാണ് ഒരു വ്യാഖ്യാന സാധ്യത. അതിനു മുമ്പും പിമ്പും പറയുന്ന കാര്യങ്ങൾ ഈ വ്യാഖ്യാനത്തിനു പിൻബലമായുണ്ട്. ദാവീദിന്റെ വേര്, സന്തതി, പ്രഭാതനക്ഷത്രം എന്നീ വിശേഷണങ്ങൾ രക്ഷകനായ യേശുക്രിസ്തുവിന്റെ പ്രതീ കങ്ങളാണ്. ഉദയസൂര്യൻ വരുന്നു എന്നു വിളിച്ചു പറയുന്നതാണ് പ്രഭാതനക്ഷത്രം. സകലത്തിന്റെയും നവീകരണം ഇതാ വരുന്നു എന്ന് ഈ പ്രതീകം അറിയിക്കുന്നു.

"*ഞാൻ വേഗം വരുന്നു. ആമ്മേൻ, കർത്താവായ യേശുവേ വരണമേ*" (22,20) എന്ന പ്രഖ്യാപനവും പ്രാർത്ഥനയും കൊണ്ടു പുസ്തകം അവസാനിപ്പിക്കുന്നതും യേശുവിന്റെ വരവിനു വേണ്ടി

യാണ് പ്രാർത്ഥന എന്ന വ്യാഖ്യാനത്തിനു സാധുതയായി നിൽക്കുന്നു. ആകാംക്ഷയോടെ, തീവ്രവും അഗാധവുമായ ആഗ്രഹത്തോടെ, പ്രാർത്ഥനാപൂർവ്വം, നാഥന്റെ മടങ്ങിവരവിനായി കാത്തിരിക്കുന്ന സഭ. ആ സഭയിൽ വസിക്കുന്ന, സഭയെ പ്രാർത്ഥിക്കാൻ പഠിപ്പിക്കുന്ന, സഭയോടൊന്നിച്ചു പ്രാർത്ഥിക്കുന്ന പരിശുദ്ധാത്മാവ്. യുഗാന്തോന്മുഖമാണ് ഈ വീക്ഷണം. അതിനു സഹായിക്കുന്നതാണ് പരിശുദ്ധാത്മാവ്. എന്നാൽ ഇതു മാത്രമല്ല ഈ വാക്യത്തിന്റെ അർത്ഥം.

ജീവന്റെ ജലം സൗജന്യമായി സ്വീകരിക്കാനാണ് ആഹ്വാനം ചെയ്യുന്നത് എന്നതും ശ്രദ്ധിക്കണം. അത് യേശുവിനെ ആയിരിക്കാൻ സാധ്യതയില്ല. യേശു ജീവന്റെ ജലം പാനം ചെയ്യുകയല്ല, കൊടുക്കുകയാണ് ചെയ്യുന്നത് (യോഹ 4,14; 7:38-39). പരിശുദ്ധാത്മാവിനെ സ്വീകരിക്കാനാണ് ഈ ആഹ്വാനം എന്നതിൽ സംശയമില്ല. അതിനാൽ വിശ്വാസികളെയാണ് ആഹ്വാനം ചെയ്യുന്നത് എന്നു ന്യായമായും കരുതാം. പരിശുദ്ധാത്മാവിനാൽ പ്രേരിതയായ സഭ വിശ്വാസികളെ ക്ഷണിക്കുന്നു, ആത്മാവിനെ സൗജന്യമായി സ്വീകരിക്കാൻ.

ഈ രണ്ടു വ്യാഖ്യാനങ്ങളിൽ ഏതെങ്കിലും ഒന്നുമാത്രം സ്വീകരിക്കണം എന്നില്ല. രണ്ടും പരസ്പര പൂരകങ്ങളാണ്, അതിനാൽത്തന്നെ ഒരുപോലെ സ്വീകാര്യവും. യേശുവിന്റെ രണ്ടാം വരവോടെയാണ് രക്ഷാചരിത്രം പൂർത്തിയാവുക. അതിനുവേണ്ടി പ്രത്യാശയോടെ, തീക്ഷ്ണമായി പ്രാർത്ഥിച്ചുകൊണ്ടു കാത്തിരിക്കണം. ജീവന്റെ ജലമാകുന്ന പരിശുദ്ധാത്മാവിനെ സ്വീകരിച്ച്, ആത്മാവിന്റെ പ്രേരണയ്ക്കു വഴങ്ങി, സഭാസമൂഹം ഒന്നടങ്കം പ്രാർത്ഥനാ നിരതമായി കർത്താവിന്റെ രണ്ടാം വരവിനുവേണ്ടി കാത്തിരിക്കണം.

പ്രത്യാശ നമ്മെ നിരാശരാക്കുകയില്ല. കാത്തിരുപ്പ് വൃഥാവിലാകില്ല. ആത്മാവിലൂടെ അർപ്പിക്കുന്ന പ്രാർത്ഥനയ്ക്ക് ഉത്തരം ലഭിക്കും. "**അതേ ഞാൻ വേഗം വരുന്നു**" (22,20).

# ഭാഗം - 2

# പരിശുദ്ധാത്മാവിന്റെ
# ദാനങ്ങൾ – വരങ്ങൾ – ഫലങ്ങൾ

# ആമുഖം

"***സഹോദരരേ, നിങ്ങൾ ആത്മീയ ദാനങ്ങളെക്കുറിച്ച് അറിവുള്ളവരായിരിക്കണം എന്നു ഞാൻ ആഗ്രഹിക്കുന്നു***" (1 കോറി 12,1).

മനുഷ്യമക്കളെ ദൈവമക്കളായി ദത്തെടുക്കുകയും ദൈവിക ജീവനിൽ പങ്കുകാരാക്കി വളർത്തുകയും ചെയ്യുന്നത് പരിശുദ്ധാത്മാവിന്റെ പ്രവൃത്തിയാണെന്നും നാം കണ്ടു കഴിഞ്ഞു. ആ പ്രവൃത്തികളിൽ വളരെ പ്രാധാന്യമുള്ള ഒന്നാണ് പരിശുദ്ധാത്മാവു നൽകുന്ന ദാനങ്ങളും വരങ്ങളും, അവ വഴി വിശ്വാസികളിൽ ഉളവാകുന്ന ഫലങ്ങളും. ക്രിസ്തീയ ജീവിതത്തിൽ നിർണ്ണായക പ്രാധാന്യമുള്ളതാണ് ഇവയെങ്കിലും ക്രിസ്തുവിശ്വാസികളുടെ ഇടയിൽ ഇവയെക്കുറിച്ചു വേണ്ടത്ര അറിവും അവയുടെ പ്രാധാന്യത്തെക്കുറിച്ച് അവശ്യം വേണ്ട അവബോധവും ഇല്ല എന്ന പ്രതീതി നിലനിൽക്കുന്നു.

രണ്ടാം വത്തിക്കാൻ സൂനഹദോസു നൽകിയ പുതിയ ഉണർവ്വിന്റെ വെളിച്ചത്തിൽ ശക്തിയാർജ്ജിച്ച കത്തോലിക്കാ കരിസ്മാറ്റിക് നവീകരണ മുന്നേറ്റം പരിശുദ്ധാത്മാവിന്റെ പ്രവർത്തനങ്ങൾക്ക്, പ്രത്യേകിച്ചും ദാനങ്ങൾക്കും വരങ്ങൾക്കും, വലിയ പ്രാധാന്യം നൽകുന്നുണ്ട്. അതോടൊപ്പം ഇവയെക്കുറിച്ച് പല തെറ്റായ ധാരണകളും പ്രചരിക്കുന്നുമുണ്ട്. വരങ്ങൾക്കും ദാനങ്ങൾക്കും നൽകപ്പെടുന്നത്ര പ്രാധാന്യം പരിശുദ്ധാത്മാവിന്റെ ഫലങ്ങൾക്കു നൽകപ്പെടുന്നില്ല എന്ന ഒരു വിമർശനവും നിലനിൽക്കുന്നുണ്ട്.

ഈ സാഹചര്യത്തിൽ പരിശുദ്ധാത്മാവിന്റെ ദാനങ്ങൾ, വരങ്ങൾ, ഫലങ്ങൾ എന്നിവയെക്കുറിച്ച് വ്യക്തത ലഭിക്കേണ്ടതുണ്ട്. പൗലോസിന്റെ ലേഖനങ്ങളിലും സഭയുടെ ആധികാരിക പ്രബോധനങ്ങളിലും ഇവയെക്കുറിച്ച് സാമാന്യം ദീർഘമായ പ്രബോധനങ്ങൾ കാണാം. ഫലങ്ങളെക്കുറിച്ച് ഏറ്റം വ്യക്തമായ പ്രബോ

ധനം ഗലാ 5:16-28-ൽ കാണാം. 5:22-23-ൽ ഒമ്പതു ഫലങ്ങളുടെ പട്ടിക രേഖപ്പെടുത്തിയിരിക്കുന്നു. റോമാ 12:13-21; 1 കോറി 12-14; എഫെ 4:7-16 എന്നീ വചന ഭാഗങ്ങളിൽ പരിശുദ്ധാത്മാവിന്റെ വരങ്ങളെയും ദാനങ്ങളെയുംകുറിച്ചു വിശദമായി പ്രതിപാദിക്കുന്നുണ്ട്. വരാനിരിക്കുന്ന രക്ഷക രാജാവിന്റെമേൽ പ്രവർത്തിക്കുന്ന പരിശുദ്ധാത്മാവിന്റെ സവിശേഷതകളെക്കുറിച്ച് ഏശ. 11:1-9 ൽ പറയുന്നതിന്റെ സ്വാധീനം പൗലോസിന്റെ പ്രബോധനങ്ങളിൽ ദൃശ്യമാണ്.

ഈ വിഷയത്തെക്കുറിച്ച് കത്തോലിക്കാസഭയുടെ ഔദ്യോഗിക പ്രബോധനം അനേകം രേഖകളിലൂടെ നൽകപ്പെട്ടിട്ടുണ്ട്. അവയിൽ ഏറ്റം പ്രധാനപ്പെട്ടവയാണ് താഴെപ്പറയുന്നവ. 1. രണ്ടാം വത്തിക്കാൻ സൂനഹദോസിന്റെ ഏറ്റം പ്രധാനപ്പെട്ട രേഖയായ *ലൂമെൻ ജെൻസിയും* (Lumen Gentium) ജനതകൾക്കു പ്രകാശം LG § 12; 2. കത്തോലിക്കാസഭയുടെ മതബോധനഗ്രന്ഥം (ccc) § 767-769; 798-801; 951;1831; 2002-2005; 2702-2703; 3. ലെയോ XIII "*ദിവീനും ഇല്ലുദ് മുനുസ്*" (Divivum Illud Munus- ആ ദിവ്യ ദൗത്യം) മെയ് 9, 1897; വി. ജോൺ പോൾ II "*ദോമിനും എത് വിവിഫിക്കാൻതെം*" (Dominum et vivificantem- കർത്താവും ജീവദാതാവും) മെയ് 18, 1986; 4. വിശ്വാസതിരുസംഘം (Congregation for the Doctrine of Faith) മെയ് 15, 2016-ൽ പുറപ്പെടുവിച്ച "*യുവെനേഷിത്ത് എക്ലേസിയാ*" (Juvenescit Ecclesia)- സഭയുടെ യൗവ്വനം നവീകരിക്കപ്പെടുന്നു; 5. 2014 ഏപ്രിൽ 9 മുതൽ ജൂൺ 11 വരെ, ബുധനാഴ്ച തോറുമുള്ള പൊതു സന്ദർശനവേളയിൽ, മതബോധനത്തിന്റെ ഭാഗമായി പരിശുദ്ധാത്മാവിന്റെ ദാനങ്ങളെക്കുറിച്ചു ഫ്രാൻസീസ് മാർപ്പാപ്പ നൽകിയ പ്രബോധനങ്ങൾ.

മേൽ സൂചിപ്പിച്ച ബൈബിൾ ഭാഗങ്ങളുടെയും കത്തോലിക്കാസഭയുടെ ഔദ്യോഗിക പ്രബോധനങ്ങളുടെയും വെളിച്ചത്തിൽ പരിശുദ്ധാത്മാവിന്റെ ദാനങ്ങളെയും വരങ്ങളെയും ഫലങ്ങളെയും കുറിച്ച് കഴിയുന്നത്ര ലളിതവും ഹ്രസ്വവുമായി പ്രതിപാദിക്കാനാണ് തുടർന്നു ശ്രമിക്കുന്നത്. ഈ വിഷയത്തെക്കുറിച്ച് ധാരാളം ഗ്രന്ഥങ്ങളും മലയാളത്തിൽ ലഭ്യമാണ്.

# 1

## ദാനങ്ങൾ - വരങ്ങൾ - ഫലങ്ങൾ

നമ്മുടെ ഉള്ളിൽ, വ്യക്തികളിലും സമൂഹങ്ങളിലും വസിക്കുന്ന പരിശുദ്ധാത്മശക്തിയുടെ പ്രകടനങ്ങളാണ് പൊതുവേ ദാനങ്ങളും വരങ്ങളും എന്ന പേരിൽ അറിയപ്പെടുന്നത്. ഓരോ വ്യക്തിയുടെയും സഭാസമൂഹം മുഴുവന്റെയും ജീവിതത്തെ ദൈവിക പദ്ധതിയനുസരിച്ചു രൂപപ്പെടുത്തുക, ദൈവജനത്തിന്റെ പൊതുവായ ഉപരിനന്മയ്ക്കുവേണ്ടി ഉപയോഗിക്കുക എന്നതാണ് വരദാനങ്ങളുടെ മുഖ്യലക്ഷ്യം. ഇപ്രകാരമുള്ള ആത്മാവിന്റെ പ്രവർത്തനത്തിൽ നിന്നു വ്യക്തികളിലും സമൂഹങ്ങളിലും സംജാതമാകുന്ന ദൃശ്യമായ ഫലങ്ങളെയാണ് പരിശുദ്ധാത്മാവിന്റെ ഫലങ്ങൾ എന്നു വിശേഷിപ്പിക്കുന്നത്.

ബൈബിളിൽ ഉടനീളം ദൈവത്തിന്റെ ദാനങ്ങളെയും അവയിൽനിന്നു പ്രതീക്ഷിക്കുന്ന ഫലങ്ങളെയും കുറിച്ചു പരാമർശങ്ങളുണ്ട്. എന്നാലും പല കാര്യങ്ങളിലും അവ്യക്തത നിലനിൽക്കുന്നു. ദാനവും വരവും ഒന്നുതന്നെയോ അതുരണ്ടും തമ്മിൽ വ്യത്യാസമുണ്ടോ? ഏതൊക്കെയാണ് ദാനങ്ങൾ, വരങ്ങൾ; ഫലങ്ങൾ? എത്ര ദാനങ്ങൾ? എത്ര വരങ്ങൾ? എത്ര ഫലങ്ങൾ? എന്നിങ്ങനെയുള്ള ചോദ്യങ്ങൾക്കു വ്യക്തമായ ഉത്തരം കിട്ടുക എളുപ്പമല്ല. അതിനാൽത്തന്നെ വ്യാഖ്യാതാക്കളുടെ അനുഭവങ്ങളും മനോധർമ്മവും അനുസരിച്ച് വര-ദാന-ഫലങ്ങളെ നിർവ്വചിക്കുകയും തരംതിരിക്കുകയും സാധാരണമാണ്. പൊതുവേ അംഗീകരിക്കപ്പെട്ടിരിക്കുന്ന ഒരു കാഴ്ചപ്പാടനുസരിച്ച് ദാനങ്ങൾ 7 (ഏശ 11,1-2) വരങ്ങൾ 9 (1 കോറി 12:8-10), ഫലങ്ങൾ 9 (ഗലാ 5:22-23) ആണുള്ളത്. എന്നാൽ ഈ പട്ടിക പൂർണ്ണമല്ല. ബൈബിളിൽ പൊതുവേ കാണപ്പെടുന്ന വര-ദാനങ്ങൾ ഏറെയുണ്ട്. മേലുദ്ധരിച്ച മൂന്നു ബൈബിൾ ഭാഗങ്ങളിൽ മാത്രമായി അവയെ ഒതുക്കാനും കഴിയില്ല.

### 1. വരദാനങ്ങൾ അനേകം

"*ദാനമായി ലഭിച്ചതല്ലാതെ നിനക്ക് എന്തുണ്ട്? എല്ലാം ദാനമായിരിക്കെ, ദാനമല്ല എന്ന മട്ടിൽ എന്തിനു നീ അഹങ്കരിക്കുന്നു?*" (1 കോറി 4,7) എന്ന അപ്പസ്തോലന്റെ ചോദ്യം ദാനങ്ങളെ സംബന്ധിച്ച അതിവിശാലമായ മേഖലകളിലേക്കു ശ്രദ്ധ ക്ഷണിക്കുന്നു. ജീവനും ലക്ഷ്യവും, ലക്ഷ്യ പ്രാപ്തിക്കാവശ്യമായ കഴിവുകളും എല്ലാം ദൈവം സൗജന്യമായി തരുന്ന ദാനങ്ങളാണെന്ന അവബോധം ആദ്യമേ ഉണ്ടാകണം. പരിശുദ്ധാത്മാവു തന്നെയാണ് ഏറ്റം വലിയ ദാനം എന്ന കാര്യവും മറക്കാതിരിക്കണം. ഓരോ വ്യക്തിയിലും സമൂഹത്തിലും വിവിധങ്ങളായ രീതിയിലായിരിക്കും പരിശുദ്ധാത്മാവു പ്രവർത്തിക്കുക. അതിനാൽത്തന്നെ ദാനങ്ങളിലും വ്യത്യാസങ്ങളുണ്ടാകും. എന്നാലും എല്ലാ ദാനങ്ങളും ക്രിസ്തുവിന്റെ മൗതികശരീരമായ സഭയെ പടുത്തുയർത്തുക എന്ന ലക്ഷ്യത്തോടെയാണ് നൽകപ്പെടുന്നത്.

വിവിധങ്ങളായ ദാനങ്ങളുടെയും വരങ്ങളുടെയും പേരിൽ അസ്വസ്ഥത നിലനിന്ന കോറിന്തോസിലെ ക്രൈസ്തവ സമൂഹത്തിന് എഴുതുമ്പോൾ ഇക്കാര്യം അപ്പസ്തോലൻ പ്രത്യേകം അനുസ്മരിപ്പിക്കുന്നുണ്ട്. "*ഓരോരുത്തരിലും ആത്മാവ് വെളിപ്പെടുന്നത് പൊതു നന്മയ്ക്കുവേണ്ടിയാണ്*" (1 കോറി 12,7). "*പൊതുനന്മ* എന്നു വിവർത്തനം ചെയ്യുന്ന "*സുംഫെരോൺ*" (Sumpheron)" എന്ന വാക്കിന് "*ഉപരിനന്മ*" എന്നും അർത്ഥമുണ്ട്. ഓരോ വ്യക്തിക്കും ലഭിക്കുന്ന ദാനങ്ങളും വരങ്ങളും സഭയുടെ പൊതുനന്മയ്ക്കായി ഉപയോഗിക്കണം. എന്നാൽ അതു കേവലം ഭൗതികനേട്ടങ്ങൾ എന്നതിലുപരി, ദൈവഹിതാനുസാരം, യേശുവിനും സുവിശേഷത്തിനും ലോകമധ്യേ സാക്ഷികളാകത്തക്കവിധം ജീവിക്കാൻ സഹായിക്കുകയാണ് ഈ ദാനങ്ങളുടെ ലക്ഷ്യം.

ഇപ്രകാരം പരിശുദ്ധാത്മാവിന്റെ പ്രവർത്തനങ്ങൾ പ്രകടമാക്കുന്ന വരദാനങ്ങൾ നിരവധിയുണ്ട്. *ജ്ഞാനം, വിവേകം, ഉപദേശം, ശക്തി, അറിവ്, ദൈവഭക്തി, ദൈവഭയം* എന്നീ 7 കാര്യങ്ങളാണ് ദാനങ്ങളായി പൊതുവേ പരിഗണിക്കപ്പെടുക. ഇവയെ **ഏശയ്യാ ദാനങ്ങൾ** (Isaianic gifts) എന്നു വിശേഷിപ്പിക്കാറുണ്ട്. ഇവയോടു സമാനവും എന്നാൽ അധികമൊന്നും ശ്രദ്ധിക്കപ്പെടാതെ പോകുന്നതുമായ 7 ദാനങ്ങളെക്കുറിച്ച്

സുഭാഷിതങ്ങളിൽ പരാമർശമുണ്ട്. *അറിവ്, വിവേചനശക്തി, ദൈവഭക്തി, വിനയം, മാർഗ്ഗനിർദ്ദേശവൈഭവം, കാര്യശേഷി, ശക്തി* അതോടൊപ്പം *സമ്പത്തും ബഹുമാനവും നിലനിൽക്കുന്ന ഐശ്വര്യവും* എന്നീ ഭൗതിക പ്രധാനമായ ദാനങ്ങളും ഇവിടെ വാഗ്ദാനം ചെയ്യപ്പെടുന്നു (സുഭാ 8:12-21). ഇവയെല്ലാം ജ്ഞാനം നൽകുന്ന ദാനങ്ങളായിട്ടാണ് ചിത്രീകരിക്കപ്പെട്ടിരിക്കുന്നത് എന്ന ഒരു സവിശേഷതയുണ്ട്. അതേ സമയം ഏശയ്യായിൽ എന്നതു പോലെത്തന്നെ ഇവിടെയും ഈ വരദാനങ്ങളെല്ലാം നീതിനിഷ്ഠമായ ഒരു സമൂഹനിർമ്മിതിക്കു ഭരണാധികാരികളെ സഹായിക്കുന്നതിനാണ് നൽകപ്പെടുന്നത് എന്നു പ്രത്യേകം അനുസ്മരിപ്പിക്കുന്നു.

*പ്രവചനം, ശുശ്രൂഷ, പ്രബോധനം, ഉപദേശം, ദാനം, നേതൃത്വം, കാരുണ്യപ്രവൃത്തി* എന്നീ 7 കാര്യങ്ങൾ **റോമൻ വരങ്ങൾ** (Roman Gifts) എന്നറിയപ്പെടുന്നു (റോമാ 12:6-8). *വിവേകം, ജ്ഞാനം, വിശ്വാസം, രോഗശാന്തി, അത്ഭുതപ്രവർത്തനങ്ങൾ, പ്രവചനം, ആത്മാക്കളെ വിവേചിച്ചറിയാൻ കഴിവു നൽകുന്ന വിവേചനം, ഭാഷ, വ്യാഖ്യാനം* എന്നീ 9 കാര്യങ്ങൾ **കൊറിന്ത്യൻ വരങ്ങൾ** (Corinthian gifts) (1കോറി 12:8-10) എന്ന പേരിൽ അറിയപ്പെടാറുണ്ട്. ഇതിനു പുറമേ *അപ്പസ്തോലന്മാർ, പ്രവാചകന്മാർ, പ്രബോധകർ, അത്ഭുതപ്രവർത്തകർ, രോഗശാന്തി നൽകുന്നവർ, സഹായകർ, ഭരണകർത്താക്കൾ, ഭാഷാവരമുള്ളവർ* എന്നീ 8 വരങ്ങൾ (1കോറി 12:27-30) **കൊറിന്ത്യൻ വരങ്ങൾ** എന്നും **ശുശ്രൂഷാവരങ്ങൾ** എന്നും അറിയപ്പെടാറുണ്ട്. *അപ്പസ്തോലന്മാർ, പ്രവാചകന്മാർ, സുവിശേഷ പ്രഘോഷകർ, ഇടയന്മാർ, പ്രബോധകർ* എന്നിങ്ങനെ 5 കാര്യങ്ങൾ **എഫേസിയൻ വരങ്ങൾ** (എഫേ 4,11) എന്നും അറിയപ്പെടാറുണ്ട്. ഇവയേക്കാൾ എല്ലാം പ്രധാനപ്പെട്ട ദാനമാണ് **സ്നേഹം** എന്ന് അപ്പസ്തോലൻ ഉദ്ബോധിപ്പിക്കുന്നു (1 കോറി 13:31-13:13).

യേശുതന്നെ ശിഷ്യന്മാർക്കു ലഭിക്കാൻ പോകുന്ന ദാനങ്ങളെക്കുറിച്ചു വാഗ്ദാനം നൽകിയിട്ടുണ്ട്. പരിശുദ്ധാത്മാവ് അവരുടെ മേൽ വന്നു കഴിയുമ്പോൾ അവർ ശക്തിയാർജ്ജിക്കും. ലോകമെങ്ങും സുവിശേഷം അറിയിക്കാൻ ആത്മാവ് അവരെ പ്രചോദിപ്പിക്കും, പ്രാപ്തരാക്കും (അപ്പ 1,8). ഉത്ഥിതനായ നാഥൻ സ്വർഗ്ഗാരോഹണത്തിനു മുമ്പ് ശിഷ്യന്മാരെ സുവിശേഷ പ്രഘോ

ഷണത്തിനായി അയയ്ക്കുമ്പോൾ നൽകുന്ന 5 പ്രത്യേക വരങ്ങൾ മർക്കോസ് എടുത്തു പറയുന്നുണ്ട്. അവയെല്ലാം വിശ്വാസത്തിലേക്കു നയിക്കുന്ന അടയാളങ്ങളായിരിക്കും. *പിശാചുക്കളെ ബഹിഷ്കരിക്കും, പുതിയ ഭാഷകൾ സംസാരിക്കും, സർപ്പങ്ങളെ കയ്യിൽ എടുക്കും, മാരക വിഷം കുടിച്ചാലും ഉപദ്രവുണ്ടാകില്ല; രോഗശാന്തി നല്കും* (മർക്കോ 16:17-18). ദൈവരാജ്യത്തിനുവേണ്ടി പൂർണ്ണമായി സ്വയം സമർപ്പിക്കുന്ന *ബ്രഹ്മചര്യം (കന്യാവ്രതം)* ദൈവത്തിന്റെ പ്രത്യേകദാനമാണെന്ന് യേശു ശിഷ്യന്മാരെ ഉദ്ബോധിപ്പിച്ചിട്ടുണ്ട് (മത്താ 19,11). ബ്രഹ്മചര്യവും കുടുംബജീവിതവും ദൈവം നൽകുന്ന വിളികളും ദാനങ്ങളുമാണെന്ന് പൗലോസ് അനുസ്മരിപ്പിക്കുന്നു (1 കോറി 7).

ഇങ്ങനെ നോക്കുമ്പോൾ ദാനങ്ങൾ 7, വരങ്ങൾ 9, എന്ന പൊതു നിലപാട് അതേപടി സ്വീകരിക്കാനാവില്ല. പൊതുവായി കണക്കിലെടുക്കുമ്പോൾ നാല്പതിൽപരം വരദാനങ്ങളെ ബൈബിളിൽത്തന്നെ കാണാനാവും. തന്നെയുമല്ല, വരങ്ങൾ, ദാനങ്ങൾ എന്ന വേർതിരിവുപോലും സൂക്ഷ്മമായി പരിശോധിക്കുമ്പോൾ ബൈബിളിന്റെ അടിസ്ഥാനത്തിൽ സ്വീകാര്യമാവില്ല.

ഫലങ്ങളെ സംബന്ധിച്ച് ഇപ്രകാരം രൂക്ഷമായൊരു അനിശ്ചിതത്വമില്ല. *സ്നേഹം, ആനന്ദം, സമാധാനം, ക്ഷമ, ദയ, നന്മ, വിശ്വസ്തത, സൗമ്യത, ആത്മസംയമനം* എന്നിങ്ങനെ 9 ഫലങ്ങൾ എന്നു ഗലാ 5:22-23 അടിസ്ഥാനമാക്കി സ്വീകരിക്കപ്പെട്ടിരിക്കുന്നു. അപ്പോഴും സ്നേഹം ദാനമോ, വരമോ, ഫലമോ എന്ന ചോദ്യം നിലനിൽക്കുന്നു. അതിനാൽ വ്യക്തികളിലും സഭാസമൂഹങ്ങളിലും ഈ പ്രപഞ്ചം മുഴുവനിലുമുള്ള ദൈവാത്മാവിന്റെ പ്രവർത്തനങ്ങളെ അക്കമിട്ട് എണ്ണി തിട്ടപ്പെടുത്താനും കൃത്യമായ നിർവ്വചനങ്ങളിലൂടെ വേർതിരിച്ചു കാണാനുമുള്ള ശ്രമം ആത്യന്തികമായി ഫലശൂന്യമാകും. എന്നാലും വ്യക്തികളുടെയും സമൂഹങ്ങളുടെയും അനുഭവങ്ങളും കത്തോലിക്കാ സഭയുടെ ആധികാരിക പ്രബോധനങ്ങളും അടിസ്ഥാനമാക്കി ചില വിഭജനങ്ങളും നിർവ്വചനങ്ങളും പരിശുദ്ധാത്മാവിന്റെ പ്രവർത്തനങ്ങൾ ഗ്രഹിക്കാനും അവയ്ക്കു വിധേയപ്പെട്ട് ജീവിക്കാനും സഹായിക്കും എന്നതിൽ തർക്കമില്ല. അതിനാൽ പൊതുവേ അംഗീകരിക്കപ്പെട്ടിരിക്കുന്ന വിഭജനക്രമവും വിശദീകരണങ്ങളും അനുസരിച്ചാണ് വരദാന ഫലങ്ങലെക്കുറിച്ച് തുടർന്ന് പ്രതിപാദിക്കുന്നത്.

## 2. ചില പദങ്ങൾ

ദാനങ്ങൾ, വരങ്ങൾ എന്ന രണ്ടു പദങ്ങളാണ് ഇവിടെ മുഖ്യ ചർച്ചാവിഷയം. വ്യക്തികളിലും സമൂഹങ്ങളിലുമുള്ള പരിശുദ്ധാത്മാവിന്റെ പ്രചോദനങ്ങളെയും അതുവഴിയുണ്ടാകുന്ന പ്രവർത്തനങ്ങളെയുമാണ് ഇതു സൂചിപ്പിക്കുന്നത്. രണ്ടും പലപ്പോഴും ഒരേ അർത്ഥത്തിൽത്തന്നെ ഉപയോഗിക്കാറുമുണ്ട്. കൊടുക്കുന്ന ആളുടെ ഭാഗത്തുനിന്നു നോക്കുമ്പോൾ ദാനം എന്നും സ്വീകരിക്കുന്ന ആളിന്റെ ഭാഗത്തു നിന്നു നോക്കുമ്പോൾ വരം എന്നും ഒരേ യാഥാർത്ഥ്യത്തെ വിശേഷിപ്പിക്കുന്നതായി കാണാം. മൂലഭാഷയായ ഗ്രീക്കിലും നില സമാനമാണ്.

**കരിസ്മ-കരിസ്മാറ്റിക്** (Charisma): പരിശുദ്ധാത്മാവിന്റെ പ്രവർത്തനങ്ങളെ സൂചിപ്പിക്കാൻ ഉപയോഗിക്കുന്ന "*ദാനം*" എന്ന വാക്ക് അധികപങ്കും "*കരിസ്മ*" എന്ന ഗ്രീക്കു വാക്കിന്റെ വിവർത്തനമാണ്. ബഹുവചനം "*കരിസ്മാത്ത*". ഇതിന്റെ വിശേഷണമാണ് *കരിസ്മാറ്റിക്*. "കൃപ" എന്നർത്ഥമുള്ള "*കാരിസ്*" എന്ന വാക്കുമായി ബന്ധപ്പെട്ടതാണ് "*കരിസ്മ*". അതിനാൽ ഇതിനെ **കൃപാദാനം** എന്നും വിവർത്തനം ചെയ്യാം.

**പ്നെവുമാത്തിക്കാ** (Pneumatika): ആത്മാവ് എന്നർത്ഥമുള്ള "*പ്നെവുമാ*" എന്ന വാക്കിൽ നിന്നാണ് ഈ വിശേഷണം. ആത്മാവിനോടു ബന്ധപ്പെട്ടത്, ആത്മീയം എന്നർത്ഥം. ഭൗതികം, ജഡികം എന്നതിനു വിരുദ്ധമായി നിൽക്കുന്നു ആത്മീയം (1 കോറി 2:10-14). ആത്മീയദാനങ്ങൾ എന്നും പരിശുദ്ധാത്മാവിന്റെ ദാനങ്ങളെ അനേകം തവണ വിശേഷിപ്പിക്കുന്നുണ്ട് (റോമ 1,11; 1 കോറി 12,1;14,1).

**ദോറെയാ** - (Dorea): സൗജന്യമായി നൽകപ്പെട്ടത് എന്നാണ് ഈ വാക്കിനർത്ഥം. ഇതും ദാനം എന്നു വിവർത്തനം ചെയ്യാറുണ്ട്. തന്നോടു ചോദിക്കുന്നവർക്ക് ജീവജലമാകുന്ന പരിശുദ്ധാത്മാവിനെ ദാനമായി നൽകും എന്ന് യേശു സമറിയാക്കാരിയോടു പറയുമ്പോൾ "*ദോറെയാ*" എന്ന പദമാണുപയോഗിക്കുന്നത്. "*ദൈവത്തിന്റെ ദാനം എന്തെന്നും.... നീ അറിഞ്ഞിരുന്നെങ്കിൽ*" (യോഹ 4,10). കാരിസ് എന്ന പദവുമായി ബന്ധപ്പെടുത്തിയാണ് പൗലോസിന്റെ ലേഖനങ്ങളിൽ ഈ വാക്കുപയോഗിച്ചിരിക്കുന്നത്. "കൃപാദാനം" എന്നു വിവർത്തനം

ചെയ്യാം. "*യേശുക്രിസ്തുവെന്ന ഒരു മനുഷ്യന്റെ കൃപാദാനം*" (റോമാ 5,15) ഉദാഹരണം.

**എനെർഗെമാ** (energema): പ്രവർത്തിക്കുക എന്നർത്ഥമുള്ള "*എനെർഗെയോ*" (energeo) എന്ന ക്രിയാധാതുവിൽ നിന്നാണ് ഈ വാക്കിന്റെ ഉത്ഭവം. *എനെർജി* (energy) എന്ന ഇംഗ്ലീഷ് വാക്കും ഇതിൽനിന്നു വരുന്നു. ശക്തി എന്നർത്ഥം. അസാധാരണമായ ശക്തിപ്രകടനം എന്നാണ് "എനെർഗെമാ" എന്ന വാക്കിനർത്ഥം. ഇതു പരിശുദ്ധാത്മാവിന്റെ സഹായത്താൽ നടക്കുന്ന അത്ഭുത പ്രവർത്തനങ്ങളെ സൂചിപ്പിക്കുന്നു (1 കോറി 12:6-10).

പല വാക്കുകൾ ഉപയോഗിക്കുമ്പോഴും കേന്ദ്രവത്തായ ആശയത്തിൽ വ്യത്യാസമില്ല. സഭാസമൂഹത്തെ വിശ്വാസത്തിലും സ്നേഹത്തിലും പ്രത്യാശയോടെ പടുത്തുയർത്താൻ പരിശുദ്ധാത്മാവു നയിക്കുന്ന പ്രവർത്തനങ്ങളും നൽകുന്ന സഹായങ്ങളുമാണ് വരദാനങ്ങൾ. അവയിലൂടെ സംജാതമാകുന്നതാണ് ഫലങ്ങൾ.

### 3. വരദാനങ്ങൾ സുപ്രധാനം

ദൈവജനത്തെ പരിശുദ്ധാത്മാവ് വരദാനങ്ങളാൽ നിറച്ചു നയിക്കുന്നതിനെക്കുറിച്ച് "ജനതകൾക്കു പ്രകാശം" (LG) എന്ന രണ്ടാം വത്തിക്കാൻ സൂനഹദോസിന്റെ ഏറ്റം അടിസ്ഥാന പരമായ പ്രമാണരേഖ നൽകുന്ന പ്രബോധനം നിർണ്ണായകമായ വഴികാട്ടിയാണ്.

"*പരിശുദ്ധാത്മാവ് കൂദാശകളും വിശുദ്ധ ശുശ്രൂഷകളും വഴി മാത്രമല്ല ദൈവജനത്തെ വിശുദ്ധീകരിക്കുന്നതും നയിക്കുന്നതും അവരെ പുണ്യങ്ങളാൽ അലംകൃതരാക്കുന്നതും, പ്രത്യുത തന്റെ ഇച്ഛയ്ക്കൊത്ത് ഓരോരുത്തർക്കും വീതിച്ചു കൊടുത്തുകൊണ്ടും (1കോറി 12,1) എല്ലാ ജീവിതാന്തസ്സിലുമുള്ള വിശ്വാസികൾക്കിടയിൽ പ്രത്യേക വരദാനങ്ങൾ വിതരണം ചെയ്തുകൊണ്ടുമാണ്. ഇതുവഴി അവർ വിവിധ കർത്തവ്യങ്ങളും ജീവിതപദവികളും ഏറ്റെടുക്കാൻ കൂടുതൽ അനുരൂപരും ഉത്സുകരും ആക്കപ്പെടുന്നു. "ഓരോരുത്തരിലും ആത്മാവു വെളിപ്പെടുന്നത് പൊതു നന്മയ്ക്കു വേണ്ടിയാണ്" (1കോറി 12,7) എന്ന വചനത്തിനനുസൃതമായി സഭയുടെ നവീകരണത്തിനും ഉത്തരോത്തരമുള്ള പ്രയോജന*

*പ്രദമായ അഭ്യുന്നതിക്കും വേണ്ടിയാണിത്. ഈ സിദ്ധികൾ ഏറ്റം വ്യക്തമായിട്ടുള്ളവയോ കൂടുതൽ ലളിതമോ അതിസാധാരണമോ ആയാലും, സഭയുടെ ആവശ്യങ്ങൾക്ക് ഏറ്റവും അനുരൂപവും ഉപകാരപ്രദവുമാകയാൽ, കൃതജ്ഞതയോടും സമാധാനത്തോടും കൂടെ സ്വീകരിക്കപ്പെടണം. അസാധാരണ വരദാനങ്ങൾ നമുക്കു തോന്നും പടി പ്രതീക്ഷിക്കാവുന്നവയല്ല. അവയിൽ നിന്ന് പ്രേഷിതപ്രവൃത്തികളുടെ ഫലവും തിടുക്കത്തിൽ പ്രതീക്ഷിക്കേണ്ടതില്ല. പ്രത്യുത, അവയുടെ യാഥാർത്ഥ്യത്തെപ്പറ്റിയും ക്രമവൽകൃതമായ വിനിയോഗത്തെപ്പറ്റിയും വിധിപറയുക തിരുസഭയിലെ അധികാരികളുടെയും പ്രത്യേക പ്രാഗത്ഭ്യമുള്ളവരുടെയും അവകാശമാണ്. ആത്മാവിനെ കെടുത്തിക്കളയാനല്ല, പ്രത്യുത എല്ലാം പരിശോധിക്കാനും നന്മ ആയിട്ടുള്ളതിനെ മുറുകെപ്പിടിക്കാനും വേണ്ടിയാണിത്* (1 തെസ 5:12. 19-21) (LG **§**12)".

# 2

## ഏഴു ദാനങ്ങൾ

രണ്ടാം വത്തിക്കാൻ സൂനഹദോസിന്റെ പൊതുവായ പ്രബോധനത്തെ കത്തോലിക്കാസഭയുടെ മതബോധനഗ്രന്ഥം പരിശുദ്ധാത്മാവിന്റെ ദാനങ്ങളും ഫലങ്ങളും എന്നു രണ്ടു വിഭാഗങ്ങളായി തിരിച്ച് അവതരിപ്പിക്കുന്നുണ്ട്. എന്താണ് ദാനങ്ങൾ എന്നു രേഖ ഇപ്രകാരം വിശദീകരിക്കുന്നു.

*"ക്രൈസ്തവരുടെ ധാർമ്മികജീവിതം പരിശുദ്ധാത്മാവിന്റെ ദാനങ്ങളാൽ നിലനിറുത്തപ്പെടുന്നു. പരിശുദ്ധാത്മാവിന്റെ പ്രചോദനങ്ങളെ അനുസരിക്കുന്നതിന് മനുഷ്യനെ ശിക്ഷണക്ഷമതയുള്ളവനാക്കുന്ന സ്ഥിരമനോഭാവങ്ങളാണവ.*

*"പരിശുദ്ധാത്മാവിന്റെ ഏഴുദാനങ്ങൾ, ജ്ഞാനം, ഗ്രഹണശക്തി, ആലോചന, മനഃസ്ഥൈര്യം, അറിവ്, ഭക്തി, ദൈവഭയം എന്നിവയാണ്. അവ അവയുടെ പൂർണ്ണതയിൽ ദാവീദിന്റെ പുത്രനായ ക്രിസ്തുവിന്റേതാണ്. അവിടുത്തെ സ്വീകരിക്കുന്നവരുടെ സുകൃതങ്ങളെ അവ നയിക്കുകയും പരിപൂർണ്ണമാക്കുകയും ചെയ്യുന്നു. അവ വിശ്വാസികളെ, ദൈവിക പ്രചോദനങ്ങളെ സന്നദ്ധതയോടെ അനുസരിക്കാൻ കഴിവുള്ളവരാക്കുന്നു"* (ccc 1830-31).

പരിശുദ്ധാത്മാവിന്റെ ഏഴു ദാനങ്ങളെക്കുറിച്ചുള്ള കത്തോലിക്കാസഭയുടെ പ്രബോധനം മിശിഹാരാജാവിനെക്കുറിച്ചുള്ള ഏശയ്യായുടെ പ്രവചനത്തിൽ (ഏശ 11:1-9) വേരൂന്നിയതാണ്. ആത്മാവിന്റെ ദാനങ്ങൾ എന്നതിനേക്കാൾ ആത്മാവിന്റെ സവിശേഷതകൾ എന്ന വിധത്തിലാണ് പ്രവാചകൻ പറയുന്നത്: *"കർത്താവിന്റെ ആത്മാവ് അവന്റെ മേൽ ആവസിക്കും. ജ്ഞാനത്തിന്റെയും വിവേകത്തിന്റെയും ആത്മാവ്; ഉപദേശത്തിന്റെയും ശക്തിയുടെയും ആത്മാവ്; അറിവിന്റെയും ദൈവഭക്തിയുടെയും ആത്മാവ്. അവൻ ദൈവഭക്തിയിൽ ആനന്ദം കൊള്ളും"* (ഏശ 11:2-3).

"*ദൈവഭക്തി*" എന്നു പി.ഒ.സി ബൈബിൾ വിവർത്തനം ചെയ്യുന്നത് "*യിറ്അത്-യാഹ്വേ*" എന്ന ഹീബ്രു വാക്കുകളാണ് "*കർത്തൃഭയം*" എന്നു വാച്യാർത്ഥം. ദൈവഭയം എന്നും വിവർത്തനം ചെയ്യാം. ഏശ 11:2-3 വാക്യങ്ങളിൽ ഇതേപദം ആവർത്തിച്ചിരിക്കുന്നതിനാൽ രണ്ടുതവണയും "ദൈവഭക്തി" എന്നു വിവർത്തനം ചെയ്തിരിക്കുന്നു. ഇതുമാത്രം കണക്കിലെടുത്താൽ ദാനങ്ങൾ ഏഴില്ല. ആറേ ഉള്ളൂ എന്നു പറയേണ്ടി വരും. എന്നാൽ ഈ വാക്യങ്ങൾ ഗ്രീക്കു വിവർത്തനമായ സപ്തതിയിൽ 11,2 ൽ *ദൈവഭക്തി* (*എവുസേബിയാ*-eusebia) എന്നും 11,3 ൽ *ദൈവഭയം* (*ഫോബോസ് ഥെവു*-Phobos Theou) എന്നും വിവർത്തനം ചെയ്തു. ഈ വിവർത്തനമാണ് വി. ജറോം വുൾഗാത്ത എന്ന ലത്തീൻ വിവർത്തനത്തിനുപയോഗിച്ചത്. ആദ്യത്തേത് ദൈവഭക്തി (*പിയെതാസ്*-Pietas-Piety) എന്നും രണ്ടാമത്തേത് ദൈവഭയം (*തീമോർ ദോമിനി* - timor domini - fear of the Lord) എന്നും വിവർത്തനം ചെയ്തു. ഇവിടെ നിന്നാണ് ആത്മാവിന്റെ ദാനങ്ങൾ 7 എന്ന നിലപാടുണ്ടായത്. ഈ ഏഴു ദാനങ്ങളിൽ ഓരോന്നിനെയും കുറിച്ച് വളരെ ലളിതമായി ഫ്രാൻസീസ് പാപ്പ പഠിപ്പിക്കുകയുണ്ടായി. ആ പ്രബോധനത്തിന്റെ ചുവടു പിടിച്ചാണ് ഓരോ ദാനത്തെയും കുറിച്ച് ചുരുക്കമായി ഇവിടെ പ്രതിപാദിക്കുന്നത്.

**1. ജ്ഞാനം (Wisdom):** എല്ലാ കാര്യങ്ങളും ദൈവത്തിന്റെ കണ്ണിലൂടെ നോക്കിക്കാണാൻ ലഭിക്കുന്ന കൃപാദാനമാണ് ജ്ഞാനം. ആഴമേറിയ ദൈവാനുഭവത്തിൽ നിന്നുരുത്തിരിയുന്നതാണിത്. ദൈവത്തെയും അവിടുത്തെ പദ്ധതികളെയും അനുഭവിച്ചറിഞ്ഞ്, ആ അനുഭവത്തിന്റെ വെളിച്ചത്തിൽ എല്ലാ കാര്യങ്ങളെയും വിലയിരുത്താനും ഉചിതമായ തീരുമാനങ്ങൾ എടുക്കാനും ജ്ഞാനം നമ്മെ ശക്തിപ്പെടുത്തുന്നു. ദൈവകരങ്ങളിൽ നിരുപാധികം വിട്ടുകൊടുക്കാൻ ജ്ഞാനം നമ്മെ പ്രേരിപ്പിക്കുന്നു. മുഖ്യമായും അനുഭവതലത്തിൽ പ്രവർത്തിക്കുന്ന ദാനമാണ് ജ്ഞാനം. ഒരു തരി ഉപ്പ് നാവിൽ വച്ചുകൊടുത്തിട്ട്, കുഞ്ഞേ ഇതാണ് ഉപ്പ് എന്നു പറയുമ്പോൾ കുഞ്ഞിനുണ്ടാകുന്ന അനുഭവത്തോട് ഇതിനെ ഉപമിക്കാം.

**2. ബുദ്ധി അഥവാ ഗ്രഹണശക്തി (Understanding):** ഭൗതിക യാഥാർത്ഥ്യങ്ങളെയും സാഹചര്യങ്ങളെയും ദൈവം ഗ്രഹിക്കുന്നതുപോലെ, ദൈവത്തിന്റെ മനസുകൊണ്ടു ഗ്രഹി

ക്കാൻ നമ്മെ പ്രാപ്തരാക്കുന്ന ദാനമാണ് ബുദ്ധി അഥവാ ഗ്രഹണശക്തി. വസ്തുതകളെയും സാഹചര്യങ്ങളെയും വെറും മാനുഷികമായ കാഴ്ചപ്പാടിൽ കാണുകയും വിലയിരുത്തുകയും തീരുമാനമെടുക്കുകയും ചെയ്യുന്നതിനു പകരം ദൈവം എന്താഗ്രഹിക്കുന്നു എന്ന് വെളിപ്പെടുത്തുകയും അതനുസരിച്ച് പ്രവർത്തിക്കാൻ സഹായിക്കുകയും ചെയ്യുന്നു.

ഇത് വിശ്വാസസത്യങ്ങളുടെ ആന്തരികാർത്ഥം വ്യക്തമാക്കിത്തരുന്നു. ദൈവവും സൃഷ്ടികളും തമ്മിലുള്ള ബന്ധം വ്യക്തമാക്കുന്നു. ദൈവവചനത്തിന്റെ ഉള്ളറകൾ തുറന്നു തരുന്നു. അനുദിനയാഥാർത്ഥ്യങ്ങളെയും ആനുകാലിക സംഭവങ്ങളെയും കുറിച്ച് ദൈവിക വെളിപ്പെടുത്തലുകൾ ഗ്രഹിക്കാൻ ശക്തിനൽകുന്നു. ഹൃദയം കഠിനമാക്കാതെ ശിശുക്കളെപ്പോലുള്ളവർക്കാണ് ഈ ഗ്രഹണശക്തി ലഭിക്കുക (ലൂക്കാ 10,21; 12:54-56).

**3. ആലോചന (Counsel):** യേശുവിന്റെയും സുവിശേഷത്തിന്റെയും യുക്തിക്കനുസരിച്ച്, ദൈവവുമായുള്ള ഐക്യത്തിൽ തീരുമാനങ്ങളെടുക്കാൻ മനഃസാക്ഷിയെ ഉദ്ദീപിപ്പിക്കുന്ന പരിശുദ്ധാത്മദാനമാണ് ആലോചന. സ്വന്തം വ്യക്തിപരമായ ജീവിതത്തിൽ മാത്രമല്ല, താനുമായി ബന്ധപ്പെടുന്നവരെ അവരുടേതായ ജീവിതസാഹചര്യങ്ങളിൽ, ദൈവത്തിന്റെ ഹിതത്തിനനുസൃതമായ തീരുമാനം എടുക്കാൻ സഹായിക്കുന്നതും ആലോചന എന്നും ഉപദേശം എന്നും വിളിക്കാറുള്ള ദാനമാണ്. ഇന്ന് വളരെയേറെ പ്രചാരത്തിലിരിക്കുന്ന *കൗൺസിലിംഗ്* എന്നു വിളിക്കുന്നതും ഈ ദാനത്തെത്തന്നെ.

മനഃശാസ്ത്രവിദഗ്ധർ നടത്തുന്ന ശാസ്ത്രീയ കൗൺസലിംഗ് എന്നതിനേക്കാൾ പരിശുദ്ധാത്മാവിന്റെ പ്രത്യേക പ്രചോദനത്താൽ നൽകപ്പെടുന്ന ഉപദേശമാണ് ഇവിടെ വിവക്ഷിക്കുക. ഇതു രണ്ടും തമ്മിൽ വൈരുദ്ധ്യമുണ്ടാകേണ്ടതില്ല; മറിച്ച് സഹകരിച്ചു പ്രവർത്തിക്കുന്നതു കൂടുതൽ ഉപകാരപ്രദമാകും. അതേസമയം വ്യക്തികൾക്കുണ്ടാകുന്ന തോന്നലുകൾ എല്ലാം പരിശുദ്ധാത്മാവു നൽകുന്ന ആലോചന ആയിരിക്കണം എന്നില്ല. അതിനാൽ ഏറെ വിവേകവും വിവേചനവും ആവശ്യമുള്ള ഒരു മേഖലയാണിത്.

**4. മനഃസ്ഥൈര്യം (Fortitude):** ആത്മശക്തി എന്നും ധൈര്യം എന്നും ഈ ദാനത്തെ വിശേഷിപ്പിക്കാറുണ്ട്. സത്യ

ത്തിനും നീതിക്കും വേണ്ടി ഉറച്ച നിലപാടു സ്വീകരിക്കാനും പ്രതിബന്ധങ്ങളെ സധൈര്യം നേരിടാനും മറികടക്കാനും സഹായിക്കുന്ന ദാനമാണിത് (അപ്പ 21,13). സുവിശേഷപ്രഘോഷണ രംഗത്ത് എന്നും പ്രകടമാകുന്നതാണ് ഈ ദാനം. എന്നാൽ അതു മാത്രമല്ല, യേശുക്രിസ്തുവിന്റെ അനുയായി എന്ന നിലയിൽ, ഏതു ജീവിതാന്തസ്സിലുള്ളവർക്കും, ഏതു മേഖലയിൽ പ്രവർത്തിക്കുന്നവർക്കും യേശുവിനു സാക്ഷ്യം വഹിച്ചു ജീവിക്കാൻ മനഃസ്ഥൈര്യം എന്ന ദാനം സഹായിക്കുന്നു.

**5. അറിവ് (Knowledge):** ദൈവത്തിന്റെ മഹത്വവും സ്നേഹവും, ദൈവത്തിന് ഓരോ സൃഷ്ടിയോടുമുള്ള ബന്ധവും ഗ്രഹിക്കാൻ പരിശുദ്ധാത്മാവു നൽകുന്ന കഴിവാണ് അറിവ്. തന്നെ സംബന്ധിച്ച് ദൈവത്തിന്റെ പദ്ധതി അറിയാനും അതനുസരിച്ചു ജീവിക്കാനും ഈ അറിവ് ഓരോ വ്യക്തിയെയും സഹായിക്കുന്നു. എല്ലാവരിലും ക്രിസ്തുവിന്റെ സാന്നിധ്യം തിരിച്ചറിയാൻ ഈ അറിവ് പ്രചോദിപ്പിക്കുന്നു. ഇതുവഴി എല്ലാ സംഭവങ്ങളിലും ദൈവിക പരിപാലന ദർശിക്കാൻ കഴിയുന്നു. ദൈവിക വെളിപാടുകളെക്കുറിച്ച് ആഴമേറിയ ഉൾക്കാഴ്ചകൾ ലഭിക്കുന്നു.

ദൈവവചനത്തിൽ വിശ്വസിക്കാനും ആശ്രയിക്കാനും ഈ അറിവ് സഹായിക്കുന്നു. ദൈവത്തിന്റെ എഴുതപ്പെട്ട വചനവും കത്തോലിക്കാസഭയുടെ ആധികാരിക പ്രബോധനങ്ങളും അനുദിനം പഠനവിഷയമാക്കുന്നതിലൂടെ ഈ അറിവിൽ ആഴപ്പെടാൻ സാധിക്കും. ദൈവപുത്രനും മാനവരക്ഷകനുമായ യേശുക്രിസ്തുവിനെ അറിയുന്നതാണ് ഏറ്റം വലിയ അറിവ് (ഫിലി 3,8). ഈ അറിവ് എല്ലാവർക്കും നൽകാൻ ദൈവം ആഗ്രഹിക്കുന്നു (1 തിമോ 2,4).

**6. ദൈവഭക്തി (Piety):** ദൈവത്തോടുള്ള നമ്മുടെ അഗാധവും ദൃഢവുമായ ബന്ധമാണ് ഭക്തി. സന്തോഷത്തിന്റെയും ദുഃഖത്തിന്റെയും അവസരങ്ങളിലും ഏറ്റം സങ്കീർണ്ണമായ പ്രശ്നങ്ങളുടെ നടുവിലും ജീവിതത്തിന് അർത്ഥവും ലക്ഷ്യബോധവും പ്രത്യാശയും നൽകാൻ ഭക്തി സഹായിക്കുന്നു. ദൈവം ഒരിക്കലും കൈവിടുകയില്ല എന്ന ഉറച്ചബോധ്യം നൽകുന്നു. ദൈവത്തോട് ശിശുസഹജമായ സ്നേഹവും ആശ്രയബോധവും മനസിൽ ജനിപ്പിക്കുന്നതും ഭക്തി എന്ന ദാനമാണ്.

ദൈവമക്കൾ എന്ന അവബോധവും (റോമ 5,14), ഒരു

ശക്തിക്കും സാഹചര്യത്തിനും എന്നെ ദൈവത്തിൽ നിന്നകറ്റാൻ കഴിയില്ല എന്ന ഉറച്ചബോധവും (റോമാ 8:35-39) നൽകുന്നതും ദൈവഭക്തി തന്നെ. അതുവഴിയാണ് "*എനിക്കു ജീവിതം ക്രിസ്തുവും മരണം നേട്ടവുമാണ്*" (ഫിലി 1,21) എന്നും "*ഇനി മേൽ ഞാനല്ല, ക്രിസ്തുവാണ് എന്നിൽ ജീവിക്കുന്നത്. എന്റെ ഇപ്പോഴത്തെ ഐഹിക ജീവിതം, എന്നെ സ്നേഹിക്കുകയും എനിക്കുവേണ്ടി തന്നെത്തന്നെ ബലിയർപ്പിക്കുകയും ചെയ്ത ദൈവപുത്രനിൽ വിശ്വസിച്ചുകൊണ്ടുള്ള ജീവിതമാണ്*" (ഗലാ 2,20) എന്നും വി. പൗലോസിനോടൊപ്പം നമുക്കും പറയാൻ കഴിയുന്നത്.

**7. ദൈവഭയം (Fear of God):** ദൈവത്തിന്റെയും അവിടുത്തെ മഹത്വത്തിന്റെയും സ്നേഹത്തിന്റെയും മുമ്പിൽ നാം എത്ര ചെറിയവരാണെന്നറിഞ്ഞും, ദൈവത്തിൽ പൂർണ്ണമായി ആശ്രയിച്ചും, ദൈവത്തിന് വിധേയരായി ജീവിക്കുന്നതിലൂടെ മാത്രമേ നമുക്കു നന്മയുണ്ടാകൂ എന്നു നമ്മെ ബോധ്യപ്പെടുത്തുന്ന ദാനമാണ് ദൈവഭയം. ദൈവികസാന്നിധ്യത്തിലാണു താൻ നിൽക്കുന്നത് എന്ന തിരിച്ചറിവ് ഏശയ്യാ പ്രവാചകനിൽ ഉണർത്തിയ അവബോധമാണിത് (ഏശ 6:1-7). ദൈവത്തിന്റെ സ്നേഹത്തെയും കാരുണ്യത്തെയും മാതൃതുല്യമായ വാത്സല്യത്തെയും കുറിച്ചു പറയുമ്പോഴും ദൈവം ദൈവമാണെന്നും ഞാൻ കേവലം പാപിയായ മനുഷ്യനാണെന്നും മറന്നുപോകാതിരിക്കാൻ ദൈവഭയം സഹായിക്കുന്നു. മാരകമായ അപകടത്തിനു മുമ്പിൽ നിൽക്കുമ്പോഴുണ്ടാകുന്ന മാനസികാവസ്ഥയല്ല ഇത്.

അദൃശ്യനും അഗ്രാഹ്യനും അപരിമേയനും സർവ്വാതിശായിയുമായ ദൈവത്തിന്റെ മുമ്പിൽ, ശ്വസിക്കുന്ന കേവലം മൺതരിയാണ് ഞാൻ എന്ന അവബോധം. ഇത് ദൈവത്തിൽ നിന്നകലാനല്ല, ജാഗ്രതയോടെ, വിനയത്തോടെ, ആദരവോടെ തിരുസന്നിധിയിൽ വ്യാപരിക്കാൻ പ്രേരിപ്പിക്കുന്നു, സഹായിക്കുന്നു. എന്തു തെറ്റു ചെയ്താലും ദൈവം ക്ഷമിക്കും എന്ന വിശ്വാസത്തിൽ അനിയന്ത്രിത ജീവിതം നയിക്കാതിരിക്കാൻ ദൈവഭയം നമ്മെ പ്രേരിപ്പിക്കുന്നു. "*പൂർവ്വാധികം ഭയത്തോടും വിറയലോടും കൂടെ നിങ്ങളുടെ സ്വന്തം രക്ഷയ്ക്കുവേണ്ടി അധ്വാനിക്കുവിൻ*" (ഫിലി 2,12) എന്ന അപ്പസ്തോലന്റെ ഉപദേശം ഈ ദാനത്തിന്റെ പ്രസക്തി വ്യക്തമാക്കുന്നു. "*ജീവിക്കുന്ന ദൈവത്തിന്റെ കയ്യിൽ*

*ചെന്നുവീഴുന്നതു ഭയാനകമാണ്*" (ഹെബ്രാ 10,31) എന്ന താക്കീതും ദൈവഭയത്തിന്റെ പ്രാധാന്യം എടുത്തുപറയുന്നു. ഈ ദൈവഭയമാണ് അറിവിന്റെ ആരംഭം (പ്രഭാ. 1,14). എല്ലാ കാര്യങ്ങളും ജീവിതം മുഴുവനായും ഗൗരവത്തോടെ വീക്ഷിക്കാനും ക്രമപ്പെടുത്താനും ഇതു സഹായിക്കുന്നു.

**ദാനങ്ങളും സുകൃതങ്ങളും**

ദൈവികജീവനിൽ വളർന്നു പുഷ്ടിപ്പെടുന്നതിനു വേണ്ടി പരിശുദ്ധാത്മാവു സൗജന്യമായി നൽകുന്ന കൃപകളെയാണ് ദാനങ്ങൾ എന്നു വിശേഷിപ്പിക്കുന്നത്. ഇവയുമായി ഏറെ സാമ്യവും അടുത്ത ബന്ധവുമുള്ളതാണ് "*സുകൃതങ്ങൾ അഥവാ പുണ്യങ്ങൾ*". ദാനങ്ങളെക്കുറിച്ചു പ്രതിപാദിക്കുന്നതിനു മുമ്പേ സുകൃതങ്ങളെക്കുറിച്ച് കത്തോലിക്കാസഭയുടെ മതബോധനഗ്രന്ഥം വിശദമായി പഠിപ്പിക്കുന്നുണ്ട് (ccc 1803-1829). ദൈവത്തിൽ നിന്നു സൗജന്യമായി ലഭിക്കുന്നു എന്നതിന് ദാനങ്ങൾ ഊന്നൽ നൽകുമ്പോൾ ലഭിക്കുന്ന കഴിവുകളും പ്രചോദനങ്ങളും സ്വീകരിച്ച് യുക്തിയും ബുദ്ധിയും മറ്റു മാനുഷികമായ സകല കഴിവുകളും ഉപയോഗിച്ച് നന്മയിൽ വളരാൻ ശ്രമിക്കുന്നതിനെയാണ് സുകൃതങ്ങൾ എന്നു വിശേഷിപ്പിക്കുന്നത്.

"*സത്യവും വന്ദ്യവും നീതിയുക്തവും പരിശുദ്ധവും സ്നേഹാർഹവും സ്തുത്യർഹവും ഉത്തമവും പ്രശംസായോഗ്യവുമായ എല്ലാ കാര്യങ്ങളെക്കുറിച്ചും ചിന്തിക്കുവിൻ*" (ഫിലി 4,8) എന്ന അപ്പസ്തോലന്റെ ഉപദേശം സുകൃതങ്ങളുടെ വിവിധ വശങ്ങളിലേക്കു വെളിച്ചം വീശുന്നു. "*നന്മ ചെയ്യുന്നതു ശീലമാക്കിയ, സുസ്ഥിരമായ മനോഭാവമാണ് സുകൃതം*" (Virtue) ccc **§** 1803 എന്നു നിർവ്വചിക്കുന്നു. സുകൃതങ്ങളെ മാനുഷികം, ദൈവികം എന്നു രണ്ടായി തരം തിരിക്കുന്നു.

**മാനുഷിക സുകൃതങ്ങൾ (Human Virtues):** യുക്തിയും വിശ്വാസവുമനുസരിച്ച് ജീവിതത്തെ ക്രമീകരിച്ചു നയിക്കുന്ന ഉറപ്പായ ബോധ്യങ്ങളും തഴക്കങ്ങളുമാണ് മാനുഷിക സുകൃതങ്ങൾ എന്ന പേരിൽ അറിയപ്പെടുന്നത്. അവയെ **ധാർമ്മിക സുകൃതങ്ങൾ** (Moral Virtues) എന്നും വിളിക്കുന്നു. അവയിൽ *വിവേകം, നീതി, മനഃസ്ഥൈര്യം, സംയമനം* (ജ്ഞാനം 8,7) എന്നിവയെ **മൗലികസുകൃതങ്ങൾ** (Cardinal Virtues) എന്നു വിളിക്കുന്നു.

ഓരോ സാഹചര്യത്തിലും യഥാർത്ഥ നന്മ തിരിച്ചറിയാനും അതിനുവേണ്ടി ശരിയായ മാർഗ്ഗങ്ങൾ തിരഞ്ഞെടുക്കാനും സഹായിക്കുന്നതാണ് **വിവേകം**. ദൈവത്തിനും അയൽക്കാരനും തനിക്കുതന്നെയും അർഹതപ്പെട്ടതു കൊടുക്കാനുള്ള ഇച്ഛാശക്തിയിൽ അടങ്ങിയിരിക്കുന്നതും നിരന്തരമായ പ്രയോഗം വഴി ആർജ്ജിച്ചെടുക്കുന്നതുമായ പുണ്യമാണ് **നീതി**. ക്ലേശങ്ങളിൽ പതറാതെ, പ്രതിബന്ധങ്ങളിൽ തളരാതെ, നീതിയ്ക്കും നന്മയ്ക്കും വേണ്ടി നിലകൊള്ളാൻ സഹായിക്കുന്ന മനോഭാവത്തെ **ധൈര്യം അഥവാ മനഃസ്ഥൈര്യം** എന്നു വിളിക്കുന്നു. ഭൗതികമായ സുഖഭോഗങ്ങളിൽ മുഴുകാതെ, സൃഷ്ടവസ്തുക്കൾക്കുവേണ്ടിയുള്ള ആഗ്രഹവും അവയുടെ ഉപയോഗവും ക്രമീകരിച്ച്, സന്തുലിതാവസ്ഥ നിലനിർത്തുന്നതിനെ **മിതത്വം അഥവാ സംയമനം** എന്നു വിളിക്കുന്നു. ദൈവദത്തവും അതേ സമയം സ്വാഭാവികവും മാനുഷികവുമായ കഴിവുകളിലൂടെ ആർജ്ജിച്ചെടുക്കുന്ന ഈ സുകൃതങ്ങളെ ദൈവികദാനങ്ങൾ ശുദ്ധീകരിക്കുകയും ശക്തിപ്പെടുത്തുകയും ചെയ്യുന്നു.

**ദൈവികസുകൃതങ്ങൾ (Theological Virtures):** *വിശ്വാസം, പ്രത്യാശ, സ്നേഹം* എന്നിവയാണ് ദൈവിക സുകൃതങ്ങൾ. അവ പരിശുദ്ധ ത്രിത്വവുമായുള്ള ബന്ധത്തിൽ ജീവിക്കാൻ വിശ്വാസികളെ സഹായിക്കുന്നു. വെളിപ്പെടുത്തപ്പെട്ട ദൈവികസത്യങ്ങളെ ബുദ്ധികൊണ്ട് അംഗീകരിക്കുകയും അതോടൊപ്പം സ്വന്തം ജീവിതം ദൈവകരങ്ങളിൽ പൂർണ്ണമായി സമർപ്പിക്കുകയും ചെയ്യുന്നതാണ് വിശ്വാസം. "*നീതിമാൻ വിശ്വാസം വഴി ജീവിക്കുന്നു*" (റോമാ 1,17).

ഇതുമായി അഭേദ്യം ബന്ധപ്പെട്ടതാണ് **പ്രത്യാശയും സ്നേഹവും**. സ്വന്തം ശക്തിയിൽ ആശ്രയിക്കാതെ യേശുവിന്റെ വാഗ്ദാനങ്ങളിൽ വിശ്വസിച്ചും പരിശുദ്ധാത്മാവിന്റെ സഹായത്തിൽ ആശ്രയിച്ചും ദൈവത്തോടൊന്നിച്ചുള്ള നിത്യജീവിതമെന്ന സ്വർഗ്ഗ സൗഭാഗ്യം ലഭിക്കും എന്ന ഉറപ്പാണ് പ്രത്യാശ. യേശു നൽകിയ പുതിയതും നിർണ്ണായകവുമായ കല്പനയാണ് **സ്നേഹം**. സർവ്വോപരി ദൈവത്തെയും അവിടുത്തെ നാമത്തിൽ സഹോദരങ്ങളെയും സ്നേഹിക്കുന്നതാണ് ദൈവിക പുണ്യമായ സ്നേഹം. യേശു നൽകിയ സകല കല്പനകളുടെയും ഉച്ചകോടിയും സംഗ്രഹവുമാണിത്. പരിശുദ്ധാത്മാവിന്റെ ദാനങ്ങളിലും

ഫലങ്ങളിലും ഏറ്റം പ്രധാനപ്പെട്ടതാണ് സ്നേഹം എന്ന് പൗലോസ് അപ്പസ്തോലൻ ശക്തമായി ഉദ്ബോധിപ്പിക്കുന്നുണ്ട്. ഏറ്റം ശ്രേഷ്ഠമായ മാർഗ്ഗവും (1 കോറി 12,31–13,13) ആത്മാവിന്റെ ആദ്യത്തെ ഫലവും (ഗലാ 5,22) ആണ് സ്നേഹം.

**മൗലികസുകൃതങ്ങൾ:** മൂലപാപങ്ങളും അവയ്ക്കെതിരായ സുകൃതങ്ങളും എന്ന പട്ടികയിൽ വേദപാഠ ക്ലാസ്സുകളിൽ പഠിപ്പിക്കാറുള്ള സുകൃതങ്ങളും ഇവിടെ ശ്രദ്ധേയമാകുന്നു. ആദിപാപം മൂലം ബലഹീനമാക്കപ്പെട്ട മനുഷ്യ പ്രകൃതിയുടെ തിന്മയിലേക്കുള്ള ചായ്‌വിനെയും അതിനെതിരേ എടുക്കേണ്ട നിലപാടുകളെയുമാണ് ഈ പട്ടിക സൂചിപ്പിക്കുന്നത്. തലപ്പെട്ട ദോഷങ്ങളും അവയ്ക്കെതിരായ പുണ്യങ്ങളും എന്നായിരുന്നു പഴയ പ്രയോഗം. ഈ സുകൃതങ്ങളിൽ പലതും പരിശുദ്ധാത്മാവിന്റെ ദാനങ്ങളുമായി ബന്ധപ്പെട്ടിരിക്കുന്നു. പാപ-പുണ്യങ്ങളുടെ പട്ടിക താഴെ ചേർക്കുന്നു.

| **മൂലപാപങ്ങൾ** | **അവയ്ക്കെതിരായ സുകൃതങ്ങൾ** |
|---|---|
| 1. അഹങ്കാരം (Pride) | വിനയം (Humility) |
| 2. മോഹം (Lust) | ശുദ്ധത (Chastity) |
| 3. ദ്രവ്യാഗ്രഹം (Greed) | ഉപവി (Charity) |
| 4. കൊതി (Gluttony) | മിതത്വം (Temperance) |
| 5. മടി (Sloth) | ഉത്സാഹം (Diligence) |
| 6. കോപം (Wrath) | ക്ഷമ (Patience) |
| 7. അസൂയ (Envy) | ദയ (Kindness) |

പരിശുദ്ധാത്മാവു സൗജന്യമായി നൽകുന്ന ദാനങ്ങൾ ഈ സുകൃതങ്ങൾ ആർജ്ജിക്കാനും അവയിൽ വളരാനും ശക്തിപ്പെടുത്തുന്നു. അതേസമയം മൂലപാപങ്ങൾക്കെതിരേ നിതാന്തജാഗ്രത പാലിക്കണം. "*മറ്റുള്ളവരോട് സുവിശേഷം പ്രസംഗിച്ച ഞാൻതന്നെ തിരസ്കൃതനാകാതിരിക്കേണ്ടതിന് എന്റെ ശരീരത്തെ ഞാൻ കർശനമായി നിയന്ത്രിച്ചു കീഴടക്കുന്നു*" (1 കോറി 9,27) എന്ന അപ്പസ്തോല വചനം ഇവിടെ പ്രത്യേകം ശ്രദ്ധേയമാകുന്നു.

# 3

## ആത്മീയ വരങ്ങൾ

ദൈവമഹത്വത്തിനും സമൂഹത്തിനു സേവനം ചെയ്തു കൊണ്ട് സഭയെ പടുത്തുയർത്തുന്നതിനും വേണ്ടി നൽക പ്പെടുന്നവയാണ് പരിശുദ്ധാത്മാവിന്റെ വരങ്ങൾ. പരിശുദ്ധാത്മാ വിന്റെ ദാനങ്ങൾ വ്യക്തികളുടെ ആത്മീയ വളർച്ചയ്ക്കു പ്രാധാന്യം നൽകുമ്പോൾ വരങ്ങൾ സമൂഹത്തിന്റെ ഉപരി നന്മയ്ക്കു ഊന്നൽ നൽകുന്നു. "*ഓരോരുത്തരിലും ആത്മാവ് പ്രവർത്തിക്കുന്നത് പൊതു നന്മയ്ക്കുവേണ്ടിയാണ്*" (1 കോറി 12,7) എന്ന അപ്പസ്തോലന്റെ പ്രബോധനം വരങ്ങളുടെ സവി ശേഷതയിലേക്കു ശ്രദ്ധ ക്ഷണിക്കുന്നു. ദൈവികകൃപയുടെ (Grace-Charis) പ്രത്യേക പ്രകടനങ്ങളാകയാൽ ഇവയെ **കൃപാ വരങ്ങൾ** (Charism) എന്നും പരിശുദ്ധാത്മാവിന്റെ പ്രവർത്തന ങ്ങളാകയാൽ **ആത്മീയ വരങ്ങൾ** (Spiritual Gifts) എന്നും വിശേ ഷിപ്പിക്കാറുണ്ട്.

### വരങ്ങളിൽ വൈവിധ്യം

വരങ്ങൾ എത്ര, ഏവ എന്ന ചോദ്യത്തിനു കൃത്യമായ ഉത്തരം ലഭ്യമല്ല. പൗലോസിന്റെ ലേഖനങ്ങളിൽത്തന്നെ വര ങ്ങളെ പലവിധത്തിൽ അവതരിപ്പിക്കുന്നുണ്ട്. അതിനാൽ വ്യാഖ്യാതാക്കളുടെ ഇടയിലും വരങ്ങളെക്കുറിച്ച് അഭിപ്രായ ഭിന്നത നിലനിൽക്കുന്നു. അതോടൊപ്പം വരങ്ങളുടെ വ്യക്തിഗ തവും സഭാത്മകവുമായ മാനങ്ങളെക്കുറിച്ചും സംശയങ്ങളും ഭിന്നാഭിപ്രായങ്ങളും നിലവിലുണ്ട്. ഈ സാഹചര്യത്തിലാണ് വിശ്വാസ തിരുസംഘം 2016 മെയ് 15-ാം തിയതി *യുവനേഷിത് എക്ലേസിയാ* (Juvenescit Ecclesia JE- സഭയുടെ യൗവ്വനം നവീ കരിക്കപ്പെടുന്നു) എന്ന ഔദ്യോഗിക രേഖയിലൂടെ പരിശുദ്ധാത്മ വരങ്ങളെക്കുറിച്ച് നിർണ്ണായകമായ ഔദ്യോഗിക പ്രബോധനം നൽകിയത്.

ഈ രേഖ വരങ്ങളെ **ഹയരാർക്കിക്കൽ വരങ്ങൾ** (Hierarchical Gifts) എന്നും **കരിസ്മാറ്റിക് വരങ്ങൾ** (Charismatic Gifts) എന്നും രണ്ടായി വിഭജിക്കുന്നു. ക്രിസ്തുവിന്റെ സഭയുടെ വിവിധ അധികാര തലങ്ങളിൽ ഉള്ളവർക്ക് അവരവരുടെ പദവിക്കനുസൃതമായ കടമകൾ നിർവ്വഹിക്കാൻ ലഭിക്കുന്ന വരങ്ങളെയാണ് *ഹയരാർക്കിക്കൽ വരങ്ങൾ* എന്നു വിശേഷിപ്പിക്കുന്നത്. സഭയിലെ ഓരോ വ്യക്തിയും ജീവിക്കുന്ന വ്യത്യസ്ത സാഹചര്യങ്ങളിൽ ക്രിസ്തുവിനു സാക്ഷ്യം വഹിക്കുന്നതിനും സഭാ സമൂഹത്തെ പടുത്തുയർത്തുന്നതിനുമായി നൽകപ്പെടുന്ന പ്രത്യേക വരങ്ങളെ *കരിസ്മാറ്റിക് വരങ്ങൾ* എന്നും വിശേഷിപ്പിക്കുന്നു (JE **§** 14-15).

തിരുസഭയെ സംബന്ധിച്ച രണ്ടാം വത്തിക്കാൻ സൂനഹദോസിന്റെ "*ജനതകൾക്കു പ്രകാശം*" (LG) എന്ന പ്രമാണ രേഖയിൽ സൂചിപ്പിച്ചിരുന്നതാണ് ഈ വിഭജനം. "*ആത്മാവ് സഭയിലും വിശ്വാസികളുടെ ഹൃദയങ്ങളിലും ഒരു ദേവാലയത്തിലെന്ന പോലെ വസിച്ചുകൊണ്ട് (1 കോറി 3,16;6,19) പ്രാർത്ഥിക്കുകയും ദത്തുപുത്രസ്വീകരണത്തിന്റെ സാക്ഷ്യം നൽകുകയും ചെയ്യുന്നു (ഗലാ 4,6; റോമാ 8,15; 16,26). ഈ ആത്മാവ് സർവ്വസത്യത്തിലും സഭയെ നയിച്ചുകൊണ്ടും (യോഹ 16,3) കൂട്ടായ്മയിലും ശുശ്രൂഷാസംവിധാനത്തിലും ഐക്യപ്പെടുത്തിക്കൊണ്ടും ഭരണക്രമപരമായ വിവിധ ദാനങ്ങളാലും സിദ്ധികളാലും (hierarchic and charismatic gifts) സജ്ജീകരിക്കുകയും നിയന്ത്രിക്കുകയും തന്റെ ദിവ്യഫലങ്ങളാൽ അലങ്കരിക്കുകയും ചെയ്യുന്നു (എഫേ 4:11–12; 1 കോറി 12–4; ഗലാ 5,22)*" LG. **§** 4.

രണ്ടു തരം വരങ്ങളും തമ്മിൽ സംഘർഷമുണ്ടാകരുത്; മറിച്ച് സഹകരണമാണാവശ്യം എന്ന് വിശ്വാസ തിരുസംഘത്തിന്റെ പ്രബോധനരേഖ (JE **§** 16-17) തുടർന്ന് ഉദ്ബോധിപ്പിക്കുന്നു. വ്യക്തിപരമായ ദാനങ്ങളുടെയും വരങ്ങളുടെയും ഉപയോഗം വ്യക്തിതാൽപര്യങ്ങൾക്കനുസരിച്ചായിരിക്കരുത്, മറിച്ച് പൊതുനന്മയെ ലക്ഷ്യം വച്ചും സഭാധികാര-പ്രബോധന സംവിധാനങ്ങളെ അനുസരിച്ചും ആയിരിക്കണം എന്നും രേഖ ഉദ്ബോധിപ്പിക്കുന്നു. ഇവിടെയാണ് ഹയരാർക്കിക്കൽ വരങ്ങളുടെ പ്രസക്തി.

**ഹയരാർക്കിക്കൽ വരങ്ങൾ:** സഭയുടെ അധികാര ശ്രേണി

യിലെ വിവിധ തലങ്ങളെയാണ് ഹയരാർക്കി എന്ന പദം കൊണ്ട് വിവക്ഷിക്കുന്നത്. ബൈബിളിൽ, പ്രത്യേകിച്ചും പുതിയ നിയമ ത്തിൽ, അതും മുഖ്യമായും പൗലോസിന്റെ ലേഖനങ്ങളിൽ *മെത്രാൻ, ശ്രേഷ്ഠൻ, ഡീക്കൻ* എന്ന മൂന്നു തലങ്ങളാണു കാണു ന്നത്. മെത്രാന്മാർ അപ്പസ്തോലന്മാരുടെ പിൻഗാമികളാണ് ശ്രേഷ്ഠന്മാരെ പുരോഹിതർ എന്നും പരിഗണിക്കുന്നു. സഭയുടെ ഭൗതികമേഖലകളിൽ വേണ്ട ശുശ്രൂഷകൾ നിർവ്വഹിക്കുന്നതിനു വേണ്ടിയാണ് ഡീക്കന്മാർ (അപ്പ 6:1-7). കൂദാശകളുടെ പരികർമ്മ ത്തിലും, സഭാസമൂഹത്തിന്റെ ക്രമമായ നടത്തിപ്പിലും ഹയ രാർക്കിക്കൽ വരങ്ങൾ ലഭിച്ചിട്ടുള്ളവർ നേതൃത്വം നൽകുന്നു. അതു സ്വീകരിക്കാനും അനുസരിക്കാനും വ്യക്തികൾ എപ്പോഴും തയ്യാറാകണം. അങ്ങനെ സഭയിൽ ഐക്യം നിലനിൽക്കുകയും വളർച്ച സാധ്യമാവുകയും ചെയ്യണം എന്ന് രേഖ ഉദ്ബോധിപ്പി ക്കുന്നു (JE§14).

**കരിസ്മാറ്റിക് വരങ്ങൾ:** ദൈവജനത്തെ മുഴുവൻ ദൈവിക പദ്ധതിയനുസരിച്ച് ജീവിതം ക്രമീകരിക്കാനും ജനതകളുടെ മധ്യേ വിവിധങ്ങളായ രീതികളിൽ യേശുവിന് സാക്ഷ്യം വഹിച്ചുകൊണ്ട് സുവിശേഷം പ്രഘോഷിക്കാനും ശക്തിപ്പെടുത്തുന്ന പരിശുദ്ധാ ത്മാവിന്റെ ദാനങ്ങളെയാണ് കരിസ്മാറ്റിക് വരങ്ങൾ എന്നും സിദ്ധികൾ എന്നും വിശേഷിപ്പിക്കുന്നത്. ഹയരാർക്കിക്കൽ വര ങ്ങൾ സഭയുടെ അധികാര സംവിധാനങ്ങളോടും കൂദാശകളുടെ പരികർമ്മങ്ങളോടും ബന്ധപ്പെട്ടിരിക്കുന്നു. അതിനാൽത്തന്നെ ആ വരങ്ങൾ ലഭിക്കുന്നവരുടെ സംഖ്യ പരിമിതമാണ്. എന്നാൽ കരിസ്മാറ്റിക് വരങ്ങൾ എല്ലാ വിശ്വാസികൾക്കും പരിശുദ്ധാത്മാവ് സൗജന്യമായി നൽകുന്നു എന്ന് വിശ്വാസ തിരുസംഘത്തിന്റെ രേഖ തുടർന്നു പഠിപ്പിക്കുന്നു (JE §15-16).

**വരങ്ങളുടെ വിഭജനം:** കരിസ്മാറ്റിക് വരങ്ങളുടെ സ്വഭാവ ത്തെയും ഉപയോഗത്തെയും കുറിച്ചു പഠിപ്പിക്കുന്നുണ്ടെങ്കിലും ഏതെല്ലാമാണ് ഈ വരങ്ങൾ എന്ന് പ്രസ്തുത രേഖ എടുത്തു പറയുന്നില്ല; അതിനാൽ വരങ്ങളുടെ എണ്ണത്തെക്കുറിച്ചുള്ള അവ്യ ക്തത നിലനിൽക്കുന്നു. കരിസ്മാറ്റിക് വരങ്ങളെ പലരും പലവി ധത്തിൽ വിഭജിക്കാറുണ്ട്. **വചനവരങ്ങൾ, പ്രവർത്തന വരങ്ങൾ** (Word Gifts and Action Gifts) എന്ന ഒരു വിഭജനമുണ്ട്. *ഭാഷാ വരം, ഭാഷയുടെ വ്യാഖ്യാനവരം, പ്രവചനവരം, അറിവിന്റെ വരം,*

*ജ്ഞാനത്തിന്റെ വരം* എന്നിങ്ങനെ അഞ്ചു വരങ്ങൾ വചനവരങ്ങളായി പരിഗണിക്കുന്നു; *വിശ്വാസം, രോഗശാന്തി, അത്ഭുത പ്രവർത്തനങ്ങൾ, ആത്മാക്കളുടെ വിവേചനം* എന്നീ നാലുവരങ്ങൾ പ്രവർത്തനവരങ്ങളായും. **കൃപാവരങ്ങൾ** (Gifts of Grace), **ശുശ്രൂഷാവരങ്ങൾ** (Gifts of Service), **പ്രവർത്തന വരങ്ങൾ** (Gifts of Works) എന്നിങ്ങനെ കരിസ്മാറ്റിക് വരങ്ങളെ മൂന്നു ഭാഗമായി വിഭജിക്കുന്നവരുണ്ട്. ഈ ഓരോ ഭാഗത്തിലും മൂന്നു ഉപവിഭാഗങ്ങൾ വീതം. **കൃപാവരം:** *പ്രവചനം, ഭാഷ, ഭാഷയുടെ വ്യാഖ്യാനം;* **ശുശ്രൂഷാവരം:** *ജ്ഞാനം, അറിവ്, വിവേചനം;* **പ്രവർത്തന വരങ്ങൾ:** *വിശ്വാസം, രോഗശാന്തി, അത്ഭുതങ്ങൾ.*

**വചനവരങ്ങൾ (Word Gifts):** *ഭാഷ, വ്യാഖ്യാനം, പ്രവചനം,* **ബൗദ്ധികവരങ്ങൾ** (Intellectual or Revelation Gifts) *ജ്ഞാനം, അറിവ്, വിവേചനം*; **അടയാള വരങ്ങൾ** (Sign Gifts) *രോഗശാന്തി, അത്ഭുത പ്രവർത്തനം, വിശ്വാസം* - എന്നിങ്ങനെ മറ്റൊരു വിഭജനവും നിലവിലുണ്ട്. വിഭാഗങ്ങളും ഉപവിഭാഗങ്ങളും തരം തിരിക്കുന്നതിൽ ഏറെ വ്യത്യസ്ത അഭിപ്രായങ്ങൾ നിലവിലുണ്ടെങ്കിലും വരങ്ങൾ പൊതുവേ ഒമ്പത് എന്ന ഒരു നിലപാടിന് കൂടുതൽ അംഗീകാരമുണ്ട്. അതേസമയം ജ്ഞാനവും അറിവും പരിശുദ്ധാത്മാവിന്റെ ദാനങ്ങളായി പൊതുവേ അംഗീകരിക്കപ്പെട്ടിട്ടുണ്ട്. ഏഴു ദാനങ്ങളുടെ പട്ടികയിലാണ് അവയെ ഉൾപ്പെടുത്തുക.

പൗലോസ് അപ്പസ്തോലന്റെ ലേഖനങ്ങളെ അടിസ്ഥാനപ്പെടുത്തിയാണ് ദാനങ്ങളെയും വരങ്ങളെയും കുറിച്ചുള്ള പഠനങ്ങളും കാഴ്ചപ്പാടുകളും രൂപപ്പെട്ടത്. അതിനാൽത്തന്നെ, ലേഖനങ്ങളിൽ കാണുന്ന അവ്യക്തത വര-ദാനങ്ങളെക്കുറിച്ചുള്ള അഭിപ്രായങ്ങളിലും പ്രതിഫലിക്കുന്നു. ശരീരത്തിൽ പല അവയവങ്ങളും ഓരോന്നിനും വ്യത്യസ്ത ധർമ്മവുമുള്ളതു പോലെ ക്രിസ്തുവിന്റെ മൗതികശരീരമാകുന്ന സഭയിലെ അംഗങ്ങൾക്കും വ്യത്യസ്ത ധർമ്മങ്ങളും അവയ്ക്കനുസൃതമായ വരങ്ങളും പരിശുദ്ധാത്മാവു നൽകുന്നു എന്ന കാഴ്ചപ്പാട് ഇവിടെ വഴികാട്ടിയാകണം. അതനുസരിച്ച് 1 കോറി 12:8-11 ൽ കാണുന്ന 9 വരങ്ങളെ കരിസ്മാറ്റിക് വരങ്ങളായി കണ്ടു ചുരുക്കമായി വിവരിക്കാനാണ് തുടർന്നു ശ്രമിക്കുന്നത്. അതിനുശേഷം പൗലോസിന്റെ തന്നെ ലേഖനങ്ങളിലും ഇതര പുതിയ നിയമഭാഗങ്ങളിലും പരാമർശ വിഷയമാകുന്ന മറ്റു ചില വരങ്ങളും ചർച്ചാവിഷയമാക്കുന്നതാണ്.

**1. ജ്ഞാനത്തിന്റെ വചനം:** 1 കോറി 12:8-10 വിവരിക്കുന്ന കരിസ്മാറ്റിക് വരങ്ങളിൽ ആദ്യത്തേതാണു ജ്ഞാനത്തിന്റെ വചനം. പി.ഒ.സി. ബൈബിളിൽ ഇതു രണ്ടാമത്തേതായി ചേർത്തിരിക്കുന്നു. പരിശുദ്ധാത്മാവിന്റെ ഏഴുദാനങ്ങളിൽ ഒന്നായി "ജ്ഞാനം" നാം കണ്ടുകഴിഞ്ഞു. അതുമായി സാമ്യമുള്ളതും എന്നാൽ അല്പം വ്യത്യാസമുള്ളതുമാണ് ജ്ഞാനത്തിന്റെ വചനം എന്ന വരം. ദാനങ്ങൾ വ്യക്തിജീവിതത്തിന് പ്രാധാന്യം നൽകുമ്പോൾ വരങ്ങളെല്ലാം വിശ്വാസ സമൂഹത്തിന്റെ രൂപവൽക്കരണത്തിനും വളർച്ചയ്ക്കും വേണ്ടി നല്കപ്പെടുന്നതാകയാൽ സാമൂഹിക മാനത്തിന് ഊന്നൽ നൽകുന്നു എന്നതാണ് പ്രധാന വ്യത്യാസം.

വ്യത്യസ്ത സാഹചര്യങ്ങളിൽ, പ്രത്യേകിച്ചും പ്രതിസന്ധികളിൽ, ഉചിതമായ തീരുമാനം എടുക്കാൻ വ്യക്തികളെ സഹായിക്കുന്നതാണ് ജ്ഞാനത്തിന്റെ വചനം. ദൈവവചനത്തിന്റെ ആഴങ്ങൾ ഗ്രഹിക്കാനും അതിന്റെ വെളിച്ചത്തിൽ ജീവിതത്തെ ക്രമപ്പെടുത്താനും ആവശ്യമായ സഹായം ഇതിലൂടെ ലഭിക്കുന്നു. സുവിശേഷ പ്രഘോഷണം, കൗൺസലിംഗ് മുതലായ രംഗങ്ങളിൽ സുപ്രധാനമാണ് ജ്ഞാനത്തിന്റെ വചനം എന്ന വരം. പ്രബോധനത്തിനും അജപാലനത്തിനും ഏറെ സഹായകമാണ് ഈ വരം. ദൈവവചനത്തിന്റെ തെറ്റായ വ്യാഖ്യാനങ്ങളും, തീരുമാനങ്ങൾക്കു തെറ്റായ നിർദ്ദേശങ്ങളും നൽകുന്നതിൽ നിന്ന് ഈ വരം കാത്തു സൂക്ഷിക്കുന്നു.

**2. അറിവിന്റെ വചനം:** പഠനവിഷയമായ വരങ്ങളുടെ പട്ടികയിൽ രണ്ടാമത്തേതാണ് അറിവിന്റെ വചനം. പി.ഒ.സി ബൈബിളിൽ ഇത് ആദ്യമേ ചേർത്തിരിക്കുന്നു. മാത്രമല്ല "വിവേകത്തിന്റെ വചനം" എന്നാണ് വിവർത്തനം ചെയ്തിരിക്കുന്നത്. എന്നാൽ മൂലഭാഷയായ ഗ്രീക്കിൽ "*ലോഗോസ് ഗ്നോസെയോസ്*" (logos gnoseos) എന്നാണ് കാണുന്നത്. *ലോഗോസ്* എന്നാൽ വചനം എന്നർത്ഥം. *ഗ്നോസിസ്* എന്ന പദത്തിന്റെ സംബന്ധികാ വിഭക്തി (gentic) രൂപമാണ് *ഗ്നോസെയോസ്.* അറിവ് എന്നാണ് വാക്കിനർത്ഥം. "അറിവ്" എന്ന പരിശുദ്ധാത്മാവ ദാനവുമായി സാമ്യമുള്ളതാണിത്. ജ്ഞാനത്തിന്റെ കാര്യത്തിൽ എന്നതുപോലെ ഇവിടെയും സാമൂഹിക മാനത്തിനു നൽകുന്ന ഊന്നലാണ് പ്രധാന വ്യത്യാസം. ദൈവവചനങ്ങളും വിശ്വാസ സത്യങ്ങളും വ്യക്തമായും തെറ്റു കൂടാതെയും അറിയാനും പ്രഘോ

ഷിക്കാനും പരിശുദ്ധാത്മാവു നൽകുന്ന സഹായമാണ് അറിവിന്റെ വചനം. അതോടൊപ്പം ചില വ്യക്തികളുടെ ജീവിതത്തെയും അവർ നേരിടുന്ന പ്രശ്നങ്ങളെയും അവയുടെ കാരണങ്ങളെയും കുറിച്ചു പരിശുദ്ധാത്മാവു നൽകുന്ന ഉൾക്കാഴ്ചകളും ഈ വരത്തിന്റെ ഭാഗം തന്നെ.

ഈ വരത്തിന്റെ സഹായത്താൽ മറ്റുള്ളവരുടെ ഹൃദയവിചാരങ്ങൾ ഗ്രഹിക്കാൻ കഴിയുന്നു (മത്താ 22,18; യോഹ 2,25). മറ്റുള്ളവരുടെ രഹസ്യപാപങ്ങൾ ഈ വരം വഴി വെളിപ്പെടുന്നു (യോഹ 4,18; അപ്പ 5:3-4). നേരിൽ കണ്ടിട്ടില്ലാത്ത കഴിഞ്ഞ കാര്യങ്ങളും (യോഹ 1:47-48) വരാനിരിക്കുന്ന കാര്യങ്ങളും (അപ്പ 20:23-29; 27,10) വെളിപ്പെടുത്തുന്നു. യേശുവിനെ രക്ഷകനായി ഏറ്റുപറയാനും (യോഹ 4:25-29. 39-42) പശ്ചാത്താപത്തിലേക്കു നയിക്കാനും (മത്താ 26:31-35. 69-75) ഈ വരം സഹായിക്കുന്നു. ആത്മീയ നേതൃത്വത്തിലും കൗൺസലിംഗ് രംഗത്തും ഏറെ സഹായകമാണ് അറിവിന്റെ വചനം എന്ന വരം.

**3. വിശ്വാസം:** ദൈവം ഒരു കാര്യം ചെയ്യാൻ പോകുന്നു, തീർച്ചയായും ചെയ്യും എന്ന് ഒരു വ്യക്തിയുടെ മനസിൽ ഉറപ്പു നൽകുന്ന വരമാണ് “വിശ്വാസം” എന്ന വരം. ദൈവിക പുണ്യമായ വിശ്വാസവുമായി ബന്ധവും സാമ്യമുണ്ടെങ്കിലും വ്യത്യാസങ്ങളുമുണ്ട്. വെളിപ്പെടുത്തപ്പെട്ട ദൈവിക സത്യങ്ങളെ ബുദ്ധികൊണ്ട് പൂർണ്ണമായി അംഗീകരിക്കുകയും ഹൃദയംകൊണ്ട് സ്വീകരിക്കുകയും അതിന്റെ വെളിച്ചത്തിൽ തന്നെത്തന്നെ പൂർണ്ണമായി ദൈവകരങ്ങളിൽ സമർപ്പിക്കുകയും ചെയ്യുന്നതാണ് വിശ്വാസം എന്ന ദൈവിക പുണ്യം. എന്നാൽ ഇവിടെ നിശ്ചിത സാഹചര്യങ്ങളിൽ ദൈവം പ്രവർത്തിക്കും എന്ന ഉറപ്പാണ് വിശ്വാസം എന്ന വരം കൊണ്ട് അർത്ഥമാക്കുന്നത്.

മലയെ മാറ്റാൻ കഴിയുന്ന വിശ്വാസത്തെക്കുറിച്ച് യേശുവും (മത്താ 21:21-22; മർക്കോ 11,23) പൗലോസും (1 കോറി 13,2) പറഞ്ഞത് ഇവിടെ പ്രസക്തമാകുന്നു. അസാധാരണമായ രോഗസൗഖ്യം, അത്ഭുതങ്ങൾ മുതലായവ പ്രവർത്തിക്കാൻ വ്യക്തിയെ പ്രാപ്തനാക്കുന്നതാണ് വിശ്വാസം എന്നവരം. പിശാചുബാധിതനെ സുഖപ്പെടുത്താൻ ശിഷ്യന്മാർക്ക് കഴിയാതെ പോയത് ഈ വിശ്വാസത്തിന്റെ അഭാവത്താലാണ്. കടുകുമണിയോളം വിശ്വാസമുണ്ടെങ്കിൽ മലയെ മാറ്റാൻ കഴിയും എന്ന് യേശു തുടർന്നു

പഠിപ്പിച്ചതും (മത്താ 17;19–21) ഈ വിശ്വാസത്തിന്റെ സ്വഭാവത്തിലേക്കും ആവശ്യകതയിലേക്കും ശ്രദ്ധ ക്ഷണിക്കുന്നു. പരിശുദ്ധാത്മാവ് ഒരു വ്യക്തിയുടെ മനസിലേക്ക് ശക്തമായി അയയ്ക്കുന്ന ഒരു ബോധ്യമാണ് ഈ വിശ്വാസം. ഏതെങ്കിലും തരത്തിലുള്ള ക്ലേശങ്ങളും ദുരിതങ്ങളും അനുഭവിക്കുന്ന വ്യക്തിയുടെ ജീവിതത്തിൽ ദൈവം ഇടപെട്ട് ദുരിതത്തിനു അറുതി വരുത്തും എന്നു സംശയലേശമില്ലാത്ത ബോധ്യം പരിശുദ്ധാത്മാവു നൽകുന്ന വരവുമാണിത്. സുവിശേഷ പ്രഘോഷണരംഗത്ത് അപ്പസ്തോലന്മാരുടെ കാലം മുതൽ ഇന്നുവരെ ഈ വരം ശക്തമായി പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു (അപ്പ 3:6–7).

**4. രോഗശാന്തി:** മനുഷ്യരുടെ ശാരീരികമോ, മാനസികമോ ആത്മീയമോ ആയ രോഗങ്ങൾക്കും ബലഹീനതകൾക്കും അത്ഭുതകരമാംവിധം സൗഖ്യം നൽകുന്ന പരിശുദ്ധാത്മാവിന്റെ വരമാണ് രോഗശാന്തി. എക്കാലത്തും ഏറ്റം കൂടുതൽ അറിയപ്പെടുന്നതും സുവിശേഷസാക്ഷ്യമായി സ്വീകരിക്കപ്പെടുന്നതും, വ്യക്തികളെയും സമൂഹങ്ങളെയും വിശ്വാസത്തിലേക്കും നയിക്കുന്നതുമാണ് രോഗശാന്തി എന്ന വരം. രോഗശാന്തി പെട്ടെന്നു സംഭവിക്കുന്നതാകാം, ചിലപ്പോൾ സാവധാനം ലഭിക്കുന്നതുമാവാം. വൈദ്യശാസ്ത്രത്തിനു തൃപ്തികരമായ വിശദീകരണം നൽകാൻ കഴിയാത്ത സൗഖ്യപ്രാപ്തികളെയാണ് രോഗശാന്തി എന്നവരം കൊണ്ടു സൂചിപ്പിക്കുന്നത്.

യേശുതന്നെ ശിഷ്യന്മാർക്കു വാഗ്ദാനം ചെയ്തിരുന്നതാണ് ഈ വരം. അവർ തങ്ങളുടെ പ്രേഷിതവേലയിൽ അതനുഭവിച്ചറിയുകയും ചെയ്തു (മത്താ 10,8; ലൂക്കാ 9:1–2; 10,17–20). ഉത്ഥിതനായ നാഥൻ സ്വർഗ്ഗാരോഹണത്തിനു മുമ്പ് ഈ വാഗ്ദാനം ആവർത്തിച്ചു (മർക്കോ 16,18). യേശുവിന്റെ പ്രവർത്തനങ്ങളിലെ ഒരു മുഖ്യഘടകമായിരുന്നു രോഗികൾക്ക് സൗഖ്യം നൽകുന്നത്. അതു ദൈവത്തിന്റെ കരുണയുടെ പ്രകടനവും ദൈവരാജ്യസാന്നിധ്യത്തിന്റെ അടയാളവുമായിരുന്നു.

പാപം മൂലം തകർന്ന മനുഷ്യ വ്യക്തിത്വത്തിലേക്ക് ദൈവത്തിന്റെ കാരുണ്യം ചൊരിഞ്ഞ്, പൂർണ്ണമായ സൗഖ്യം നൽകുന്നതിന്റെ അടയാളമാണ് ഈ രോഗശാന്തി. മനുഷ്യന്റെ സമൂലവും സമ്പൂർണ്ണവുമായ സൗഖ്യമാണതു ലക്ഷ്യം വയ്ക്കുന്നത്. വ്യക്തിയുടെ മാനസാന്തരവും വിശ്വാസത്തിലുള്ള സ്ഥിരീകര

ണവുമാണ് രോഗശാന്തിയുടെ മുഖ്യലക്ഷ്യം. അതിനാൽ ശാരീരികസൗഖ്യം മാത്രം തേടാനുള്ള പ്രവണത ഒഴിവാക്കണം. ശാരീരിക സൗഖ്യത്തിന് അമിതപ്രാധാന്യം നൽകാതിരിക്കാൻ ശ്രദ്ധിക്കുകയും വേണം. അല്ലെങ്കിൽ ക്രിസ്തീയ വിശ്വാസത്തിനു നിരക്കാത്ത പ്രവണതകളിലേക്കും കിടമത്സരങ്ങളിലേക്കും ഇതു നയിച്ചെന്നു വരും. ഇപ്രകാരം ഒരപടകത്തെക്കുറിച്ച് യേശു തന്നെ താക്കീതു നല്കിയിട്ടുണ്ട് (മത്താ 7:21-23).

രോഗശാന്തിയോടൊപ്പം പിശാചു ബഹിഷ്കരണവും ഈ വരത്തിന്റെ തന്നെ ഭാഗമായി കരുതാനാവും. പാപംവഴി മനുഷ്യൻ തിന്മയുടെ ശക്തിയായ പിശാചിന് അടിമയായതാണ് എല്ലാ രോഗങ്ങളുടെയും അടിസ്ഥാന കാരണം എന്ന ഒരു കാഴ്ചപ്പാട് ബൈബിളിലുണ്ട്. എല്ലാ രോഗങ്ങളും പിശാചുബാധയുടെ ഫലമാണ് എന്ന് ഇതിനർത്ഥമില്ല. അതേസമയം പൈശാചികശക്തികൾ മനുഷ്യനിൽ ആവസിക്കുകയും വിവിധ രോഗങ്ങൾക്കും വൈകല്യങ്ങൾക്കും വൈകൃതങ്ങൾക്കും മനുഷ്യനെ അടിമയാക്കുകയും ചെയ്യും എന്നു സഭ വിശ്വസിക്കുന്നുണ്ട്. അതിനാൽ ത്തന്നെ പിശാചു ബഹിഷ്കരണത്തിനുള്ള അധികാരവും അതിനാവശ്യമായ നിർദ്ദേശങ്ങളും നൽകുകയും ചെയ്യുന്നു.

യേശുവിന്റെയും ശിഷ്യന്മാരുടെ പ്രവർത്തനങ്ങളിൽ വളരെ പ്രാധാന്യമുള്ള ഒന്നായിരുന്നു പിശാചുബഹിഷ്കരണം (മർക്കോ 1:21-28; അപ്പ 16:16-18). ദൈവരാജ്യത്തിന്റെ സാന്നിധ്യം വിളിച്ചറിയിക്കുന്ന അടയാളമായി യേശു തന്നെ പിശാചു ബഹിഷ്കരണത്തെ വിശദീകരിച്ചിട്ടുണ്ട് (ലൂക്കാ 11,20). സുവിശേഷ പ്രഘോഷണത്തിനും ദൈവരാജ്യത്തിന്റെ വളർച്ചയ്ക്കും ഈ വരം ഏറെ സഹായകമാണ്. എന്നാൽ ഇവിടെയും തെറ്റായ ധാരണകളും പ്രവർത്തനശൈലികളും കടന്നുവരാൻ സാധ്യതയുള്ളതിനാൽ, മറ്റു രോഗശാന്തികളിൽ നിന്നും വ്യത്യസ്തമായി, പിശാചു ബഹിഷ്കരണത്തിന് സഭ വ്യക്തമായ മാനദണ്ഡങ്ങളും ക്രമങ്ങളും നിർദ്ദേശിച്ചിട്ടുണ്ട്. അതനുസരിക്കാൻ എല്ലാ വിശ്വാസികൾക്കും കടമയുണ്ട്.

**5. അത്ഭുത പ്രവർത്തനങ്ങൾ:** പ്രകൃതിനിയമങ്ങളെ മറികടക്കുന്നു എന്ന പ്രതീതി ജനിപ്പിക്കത്തക്ക വിധത്തിൽ സംഭവങ്ങളുടെ ഗതി നിയന്ത്രിക്കുകയും മാറ്റിമറിക്കുകയും ചെയ്യുന്ന ദൈവത്തിന്റെ ഇടപെടലുകളെയാണ് അത്ഭുതങ്ങൾ എന്നു വിശേഷി

പ്പിക്കുന്നത്. വിശ്വാസത്തെ ഉറപ്പിക്കാനും ശക്തിപ്പെടുത്താനും സഹായിക്കുന്ന അടയാളങ്ങളായി അത്ഭുതങ്ങൾ വർത്തിക്കുന്നു. പഴയ നിയമത്തിലുടനീളം ഇപ്രകാരമുള്ള അത്ഭുതങ്ങൾ കാണാനാവും. പുറപ്പാടു സംഭവത്തോടനുബന്ധിച്ചു വിവരിക്കുന്ന പത്തു മഹാമാരികൾ (പുറ 7-11), ചെങ്കടൽ വിഭജനം (പുറ 14), മന്നായും കാടപ്പക്ഷിയും (പുറ 16), പാറയിൽ നിന്നു ജലം (പുറ 17) മുതലായവ ഉദാഹരണങ്ങൾ. യേശു അനേകം അത്ഭുതങ്ങൾ പ്രവർത്തിച്ചതായി സുവിശേഷങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ട്. വെള്ളം വീഞ്ഞായി മാറുന്നു (യോഹ 2, 1-11), അപ്പം വർദ്ധിപ്പിക്കുന്നു (മർക്കോ 6:30-44), കടലിനുമീതെ നടക്കുന്നു (മർക്കോ 4:37-41), മരിച്ചവരെ ഉയിർപ്പിക്കുന്നു, (യോഹ 11:38-44) മുതലായവ ഉദാഹരണങ്ങൾ.

ഈ അത്ഭുതങ്ങളെല്ലാം അടയാളങ്ങളായിരുന്നു, യേശുവിലൂടെ പ്രകടമായ ദൈവത്തിന്റെ സ്നേഹത്തിന്റെയും കരുണയുടെയും ശക്തിയുടെയും, അഥവാ ദൈവരാജ്യത്തിന്റെ അടയാളങ്ങൾ. ഇപ്രകാരമുള്ള അത്ഭുതങ്ങൾ പ്രവർത്തിക്കാൻ ശിഷ്യർക്ക് യേശു സഹായം വാഗ്ദാനം ചെയ്തു. പരിശുദ്ധാത്മാവിന്റെ പ്രത്യേക പ്രവർത്തനഫലമായി അത്ഭുതങ്ങൾ അന്നുമുതൽ ഇന്നുവരെ തുടരുന്നു. ചെകിടർക്കു കേൾവി, കുരുടർക്കു കാഴ്ച, ശസ്ത്രക്രിയ കൂടാതെ അർബുദം അപ്രത്യക്ഷമാവുക, ഇല്ലാത്ത അവയവങ്ങൾ - ഉദാ: വൃക്ക ശരീരത്തിൽ ഉണ്ടാവുക, തുടങ്ങി അനേകം അത്ഭുതങ്ങൾ ഇന്നും സംഭവിക്കുന്നുണ്ട്. ദൈവത്തിന്റെ ശക്തിയും സാന്നിധ്യവും പ്രകടമാക്കുന്ന ഈ അത്ഭുതങ്ങൾ പരിശുദ്ധാത്മാവിന്റെ വരങ്ങളാണ്. വിശ്വാസത്തിലുള്ള വളർച്ചയും ദൈവമഹത്വവുമാണ് ഈ അത്ഭുതങ്ങളുടെ ലക്ഷ്യം. പെട്ടെന്നു സംഭവിക്കുന്ന അത്ഭുതങ്ങൾ രോഗശാന്തിയെക്കാളും ശക്തിയേറിയ അടയാളങ്ങളാണ്. സുവിശേഷ പ്രഘോഷണരംഗത്ത് ഏറെ സഹായകമാണ് ഈ അത്ഭുതങ്ങൾ.

അതേസമയം വലിയ പ്രലോഭനങ്ങൾക്ക് ഈ വരം വഴി തെളിച്ചെന്നും വരാം. തന്റെ വാക്കിലൂടെ സംഭവിക്കുന്ന അത്ഭുതങ്ങൾ തന്റെ തന്നെ കഴിവാണെന്ന ധാരണ ചിലരിലെങ്കിലും ജനിക്കാൻ ഇടയാകുന്നുണ്ട്. അപ്പോൾ ജനങ്ങളുടെ വിശ്വാസവും ദൈവമഹത്വവുമല്ല, സ്വന്തം മഹത്വവും നേട്ടങ്ങളുമായിരിക്കും പലപ്പോഴും ലക്ഷ്യം. ആകാശത്തുനിന്ന് അടയാളം കാണണം

എന്നു ശഠിച്ച എതിരാളികൾക്കു മുന്നിൽ യേശു സ്വീകരിച്ച നിഷേധാത്മകമായ നിലപാട് ഇവിടെ മാതൃകയാകണം (മർക്കോ 8:11-13). മരുഭൂമിയിലെ പ്രലോഭനങ്ങളിൽ യേശു നൽകിയ മറുപടിയും ഇവിടെ ശ്രദ്ധേയമാണ് (മത്താ 4:1-11).

**6. പ്രവചനവരം:** ഒറ്റപ്പെട്ട വ്യക്തികളോടോ സമൂഹത്തോടോ ദൈവത്തിന്റെ സന്ദേശം അറിയിക്കാനായി പരിശുദ്ധാത്മാവു വ്യക്തികൾക്കു നൽകുന്ന വരമാണ് പ്രവചനവരം. "*പ്രവചിക്കുന്നവൻ മനുഷ്യനോടു സംസാരിക്കുന്നു. അത് അവരുടെ ഉത്ക്കർഷത്തിനും പ്രോത്സാഹനത്തിനും ആശ്വാസത്തിനും ഉപകരിക്കുന്നു*" (1കോറി 14:2-3) എന്ന അപ്പസ്തോലന്റെ വിശദീകരണം പ്രവചനത്തെക്കുറിച്ചു വ്യക്തത നൽകുന്നു. പ്രവചനം എന്നാൽ ഭാവി പറയുക എന്നല്ല മുഖ്യമായ അർത്ഥം. *പ്രൊ-ഫേമി* (Pro-Phemi) എന്ന രണ്ടു വാക്കുകളിൽ നിന്നാണ് *പ്രോഫേത്തിയ* (Prophetia) എന്ന ഗ്രീക്കു വാക്കിന്റെ ഉത്ഭവം. ഇതിനെയാണ് പ്രവചനം എന്നു വിവർത്തനം ചെയ്യുന്നത്. മറ്റൊരാൾക്കു വേണ്ടി സംസാരിക്കുക എന്നാണ് വാച്യാർത്ഥം. ദൈവത്തിന്റെ വചനം പറയുക, ദൈവം ആഗ്രഹിക്കുന്ന സന്ദേശം അറിയിക്കുക എന്നാണ് ഇത് അർത്ഥമാക്കുന്നത്. മറ്റുവരങ്ങളെ അപേക്ഷിച്ച് പ്രവചനവരത്തിന് പൗലോസ് അപ്പസ്തോലൻ കൂടുതൽ പ്രാധാന്യം നൽകുന്നതായി കാണാം. "*സ്നേഹമായിരിക്കട്ടെ നിങ്ങളുടെ ലക്ഷ്യം. അതേസമയം ആത്മീയ ദാനങ്ങൾക്കായി, പ്രത്യേകിച്ച് പ്രവചനവരത്തിനായി തീക്ഷ്ണതയോടെ ആഗ്രഹിക്കുവിൻ*" (1 കോറി 14,1).

പ്രവചനം ഭാവിയിൽ സംഭവിക്കാനിരിക്കുന്നതിനെക്കുറിച്ചാകാം; കഴിഞ്ഞ കാലത്തു സംഭവിച്ചതിനെക്കുറിച്ചാകാം; അല്ലെങ്കിൽ ഇപ്പോൾ സംഭവിക്കുന്നതിനെക്കുറിച്ചുള്ള അറിവു നൽകുകയോ എന്തെങ്കിലും ചെയ്യാൻ കല്പിക്കുകയോ ചെയ്യുന്നതുമാവാം. ഏതായാലും വ്യക്തിയുടെയും തദ്വാരാ സമൂഹത്തിന്റെയും വിശ്വാസത്തിന് ദൃഢതയും വളർച്ചയും ഉണ്ടാകാൻ സഹായിക്കുന്നതാണ് പ്രവചനങ്ങൾ. അതു ചിലപ്പോൾ ആശ്വാസവും പ്രത്യാശയും നൽകുന്നതാകാം. അല്ലെങ്കിൽ മാനസാന്തരത്തിനും ജീവിതനവീകരണത്തിനുമുള്ള ആഹ്വാനമാകാം. എന്താണ് ഓരോരുത്തർക്കും ആവശ്യം എന്നറിയുന്ന ദൈവത്തിന്റെ ആത്മാവു പ്രചോദിപ്പിക്കുന്നതാണ് പ്രവചനങ്ങൾ.

വ്യക്തികൾക്കും സമൂഹങ്ങൾക്കും വ്യക്തമായ നിർദ്ദേശങ്ങൾ നൽകുന്ന പ്രവചനങ്ങൾ ബൈബിളിൽ, പഴയനിയമത്തിലും പുതിയ നിയമത്തിലും ഒരുപോലെ, ധാരാളം കാണാം. അപ്പസ്തോല പ്രവർത്തനങ്ങളിൽ, സുവിശേഷ പ്രഘോഷണത്തിന്റെ ഓരോ ഘട്ടത്തിലും പരിശുദ്ധാത്മാവ് വ്യക്തികളിലൂടെ ഇപ്രകാരമുള്ള പ്രവചനങ്ങൾ വഴി നിർദ്ദേശങ്ങൾ നൽകുന്നതു രേഖപ്പെടുത്തിയിട്ടുണ്ട്. "*അവർ ഉപവസിച്ചും കർത്താവിനു ശുശ്രൂഷ ചെയ്തും കഴിയവേ, പരിശുദ്ധാത്മാവ് അവരോടു പറഞ്ഞു. ബാർണബാസിനെയും സാവൂളിനെയും ഞാൻ വിളിച്ചിരിക്കുന്ന ജോലിക്കായി, എനിക്കുവേണ്ടി മാറ്റി നിർത്തുക*" (അപ്പ 13,2). അന്തിയോക്കിയായിലെ സഭാസമൂഹത്തിൽ വച്ചു നൽകപ്പെട്ട ഈ നിർദ്ദേശം ഒരുദാഹരണമാണ്. അഗാബുസ് എന്ന ശിഷ്യൻ പൗലോസിന്റെ അരപ്പട്ടയെടുത്ത് സ്വയം ബന്ധിച്ചതിനുശേഷം പറഞ്ഞു: "*പരിശുദ്ധാത്മാവ് അരുളിച്ചെയ്യുന്നു. ജറുസലെമിൽ വച്ച് യഹൂദർ ഈ അരപ്പട്ടയുടെ ഉടമസ്ഥനെ ഇതുപോലെ ബന്ധിക്കുകയും വിജാതിയർക്ക് ഏല്പിച്ചുകൊടുക്കുകയും ചെയ്യും*" (അപ്പ 21:10-11). പ്രവചനവരത്തിന്റെ വ്യക്തമായൊരുദാഹരണമാണിത്.

ഭാവിയെക്കുറിച്ചറിയാനുള്ള ജിജ്ഞാസയെ തൃപ്തിപ്പെടുത്തുന്നതല്ല പ്രവചനങ്ങൾ. അതിനാൽ ഈ വരത്തിന്റെ ഉപയോഗത്തിലും ജാഗ്രത ആവശ്യമാണ്. സ്വന്തം തോന്നലുകളെ പ്രവചനങ്ങളായി അവതരിപ്പിക്കുന്ന വ്യാജപ്രവാചകന്മാർ പഴയനിയമകാലത്ത് ധാരാളമുണ്ടായിരുന്നു (ജറെ 23:25-29; 1 രാജാ, 22:13-28). ഇന്നും അവരുടെ സാന്നിധ്യം സമൂഹത്തിലുണ്ടാകാം. അതിനാൽ ഇവിടെയും വരങ്ങളെ തിരിച്ചറിയേണ്ടതുണ്ട്.

**7. ആത്മാക്കളുടെ വിവേചനം:** ഓരോ വ്യക്തിയിലും ഓരോ സാഹചര്യത്തിലും ആന്തരിക പ്രചോദനവും നിർദ്ദേശവുമായി പ്രവർത്തിക്കുന്നത് ദൈവത്തിന്റെ ആത്മാവാണോ അല്ലയോ എന്നു തിരിച്ചറിയാൻ പരിശുദ്ധാത്മാവ് നൽകുന്ന വരമാണ് ആത്മാക്കളുടെ വിവേചനം. ആന്തരികമായ തോന്നലുകൾ മൂന്ന് വ്യത്യസ്ത ഉറവിടങ്ങളിൽ നിന്നാവാം. പരിശുദ്ധാത്മാവിന്റെ പ്രചോദനങ്ങളാവാം; പിശാചിന്റെ പ്രേരണയും പ്രലോഭനങ്ങളുമാകാം. അല്ലെങ്കിൽ ഒരു വ്യക്തിയുടെ തന്നെ ആഗ്രഹങ്ങളും തോന്നലുകളുമാവാം. ഇവ തമ്മിൽ തിരിച്ചറിയുക എപ്പോഴും

ഒരുപോലെ എളുപ്പമായിരിക്കില്ല. അതിനുവേണ്ടി പരിശുദ്ധാത്മാവു നൽകുന്ന പ്രത്യേകവരമാണ് ഈ വിവേചന ശക്തി.

"*പ്രിയപ്പെട്ടവരേ, എല്ലാ ആത്മാക്കളെയും വിശ്വസിക്കരുത്. ആത്മാക്കളെ പരിശോധിച്ച് അവ ദൈവത്തിൽ നിന്നാണോ എന്നു വിവേചിക്കുവിൻ*" (1 യോഹ 4,1) എന്ന നിർദ്ദേശം ഇവിടെ പ്രത്യേക ശ്രദ്ധയർഹിക്കുന്നു. എങ്ങനെയാണ് ദൈവാത്മാവിന്റെ പ്രേരണയെ പൈശാചിക പ്രലോഭനത്തിൽ നിന്നു വേർതിരിച്ചറിയുക എന്നു യോഹന്നാൻ തുടർന്നു പഠിപ്പിക്കുന്നുണ്ട്. "*ദൈവത്തിന്റെ ആത്മാവിനെ ഇങ്ങനെ തിരിച്ചറിയാം. യേശുക്രിസ്തു ശരീരം ധരിച്ചു വന്നു എന്ന് ഏറ്റു പറയാത്ത ആത്മാവ് ദൈവത്തിൽ നിന്നല്ല*" (1 യോഹ 4:2-3). ഇപ്രകാരം വ്യക്തമായ ഒരു വിവേചനത്തിനു സഹായിക്കുന്നതു പരിശുദ്ധാത്മാവിന്റെ വരമാണ്. പ്രലോഭനങ്ങളെ തിരിച്ചറിയാനും അതിനെതിരേ ജാഗ്രത പാലിക്കാനും വിവേചന വരം സഹായിക്കുന്നു. ഓരോ സാഹചര്യത്തിലും ഉചിതമായ തീരുമാനമെടുക്കാൻ വ്യക്തികളെയും സമൂഹങ്ങളെയും ഈ വരം പ്രാപ്തരാക്കുന്നു.

യേശുക്രിസ്തുവിനെ ദൈവമായി ഏറ്റുപറയാത്തത് പൈശാചിക ആത്മാവാണ് എന്ന താക്കീത് അനുദിന ജീവിതത്തിൽ ഏറെ ശ്രദ്ധേയമാണ്. യേശുവിന്റെ വ്യക്തമായ പ്രബോധനങ്ങൾക്കു നിരക്കാത്ത തീരുമാനങ്ങൾ എടുക്കുന്നതിൽ നിന്നും അപ്രകാരമൊരു ജീവിതശൈലി രൂപപ്പെടുത്തുന്നതിൽ നിന്നും ഈ വിവേചനവരം വിശ്വാസികളെ കാത്തുസൂക്ഷിക്കും. "ദൈവം പറഞ്ഞു" എന്ന മുഖവുരയോടെ കേൾക്കുന്നതെല്ലാം അതേപടി ദൈവവചനമെന്നു കരുതി സ്വീകരിക്കാതെ, യേശുവിന്റെ പ്രബോധനത്തിനനുസൃതമാണോ, അല്ലയോ എന്നു ഗ്രഹിക്കാനും ഈ വരം സഹായിക്കും. ആകർഷകമായി തോന്നുന്നതെല്ലാം ദൈവാത്മാവിന്റെ പ്രവർത്തനങ്ങളാകണമെന്നില്ല. അതിനാൽ ഈ വിവേചനവരത്തിനായി പ്രത്യേകം ദാഹിച്ചു പ്രാർത്ഥിക്കണം. സുവിശേഷപ്രഘോഷണം, വചനവ്യാഖ്യാനം, കൗൺസിലിംഗ് മുതലായ രംഗങ്ങളിൽ ഈ വിവേചനവരം അത്യന്താപേക്ഷിതമാണ്.

**8. ഭാഷാവരം:** കരിസ്മാറ്റിക് പ്രാർത്ഥനാ ഗ്രൂപ്പുകളിൽ ഇന്ന് ഏറ്റം അധികം അറിയപ്പെടുന്നതും ഉപയോഗിക്കപ്പെടുന്നതുമാണ് ഭാഷാവരം. ബൈബിളിൽ മൂന്നുതരം ഭാഷാവരങ്ങളെക്കുറിച്ചു പ്രതിപാദിക്കുന്നുണ്ട്. സുവിശേഷ പ്രഘോഷണവുമായി ബന്ധ

പ്പെട്ടാണ് ഭാഷാവരം ആദ്യമായി പരാമർശ വിഷയമാകുന്നത്. സ്വർഗ്ഗാരോഹണത്തിനു മുമ്പ് യേശു ശിഷ്യർക്കു നൽകിയ വാഗ്ദാനത്തിൽ ഇതിന്റെ ആദ്യത്തെ സൂചന കാണാം. "*നിങ്ങൾ ലോകമെങ്ങും പോയി എല്ലാ സൃഷ്ടികളോടും സുവിശേഷം പ്രസംഗിക്കുവിൻ... വിശ്വസിക്കുന്നവരോടു കൂടെ ഈ അടയാള ങ്ങൾ ഉണ്ടായിരിക്കും. അവർ.... പുതിയ ഭാഷകൾ സംസാരിക്കും*" (മർക്കോ 16:15-17). പഠിച്ചിട്ടില്ലാത്ത ഭാഷയിൽ സുവിശേഷം പ്രഘോഷിക്കാൻ പരിശുദ്ധാത്മാവു നൽകുന്ന ഒരു വരമാണിത്. ഇത് ഒരു യാഥാർത്ഥ്യമാകുന്നത് പന്തക്കുസ്താ ദിവസം ശിഷ്യ ന്മാരും അവരെ ശ്രവിച്ച ജനക്കൂട്ടവും കണ്ടു, അത്ഭുതപ്പെട്ടു, വിശ്വ സിച്ചു.

"*അവരെല്ലാവരും പരിശുദ്ധാത്മാവിനാൽ നിറഞ്ഞു. ആത്മാവു കൊടുത്ത ഭാഷണവരമനുസരിച്ച് അവർ വിവിധ ഭാഷ കളിൽ സംസാരിക്കാൻ തുടങ്ങി*" (അപ്പ 2,4). ഗലീലിക്കാരായ ശിഷ്യന്മാർ സംസാരിച്ചത് അരമായ ഭാഷ ആയിരുന്നു. എന്നാൽ വിവിധരാജ്യങ്ങളിൽ നിന്ന് ജറുസലെമിലേക്കു തീർത്ഥാടകരായി വന്നവർ തങ്ങളുടേതായ ഭാഷകളിൽ അപ്പസ്തോലന്മാരുടെ സംസാരം മനസിലാക്കി. ഇതാണ് ബൈബിളിൽ കാണുന്ന ഭാഷാ വരത്തിന്റെ ആദ്യത്തെ അർത്ഥവും പ്രയോഗവും. കേൾവി ക്കാർക്കു ഗ്രഹിക്കാൻ കഴിയുന്ന വിധത്തിൽ സുവിശേഷം പ്രഘോഷിക്കാൻ കഴിവു നൽകുന്നതാണ് ഭാഷാവരം. എന്നാൽ ഇതല്ല ഭാഷാവരം എന്ന പേരിൽ ഇന്നു പൊതുവേ അറിയപ്പെടു ന്നത്.

കോറിന്തോസിലെ സഭയിൽ നിലവിലിരുന്നതും കുറെയേറെ അസ്വസ്ഥതകൾക്കു വഴി തെളിച്ചതുമായ ഒരു ഭാഷാവരത്തെ ക്കുറിച്ചാണ് പൗലോസ് പറയുന്നത്. ഇവിടെ രണ്ടു വിധത്തി ലുള്ള ഭാഷാവരങ്ങൾ പരാമർശവിഷയമാകുന്നു. പ്രാർത്ഥനയിൽ പ്രകടമാകുന്നതാണ് ഒന്ന്. പരിശുദ്ധാത്മാവ് വ്യക്തിയുടെ ഹൃദ യത്തെ ജ്വലിപ്പിച്ച്, അധരങ്ങളുടെ നിയന്ത്രണം ഏറ്റെടുത്ത് അവ്യ ക്തമായ ശബ്ദങ്ങളിലൂടെ ദൈവത്തെ സ്തുതിക്കുന്നതിന് അവരെ പ്രാപ്തരാക്കുന്നതിനെയാണ് ഭാഷാവരം എന്നു പറയു മ്പോൾ പൊതുവേ മനസിലാക്കുന്നത്. ഇതിനെക്കുറിച്ച് റോമാ ക്കാർക്കെഴുതിയ ലേഖനത്തിൽ പൗലോസ് വ്യക്തമായി പ്രതി പാദിക്കുന്നുണ്ട്. "*നമ്മുടെ ബലഹീനതയിൽ ആത്മാവു നമ്മെ*

*സഹായിക്കുന്നു. വേണ്ടവിധം പ്രാർത്ഥിക്കേണ്ടത് എങ്ങനെയെന്നു നമുക്കറിഞ്ഞുകൂടാ. എന്നാൽ അവാച്യമായ നെടുവീർപ്പുകളിലൂടെ ആത്മാവു തന്നെ നമുക്കു വേണ്ടി മാധ്യസ്ഥ്യം വഹിക്കുന്നു*" (റോമ 8,26).

ഇവിടെ ചുണ്ടുകൾ ചലിപ്പിക്കുന്നതും ശബ്ദങ്ങൾ പുറപ്പെടുവിക്കുന്നതും ആന്തരിക ശക്തിയാണ്. ഓരോരുത്തർക്കും കിട്ടുന്ന ഇപ്രകാരമുള്ള ഭാഷാവരവും അവർ പുറപ്പെടുവിക്കുന്ന ശബ്ദങ്ങളും വ്യത്യസ്തമായിരിക്കും. എന്താണ് ഈ ശബ്ദങ്ങളുടെ അർത്ഥം എന്ന് അതു പുറപ്പെടുവിക്കുന്നവർക്കും അറിയില്ല. ഉള്ളിൽ നിറയുന്ന സന്തോഷവും നന്ദിയും സ്നേഹവും എല്ലാം അധരങ്ങളിലൂടെ സ്വതന്ത്രമായി നിർഗ്ഗളിക്കുന്നു, കൊച്ചുകുഞ്ഞുങ്ങളുടെ ചിരിയും കരച്ചിലും പോലെ. ഹൃദയങ്ങൾ പരിശോധിച്ചറിയുന്ന ദൈവം ആ ശബ്ദങ്ങളുടെ അർത്ഥം ഗ്രഹിക്കുന്നു. ഹൃദയത്തിൽ ശാന്തിയും സന്തോഷവും നിറയാൻ ഈ ഭാഷാവര പ്രാർത്ഥന സഹായിക്കും. എപ്പോൾ ഭാഷാവരത്തിൽ പ്രാർത്ഥിക്കണം, എപ്പോൾ പ്രാർത്ഥന നിർത്തണം എന്നു നിശ്ചയിക്കാൻ വ്യക്തികൾക്കു കഴിയും. തങ്ങളുടെ അധരങ്ങളിലൂടെ പുറപ്പെടുന്ന ശബ്ദങ്ങളുടെ അർത്ഥം ഗ്രഹിക്കുന്നില്ലെങ്കിലും ആഴമേറിയ ഒരു പ്രാർത്ഥനാനുഭവത്തിലേക്ക് ഈ വരം നയിക്കും. സഭാസമൂഹങ്ങളിൽ ഈ പ്രാർത്ഥന ഏറെ ഗുണം ചെയ്യുന്നു.

മൂന്നാമതൊരു ഭാഷാവരമുണ്ട്. അതാണ് പറയുകയും കേൾക്കുകയും ചെയ്യുന്ന ആളുകൾക്കു മനസിലാകാത്ത ഭാഷയിൽ സന്ദേശങ്ങൾ നൽകുന്ന വരം. ഈ വരത്തെക്കുറിച്ചാണ് 1 കോറി 14-ാം അധ്യായത്തിൽ മുഖ്യമായും പ്രതിപാദിക്കുന്നത്. ഇവിടെയാണ് വ്യാഖ്യാനവരത്തിന്റെ ആവശ്യമുണ്ടാകുന്നത്. ദൈവാത്മാവ് ചിലർക്കു ഭാഷാവരവും മറ്റുചിലർക്ക് വ്യാഖ്യാനിക്കാനുള്ള വരവും നൽകുന്നു എന്ന് അപ്പസ്തോലൻ പ്രത്യേകം പറയുന്നുണ്ട്. ഇന്നും സംഭവിച്ചുകൊണ്ടിരിക്കുന്നതും ഏറെ പ്രസക്തവുമാണ് ഇപ്രകാരമുള്ള ഭാഷാവരം. സംസാരിക്കുക മാത്രമല്ല അപരിചിതമായ ഭാഷകളിൽ എഴുതാനും വരം ലഭിച്ചവരുമുണ്ട്. അവിടെയും വ്യാഖ്യാനിക്കാൻ വരം ലഭിക്കുന്നില്ലെങ്കിൽ ഇപ്രകാരമുള്ള ഭാഷാവരം ഫലശൂന്യമായിപ്പോകും. അതിനാൽ ഭാഷാവരത്തെക്കാൾ പ്രധാനമാണ് പ്രവചനവരം എന്ന് അപ്പസ്തോലൻ പഠിപ്പിക്കുന്നു.

**9. വ്യാഖ്യാനവരം:** *ഗ്ലോസോലാലിയ* (Glossolalia) എന്ന് ഭാഷാവരം പൊതുവേ അറിയപ്പെടാറുണ്ട്. എന്താണ് ഈ അപരിചിത ശബ്ദങ്ങളുടെ അർത്ഥം എന്നു മനസിലാക്കിക്കൊടുക്കാൻ പരിശുദ്ധാത്മാവുതന്നെ നൽകുന്ന സഹായമാണ് വ്യാഖ്യാനവരം. വ്യക്തികളെയും സമൂഹങ്ങളെയും സംബന്ധിച്ച ദൈവിക പദ്ധതി വെളിപ്പെടുത്തുകയും അതനുസരിച്ചു തീരുമാനം എടുക്കാൻ കേൾവിക്കാരെ പ്രേരിപ്പിക്കുകയുമാണ് വ്യാഖ്യാനവരത്തിന്റെ ലക്ഷ്യം.

കോറിന്തോസിലെ സഭയിൽ ഭാഷാവരത്തിന്റെ ഉപയോഗവും അതിലേറെ ദുരുപയോഗവും ഉണ്ടായിരുന്നു എന്നു വ്യാഖ്യാതാക്കൾ അഭിപ്രായപ്പെടുന്നു. പല പുരാതന മതങ്ങളിലും ഇപ്രകാരം ഒരു പ്രതിഭാസം നിലവിലിരുന്നു. ഇന്നും അതിന്റെ അവശിഷ്ടങ്ങൾ നമ്മുടെ നാട്ടിലെ വെളിച്ചപ്പാടന്മാരുടെ അരുളപ്പാടുകൾ പോലുള്ള പ്രതിഭാസങ്ങളിൽ ദൃശ്യമാണ്. യേശുവിനെ അറിഞ്ഞ്, ക്രിസ്ത്യാനികൾ ആയതിനുശേഷവും തങ്ങൾ പരിചയിച്ചിരുന്ന ചില പ്രാർത്ഥനാരീതികൾ കോറിന്തോസിലെ വിശ്വാസികൾ തുടർന്നു എന്നും അതുമൂലമുണ്ടാകുന്ന തെറ്റായ ധാരണകളും എതിർ സാക്ഷ്യങ്ങളുമാണ് ഈ വിഷയത്തിന് ഇത്രയേറെ പ്രാധാന്യം നൽകാൻ അപ്പസ്തോലനെ പ്രേരിപ്പിച്ചത് എന്നും കരുതുന്നവരുണ്ട്.

സാഹചര്യം എന്തുതന്നെ ആയാലും, വരങ്ങളുടെ പട്ടികയിൽ ഏറ്റം അവസാനത്തേതായിട്ടാണ് ഭാഷാവരം അവതരിപ്പിച്ചിരിക്കുന്നത്. ഭാഷാവരത്തിൽ പ്രാർത്ഥിക്കുന്നതു നല്ലതുതന്നെ. എന്നാൽ ഭാഷാവരത്തിൽ സംസാരിക്കുകയും സന്ദേശങ്ങൾ നൽകുകയും ചെയ്യുമ്പോൾ പ്രത്യേക ജാഗ്രതയും നിയന്ത്രണവും ആവശ്യമാണെന്ന് അപ്പസ്തോലൻ ഉദ്ബോധിപ്പിക്കുന്നു. ആത്മാക്കളുടെ കാര്യത്തിലെന്നതുപോലെ ഇവിടെയും വിവേചനം ആവശ്യമാണ്. അജ്ഞാതമായ ഭാഷയിൽ സംസാരിക്കുന്നത് പരിശുദ്ധാത്മാവിന്റെ പ്രേരണയാൽ ആണെന്നും ലഭിക്കുന്ന വ്യാഖ്യാനം ശരിയാണെന്നും നിർണ്ണയിക്കുക പലപ്പോഴും ശ്രമകരമായിരിക്കും. അതിനാൽത്തന്നെ സ്വാർത്ഥപരമായ ലക്ഷ്യത്തോടെയുള്ള ദുരുപയോഗങ്ങൾക്കും പൈശാചിക തന്ത്രങ്ങൾക്കും വഴി തെളിയാൻ സാധ്യതയുമുണ്ട് എന്ന കാര്യം പ്രത്യേകം ശ്രദ്ധിക്കണം; ആവശ്യമായ ജാഗ്രത പാലിക്കുകയും മുൻകരുതലുകൾ എടുക്കുകയും വേണം.

പൊതുവേ അറിയപ്പെടുന്നതും അംഗീകരിക്കപ്പെട്ടിരിക്കുന്ന തുമായ കരിസ്മാറ്റിക് വരങ്ങളാണ് ഇതുവരെ കണ്ടത്. എന്നാൽ ഇവയോടു സാമ്യമുള്ളതും അത്രതന്നെ അറിയപ്പെടാത്തതുമായ മറ്റുചില വരങ്ങളെക്കുറിച്ചും പുതിയനിയമ ഗ്രന്ഥങ്ങളിൽ പ്രതി പാദിക്കുന്നുണ്ട്. അവയിൽ പ്രധാനപ്പെട്ട ചിലതിലേക്കാണ് അടു ത്തതായി ശ്രദ്ധ തിരിക്കുന്നത്.

**10. സുവിശേഷ പ്രഘോഷണം:** യേശു ഈ ഭൂമിയിലേക്കു വന്നത് ദൈവത്തിന്റെ സുവിശേഷവുമായാണ് (മർക്കോ 1,14). സുവിശേഷം പ്രഘോഷിക്കാൻ വേണ്ടിയാണ് യേശു ശിഷ്യന്മാരെ തിരഞ്ഞെടുത്തതും (മർക്കോ 3,14) അയച്ചതും (മർക്കോ 16,15). സുവിശേഷം പ്രഘോഷിക്കാൻ ശിഷ്യരെ ശക്തിപ്പെടുത്തുന്നതു പരിശുദ്ധാത്മാവായിരിക്കും എന്നു യേശു അവരെ പഠിപ്പിച്ചിട്ടുണ്ട് (ലൂക്കാ 24:47-49; അപ്പ 1,8). "സുവിശേഷ പ്രഘോഷകർ" എന്നത് പരിശുദ്ധാത്മാവു നൽകുന്ന വലിയൊരു വരവും സഹായവുമാണെന്ന് പൗലോസ് അനുസ്മരിപ്പിക്കുന്നുണ്ട് (എഫേ 4,11).

യേശുവിലൂടെ മനുഷ്യകുലത്തിനു ലഭ്യമായ രക്ഷയുടെ സദ്വാർത്തയാണ് സുവിശേഷം. ദൈവം സ്നേഹനിധിയായ പിതാവാണെന്നും തന്റെ പുത്രനായ യേശുക്രിസ്തുവിലൂടെ സകല മനുഷ്യരെയും പാപങ്ങളിൽ നിന്നു രക്ഷിച്ച് മക്കളായി സ്വീകരിക്കാൻ ആഗ്രഹിക്കുന്നു എന്നും ലോകജനതകൾ മുഴുവൻ അറിയണം; ക്ഷണം സ്വീകരിച്ച് എല്ലാവരും ദൈവത്തെ പിതാവും പരസ്പരം സഹോദരങ്ങളുമായി അംഗീകരിക്കണം; ജീവിക്കണം. ഇതാണ് സുവിശേഷത്തിന്റെ കാതൽ; ഇതാണ് ആത്യന്തിക ലക്ഷ്യം. ഇതിനു ശിഷ്യരെ ഒരുക്കുന്നതാണ് സുവിശേഷ പ്രഘോഷണം എന്ന വരം.

**11. പ്രബോധകർ-അധ്യാപകർ:** ക്രിസ്തീയ വിശ്വാസത്തിന്റെ ആഴങ്ങളിലേക്കു വിശ്വാസികളെ നയിക്കുന്നവരെയാണ് അധ്യാപകർ എന്നും (റോമാ 12,7) പ്രബോധകർ എന്നും (1കോറി 12,28) വിശേഷിപ്പിക്കുന്നത്. മലയാളത്തിൽ രണ്ടു വാക്കുപയോഗിക്കുന്നെങ്കിലും ഗ്രീക്കിൽ *ദിദാസ്കലോസ്* (didascalos) എന്ന ഒരു വാക്കു തന്നെയാണ് രണ്ടു സ്ഥലത്തും ഉപയോഗിച്ചിരിക്കുന്നത്. മതബോധനം അഥവാ പ്രബോധനം എന്നർത്ഥമുള്ള *ദിദാക്കേ* (didake) എന്ന വാക്കും ഈ മൂലത്തിൽനിന്നു വരുന്നു. എന്തു വിശ്വസിക്കണം എന്നു പഠിപ്പിക്കുന്നവരാണ് പ്രബോധകർ.

വിശ്വാസസത്യങ്ങളാണു പ്രബോധനവിഷയം. സുവിശേഷ പ്രഘോഷണത്തിലൂടെ വിശ്വാസത്തിലേക്കു വന്നവരെ തുടർന്നു നയിക്കാൻ പ്രബോധകരെ പരിശുദ്ധാത്മാവു ശക്തിപ്പെടുത്തുന്നു.

**12. ഉപദേശം:** എന്തു ചെയ്യണം, എന്തു ചെയ്യരുത് എന്നു നിർദ്ദേശിക്കുന്നതിനെയാണ് ഉപദേശം എന്നു വിശേഷിപ്പിക്കുന്നത് (റോമാ 12,8). പുതിയ നിയമത്തിലെ മിക്കവാറും എല്ലാ പുസ്തകങ്ങളിലും അനേകം തവണ കാണുന്ന ഒരു വാക്കാണിത്. "*പാരാകാലെയോ*" (Parakaleo) എന്നു ഗ്രീക്കുമൂലം. ഉപദേശിക്കുക, സഹായിക്കുക, ധൈര്യപ്പെടുത്തുക എന്നൊക്കെ ഈ വാക്കിനർത്ഥമുണ്ട്. പൗലോസ് തന്റെ ലേഖനങ്ങളിൽ അനേകം തവണ ഈ വാക്കുപയോഗിക്കുന്നുണ്ട്. അപേക്ഷിക്കുക (റോമ 13,1; 15,30; 16,17), അഭ്യർത്ഥിക്കുക (1 കോറി 1,10), ഉപദേശിക്കുക (1 കോറി 4,14), പ്രോത്സാഹിപ്പിക്കുക (1 കോറി 14,31) നിർബന്ധിക്കുക (1 കോറി 16,12) ആശ്വസിപ്പിക്കുക (2 കോറി 1,4) എന്നിങ്ങനെ വിവിധങ്ങളായ അർത്ഥസൂചനകൾ ഈ പദത്തിനുണ്ട്.

"പാരാക്ലേത്തോസ്" എന്ന നാമം ഈ ക്രിയാധാതുവിൽനിന്നാണ് വരുന്നതെന്നതും ശ്രദ്ധേയമത്രെ. അടുത്തേക്കു വിളിക്കപ്പെട്ടവൻ, സഹായകൻ എന്നൊക്കെയാണർത്ഥം. പരിശുദ്ധാത്മാവിന്റെ ഒരു വിശേഷണമായി നാം ആരംഭത്തിൽത്തന്നെ കണ്ടതാണീ പദം. ധാർമ്മികതലത്തിൽ നൽകുന്ന പ്രബോധനമാണ് ഉപദേശം. അതു പരിശുദ്ധാത്മാവ് നൽകുന്ന ഒരു വരമായി അവതരിപ്പിച്ചിരിക്കുന്നു. പ്രതിസന്ധികളിൽ തളരാതെ, പ്രലോഭനങ്ങളിൽ പതറാതെ, വിശ്വാസത്തെ മുറുകെ പിടിച്ച്, ക്രിസ്തീയ ജീവിതം നയിക്കാൻ ഈ വരം സഹായിക്കുന്നു. കൗൺസിലിംഗിൽ വളരെ പ്രാധാന്യമുള്ള വരമാണിത്.

**13. നേതൃത്വം-അജപാലനം:** വ്യക്തികളെയും സമൂഹങ്ങളെയും ക്രിസ്തീയ വിശ്വാസമനുസരിച്ച് നയിക്കാനായി വ്യക്തികൾക്കു പരിശുദ്ധാത്മാവു നൽകുന്ന വരമാണ് നേതൃത്വം. "*നേതൃത്വം നൽകുന്നവൻ തീക്ഷ്ണതയോടെ*" (റോമാ 12,8) നയിക്കാൻ സഹായിക്കുന്നതു പരിശുദ്ധാത്മാവാണ്. ദൈവജനത്തെ ദൈവഹിതാനുസാരം നയിക്കാൻ ആവശ്യമായ കൃപാദാനമാണിത്. ഹയരാർക്കിക്കൽ വരങ്ങളുമായി ഇതിനു സാമ്യവും ബന്ധവുമുണ്ട്. എന്നാൽ ഹയരാർക്കിയിൽ മാത്രമല്ല, ക്രൈസ്തവ ജീവിതത്തിന്റെ സകല മേഖലകളിലും ഈ നേതൃത്വം ആവശ്യ

മാണ്. കുടുംബങ്ങളും ചെറിയ പ്രാർത്ഥനാ ഗ്രൂപ്പുകളും മുതൽ വലിയ സംഘടനകളും സംരംഭങ്ങളും അടക്കം സമൂഹത്തിന്റെ എല്ലാതരങ്ങളിലും ആവശ്യമായ നേതൃത്വം നൽകാൻ ഈ വരം സഹായിക്കുന്നു.

ഈ നേതൃത്വം എപ്രകാരമുള്ളതായിരിക്കണം എന്നു പഠിപ്പിക്കുന്നതാണ് എഫേ 4,11ൽ പറയുന്ന "ഇടയന്മാർ" എന്ന വരം. ബൈബിളിൽ ഉടനീളം നിറഞ്ഞുനിൽക്കുന്ന ഒരു പ്രമേയമാണിത്. ദൈവത്തെ ഇടയനായി കാണുന്ന ജനം; അവരെ നയിക്കുന്ന നേതാക്കന്മാർ ആടുകളെ മേയ്ക്കുന്ന ഇടയന്മാരെപ്പോലെ ആയിരിക്കണം. എസെ 34:15-16ൽ എടുത്തു കാട്ടുന്ന ഇടയന്റെ സവിശേഷതകൾ ഇവിടെ ശ്രദ്ധയർഹിക്കുന്നു: "*ഞാൻ തന്നെ എന്റെ ആടുകളെ മേയ്ക്കും. ഞാൻ അവയ്ക്കു വിശ്രമസ്ഥലം നൽകും. നഷ്ടപ്പെട്ടതിനെ ഞാൻ അന്വേഷിക്കും. വഴിതെറ്റിയതിനെ ഞാൻ തിരിയെ കൊണ്ടുവരും. മുറിവേറ്റതിനെ ഞാൻ വച്ചുകെട്ടും. ബലഹീനമായതിനെ ഞാൻ ശക്തിപ്പെടുത്തും. കൊഴുത്തതിനെയും ശക്തിയുള്ളതിനെയും ഞാൻ സംരക്ഷിക്കും. നീതിപൂർവ്വം അവയെ നയിക്കും*". ഇതാണ് നേതാവിന്റെ അജപാലന ദൗത്യം. ഇതിന്റെ ഏറ്റം വലിയ ഉദാഹരണമാണ് "*ഞാൻ നല്ല ഇടയനാണ്*" (യോഹ 10,11) എന്ന സ്വയം വിശേഷിപ്പിച്ച യേശു. കുടുംബം മുതൽ സമൂഹത്തിന്റെ എല്ലാ തലങ്ങളിലുമുള്ള നേതൃത്വത്തിന് അവശ്യം വേണ്ട ഈ ഗുണവും പരിശുദ്ധാത്മാവു നൽകുന്ന വരംതന്നെ.

**14. ശുശ്രൂഷ-ദാനം-കരുണ:** "*ശുശ്രൂഷാവരം ശുശ്രൂഷാ നിർവ്വഹണത്തിലും... ഉപയോഗിക്കാം. ദാനം ചെയ്യുന്നവന് ഔദാര്യത്തോടെയും... കരുണ കാണിക്കുന്നവൻ പ്രസന്നതയോടെയും പ്രവർത്തിക്കട്ടെ*" (റോമാ 12:6-8) എന്ന ഉപദേശത്തിൽ സമാനാർത്ഥമുള്ള മൂന്നു വരങ്ങൾ ഒരുമിച്ചു ചേർത്തു പറഞ്ഞിരിക്കുന്നു. എല്ലാം പരിശുദ്ധാത്മാവിന്റെ കൃപാദാനങ്ങളാണെന്ന ആമുഖത്തോടെയാണ് ഈ പട്ടിക അവതരിപ്പിച്ചിരിക്കുന്നത്.

ഇതിൽ ആദ്യത്തേത് ശുശ്രൂഷാവരമാണ്. "*ദിയാക്കൊണിയാ*" (diakonia) എന്ന ഗ്രീക്കുമൂലം. ഇതിൽ നിന്നാണ് ഡീക്കൻ എന്ന പദത്തിന്റെ ഉത്ഭവം. സമൂഹത്തിന്റെ മുഖ്യമായും ഭൗതിക ആവശ്യങ്ങളിൽ ശ്രദ്ധിച്ച് വേണ്ട ശുശ്രൂഷകൾ ചെയ്യുന്നതിനെയാണ് ഈ വരം സൂചിപ്പിക്കുന്നത്. ഇതിനെ ഹയരാർക്കിക്കൽ

വരങ്ങളുമായി ബന്ധപ്പെടുത്തി കാണാറുണ്ട്. എന്നാൽ “ഡീക്കൻ” പദവിയിൽ ഉള്ളവർക്കു മാത്രമല്ല, പലവിധത്തിലാണെങ്കിലും സമൂഹത്തിലെ എല്ലാവർക്കും ആവശ്യമായയൊരു വരമാണിത്. എപ്രകാരം, എന്തു മനോഭാവത്തോടെ ശുശ്രൂഷ നടത്തണം എന്ന് തുടർന്ന് എടുത്തു പറയുന്ന രണ്ടു വരങ്ങൾ വ്യക്തമാക്കുന്നു.

ദാനം ചെയ്യുന്നവൻ ഔദാര്യത്തോടെ ചെയ്യണം എന്നതാണ് ആദ്യത്തെ നിർദ്ദേശം. സമൂഹത്തിൽ ദാരിദ്ര്യ ദുഃഖമനുഭവിക്കുന്ന പാവപ്പെട്ടവരോടുള്ള സമീപനമാണിത്. ഈ ഭൂമിയും ഇതിലെ വിഭവങ്ങളും എല്ലാവർക്കും അവകാശപ്പെട്ടതാണ്. മനുഷ്യോചിതമായ ജീവിതത്തിന് ആവശ്യമായവ ഇവിടെ കണ്ടെത്താൻ എല്ലാവർക്കും കഴിയണം എന്നതു ദൈവിക പദ്ധതിയുടെ ഭാഗമാണ്. ആരും തങ്ങളുടെ വസ്തുവകകൾ സ്വന്തമായി കരുതാതെ ആവശ്യമനുസരിച്ചു പങ്കുവച്ചിരുന്ന ആദിമക്രൈസ്തവ സമൂഹത്തിന്റെ ചിത്രം (അപ്പ 3:44-47) ഈ ഉപദേശത്തിനു പിന്നിൽ തെളിയുന്നു. ആവശ്യക്കാർക്ക് കഴിവിനൊത്തു സഹായം ചെയ്യാൻ പ്രേരിപ്പിക്കുന്നതാണ് ഈ വരം. ഔദാര്യം എന്നത് ഒരു മനോഭാവമാണ്. സ്വരുക്കൂട്ടി വച്ചു സമ്പന്നനാകാൻ ശ്രമിക്കാതെ, അയൽക്കാരന്റെ ആവശ്യങ്ങളറിഞ്ഞ് ഉദാരമായി നൽകാൻ ആന്തരികപ്രേരണ നൽകുന്നതും പരിശുദ്ധാത്മാവിന്റെ വരമാണ്.

ഔദാര്യം മാത്രമല്ല, കരുണയും ഈ ദാനധർമ്മത്തിന്റെ ഭാഗമായിരിക്കണം എന്ന് അപ്പസ്തോലൻ തുടർന്ന് ഉദ്ബോധിപ്പിക്കുന്നു: “*കരുണ കാണിക്കുന്ന പ്രസന്നതയോടെയും പ്രവർത്തിക്കട്ടെ*” (റോമാ 12,8). അയൽക്കാരന്റെ ദൈന്യതയിൽ അലിവു തോന്നാൻ പ്രേരിപ്പിക്കുന്നതാണ് കരുണ. “*റഹമീം*” എന്നു ഹീബ്രു. ഗർഭസ്ഥ ശിശുവിനോട് അതിന്റെ അമ്മയ്ക്കുള്ള, ഉണ്ടാകേണ്ട ഭാവമാണത്. *എലെയോ* (eleo) എന്നാണ് ഗ്രീക്കുപദം. അപരന്റെ ദൈന്യതയിൽ എനിക്കുണ്ടാകുന്ന സഹാനുഭൂതിയും ആർദ്രതയും സഹായിക്കാനുള്ള പ്രേരണയും എല്ലാം ഉൾക്കൊള്ളുന്ന വികാരമാണിത്. ഇതിൽ നിന്നാണ് *എലേമോസുനേ* (elemosune) എന്ന ഗ്രീക്കു നാമത്തിന്റെ ഉത്ഭവം. ഭിക്ഷ എന്നർത്ഥം. ഇംഗ്ലീഷിലെ alms എന്ന പദം ഇതിൽ നിന്നുവരുന്നു. ദാനം ചെയ്യുന്നവർ സന്തോഷത്തോടെ ചെയ്യാൻ പ്രാപ്തരാകു

ന്നതും പരിശുദ്ധാത്മാവിന്റെ സഹായത്താലാണ്. സ്വീകരിക്കുന്ന ആളെ ഒരു തരത്തിലും അപകർഷ ബോധത്തിലേക്കു തള്ളിവിടാതെ, സ്നേഹത്തോടും, കരുണയോടും കൂടെ ദാനം ചെയ്യാൻ ഈ വരം സഹായിക്കുന്നു.

വരദാനങ്ങളിൽ വൈവിധ്യമുണ്ടെങ്കിലും എല്ലാറ്റിന്റെയും ഉറവിടം പരിശുദ്ധാത്മാവാണ്. എല്ലാറ്റിന്റെയും ലക്ഷ്യം വ്യക്തികളുടെയും സമൂഹത്തിന്റെയും പൊതുനന്മയും. എല്ലാ ദാനങ്ങളും വരങ്ങളും ആത്യന്തികമായി ഫലദായകമാകണം. അതിനും പരിശുദ്ധാത്മാവാണു സഹായിക്കുന്നത്. അടുത്തതായി പരിശുദ്ധാത്മാവിന്റെ ഫലങ്ങളിലേക്കു ശ്രദ്ധ തിരിക്കാം.

# 4

## പരിശുദ്ധാത്മാവിന്റെ ഫലങ്ങൾ

"*ആത്മാവിന്റെ ഫലങ്ങൾ സ്നേഹം, ആനന്ദം, സമാധാനം, ക്ഷമ, ദയ, നന്മ, വിശ്വസ്തത, സൗമ്യത, ആത്മസംയമനം ഇവയാണ്. ഇവയ്ക്കെതിരായി ഒരു നിയമവുമില്ല*" (ഗലാ 5:22-23).

പരിശുദ്ധാത്മാവിന്റെ പ്രചോദനം അനുസരിച്ചു ജീവിക്കുന്ന വ്യക്തികളിലും സമൂഹങ്ങളിലും ദൃശ്യമാകുന്ന സവിശേഷതകളെയാണ് ആത്മാവിന്റെ ഫലങ്ങൾ എന്നു വിശേഷിപ്പിക്കുന്നത്. ആത്മാവിന്റെ ദാനങ്ങളും വരങ്ങളും എല്ലാം ഫലങ്ങളിലേക്കു നയിക്കണം. പ്രകൃതിയിൽ എന്നതുപോലെ ആത്മീയ ജീവിതത്തിലും ഫലമാണ് പ്രധാനം. അന്ത്യ അത്താഴവേളയിലെ വിടവാങ്ങൽ പ്രസംഗത്തിനു മധ്യേ യേശു പ്രത്യേകം എടുത്തു പറഞ്ഞതാണ് ഫലം പുറപ്പെടുവിക്കേണ്ടതിന്റെ ആവശ്യകത. ശിഷ്യരുടെ ജീവിതം ഫലശൂന്യമാകരുത്.

മുന്തിരിച്ചെടിയും ശാഖകളും എന്ന ഉപമയിലൂടെ (യോഹ 15:1-10) ഈ വിഷയം വ്യക്തമായി പഠിപ്പിക്കുന്നുണ്ട്. യേശുവാണു മുന്തിരിച്ചെടി, ശിഷ്യന്മാർ ശാഖകൾ, പിതാവായ ദൈവം കൃഷിക്കാരൻ. ശാഖ തായ്ത്തടിയോടെന്നതുപോലെ ശിഷ്യർ യേശുവിനോടു ചേർന്നു നിന്നാൽ മാത്രമേ ഫലം പുറപ്പെടുവിക്കാൻ കഴിയൂ. "*ആര് എന്നിലും ഞാൻ അവനിലും വസിക്കുന്നുവോ അവൻ ഏറെ ഫലം പുറപ്പെടുവിക്കും. എന്നെ കൂടാതെ നിങ്ങൾക്ക് ഒന്നും ചെയ്യാൻ കഴിയുകയില്ല*" (യോഹ 15,5).

എന്താണ് ഈ ഫലം എന്ന് യേശുവിന്റെ തന്നെ വാക്കുകളിൽ യോഹന്നാൻ തുടർന്നു വ്യക്തമാക്കുന്നു. "*നിങ്ങൾ ധാരാളം ഫലം പുറപ്പെടുവിക്കുകയും അങ്ങനെ എന്റെ ശിഷ്യരായിത്തീരുകയും ചെയ്യുന്നതുവഴി പിതാവു മഹത്വപ്പെടുന്നു. പിതാവ് എന്നെ സ്നേഹിച്ചതുപോലെ ഞാനും നിങ്ങളെ സ്നേഹിച്ചു. നിങ്ങൾ എന്റെ സ്നേഹത്തിൽ നില നിൽക്കുവിൻ*" (യോഹ 15:8-9). സ്നേഹം, സ്നേഹത്തിൽ നിലനിൽക്കുക, അതാണ്

യേശു പ്രതീക്ഷിക്കുന്നതും വാഗ്ദാനം ചെയ്യുന്നതുമായ ഫലം. യേശു സ്നേഹിച്ചതുപോലെ ശിഷ്യർ പരസ്പരം സ്നേഹിക്കണം; സ്നേഹിതർക്കുവേണ്ടി ജീവൻ ത്യജിക്കാൻ പോലും സന്നദ്ധമാകുന്ന സ്നേഹം (യോഹ 15:12-13). അപ്രകാരമുള്ള സ്നേഹമാണ് ക്രിസ്തുശിഷ്യരുടെ മുഖമുദ്ര (യോഹ 13,35); അതാണ് അവരുടെ ജീവിതം പുറപ്പെടുവിക്കേണ്ട ഫലം. ഇപ്രകാരം ഫലം പുറപ്പെടുവിക്കാൻ വേണ്ടിയാണ് യേശു സഹായകനെ വാഗ്ദാനം ചെയ്തത് (യോഹ 14,16).

ബൈബിളിൽ ഉടനീളം കാണുന്ന ഒരു പ്രമേയമാണ് നല്ല ഫലം. ഉടമ്പടിയുടെ പ്രമാണങ്ങൾ അനുസരിച്ച് ജീവിക്കുന്ന വ്യക്തികളിലും സമൂഹങ്ങളിലും ഈ ഫലം പ്രകടമാകും. എന്നാൽ പലപ്പോഴും നേരെമറിച്ചാണു സംഭവിക്കുക. ശ്രദ്ധാപൂർവ്വം നട്ടുവളർത്തിയ മുന്തിരിച്ചെടി വിഷഫലം കായ്ക്കുന്ന ദുരന്തത്തിന്റെ ഉപമയിലൂടെ ഈ വിഷയം ഏശയ്യാ ചിത്രീകരിക്കുന്നുണ്ട് (ഏശ 5:1-7). നല്ല ഫലം കായ്ക്കാത്ത വൃക്ഷമെല്ലാം വെട്ടി തീയിൽ എറിയാൻ വരുന്ന മിശിഹായെക്കുറിച്ച് സ്നാപകൻ മുന്നറിയിപ്പു നൽകി (മത്താ 3,10). ഫലം തരാത്ത അത്തിവൃക്ഷത്തിന് ഒരു വർഷത്തെ അവധി നൽകിയിരിക്കുന്നതായി യേശുവും ഉപമയിലൂടെ പഠിപ്പിച്ചു (ലൂക്കാ 13:6-9). യേശുവിന്റെ രാജകീയമായ നഗര പ്രവേശത്തോടെ ഈ കാലാവധി അവസാനിച്ചു എന്ന് വാക്കുകേട്ട് ഉണങ്ങിയ അത്തിമരത്തിന്റെ പ്രതീകത്തിലൂടെ വ്യക്തമാക്കി (മർക്കോ 11:12-21).

യേശു വാഗ്ദാനം ചെയ്ത പരിശുദ്ധാത്മാവാണ് ശിഷ്യരുടെ ജീവിതം ഫലമണിയാൻ സഹായിക്കുന്നത്. സ്നേഹം എന്ന ഒറ്റ വാക്കിൽ യേശു അവതരിപ്പിച്ച ആത്മാവിന്റെ ഫലം അനേകം സവിശേഷതകളിലൂടെ പൗലോസ് വ്യക്തമാക്കുന്നതാണ് തുടക്കത്തിൽ ഉദ്ധരിച്ച ഫലങ്ങളുടെ പട്ടിക. പരിശുദ്ധാത്മാവിന്റെ ഫലങ്ങളെക്കുറിച്ചുള്ള കത്തോലിക്കാ സഭയുടെ ഔദ്യോഗിക പ്രബോധനം CCC 736, 1832 ഖണ്ഡികകളിൽ കാണാം. "*പരിശുദ്ധാത്മാവിന്റെ ഫലങ്ങൾ പരിശുദ്ധാത്മാവ് നമ്മിൽ നിത്യമഹത്വത്തിന്റെ പ്രഥമ ഫലങ്ങൾ എന്നപോലെ രൂപപ്പെടുത്തുന്ന പൂർണ്ണതകളാണ്. സഭയുടെ പാരമ്പര്യം അവയിൽ പന്ത്രണ്ടെണ്ണം എടുത്തുകാട്ടുന്നുണ്ട്. സ്നേഹം, ആനന്ദം, സമാധാനം, ക്ഷമ, ദയ, നന്മ, ഔദാര്യം, സൗമ്യത, വിശ്വസ്തത, അടക്കം, ആത്മസംയമനം, ശുദ്ധത*" (CCC §1832).

"*നിത്യമഹത്വത്തിന്റെ പ്രഥമഫലങ്ങൾ*" എന്ന വിശേഷണം സ്വർഗ്ഗീയ ജീവിതത്തിന്റെ ഒരു മുന്നാസ്വാദനമായി ഈ ഫലങ്ങളെ ചിത്രീകരിക്കുന്നു. പരിശുദ്ധാത്മാവിനാൽ നിറഞ്ഞു നയിക്കപ്പെടുന്ന ഐഹികജീവിതം ഭൂമിയിൽ സ്വർഗ്ഗത്തിന്റെ അടയാളമായി പരിണമിക്കുന്നു. ഇവിടെ തുടങ്ങുന്ന ജീവിതം അതിന്റെ പൂർണ്ണതയിൽ എത്തുന്നത് മരണം വഴി നിത്യജീവനിലേക്കു പ്രവേശിക്കുന്നതോടെയാണ്.

**ഫലങ്ങൾ എത്ര?:** പരിശുദ്ധാത്മാവിന്റെ ഫലങ്ങളെക്കുറിച്ച് ബൈബിളിലെ ഏറ്റം ആധികാരികമായ പട്ടിക ഗലാത്തിയ ലേഖനം 5:22-23 ൽ കാണാം. അവിടെ ഒമ്പതു ഫലങ്ങൾ അപ്പസ്തോലൻ അക്കമിട്ടു നിരത്തുന്നുണ്ട്. എന്നാൽ ആത്മാവിന്റെ ഫലങ്ങളെക്കുറിച്ചുള്ള കത്തോലിക്കാസഭയുടെ ആധികാരിക പ്രബോധനം CCC യിൽ അവതരിപ്പിക്കുന്നിടത്ത് 12 ഫലങ്ങൾ കാണാം. എന്തേ ഈ വ്യത്യാസം എന്ന ചോദ്യം ന്യായമായും ഉയരുന്നു. ഇവിടെ ബൈബിളാണോ CCC യാണോ വിശ്വാസത്തിന്റെ മാനദണ്ഡമായി സ്വീകരിക്കേണ്ടത് എന്ന ചോദ്യവും ഉയരാം. അതിനാൽ എന്തേ ഈ വ്യത്യാസം, ഏതാണ് സ്വീകാര്യം എന്നു തീരുമാനിക്കേണ്ടതുണ്ട്.

ആദ്യമേ, പട്ടികയുടെ വ്യത്യാസത്തിലേക്കു വരാം. മൂലഭാഷയിൽ നിന്ന് ബൈബിൾ തന്റെ വായനക്കാരായ സാധാരണക്കാർക്കു മനസിലാകുന്ന ലത്തീൻ ഭാഷയിലേക്കു വിവർത്തനം ചെയ്തത് വി. ജെറോം ആണ്. സാധാരണക്കാരന്റെ ഭാഷ എന്ന അർത്ഥത്തിൽ ആ വിവർത്തനത്തെ *വുൾഗാത്താ* (Vulgata) എന്നു വിളിക്കുന്നു. ജനം എന്നർത്ഥമുള്ള *വുൾഗുസ്* (Vulgus) എന്ന വാക്കിൽ നിന്നാണ് വുൾഗാത്ത എന്ന വാക്കിന്റെ ഉത്ഭവം. "ജനകീയം" എന്നാണ് അക്ഷരാർത്ഥം. ഈ വിവർത്തനത്തിൽ മൂന്നു ഫലങ്ങൾ കൂടുതലായി ചേർത്തിട്ടുണ്ട്: ഔദാര്യം, അടക്കം, ശുദ്ധത, ഇതാണ് ഫലത്തിന്റെ രണ്ടു പട്ടികകൾ തമ്മിലുള്ള വ്യത്യാസത്തിനു കാരണം. ദാനങ്ങളുടെ പട്ടികയിലും ഇതുപോലെ ഒരു വ്യത്യാസം ദൃശ്യമാണ്. ഏശ 7,2 ൽ ആറു ദാനങ്ങളാണ് കാണുന്നത്. എന്നാൽ വുൾഗാത്ത എന്ന ലത്തീൻ വിവർത്തനത്തിൽ ഏഴു ദാനങ്ങൾ കാണാം. ദൈവഭയം എന്നു ഹീബ്രുവിലും ഗ്രീക്കിലും അർത്ഥമുള്ള ഒരു വാക്കിന്റെ സ്ഥാനത്ത് ദൈവഭക്തി, ദൈവഭയം എന്ന രണ്ടു വാക്കുകൾ ഉപയോഗിച്ചതിനാലാണ് ദാനങ്ങൾ ഏഴ് എന്ന നില വന്നത്.

ഇതിൽ ഏതു പട്ടികയാണ് സ്വീകാര്യം എന്ന ചോദ്യത്തിന് ഉത്തരം തേടുമ്പോൾ ആദ്യമേ ശ്രദ്ധയിൽപ്പെടുന്ന മറ്റൊന്നുണ്ട്. ഗലാ 5,22 ൽ ഫലങ്ങൾ എന്ന ബഹുവചനമല്ല, "*ഫലം*" എന്ന ഏകവചനമാണുപയോഗിച്ചിരിക്കുന്നത്. "*കാർപോസ്*" എന്നു ഗ്രീക്കുമൂലം. പഴം എന്നും ഫലം എന്നും വിവർത്തനം ചെയ്യാം. മരത്തിൽ കായ്ക്കുന്ന പഴത്തെ സൂചിപ്പിക്കുന്ന ഒരു പദമാണ് കാർപോസ്. പഴം എന്നു നാം മലയാളത്തിൽ പറയുമ്പോൾ അത് ഒരു പഴത്തെ മാത്രമല്ല ഒരു കൂട്ടം പഴങ്ങളെയും സൂചിപ്പിക്കുമല്ലോ. മാവുനിറയെ പഴമുണ്ട് എന്നല്ലാതെ പഴങ്ങളുണ്ട്, മാങ്ങകൾ ഉണ്ട് എന്നൊന്നും പറയാറില്ല. അതിനാൽ പഴം അഥവാ ഫലം എന്ന പദം ഏതെങ്കിലും ഒറ്റപ്പെട്ട ഒരു ഫലത്തെ മാത്രമല്ല, ഒരു ഫലസമുച്ചയത്തെത്തന്നെ സൂചിപ്പിക്കുന്നതാവാം.

ഈ കാഴ്ചപ്പാടിൽ ഫലങ്ങൾ ഒമ്പതോ പന്ത്രണ്ടോ എന്ന ചോദ്യം തന്നെ അപ്രസക്തമാകുന്നു. പരിശുദ്ധാത്മാവിന്റെ പ്രചോദനങ്ങൾക്കു പൂർണ്ണമായി സ്വയം വിട്ടുകൊടുക്കുന്ന വ്യക്തികളിൽ സംജാതമാകുന്ന സ്വഭാവ സവിശേഷതകളാണ് ആത്മാവിന്റെ ഫലം എന്നതുകൊണ്ട് അർത്ഥമാക്കുന്നത്. വ്യക്തിയുടെ അന്തരാത്മാവിൽ ഉണ്ടാകുന്ന പരിവർത്തനം ബാഹ്യമായ പ്രവൃത്തികളിലും സമീപനങ്ങളിലും ജീവിതശൈലിയിലും ഇഷ്ടാനിഷ്ടങ്ങളിലും തീരുമാനങ്ങളിലും എല്ലാം പ്രകടമാകും. ആ സ്വഭാവസവിശേഷതകളിൽ സുപ്രധാനം എന്നു തോന്നുന്ന ചില കാര്യങ്ങളാണ് ഇവിടെ ഒരു പട്ടികപോലെ അവതരിപ്പിക്കുന്നത്. എന്നാൽ ഈ പട്ടിക എല്ലാ സവിശേഷതകളും ഉൾക്കൊള്ളുന്നു എന്നു പറയാനാവില്ല. വുൾഗാത്തായിൽ കൂട്ടിച്ചേർത്തിരിക്കുന്ന മൂന്നു സവിശേഷതകൾ ജീവിതത്തിന്റെ ചില പ്രത്യേക മേഖലകളിലേക്കു ശ്രദ്ധ ക്ഷണിക്കുന്നു.

ഓരോ ഫലത്തെയും കുറിച്ചു പഠിക്കാൻ ശ്രമിക്കുമ്പോൾ ഈ ഒരു യാഥാർത്ഥ്യം മനസിൽ സൂക്ഷിക്കണം. അതോടൊപ്പം മറ്റൊന്നു കൂടി പരിഗണിക്കണം. ഫലം പുറപ്പെടുവിക്കുന്നത് ആത്മാവാണ്. ആത്മാവിന്റെ പ്രചോദനങ്ങൾക്കു വ്യക്തികൾ സ്വയംവിട്ടുകൊടുക്കുമ്പോൾ ആത്മാവിന്റെ പ്രവർത്തനങ്ങൾ അവരിൽ ഫലവത്താകുന്നു. കൃഷിക്കാരന്റെ ധർമ്മമാണ് ഇവിടെ വ്യക്തികൾക്കുള്ളത്. ഓരോ മരത്തിലും പഴം കായ്ക്കുന്നത് കർഷകന്റെ പ്രവർത്തനം കൊണ്ടുമാത്രമല്ല. കർഷകൻ ചെടി നടുന്നു, കളകൾ പറിച്ച് ചെടിക്ക് വളരാൻ അവസരം ഒരുക്കുന്നു.

ഇതെല്ലാം ആവശ്യമാണ്. എന്നാൽ ചെടി അഥവാ മരം ഫലം പുറപ്പെടുവിക്കുന്നത് അതിന്റെ ആന്തരിക ശക്തികൊണ്ടാണ്.

ഏതാണ്ട് ഇതുപോലെ തന്നെയാണു മനുഷ്യജീവിതവും ഫലം അണിയുന്നത്. എന്റെ സമീപനങ്ങളും തീരുമാനങ്ങളും പ്രവൃത്തികളും എല്ലാം ആത്മീയ ഫലങ്ങൾ പുറപ്പെടുവിക്കാൻ അനുകൂലമോ പ്രതികൂലമോ ആയ സാഹചര്യം ഒരുക്കാം. പക്ഷേ ആത്യന്തികമായി ഫലം പുറപ്പെടുവിക്കുന്നതു പരിശുദ്ധാത്മാവാണ്. എന്നാൽ ആത്മാവിന്റെ പ്രചോദനത്തിനു വിരുദ്ധമായി, തന്നിഷ്ടം അനുസരിച്ചു ജീവിച്ചാൽ ഞാൻ പുറപ്പെടുവിക്കുന്നത് ജഡികമായ ഫലമായിരിക്കും. ഈ ഒരു വിപത്തിലേക്ക് അപ്പസ്തോലൻ ശ്രദ്ധ ക്ഷണിക്കുന്നുണ്ട്.

ആത്മാവിന്റെ ഫലത്തെക്കുറിച്ചു പറയുന്നതിനു മുമ്പേ ജഡത്തിന്റെ വ്യാപാരങ്ങൾ ഏവയെന്ന് അപ്പസ്തോലൻ വ്യക്തമായി അക്കമിട്ട് അനുസ്മരിപ്പിക്കുന്നുണ്ട്. "*ജഡത്തിന്റെ വ്യാപാരങ്ങൾ എല്ലാവർക്കും അറിയാം. അവ വ്യഭിചാരം, അശുദ്ധി, ദുർവൃത്തി, വിഗ്രഹാരാധന, ആഭിചാരം, ശത്രുത, കലഹം, അസൂയ, കോപം, മാത്സര്യം, ഭിന്നത, വിഭാഗീയചിന്ത, വിദ്വേഷം, മദ്യപാനം, മദിരോത്സവം ഇവയും ഈ ദൃശമായ മറ്റു പ്രവൃത്തികളുമാണ്*" (ഗലാ 5:19–21). ഇവിടെയും പട്ടിക പൂർണ്ണമല്ല. ഈ ദൃശമായ മറ്റു പ്രവൃത്തികൾ എന്ന പ്രയോഗം ഇനിയും അനേകം കാര്യങ്ങൾ പറയാനുണ്ട് എന്ന സൂചന നൽകുന്നു. ഇതുതന്നെയാണ് ആത്മാവിന്റെ ഫലങ്ങളുടെ പട്ടികയെക്കുറിച്ചും പറയാനുള്ളത്. മനോഭാവമാണ് പ്രധാനം. മനസിന്റെ ഭാവങ്ങളാണ് പ്രവൃത്തികളായി രൂപം കൊള്ളുന്നത്.

അതിനാൽ ആത്മാവിന്റെ ഫലങ്ങൾ എത്രയെന്നന്വേഷിക്കുന്നത് തന്നെ വ്യർത്ഥമാകും. ഏതാനും ഉദാഹരണങ്ങൾ എടുത്തു കാട്ടുന്നു എന്നു കരുതുകയാവും ഉചിതം. ഏറ്റം പ്രധാനപ്പെട്ടത് എന്നു തോന്നുന്ന സവിശേഷതകളാണ് ഫലങ്ങളുടെ പട്ടികയിൽ ചേർത്തിരിക്കുന്നത്. ജഡത്തിന്റെ വ്യാപാരങ്ങളായി അപ്പസ്തോലൻ എടുത്തു കാട്ടിയ ചില സവിശേഷതകളുടെ വിപരീതം എന്നപോലെയാണ് വുൾഗാത്തായിൽ മൂന്നു സവിശേഷതകൾ കൂട്ടിച്ചേർത്തിരിക്കുന്നത്. പട്ടികയിലെ ഓരോ ഫലത്തെയും കുറിച്ച് കഴിയുന്നത്ര വ്യക്തവും അതേ സമയം ഹ്രസ്വവുമായി കാണാനാണു തുടർന്നു ശ്രമിക്കുന്നത്. ഗലാത്തിയ ലേഖന

ത്തിലെ ഒമ്പതു ഫലങ്ങൾ പഠനവിഷയമാക്കിയതിനുശേഷം വുൾഗാത്തായിൽ അധികമായി കാണുന്ന മൂന്നു ഫലങ്ങളും പഠിക്കാൻ ശ്രമിക്കുന്നു.

**1. സ്നേഹം (Love):** *അഗാപ്പെ* (Agape) എന്നാണ് ഗ്രീക്കു മൂലം. സ്നേഹം പരിശുദ്ധാത്മാവിന്റെ ഫലമാണോ അതോ ദാനമോ എന്ന ചോദ്യം പ്രസക്തമാണ്. വര-ദാനങ്ങളെക്കുറിച്ച് പൗലോസ് അപ്പസ്തോലൻ നൽകുന്ന സുദീർഘമായ പ്രബോധനം 1 കോറി 12-14 അധ്യായങ്ങളിൽ കാണാം മൂന്നദ്ധ്യായങ്ങളുടെ മധ്യത്തിലുള്ള 13-ാം അധ്യായം മുഴുവൻ സ്നേഹത്തെക്കുറിച്ചുള്ള ഒരു കീർത്തനമാണ്. വിവിധങ്ങളായ വരങ്ങളെയും ദാനങ്ങളെയും കുറിച്ച് പ്രതിപാദിച്ചതിനുശേഷം "*കൂടുതൽ ശ്രേഷ്ഠമായ മാർഗ്ഗം*" (1 കോറി 12,31) എന്ന മുഖവുരയോടെ അവതരിപ്പിക്കുമ്പോൾ സ്നേഹവും ഒരു വരമോ ദാനമോ ആണെന്ന ധാരണയുണ്ടാവാം. എന്നാൽ ഇപ്രകാരമുള്ള വിഭജനങ്ങൾക്കും തരംതിരിവുകൾക്കും അതീതമാണ് സ്നേഹം.

പരിശുദ്ധാത്മാവ് വ്യക്തികളിൽ പ്രവർത്തിക്കുമ്പോൾ സംജാതമാകുന്ന സ്വഭാവ സവിശേഷതകളുടെ ആകെത്തുകയായി സ്നേഹത്തെ കരുതണം. "സ്നേഹം" എന്നു വിവർത്തനം ചെയ്യുന്ന ഗ്രീക്കു പദം തന്നെ ആദ്യമേ പരിഗണിക്കണം. സ്നേഹത്തെ സൂചിപ്പിക്കാൻ ഗ്രീക്കുഭാഷയിൽ നാലുവാക്കുകൾ ഉപയോഗിക്കാറുണ്ട്. നാലിനും പ്രത്യേകമായ സവിശേഷതകളുമുണ്ട്.

**a. "സ്തോർഗേ" (Storge)**: മാതാപിതാക്കൾക്കു മക്കളോട് സ്വാഭാവികമായുണ്ടാകുന്ന സ്നേഹത്തിന്റെ ഭാവമാണിത്. "വാത്സല്യം" എന്നു വിവർത്തനം ചെയ്യാം.

**b. ഈറോസ് (eros):** വിവാഹം കഴിക്കാൻ ആഗ്രഹിക്കുന്ന സ്ത്രീപുരുഷന്മാർക്കു പരസ്പരം ഉണ്ടാകുന്ന സ്നേഹാകർഷണത്തെയാണ് ഈ വാക്കു സൂചിപ്പിക്കുന്നത്. "കാമം" എന്നും പ്രേമം എന്നും വിവർത്തനം ചെയ്യാം. "ഈറോട്ടിക്" (erotic) എന്ന പദം ഇതിൽ നിന്നു വരുന്നു. സ്ത്രീ-പുരുഷന്മാരെ പരസ്പരം യോജിപ്പിച്ച്, കുഞ്ഞുങ്ങൾക്കു ജന്മം നൽകി, ഒരു കുടുംബമായി നിലനിർത്താൻ സഹായിക്കുന്നതാണ് ഈ സ്നേഹം.

**c. ഫീലിയാ (Philia):** വ്യക്തികൾ തമ്മിൽ, സ്ത്രീ പുരുഷ വ്യത്യാസങ്ങൾക്കതീതമായി, സ്വാഭാവികമായി തോന്നുന്ന അടു

പ്പത്തിന്റെ വികാരമാണിത്. ഇഷ്ടം എന്നു വിശേഷിപ്പിക്കാം. ഇതിൽ നിന്നാണ് 'ഫിലാദെൽഫിയ' (സഹോദരസ്നേഹം), ഫിലൊസൊഫിയാ (ജ്ഞാനത്തിന്റെ സ്നേഹം-തത്വശാസ്ത്രം) മുതലായ വാക്കുകൾ ഉത്ഭവിക്കുന്നത്. എന്നാൽ ഈ മൂന്നുമല്ല പരിശുദ്ധാത്മാവിന്റെ ഫലമായ സ്നേഹം.

**d. അഗാപ്പെ (agape):** ഇതു തികച്ചും വ്യത്യസ്തമായൊന്നാണ്. മറ്റു മൂന്നും മുഖ്യമായും വികാരതലത്തെ ആശ്രയിച്ചു കഴിയുമ്പോൾ ഇവിടെ വികാരമല്ല, വിചാരവും തീരുമാനവുമാണ് പ്രധാനം. ഏറ്റം ഹ്രസ്വമായി പറഞ്ഞാൽ "ദൈവം സ്നേഹിക്കുന്നതു പോലെ സ്നേഹിക്കുക." "ദൈവം സ്നേഹമാകുന്നു" എന്നു യോഹന്നാൻ നിർവ്വചിക്കുമ്പോൾ ഈ പദമാണുപയോഗിക്കുന്നത് (1യോഹ 4:8.16). ഇവിടെ സ്നേഹിക്കുന്ന വ്യക്തി സ്നേഹത്തിനു വിഷയമാകുന്ന ആളിന്റെ യോഗ്യത പരിഗണിക്കുന്നില്ല; ഈ സ്നേഹം കൊണ്ട് എനിക്കെന്തു ലഭിക്കും എന്നു ചിന്തിക്കുന്നില്ല. സ്നേഹിക്കപ്പെടുന്ന വ്യക്തിയുടെ യഥാർത്ഥ നന്മ മാത്രമാണു ശ്രദ്ധാകേന്ദ്രം. സ്വയം മറക്കുന്ന, സ്വയം ദാനം ചെയ്യുന്ന, ഏത് അപകടവും ഏറ്റെടുക്കാൻ സന്നദ്ധമാകുന്ന സ്നേഹം. "*തന്റെ ഏകജാതനെ നല്കാൻ മാത്രം ലോകത്തെ അത്രയേറെ സ്നേഹിക്കുന്നു*" (യോഹ 3,16). ദൈവസ്നേഹത്തിന്റെ അനുകരണമാണിത്.

ക്രിസ്തുശിഷ്യന്റെ മുഖമുദ്ര ഈ സ്നേഹമായിരിക്കണം എന്ന് യേശുനാഥൻ അനുസ്മരിപ്പിച്ചു. "*ശത്രുക്കളെ സ്നേഹിക്കുവിൻ. നിങ്ങളെ ദ്വേഷിക്കുന്നവർക്കു നന്മ ചെയ്യുവിൻ. ശപിക്കുന്നവരെ അനുഗ്രഹിക്കുവിൻ. അധിക്ഷേപിക്കുന്നവർക്കുന്നവർക്കു വേണ്ടി പ്രാർത്ഥിക്കുവിൻ...*" (ലൂക്കാ 6:27-36). ഒരിക്കലും പ്രതികാരം ചെയ്യാൻ ആഗ്രഹിക്കാത്ത, എന്നോട് എന്തു ചെയ്താലും, എത്രമാത്രം ദ്രോഹിച്ചാലും അപരന്റെ നന്മമാത്രം ആഗ്രഹിക്കുകയും പ്രവർത്തിക്കുകയും ചെയ്യാൻ പ്രേരിപ്പിക്കുന്ന സ്നേഹം. ഇതാണ് പരിശുദ്ധാത്മാവിന്റെ ഫലങ്ങളിൽ ആദ്യത്തേത്. പോരാ, ഇതുതന്നെയാണ്, ഇതു മാത്രമാണ് പരിശുദ്ധാത്മാവിന്റെ ഫലം. ബാക്കിയെല്ലാം ഇതിന്റെ വിശദീകരണങ്ങളും പ്രായോഗിക വശങ്ങളുമാണ്.

സ്നേഹം എന്ന ഫലത്തെക്കുറിച്ച് CCC §1822-29 ൽ പ്രതിപാദിക്കുന്നുണ്ട്. ദൈവിക സുകൃതമായിട്ടാണ് ഇവിടെ സ്നേഹം

പരിഗണിക്കപ്പെടുന്നത്. അതേസമയം "*പരിശുദ്ധാത്മാവിന്റെ ഫലവും നിയമത്തിന്റെ പൂർത്തീകരണവുമായ സ്നേഹം ദൈവത്തിന്റെയും അവിടുത്തെ ക്രിസ്തുവിന്റെയും കല്പനകൾ പാലിക്കുന്നു*" (ccc § 1824). യേശു നൽകിയ പുതിയ കല്പനയുടെ പൂർത്തീകരണമാണ് സ്നേഹം. "*ഞാൻ നിങ്ങൾക്കൊരു പുതിയ കല്പന നൽകുന്നു. നിങ്ങൾ പരസ്പരം സ്നേഹിക്കുവിൻ. ഞാൻ നിങ്ങളെ സ്നേഹിച്ചതുപോലെ നിങ്ങളും പരസ്പരം സ്നേഹിക്കുവിൻ*" (യോഹ 13,34).

മരണം വരെ എത്തി നിൽക്കുന്നതാണ് ആ സ്നേഹം. "*സ്നേഹിതർക്കുവേണ്ടി ജീവൻ അർപ്പിക്കുന്നതിനേക്കാൾ വലിയ സ്നേഹമില്ല*" (യോഹ 15,12). ഇപ്രകാരം ഒരു സ്നേഹത്തിനു മനുഷ്യരെ പ്രാപ്തരാക്കുന്നതു പരിശുദ്ധാത്മാവാണ്. ആത്മാവിന്റെ പ്രവർത്തനം പ്രകടമാകുന്നത് ഈ സ്നേഹത്തിലായിരിക്കും. മറ്റു ഫലങ്ങളെല്ലാം ഈ അടിസ്ഥാനഭാവത്തിന്റെ വ്യത്യസ്ത പ്രകടനങ്ങളാണ്. സ്നേഹമാണ് ഏറ്റം പ്രധാന പുണ്യം; മറ്റെല്ലാ പുണ്യങ്ങളുടെയും അടിസ്ഥാനം. ഹൃദയത്തിൽ നിറയുന്ന സ്നേഹമാണ് ദൈവപ്രമാണങ്ങൾ പൂർണ്ണമായി അനുസരിച്ചു ജീവിക്കാൻ പ്രേരിപ്പിക്കുന്ന, സഹായിക്കുന്ന ശക്തി.

**2. ആനന്ദം (Joy):** പരിശുദ്ധാത്മാവിന്റെ ഫലങ്ങളിൽ രണ്ടാമത്തേതായി അവതരിപ്പിക്കുന്നതാണ് ആനന്ദം. ഇതിനെക്കുറിച്ച് ccc §1716–1729 ൽ പ്രതിപാദിക്കുന്നുണ്ട്. സുവിശേഷ ഭാഗ്യങ്ങളുമായി ബന്ധപ്പെടുത്തിയാണ് ccc ആനന്ദത്തെക്കുറിച്ചു പഠിപ്പിക്കുന്നത്. "*സുവിശേഷ ഭാഗ്യങ്ങൾ സന്തോഷത്തിനു വേണ്ടിയുള്ള സ്വാഭാവികമായ ആഗ്രഹത്തോടു പ്രത്യുത്തരിക്കുന്നു. ഈ ആഗ്രഹത്തിന് ദൈവികമായ ഉത്ഭവമാണുള്ളത്. ദൈവം അതു മനുഷ്യ ഹൃദയത്തിൽ സ്ഥാപിച്ചു. അതു നിറവേറ്റാൻ കഴിയുന്ന ഒരേ ഒരുവന്റെ അടുക്കലേക്ക് അവനെ വലിച്ചടുപ്പിക്കാനാണത്*" (ccc § 1718).

"*കാരാ*" (Chara) എന്നാണു ഗ്രീക്കുമൂലം. മനുഷ്യന്റെ അന്തരാത്മാവിൽ നിറയുന്ന സന്തോഷത്തിന്റെ വലിയൊരു ആത്മാനുഭൂതി. "സന്തോഷം" എന്ന വാക്കു മുഖ്യമായും ബാഹ്യവും താൽക്കാലികവുമായൊരനുഭവം മാത്രമായി പരിണമിക്കാം. വിശക്കുന്നവനു സമൃദ്ധമായ ഭക്ഷണം കിട്ടുമ്പോൾ, ദീർഘകാലം കാത്തിരുന്ന ഉയർന്ന ശമ്പളമുള്ള ജോലി കിട്ടുമ്പോൾ, ഒരു കോടി

രൂപയുടെ ലോട്ടറി സമ്മാനം കിട്ടുമ്പോൾ - ഇങ്ങനെ അനേകം അവസരങ്ങളിൽ അനുഭവപ്പെടുന്നതാണ് സന്തോഷം. ഇവയ്ക്കെല്ലാം അല്പായുസ്സേ ഉള്ളൂ. ബാഹ്യമായ സാഹചര്യങ്ങളെ ആശ്രയിച്ചിരിക്കും ഈ സന്തോഷത്തിന്റെ ആഴവും വ്യാപ്തിയും ദൈർഘ്യവും. എന്നാൽ ഇതുപോലൊരു സന്തോഷമല്ല ഇവിടെ പരിശുദ്ധാത്മ ഫലമായി അവതരിപ്പിക്കുന്നത്.

ആനന്ദം കൂടുതൽ ആഴമേറിയ അനുഭവമാണ്. ദൈവത്തോടുള്ള സാമീപ്യത്തിൽ നിന്ന്, ദൈവം എന്നെ സ്നേഹിക്കുന്നു, സ്വന്തം മകൻ/മകൾ ആയി സ്വീകരിച്ചിരിക്കുന്നു എന്ന അവബോധത്തിൽ നിന്നു വരുന്ന ആത്മീയ നിർവൃതിയാണ് ആനന്ദം. ഭൗതികമായ സാഹചര്യങ്ങൾ ആനന്ദത്തെ ബാധിക്കുകയില്ല. ഏതു കൊടിയ ദാരിദ്ര്യത്തിലും, എത്ര വലിയ പീഡനങ്ങൾക്കു നടുവിലും എന്റെ അന്തരാത്മാവിൽ നിറയുന്ന ആനന്ദത്തിന് ഒരു കുറവും ഉണ്ടാവുകയില്ല. ഈ ആനന്ദം ദൈവത്തിൽ നിന്നു വരുന്നതാണ്. സത്യത്തിനും നീതിക്കും സാഹോദര്യത്തിനും വേണ്ടി നിലകൊള്ളുമ്പോൾ ഉള്ളിൽ നിറയുന്ന സംതൃപ്തി. ദൈവം എന്നെ ഏല്പിച്ച ജോലിയാണ് ഞാൻ, എന്റെ കഴിവിന്റെ പരമാവധി, നിർവ്വഹിക്കാൻ ശ്രമിക്കുന്നത് എന്ന അവബോധം ഈ ആനന്ദത്തിനു വഴി തെളിക്കും.

വൈകാരിക തലത്തിനുപരിയാണ് ആനന്ദം. അതു സ്നേഹത്തിന്റെ ഫലമാണെന്നു പറയാം, ദൈവസ്നേഹവും സഹോദരസ്നേഹവും എന്നിൽ ഉല്പാദിപ്പിക്കുന്ന നിർവൃതി. സ്വർഗ്ഗീയ ജീവിതത്തിന്റെ ഒരു മുന്നാസ്വാദനമായി ഈ ആനന്ദത്തെ കാണാം. സുവിശേഷ ഭാഗ്യങ്ങൾ എന്ന പേരിൽ അറിയപ്പെടുന്നതാണ് ആനന്ദം. ഭാഗ്യവാന്മാർ എന്ന ഉദ്ഘോഷണം തന്നെ ഈ ആനന്ദത്തിന്റെ പ്രകടനമാണ്. *മക്കാരിയോസ്* (Macharios) എന്ന ഗ്രീക്കു വാക്കാണ് ഭാഗ്യവാൻ, ഭാഗ്യവാന്മാർ എന്നു വിവർത്തനം ചെയ്യുന്നത്. "കാരാ" എന്ന വാക്കിൽ നിന്നാണ് "മക്കാരിയോസ്" എന്ന വാക്കിന്റെ ഉത്ഭവം. അതിനാൽ "ഭാഗ്യവാന്മാർ" എന്നതിനേക്കാൾ "*നിങ്ങളുടെ അവസ്ഥ എത്രയോ ആനന്ദകരം*" എന്ന അർത്ഥമാണ് ഈ ഉദ്ഘോഷണത്തിനുള്ളത്. ദൈവരാജ്യത്തിൽ അംഗത്വം ലഭിച്ചിരിക്കുന്ന ദൈവത്തിന്റെ പ്രിയപ്പെട്ട മക്കളായി, അവിടുത്തോടൊന്നിച്ച് എന്നേക്കും ജീവിക്കാൻ സാധിക്കും. അതിന്റെ മുന്നാസ്വാദനമാണ് ഈ ഭൂമിയിൽ ലഭിക്കുന്നത്.

ഈ അർത്ഥം ഏറ്റം വ്യക്തമാക്കുന്നതാണ് സുവിശേഷ ഭാഗ്യങ്ങളിൽ അവസാനത്തേതായി അവതരിപ്പിച്ചിരിക്കുന്നത്. "*എന്നെ പ്രതി മനുഷ്യർ നിങ്ങളെ അവഹേളിക്കുകയും... ചെയ്യുമ്പോൾ നിങ്ങൾ ഭാഗ്യവാന്മാർ. നിങ്ങൾ ആനന്ദിച്ചാഹ്ലാദിക്കുവിൻ. സ്വർഗ്ഗത്തിൽ നിങ്ങളുടെ പ്രതിഫലം വലുതായിരിക്കും...*" (മത്താ 5:11-12). "*കയിരേത്തെ കായി അഗല്ലിയാസ്തെ*" (Chairete kai agalliaste) എന്നാണ് ഗ്രീക്കുമൂലം. ഉള്ളിൽ നിറയുന്ന ആനന്ദവും അതു വ്യക്തമാക്കുന്ന ആഹ്ലാദ പ്രകടനവുമാണ് ഈ രണ്ടു വാക്കുകളിലൂടെ അർത്ഥമാക്കുന്നത്. ആനന്ദം ആഹ്ലാദമായി പുറത്തേക്ക് ഒഴുകുമ്പോൾ സന്തോഷിച്ചു കുതിച്ചു ചാടും (ലൂക്കാ 6,23).

ദൈവപുത്രൻ മനുഷ്യനായി അവതരിച്ചതിന്റെ ലക്ഷ്യം തന്നെ എല്ലാ മനുഷ്യർക്കും ഈ ആനന്ദം ലഭ്യമാക്കുക എന്നതായിരുന്നു. ഇത് അന്ത്യ അത്താഴ വേളയിൽ യേശു ശിഷ്യന്മാരോട് പറയുന്നുണ്ട്: "*ഇതു ഞാൻ നിങ്ങളോട് പറഞ്ഞത് എന്റെ സന്തോഷം നിങ്ങളിൽ കുടികൊള്ളാനും നിങ്ങളുടെ സന്തോഷം പൂർണ്ണമാകാനും വേണ്ടിയാണ്*" (യോഹ 15,11). കഠിനമായ പീഡനങ്ങളുടെ മധ്യത്തിലും നഷ്ടപ്പെടാത്തതാണ് ഈ ആനന്ദം. കാരണം അതു വരുന്നത് ദൈവത്തിൽ നിന്നാണ്. പരിശുദ്ധാത്മാവാണ് ഈ ആനന്ദം ശിഷ്യരുടെ ഹൃദയത്തിൽ നിറയ്ക്കുന്നത്.

ഈ ആനന്ദമാണ് കഴിഞ്ഞ ഇരുപതു നൂറ്റാണ്ടുകളായി യേശുവിന്റെ നാമത്തിൽ പീഡനങ്ങൾ ഏല്ക്കാനും, എത്ര വെറുത്താലും പീഡിപ്പിച്ചാലും വെറുക്കാതെ സ്നേഹിക്കാനും, ക്ലേശിക്കുന്നവർക്ക് സഹായഹസ്തവുമായി കടന്നു ചെല്ലാനും ക്രിസ്തുശിഷ്യരെ പ്രേരിപ്പിക്കുന്നത്. സ്തുതികീർത്തനങ്ങൾ ആലപിച്ചുകൊണ്ട്, വന്യമൃഗങ്ങളുടെ വായിലേക്കും തീച്ചൂളയിലേക്കും കഴുമരത്തിലേക്കും പോകാൻ അവരെ പ്രാപ്തരാക്കുന്നത്. ആർക്കും എടുത്തു കളയാൻ കഴിയാത്ത ആന്തരിക സംതൃപ്തി, ആനന്ദം അതു പരിശുദ്ധാത്മ പ്രവർത്തനത്തിന്റെ ഫലമാണ്.

**3. സമാധാനം (Peace):** എല്ലാ മനുഷ്യരും ഏറ്റം കൂടുതൽ ആഗ്രഹിക്കുന്ന ഒന്നാണ് സമാധാനം. സ്വസ്ഥത, ശാന്തത, ശാന്തി എന്നൊക്കെ ഇതിനെ വിശേഷിപ്പിക്കാറുണ്ട്. മനുഷ്യാത്മാവിന്റെ ഈ വലിയ ദാഹം പ്രാർത്ഥനയായും ആശംസകളായും മിക്കവാറും എല്ലാ ലോകമതങ്ങളും അവതരിപ്പിക്കാറുണ്ട്. ഭാരത

ത്തിന്റെ ആന്തരാത്മാവിൽ നിന്നുയരുന്ന ശാന്തിമന്ത്രം ഒരുദാഹരണമാണ്. ഉപനിഷത്തുകളിലും വേദങ്ങളിലുമായി അനേകം തരത്തിൽ പ്രത്യക്ഷപ്പെടുന്ന, "*ഓം ശാന്തി; ശാന്തി, ശാന്തി*" എന്നു സമാപിക്കുന്ന ശാന്തിമന്ത്രം ഈ വലിയ അന്തർദാഹം പ്രകടമാക്കുന്നു; ഈ ദാഹം ശമിപ്പിക്കണേ എന്നു പ്രാർത്ഥിക്കുന്നു. ലോകത്തിനു മുഴുവനുമാണ് ശാന്തി നേരുന്നത്. "*ലോകാസമസ്താ സുഖിനോ ഭവന്തു*" എന്ന ആശംസ ഇക്കാര്യം വ്യക്തമാക്കുന്നു.

ഇസ്ലാം മതത്തിന്റെ പേരുതന്നെ സമാധാനം എന്നാണ്. ലോകം മുഴുവൻ സമാധാനത്തിൽ കഴിയണം. അതിനുപയോഗിക്കുന്ന മാർഗ്ഗങ്ങൾ പലപ്പോഴും സമാധാനത്തിനു വിപരീതമായ യുദ്ധമാണെങ്കിലും, സമാധാനത്തിനു വേണ്ടിയുള്ള അദമ്യമായ ദാഹം ഇസ്ലാമിന്റെയും അന്തരാത്മാവിൽ നിന്നുയരുന്നു. ക്രിസ്തുമതവും ഏറ്റം വലിയ പ്രാധാന്യം നൽകുന്ന ഒന്നാണ് സമാധാനം. ക്രിസ്ത്യാനികൾ പരസ്പരം കണ്ടുമുട്ടുമ്പോൾ സമാധാനം ആശംസിച്ചിരുന്നു; ഇന്നും ആശംസിക്കുന്നു. ക്രിസ്ത്യാനികളുടെ ഏറ്റം വലിയ പ്രാർത്ഥനയായ വി. കുർബാനയിൽ അനേകം തവണ സമാധാനം ആശംസിക്കുന്നു. ഇതൊക്കെയാണെങ്കിലും യഥാർത്ഥ സമാധാനം ഒരു സ്വപ്നമരീചിക പോലെ അകന്നു പോകുന്നു. എവിടെയാണ് യഥാർത്ഥ സമാധാനം? എന്താണ് സമാധാനം? എങ്ങനെയാണതു ലഭ്യമാക്കുക? ബൈബിൾ തന്നെ വ്യക്തമായ ഉത്തരം നൽകുന്നുണ്ട്.

പരിശുദ്ധാത്മാവിന്റെ പ്രവർത്തനം വ്യക്തികളിലും സമൂഹത്തിലും സംജാതമാക്കുന്ന ഒരു ഫലമാണ് സമാധാനം. *എയ്രേനേ* (eirene) എന്നാണ് ഗ്രീക്കുമൂലം. യുദ്ധത്തിന്റെ വിപരീതമാണ് ഈ പദം. എന്നാൽ യുദ്ധമില്ലാത്ത അവസ്ഥയെ മാത്രമല്ല ഇത് അർത്ഥമാക്കുന്നത്. വ്യക്തിയിലും സമൂഹത്തിലും നിലനിൽക്കുന്ന സന്തുലിതാവസ്ഥയ്ക്ക് ഈ പദം ഊന്നൽ നൽകുന്നു. ബൈബിളിൽ ഈ പദം "**ശാലോം**" എന്ന ഹീബ്രു വാക്കിനെ വിവർത്തനം ചെയ്യുന്നു. ഐക്യം, സന്തുലിതാവസ്ഥ എന്നൊക്കെ അർത്ഥമാക്കുന്നു. "*സമാധാനം ആഗ്രഹിക്കുന്നെങ്കിൽ യുദ്ധത്തിന് ഒരുങ്ങിക്കൊള്ളുക*" (si vis pacem prepara bellum) എന്ന ഒരു ലത്തീൻ സൂക്തമുണ്ട്. റോമാക്കാർ സമാധാനത്തിനു നൽകിയ വിശദീകരണവും സമാധാനം സ്ഥാപിക്കാൻ നിർദ്ദേശിച്ച മാർഗ്ഗവും ഇതിൽ കാണാം. "*ശക്തിയുടെ സന്തുലി*

*താവസ്ഥ; ഭീതിയുടെയും*" (balance of Power-terror) എന്ന് ആധുനികലോകത്തിൽ സമാധാനത്തെ വ്യാഖ്യാനിക്കാറുണ്ട്. രാഷ്ട്രങ്ങൾ തമ്മിൽ സമാധാന കരാറുകൾ ഉണ്ടാക്കി ഒപ്പുവയ്ക്കുമ്പോഴും ആയുധ സംഭരണത്തിനും കൂടുതൽ പ്രഹരശേഷിയുള്ള പുതിയ ആയുധങ്ങൾ നിർമ്മിക്കുന്നതിനും മത്സരം പിന്നണിയിൽ നടക്കുന്നു. ഇതല്ല പരിശുദ്ധാത്മാവിന്റെ ഫലമായ സമാധാനം.

ശാലോം എന്ന ഹീബ്രു വാക്ക് ആഴമേറിയ ഒരു സന്തുലിതാവസ്ഥയിലേക്കു വിരൽ ചൂണ്ടുന്നു. ദൈവത്തോടും സഹജീവികളോടും സൃഷ്ടപ്രപഞ്ചത്തോടും തന്നോടു തന്നെയും ദൈവം ആഗ്രഹിക്കുന്ന വിധത്തിലുള്ള പൂർണ്ണമായ ഐക്യത്തിൽ കഴിയുന്ന അവസ്ഥയാണ് ശാലോം. ഇതു ദൈവത്തിന്റെ ദാനമാണ്, ഒപ്പം പരിശുദ്ധാത്മാവിന്റെ പ്രവർത്തനം മനുഷ്യഹൃദയത്തിലും സമൂഹത്തിലും പുറപ്പെടുവിക്കുന്ന ഫലവും.

ആദിമനുഷ്യനെ ദൈവം പാർപ്പിച്ച പറുദീസായിൽ നിലനിന്നതാണ് ഈ സമാധാനം, അഥവാ സന്തുലിതാവസ്ഥ. ഒരർത്ഥത്തിൽ പറുദീസാ എന്നത് സമാധാനത്തിന്റെ ഒരു പ്രതീകം തന്നെയാണ്. ദൈവകല്പന ലംഘിച്ച മനുഷ്യൻ ഈ സന്തുലിതാവസ്ഥ നഷ്ടപ്പെടുത്തി. മനുഷ്യൻ ദൈവത്തിൽ നിന്നകന്നു. സഹോദരനെ ശത്രുവായി കണ്ടു; പ്രപഞ്ചം അവനെതിരായി. ഈ അവസ്ഥയ്ക്ക് അറുതി വരുത്തി സമാധാനം പുനഃസ്ഥാപിക്കുന്നതിന് ദൈവം തന്നെ ഈ ഭൂമിയിലേക്കു വരും എന്ന് പ്രവാചകന്മാർ വഴി അറിയിപ്പുകളുണ്ടായി.

"*...... സമാധാനത്തിന്റെ രാജാവ് എന്ന് അവൻ വിളിക്കപ്പെടും... അവന്റെ ആധിപത്യം നിസ്സീമമാണ്; അവന്റെ സമാധാനം അനന്തവും. നീതിയിലും ധർമ്മത്തിലും എന്നേക്കും അതു സ്ഥാപിച്ചു പരിപാലിക്കാൻ തന്നെ*" (ഏശ 9:6-7). എപ്രകാരമാണ് ഈ സമാധാനം സാധ്യമാകുക, അഥവാ സ്ഥാപിക്കപ്പെടുക എന്നു ഏശയ്യാ പ്രവാചകൻ വഴി ദൈവം അറിയിക്കുന്നുണ്ട്. "*നീതിയുടെ ഫലമായിരിക്കും സമാധാനം; നീതിയുടെ പരിണതഫലം പ്രശാന്തതയും*" (ഏശ 32,17). നീതി പ്രവർത്തിക്കുന്നതിലൂടെയാണ് സമാധാനം സംജാതമാവുക.

മനുഷ്യനു സ്വന്തം ശക്തിയാൽ അസാധ്യമായത് ദൈവത്തിന്റെ ആത്മാവു സാധ്യമാക്കും. മിശിഹായിലൂടെ പ്രവർത്തിക്കുന്നതും യഥാർത്ഥ സമാധാനം പുനഃസ്ഥാപിക്കുന്നതും പരി

ശുദ്ധാത്മാവായിരിക്കും. ദൈവപുത്രന്റെ മനുഷ്യാവതാരം അറിയിച്ച ദൂതന്മാർ പാടി: "*അത്യുന്നതങ്ങളിൽ ദൈവത്തിനു മഹത്വം. ഭൂമിയിൽ ദൈവകൃപ ലഭിച്ചവർക്കു സമാധാനം*" (ലൂക്കാ 2,14). യേശു ശിഷ്യർക്കു വാഗ്ദാനം ചെയ്തതും ഉത്ഥിതനായ നാഥൻ അവർക്കു നൽകിയതുമാണ് സമാധാനം. പുനരുത്ഥാനത്തിനു ശേഷം ശിഷ്യന്മാർക്കു പ്രത്യക്ഷപ്പെടുന്ന യേശു ആദ്യമേ ആശംസിക്കുന്നതു സമാധാനമാണ് (ലൂക്കാ 24,36; യോഹ 20:20-21).

യേശു നൽകുന്ന സമാധാനത്തിനു ചില പ്രത്യേകതകളുണ്ട്. "*ഞാൻ നിങ്ങൾക്കു സമാധാനം തന്നിട്ടു പോകുന്നു. എന്റെ സമാധാനം നിങ്ങൾക്കു ഞാൻ നൽകുന്നു. ലോകം നൽകുന്നതു പോലെയല്ല ഞാൻ നൽകുന്നത്. നിങ്ങളുടെ ഹൃദയം അസ്വസ്ഥമാകേണ്ടാ, ഭയപ്പെടുകയും വേണ്ടാ*" (യോഹ 14,27). ബാഹ്യസാഹചര്യങ്ങൾ പ്രതികൂലമായി തുടരുമ്പോഴും ശിഷ്യരുടെ ഉള്ളിൽ നിലനിൽക്കുന്നതാണ് യേശു നൽകുന്ന സമാധാനം. എന്നും കൂടെ വസിക്കുന്ന സഹായകനായ പരിശുദ്ധാത്മാവാണ് ഈ സമാധാനം വ്യക്തികളുടെ ഹൃദയങ്ങളിൽ ഉദിപ്പിക്കുന്നതും നിലനിർത്തുന്നതും. ഉള്ളിൽ നിറയുന്ന സമാധാനം വ്യക്തിയുടെ മുഖത്തു പ്രതിഫലിക്കും; സമീപനങ്ങളിൽ പ്രകടമാകും. ഈ സമാധാനമാണ് ആനന്ദത്തിന്റെയും ആത്മനിർവൃതിയുടെയും ഉറവിടം.

സമാധാനം എന്ന പരിശുദ്ധാത്മ ഫലത്തെക്കുറിച്ച് "കൊല്ലരുത്" എന്ന പ്രമാണത്തിന്റെ ഭാഗമായി CCC § 2302-2330 ൽ വിശദമായി പ്രതിപാദിക്കുന്നുണ്ട്. എന്താണ് സമാധാനത്തിന്റെ സവിശേഷതകൾ, എപ്രകാരമാണ് സമാധാനം ദൃശ്യമാകുന്നത് എന്നു രേഖ പഠിപ്പിക്കുന്നു "*മനുഷ്യജീവനോടുള്ള ആദരവും അതിന്റെ വികാസവും സമാധാനം ആവശ്യപ്പെടുന്നു. വെറും യുദ്ധമില്ലായ്മയല്ല സമാധാനം; പ്രതിയോഗികൾ തമ്മിലുള്ള ശക്തി തുല്യ നിലനിർത്തുന്നതുമല്ല അത്. വ്യക്തികളുടെ നന്മയുടെ പരിരക്ഷ, മനുഷ്യർ തമ്മിലുള്ള സ്വതന്ത്രമായ ആശയവിനിമയം, വ്യക്തികളുടെയും ജനതകളുടെയും മാഹാത്മ്യത്തോടുള്ള ആദരവ്, സാഹോദര്യത്തിന്റെ ഉത്സാഹപൂർവ്വകമായ അഭ്യാസം എന്നിവ കൂടാതെ ഭൂമിയിൽ സമാധാനം സ്ഥാപിക്കുക സാധ്യമല്ല. "വ്യവസ്ഥിതിയുടെ പ്രശാന്തത"യാണ് സമാധാനം. നീതിയുടെ പ്രവൃത്തിയും ഉപവിയുടെ ഫലവുമാണത്*" (CCC § 2304).

യേശുക്രിസ്തു തന്റെ കുരിശുമരണത്തിലൂടെയാണ് ഈ സമാധാനം പുനഃസ്ഥാപിച്ചത് എന്ന് CCC **§** 2305 ൽ തുടർന്നു പ്രഖ്യാപിക്കുന്നു. സ്വർഗ്ഗത്തെയും ഭൂമിയെയും, മനുഷ്യനെയും ദൈവത്തെയും തമ്മിൽ യോജിപ്പിക്കുന്ന അടയാളവും ആ യോജിപ്പിന്റെ ഉറവിടവുമാണ് യേശുവിന്റെ കുരിശ്. കുരിശുമരണത്തിലൂടെയാണ് മനുഷ്യരക്ഷ സാധ്യമായത്. കുരിശിൽ നിന്നാണ് പരിശുദ്ധാത്മാവ് നൽകപ്പെട്ടത് (യോഹ 7,39; 19,34). ലോക ജനതകളെ മുഴുവൻ, യഹൂദരെയും വിജാതീയരെയും ഒരുമിച്ച്, ഒറ്റ ശരീരമായി മാറ്റുന്നത് യേശുവിന്റെ കുരിശുമരണം വഴിയാണ് എന്നു എഫേസിയർക്കുള്ള ലേഖനത്തിൽ പൗലോസ് പഠിപ്പിക്കുന്നു.

"*അവൻ നമ്മുടെ സമാധാനമാണ്. ഇരുകൂട്ടരെയും അവൻ ഒന്നിപ്പിക്കുകയും ശത്രുതയുടെ മതിലുകൾ തകർക്കുകയും ചെയ്തു... ഒരു പുതിയ മനുഷ്യനെ സൃഷ്ടിച്ചുകൊണ്ട് സമാധാനം സ്ഥാപിക്കാനും കുരിശുവഴി ഒരേ ശരീരത്തിൽ ഇരുകൂട്ടരെയും ദൈവത്തോട് അനുരഞ്ജിപ്പിക്കാനും തന്നിലൂടെ ശത്രുത അവസാനിപ്പിക്കാനുമാണ് ഇങ്ങനെ ചെയ്തത്... അവൻ സമാധാനം പ്രസംഗിച്ചു*" (എഫേ 2:14-17). ഈ സമാധാനം മനുഷ്യഹൃദയങ്ങളിൽ വളരണം; പരസ്പരബന്ധങ്ങളിൽ പ്രകടമാകണം. അതിനു വേണ്ട ശക്തി നൽകി സഹായിക്കുന്നതും പരിശുദ്ധാത്മാവായിരിക്കും.

എല്ലാവരും ഈ സമാധാനത്തിലേക്കു വിളിക്കപ്പെട്ടിരിക്കുന്നു. ഹൃദയത്തിൽ നിറയുന്ന സമാധാനം പ്രവൃത്തിയിലൂടെ പ്രകടമാകണം. അങ്ങനെ സമൂഹത്തിൽ സമാധാനം സംജാതമാകണം. ഇപ്രകാരം സമാധാനം സ്ഥാപിക്കാൻ ശ്രമിക്കുന്നവർ പ്രത്യേക കൃപയ്ക്കു പാത്രീഭൂതരാകും എന്ന് നാഥൻ വാഗ്ദാനം ചെയ്തിട്ടുണ്ട്: "*സമാധാനം സ്ഥാപിക്കുന്നവർ ഭാഗ്യവാന്മാർ. അവർ ദൈവപുത്രന്മാർ എന്നു വിളിക്കപ്പെടും*" (മത്താ 5,9).

അപരനെ ശത്രുവായും നരകമായും കരുതാൻ പ്രേരിപ്പിക്കുന്ന ഉത്തരാധുനികം എന്നും സത്യാനന്തരം എന്നും വിശേഷിപ്പിക്കുന്ന ആനുകാലിക ലോകത്തിന്റെ മനോഭാവത്തിൽ കാതലായ മാറ്റം വരുത്തുന്നതാണ് പരിശുദ്ധാത്മാവിന്റെ ഫലമായ സമാധാനം. ദൈവത്തെ സ്നേഹനിധിയായ പിതാവായും അയൽക്കാരനെ സഹോദരനായും പ്രപഞ്ചത്തെ-ഭൂമിയെ അമ്മ

യായും കണ്ട് എല്ലാവരോടും ഐക്യത്തിൽ കഴിയുന്ന അവസ്ഥ യാണ് സമാധാനം. ഓരോ വ്യക്തിയും താൻ ആയിരിക്കുന്ന വിധത്തിൽ സ്വയം അംഗീകരിക്കുകയും ദൈവം ആഗ്രഹിക്കുന്ന വിധത്തിൽ ജീവിക്കാൻ ശ്രമിക്കുകയും ചെയ്യുമ്പോൾ ഈ സമാ ധാനം അയാളിലും ചുറ്റുപാടുകളിലും പ്രകടമാകും.

**4. ക്ഷമ (Patience):** ആനുകാലിക ലോകത്തിൽ നഷ്ടപ്പെ ട്ടുകൊണ്ടിരിക്കുന്നതും അതേസമയം അത്യന്താപേക്ഷിതവുമാ യൊരു സ്വഭാവ സവിശേഷതയാണ് ക്ഷമ. ആഗ്രഹങ്ങളെല്ലാം തൽക്ഷണം സഫലമാക്കാൻ ശ്രമിക്കുന്ന ഒരു ലോകത്തിലാണ് നാം ജീവിക്കുന്നത്. ഇലക്ട്രോണിക് യുഗത്തിന്റെ ആവിർഭാവ ത്തോടെ എല്ലാം ഉടനെ ലഭിക്കും എന്ന പ്രതീതി സംജാതമായി. കാത്തിരിക്കാൻ ആർക്കും സമയമില്ല. എല്ലാം എന്റെ ഇഷ്ടം അനു സരിച്ച്, ഉടനെ, നടക്കണം. ഈ മനോഭാവത്തിനു കടകവിരുദ്ധ മായി നിൽക്കുന്നു "ക്ഷമ" എന്ന പരിശുദ്ധാത്മ ഫലം.

"*മാക്രോത്തുമിയാ*" (Makrothumia) എന്നാണ് ഗ്രീക്കുമൂലം. ഇതു രണ്ടുവാക്കുകൾ ചേർന്നുണ്ടായതാണ് മാക്രോ+ത്തൂമിയാ. ''മാക്രോ'' എന്നാൽ ദീർഘം എന്നാണർത്ഥം, ''ത്തൂമിയാ'' എന്നാൽ വികാരവിക്ഷോഭം, കോപം എന്നും. കോപത്തെ അകറ്റി നിർത്തുക എന്നായിരിക്കും ഗ്രീക്കുമൂലത്തിൽ ഈ വാക്കിന്റെ അർത്ഥം. യുദ്ധം ഒഴിവാക്കുക, അരിശവും ശത്രുതയും അക റ്റുക എന്നൊക്കെ ഇതിനെ വിശേഷിപ്പിക്കാം.

ബൈബിളിലേക്ക് വരുമ്പോൾ ഈ വാക്കിന് ദീർഘശാന്തത, ക്ഷമ, കാത്തിരിക്കാൻ സന്നദ്ധത, സഹനശക്തി എന്നൊക്കെ അർത്ഥമുണ്ട്. പ്രതികാരം ചെയ്യാൻ സാധ്യത ഉള്ളപ്പോഴും അതിനു തയ്യാറാകാതെ ക്ഷമിക്കുന്നതിനെയും, ശത്രുവുമായി രമ്യതപ്പെടാൻ ശ്രമിക്കുന്നതിനെയും ഈ വാക്കു സൂചിപ്പിക്കാം. ദൈവത്തിന്റെതന്നെ ഒരു സവിശേഷതയായി ക്ഷമയെ ബൈബിൾ അവതരിപ്പിക്കുന്നു. ദൈവത്തിന്റെ മുഖം കാണാൻ ആഗ്രഹിച്ച മോശയ്ക്കു ലഭിച്ച മറുപടിയിൽ ഈ സവിശേഷത കാണാം. "*കർത്താവ്, കാരുണ്യവാനും കൃപാനിധിയുമായ ദൈവം, കോപിക്കുന്നതിൽ വിമുഖൻ, തെറ്റുകളും കുറ്റങ്ങളും ക്ഷമിച്ചുകൊണ്ട് ആയിരങ്ങളോടു കരുണ കാണിക്കുന്നവൻ*" (പുറ 34:6-7). ഈ ഉദ്ഘോഷത്തിൽ "*കോപിക്കുന്നതിൽ വിമുഖൻ*" എന്നു വിവർത്തനം ചെയ്തിരിക്കുന്നത് "*മാക്രോത്തുമോസ്*"

എന്ന പദമാണ്. കോപത്തെ അടക്കിവയ്ക്കുന്നു എന്നു വാച്യാർത്ഥം. എന്നാൽ ഇത് ക്ഷമയുടെ ഒരു ഭാഗം മാത്രമേ ആകുന്നുള്ളൂ.

വ്യക്തിബന്ധങ്ങളിലാണ് ക്ഷമ ഏറ്റം അധികം പ്രകടമാകുക. എതിരാളികളെ ശാന്തതയോടെ നേരിടാൻ കഴിയുക, പ്രതികാര ചിന്ത അല്പംപോലും മനസിൽ ഉണ്ടാകാതിരിക്കുക, ഏതു സഹ നവും ഏറ്റെടുക്കാൻ സന്നദ്ധമാവുക ഇതെല്ലാം ക്ഷമയുടെ ഭാഗം തന്നെ. അപരൻ വെറുത്താലും പരിഹസിച്ചാലും ദ്രോഹിച്ചാലും പ്രതികൂലമായി പ്രതികരിക്കാതെ എല്ലാം സ്വീകരിക്കാൻ ശക്ത മാക്കുന്നതാണ് ക്ഷമ. വികാരത്തെ വിചാരം കൊണ്ടു നിയന്ത്രി ക്കുന്നതും ക്ഷമയുടെ ഭാഗം തന്നെ.

ക്ഷമയുടെ മൂന്നു തലങ്ങളെക്കുറിച്ചു പറയാറുണ്ട്. മറ്റുള്ളവ രിൽ നിന്നുണ്ടാകുന്ന ദ്രോഹങ്ങളും ക്ലേശങ്ങളും, പ്രതികാരചിന്ത കൂടാതെ, സമചിത്തതയോടെ സ്വീകരിക്കാൻ കഴിയുന്നതാണ് ആദ്യത്തെ തലം. ജീവിതത്തിലുണ്ടാകുന്ന സകല ക്ലേശങ്ങളും ആത്മീയ വളർച്ചയ്ക്കായി ഉപയോഗിക്കാൻ കഴിയുന്നതാണ് ക്ഷമ യുടെ രണ്ടാമത്തെ തലം. ഇവിടെ പരാതിയില്ല; നിരാശയില്ല, എന്നിതുതീരും എന്നു ചിന്തിച്ച് ആകുലതയുമില്ല. ഇതിനും ഉപ രിയാണ് മൂന്നാമത്തെ തലം. സഹനങ്ങൾ ആഗ്രഹിക്കാനും ദൈവ ത്തോടു ചോദിച്ചു വാങ്ങാനും ശ്രമിക്കുന്ന ചില വിശുദ്ധർ ഇതി നുദാഹരണമാണ്. യേശുക്രിസ്തുവിന്റെ രക്ഷാകര സഹനത്തി ലുള്ള പങ്കുചേരലായി ഇതിനെ കരുതുന്നു.

"*സഭയാകുന്ന തന്റെ ശരീരത്തെ പ്രതി ക്രിസ്തുവിനു സഹി ക്കേണ്ടിവന്ന പീഡകളുടെ കുറവ് എന്റെ ശരീരത്തിൽ ഞാൻ നികത്തുന്നു*" (കൊളോ 1,24) എന്ന അപ്പസ്തോലന്റെ മനോ ഭാവം ക്ഷമയുടെ വ്യക്തമായൊരുദാഹരണമാണ് ഈ മനോഭാ വമാണ് സഹനത്തെ നേട്ടമായി കരുതാൻ പ്രാപ്തരാക്കുന്നത് (ഫിലി 1:20-23. 29; 3:7-10).

**5. ദയ (kindness):** അതിരുകളില്ലാത്ത ആഗ്രഹങ്ങളുടെയും അപരന്റേതു കൂടി സ്വന്തമാക്കാനുള്ള ശ്രമത്തിന്റെയും ഇടയിൽ മറന്നുപോകുന്നതും അവഗണിക്കപ്പെടുന്നതുമായൊരു സ്വഭാവ സവിശേഷതയാണ് ദയ. വിവിധങ്ങളായ മത-രാഷ്ട്രീയ തീവ്ര വാദങ്ങൾ വർദ്ധിച്ചുവരുന്നിടത്ത് അപരനെ ശത്രുവായും സംശ യത്തോടെയും വീക്ഷിക്കാനും, എതിർത്തു തോല്പിക്കാനും

നശിപ്പിക്കാനും ഉള്ള ശ്രമം ഉടലെടുക്കുന്നു. അടുത്തു നിൽക്കുന്നത് സഹോദരനാണെന്ന സത്യം മറക്കുന്നു. ഇതിനു വിപരീതമായാണ് ദയ എന്ന പരിശുദ്ധാത്മ ഫലത്തിന്റെ സവിശേഷത പ്രകടമാകുന്നത്.

*ക്രേസ്തോത്തേസ്* (Chrestotes) എന്നാണ് ഗ്രീക്കുമൂലം. *ക്രേസ്തോസ്* (Chrestos) എന്ന വാക്കിൽ നിന്നാണിതിന്റെ ഉത്ഭവം. ഉപകാരപ്രദം, സന്തോഷപ്രദം, ശാന്തം, എന്നൊക്കെയാണ് വാച്യാർത്ഥം. "*റഹമിം*" എന്ന ഹീബ്രു വാക്കിനു സമാനമാണിത്, ഗർഭസ്ഥ ശിശുവിനോട് അമ്മയുടെ മനോഭാവം. ഇതിനെ കരുണ എന്നും വിവർത്തനം ചെയ്യാം.

എന്നോട് എങ്ങനെ പെരുമാറുന്നു എന്നു ചിന്തിക്കാതെ, അപരന്റെ ആവശ്യം കണ്ടറിഞ്ഞു സഹായിക്കാൻ പ്രേരിപ്പിക്കുന്ന ആന്തരിക ഭാവമാണ് ദയ. കള്ളന്മാരുടെ കയ്യിൽപ്പെട്ട്, മുറിവേറ്റ്, വഴിയിൽ രക്തംവാർന്നു കിടക്കുന്ന വഴിപോക്കനെ കണ്ടപ്പോൾ സമറിയാക്കാരനുണ്ടായ ഭാവം (ലൂക്കാ 10,34). വാക്കിലും പ്രവൃത്തിയിലും, സർവ്വോപരി ചിന്തയിലും സമീപനങ്ങളിലും ദയ പ്രകടമാകും. അലിവ്, സഹാനുഭൂതി, സഹതാപം, അനുകമ്പ, എന്നൊക്കെ ഇതിനെ വിശേഷിപ്പിക്കാം. അപരന്റെ ആവശ്യങ്ങളും ദുഃഖങ്ങളും എന്റേതായി പരിഗണിച്ച്, പരിഹരിക്കാൻ ശ്രമിക്കുന്നതു ദയമൂലമാണ്. പ്രതിഫലമായി ഒന്നും പ്രതീക്ഷിക്കുന്നില്ല, അപരന്റെ നന്മയൊഴികെ. സൗഹൃദം, സഹതാപം എന്നൊക്കെ വിശേഷിപ്പിക്കുന്നതിനു പിന്നിൽ നിൽക്കുന്നത് ഈ യാഥാർത്ഥ്യമാണ്. ഒരേ ഹൃദയം ഉണ്ടാകുന്നതല്ലേ സൗഹൃദം; ഒരുമിച്ചു തപിക്കുന്നതല്ലേ സഹതാപം?

ഇവിടെ പരസ്പര ബഹുമാനവും ആദരവും ഉണ്ടായിരിക്കും. എന്തെങ്കിലും സഹായം ചെയ്യുമ്പോൾ അതു കൊട്ടിഘോഷിച്ച് പ്രശസ്തിയാർജ്ജിക്കാനോ, സ്വീകരിക്കുന്നവരെ ചെറുതാക്കിക്കാണിക്കാനോ ദയ അനുവദിക്കുകയില്ല. ഒരർത്ഥത്തിൽ ജീവനെ നിലനിർത്തുന്നതുതന്നെ ദയയല്ലേ? ദൈവത്തിന്റെ ദയയാണ് എനിക്കു ജന്മം നൽകിയതും ആവശ്യമായതെല്ലാം നൽകി വളർത്തുന്നതും. ദൈവത്തിന്റെ ദയ പ്രകൃതിയിലൂടെയും മറ്റു മനുഷ്യരിലൂടെയും ഞാൻ അനുഭവിക്കുന്നു. ഈ ഒരവബോധം എന്നിലും ദയ വളരാൻ പ്രേരകമാകും. "*കരുണയുള്ളവൻ ഭാഗ്യവാന്മാർ അവർക്കു കരുണ ലഭിക്കും*" (മത്താ 5,7) എന്ന വാഗ്ദാനം

ഓർമ്മയിൽ സൂക്ഷിക്കണം. ആത്യന്തികമായി ദയയും പരിശു ദ്ധാത്മാവിന്റെ പ്രവർത്തനഫലമാണെന്നതും മറക്കാതിരിക്കണം.

സൗമ്യമായ സംസാരം, ആദരവോടെയുള്ള സമീപനം, സഹായിക്കാനുള്ള സന്നദ്ധത, ആശ്വസിപ്പിക്കുന്ന സാന്നിധ്യം, സന്തോഷവും ആത്മധൈര്യവും പകരുന്ന സമീപനം-ഇതെല്ലാം ദയയുടെ പ്രകടനങ്ങളാണ്. എല്ലാവർക്കും എല്ലാവരോടും ദയ ഉണ്ടായിരിക്കണം. ദയ കാട്ടുന്നത് ദൗർബല്യമോ, സ്വീകരിക്കു ന്നതു കുറവോ ആയി പരിഗണിക്കാതിരിക്കാനും പരിശുദ്ധാ ത്മാവു സഹായിക്കുന്നു.

**6. നന്മ (Goodness):** ദൈവം സൃഷ്ടിച്ചതെല്ലാം നല്ലതാ യിരുന്നു. ദൈവകല്പന ലംഘിച്ച്, ദൈവിക പദ്ധതിക്കു വിരുദ്ധ മായി മനുഷ്യൻ പ്രവർത്തിച്ചതിലൂടെയാണ് തിന്മ ഈ ഭൂമി യിലേക്കു കടന്നുവന്നത്. യേശുവിലൂടെ മനുഷ്യനു തിന്മയുടെ ശക്തിയിൽനിന്നു മോചനം ലഭിക്കുന്നു; ദൈവത്തിന്റെ നന്മയിൽ വീണ്ടും പങ്കുചേരാൻ കഴിയുന്നു. മനുഷ്യഹൃദയത്തിൽ നന്മ നിറ യ്ക്കുന്നത് പരിശുദ്ധാത്മാവിന്റെ പ്രവർത്തനമാണ്.

"*അഗാത്തോസുനേ*" (agathosune) എന്നാണ് ഗ്രീക്കുമൂലം. നല്ലത് എന്നർത്ഥമുള്ള "*ആഗത്തോസ്*" (agathos) എന്ന വിശേ ഷണത്തിൽ നിന്നുരുത്തിരിയുന്ന നാമമാണിത്. ദൈവത്തിന്റെ ഒരു സ്വഭാവ സവിശേഷതയാണ് നന്മ (മത്താ 19,17). സൃഷ്ടി കർമ്മത്തിന്റെ വിവരണത്തിൽ താൻ സൃഷ്ടിച്ച ഓരോന്നും നല്ല താണെന്നു ദൈവം കണ്ടു എന്ന് അനേകം തവണ ആവർത്തിച്ചു രേഖപ്പെടുത്തിയിട്ടുണ്ട് (ഉൽപ 1:3.12.18.21.25). ഏറ്റം അവസാനം മനുഷ്യനെ സൃഷ്ടിക്കുന്നതോടെ സൃഷ്ടികർമ്മം പൂർത്തിയായി. "*താൻ സൃഷ്ടിച്ചതെല്ലാം വളരെ നന്നായിരിക്കുന്നു എന്നു ദൈവം കണ്ടു*" (ഉൽപ 1,31). ഈ നന്മയാൽ ഹൃദയം നിറയുക, ദൈവത്തിന്റെ കണ്ണിലൂടെ എല്ലാം കാണാനും വിലയിരുത്താനും കഴിയുക. അതാണ് പരിശുദ്ധാത്മാവിന്റെ പ്രവർത്തനഫലമായ നന്മ.

എല്ലായിടത്തും എല്ലാവരിലും, എല്ലാ സംഭവങ്ങളിലും നന്മ കാണാൻ കഴിയുന്ന അവസ്ഥ. എല്ലാ മനുഷ്യരിലും ദൈവത്തിന്റെ മുഖം കാണാൻ, എല്ലാ സംഭവങ്ങളിലും ദൈവത്തിന്റെ കരം കാണാൻ ഉള്ളിൽ നിറയുന്ന നന്മ സഹായിക്കും. അനേകം മാധ്യ മങ്ങളിലൂടെ ഇന്നു നിരന്തരം ഉയർത്തിക്കാട്ടുന്നതിൽ നിന്നു

വ്യത്യസ്തമായി കാണാനും കേൾക്കാനും, ചിന്തിക്കാനും പറയാനും, പ്രവർത്തിക്കാനും ജീവിക്കാനും ഈ നന്മ മനുഷ്യനെ സഹായിക്കുന്നു. ഹൃദയത്തിൽ നന്മ നിറയുന്ന വ്യക്തിയുടെ സകല സമീപനങ്ങളിലും നന്മയുണ്ടാകും. ദൈവിക സ്വഭാവത്തിലുള്ള പങ്കുചേരലും അതേ സമയം ആ സ്വഭാവത്തിന്റെ ബാഹ്യപ്രകടനവുമാണ് നന്മ.

ഈ നന്മയുടെ അംശം ദൈവം എല്ലാവരിലും നിക്ഷേപിച്ചിട്ടുണ്ട്. പക്ഷേ പാപത്തിന്റെ സ്വാധീനം ഈ നന്മയ്ക്കു മങ്ങലേൽപ്പിക്കുന്നു; നന്മയെ മറയ്ക്കുന്നു. അതാണ് ലോകത്തിൽ നടമാടുന്ന തിന്മയുടെ മൂലകാരണം. "*ക്ഷീരമുള്ളോരകിടിൻ ചുവട്ടിലും ചോര തന്നെ കൊതുകിന്നു കൗതുകം*" എന്ന കവിവാക്യം പോലെ എല്ലാറ്റിലും എല്ലാവരിലും തിന്മമാത്രം കാണാൻ മനുഷ്യനെ പ്രേരിപ്പിക്കുന്നത് തിന്മയുടെ ആത്മാവാണ്. അതിനു വിരുദ്ധമായി പരിശുദ്ധാത്മാവു പ്രവർത്തിക്കുന്നു. പരിശുദ്ധാത്മാവിന്റെ നിയന്ത്രണത്തിനു സ്വയം വിട്ടുകൊടുക്കുന്ന വ്യക്തികളിൽ നന്മ നിറയുന്നു. അപ്പോൾ എല്ലാം ദൈവം കാണുന്നതുപോലെ കാണാൻ കഴിയുന്നു. എല്ലാറ്റിലും നന്മ ദർശിക്കുന്നു. "*ലോകാ സമസ്താ സുഖിനോ ഭവന്തു*" എന്ന ഭാരതത്തിന്റെ അന്തരാത്മാവിൽ നിന്നുയരുന്ന പ്രാർത്ഥനയിൽ ഈ നന്മയുടെ പ്രകടനം കാണാം.

**7. വിശ്വസ്തത (Faithfulness):** വിശ്വാസവുമായി അഭേദ്യം ബന്ധപ്പെട്ട പരിശുദ്ധാത്മ ഫലമാണ് വിശ്വസ്തത. *പിസ്തിസ്* (Pistis) എന്നു ഗ്രീക്കുമൂലം. ഇതിനെ വിശ്വാസം എന്നും വിശ്വസ്തത എന്നും വിവർത്തനം ചെയ്യാം. ദൈവത്തിന്റെ തന്നെ ഒരു വിശേഷണമാണ് വിശ്വസ്തത. "*തന്റെ പുത്രനും നമ്മുടെ കർത്താവുമായ യേശുക്രിസ്തുവിന്റെ സഹവാസത്തിലേക്കു നിങ്ങളെ വിളിച്ച ദൈവം വിശ്വസ്തനാണ്*" (1 കോറി 1,9). ദൈവത്തിന്റെ വിശ്വസ്തതയിലേക്ക് അപ്പസ്തോലൻ അനേകം തവണ ശ്രദ്ധ ക്ഷണിക്കുന്നുണ്ട് (ഉദാ: 1 കോറി 10,13; 2 കോറി 1,18; 1 തെസ 5,24; 2 തെസ 3,3). ദൈവം വാക്കു പാലിക്കും; പറയുന്നതുപോലെ പ്രവർത്തിക്കും. അതിനാൽ വിശ്വസിക്കാം. ഇതാണ് വിശ്വസ്തത എന്നതുകൊണ്ട് അർത്ഥമാക്കുന്നത്. ദൈവത്തിൽ വിശ്വസിക്കുന്നവർക്കു ദൈവം വിശ്വസ്തനാണെന്നു ബോധ്യമുണ്ട്. ദൈവത്തിൽ വിശ്വസിക്കാനും ദൈവത്തോടും സഹജീവികളോടും ഗാഢമായ ഐക്യം പുലർത്താനും വിശ്വസ്തത സഹായിക്കുന്നു.

ജീവിതത്തിന്റെ എല്ലാ മേഖലകളിലും അവശ്യം വേണ്ട ഒരു ഗുണമാണ് വിശ്വസ്തത. ദൈവത്തോടും സഹജീവികളോടും തന്നോടുതന്നെയും വിശ്വസ്തത പാലിക്കണം. കൊടുക്കുന്ന വാക്കു പാലിക്കുക, വാഗ്ദാനം നിറവേറ്റുക, കടമകൾ നിർവ്വഹിക്കുക, ഏല്പിക്കപ്പെടുന്ന ഉത്തരവാദിത്വങ്ങൾ പൂർണ്ണമായും നിറവേറ്റുക. ഇതെല്ലാം വിശ്വസ്തതയുടെ ഭാഗം തന്നെ. മതാത്മക തലത്തിലും സാമൂഹ്യതലത്തിലും കുടുംബബന്ധങ്ങളിലും എല്ലാം ഈ വിശ്വസ്തത പ്രകടമാകണം.

വിജയിച്ചോ എന്നതിനെക്കാൾ വിശ്വസ്തത പാലിച്ചോ എന്നതാണ് പ്രധാനം. നഷ്ടം സഹിച്ചും വാക്കു പാലിക്കാൻ, വാഗ്ദാനം നിറവേറ്റാൻ കഴിയുന്നതാണ് വിശ്വസ്തത. താലന്തുകളുടെ ഉപമയിൽ ആദ്യത്തെ രണ്ടു സേവകർക്കുണ്ടായിരുന്നതും ഒരു താലന്തു കിട്ടിയ മൂന്നാമന് ഇല്ലാതെ പോയതുമാണ് വിശ്വസ്തത (മത്താ 25:14-36).

വിശ്വസ്തത ഇല്ലെങ്കിൽ ജീവിതം തന്നെ അസാധ്യമായിത്തീരും. അന്താരാഷ്ട്ര ഉടമ്പടികൾ ലംഘിക്കപ്പെടുമ്പോൾ, വാഗ്ദാനങ്ങൾ നൽകി വോട്ടുവാങ്ങി അധികാരം കയ്യാളുന്നവർ വാക്കു പാലിക്കാതെ വരുമ്പോൾ, വിവാഹാവസരത്തിൽ പരസ്പരം നൽകുന്ന വാഗ്ദാനം ലംഘിക്കപ്പെടുമ്പോൾ, ദൈവത്തിനും മനുഷ്യർക്കും നൽകിയ വാഗ്ദാനങ്ങൾ പാലിക്കാതെ വരുമ്പോൾ, അവിശ്വസ്തതയാകുന്നു, ജീവിതം ദുഃസഹമാകുന്നു. അതിനു പരിഹാരം വിശ്വസ്തതയാണ്. ദൈവം വിശ്വസ്തനായിരിക്കുന്നതുപോലെ, ദൈവത്തിന്റെ മുഖം വഹിക്കുന്ന, ഭൂമിയിലെ ദൈവത്തിന്റെ പ്രതിനിധിയായ, മനുഷ്യനും വിശ്വസ്തത പാലിക്കണം. അതിനു സഹായിക്കുന്നതും പരിശുദ്ധാത്മാവാണ്. ആത്മാവിന്റെ സ്വരത്തിനു കാതോർക്കണം, പ്രചോദനങ്ങൾ അനുസരിക്കണം.

**8. സൗമ്യത (Gentleness):** പരസ്പരബന്ധത്തിൽ നിലനിൽക്കേണ്ട അവശ്യമായൊരു സവിശേഷതയാണ് സൗമ്യത. "*പ്രൗത്തേസ്*" (Prautes) എന്ന ഗ്രീക്കു മൂലം. *പ്രാവൂസ്* (Praus) എന്ന വിശേഷണത്തിൽ നിന്നു വരുന്ന ഒരു നാമമാണിത്. മനുഷ്യന്റെ ഒരു സ്വഭാവ സവിശേഷതയെ ഇതു സൂചിപ്പിക്കുന്നു. ശാന്തശീലവും വിനയവുമായി ബന്ധപ്പെട്ടതാണ് സൗമ്യത. മറ്റുള്ളവരുടെ സ്വഭാവ സവിശേഷതകളെയും ആവശ്യങ്ങളെയും

കുറിച്ച് അനുഭാവപൂർണ്ണമായ കാഴ്ചപ്പാട്, അവരുടെ നന്മയിൽ കാട്ടുന്ന ശ്രദ്ധ, സന്തോഷം, സ്വയം വലിയവനെന്നു കരുതി പ്രൗഢി പ്രകടിപ്പിക്കാതെ മറ്റുള്ളവരെ തന്നേക്കാൾ വലിയവരായി കാണാനുള്ള കഴിവ്, ഇതെല്ലാം സൗമ്യതയുടെ ഭാഗം തന്നെ. ആർക്കും സമീപിക്കാൻ കഴിയുന്ന ഒരു വ്യക്തിത്വം സൗമ്യത പ്രദാനം ചെയ്യുന്നു. "*ശാന്തശീലനും വിനീത ഹൃദയനും*" (മത്താ 11,29) എന്നു സ്വയം വിശേഷിപ്പിക്കുമ്പോൾ യേശു ഊന്നൽ നൽകിയ ഒരു സ്വഭാവ സവിശേഷതയാണ് സൗമ്യത.

ഇവിടെ കോപമില്ല, അഹങ്കാരമില്ല, ധാർഷ്ട്യമില്ല, ഞാൻ വലിയവൻ എന്ന ഭാവമില്ല. അപരനെ ഒരു കാരണവശാലും ചെറുതായി കാണുന്നില്ല; ചെറുതാക്കി കാണിക്കുകയുമില്ല. ആരെങ്കിലും തെറ്റു ചൂണ്ടിക്കാണിച്ചാൽ സന്തോഷത്തോടെ തിരുത്താൻ തയ്യാറാകും. അപരന്റെ തെറ്റുകളും കുറ്റങ്ങളും വേഗം ക്ഷമിക്കും. വിരോധം വച്ചു പുലർത്തുന്നില്ല. എല്ലാവർക്കും നന്മമാത്രം വരണമേ എന്ന് ആഗ്രഹിക്കും. ഏവർക്കും നിർഭയം, സസന്തോഷം സമീപിക്കാൻ കഴിയുന്ന ഒരു വ്യക്തിത്വത്തിന്റെ അവശ്യ ഘടകമാണ് സൗമ്യത. അതും പരിശുദ്ധാത്മാവിന്റെ പ്രവർത്തനം വ്യക്തിയിൽ പുറപ്പെടുവിക്കുന്ന ഫലം തന്നെ.

**9. ആത്മസംയമനം (Self Control):** പരിശുദ്ധാത്മ ഫലങ്ങളുടെ പട്ടികയിൽ അവസാനത്തേതാണ് ആത്മസംയമനം. *എഗ്ക്രത്തേയിയാ* (egkrateia) എന്നു ഗ്രീക്കുമൂലം. തിന്മയുടെ ആകർഷണങ്ങൾക്കെതിരേ ചെറുത്തു നിൽക്കുന്നതിനെയാണ് ഈ വാക്ക് സൂചിപ്പിക്കുന്നത്; പ്രത്യേകിച്ചും ലൈംഗിക മേഖലയിലെ ആത്മനിയന്ത്രണത്തെ. എന്നാൽ അതുമാത്രമല്ല, എല്ലാ സാഹചര്യങ്ങളിലും സ്വന്തം ചിന്തയെയും ആഗ്രഹങ്ങളെയും വികാരങ്ങളെയും നിയന്ത്രണാധീനമാക്കി കാത്തുസൂക്ഷിക്കുന്ന സ്വഭാവ സവിശേഷതയാണ് ആത്മനിയന്ത്രണം അഥവാ ആത്മസംയമനം.

ഞാൻ ആരെന്നും എന്റെ ദൗത്യവും ലക്ഷ്യവും പരിധികളും എന്തെന്നും വ്യക്തമായ അവബോധമുണ്ടായിരിക്കും. ഈ ആത്മാവബോധം സ്വയം നിയന്ത്രിക്കാനുള്ള പ്രചോദനമാകും. പ്രതിസന്ധികളിൽ തളരാതെ, പ്രകോപനങ്ങളിൽ പതറാതെ, പ്രലോഭനങ്ങളിൽ ഇടറാതെ, എപ്പോഴും നന്മ മാത്രം തിരഞ്ഞെടുത്ത്, സ്വന്തം ദൗത്യം അനുസരിച്ചു ജീവിക്കാൻ ആത്മസംയമനം സഹാ

യിക്കുന്നു. ഒരു സാഹചര്യത്തിലും ആത്മനിയന്ത്രണം നഷ്ട പ്പെടുന്നില്ല. എല്ലാ മേഖലകളിലും ഈ ആത്മസംയമനം പ്രകട മാകും. അമിതമായ ആഗ്രഹങ്ങളില്ല, നിഷിദ്ധമായവയ്ക്കു വേണ്ടി ദാഹിക്കില്ല. അധികാരം, സമ്പത്ത്, ലൈംഗികത, സുഖാനുഭൂതി കൾ എന്നിങ്ങനെ എല്ലാ ജീവിതമേഖലകളിലും പ്രകടമാകുന്ന സ്വഭാവ സവിശേഷതയാണ് ആത്മസംയമനം.

എപ്പോഴും ജാഗ്രത പാലിക്കും. പ്രലോഭനങ്ങളെ തിരിച്ച റിഞ്ഞ് ഉപേക്ഷിക്കും. അനിയന്ത്രിതമായ വികാരത്തിന്റെ പൊട്ടി ത്തെറിക്കൽ ഉണ്ടാവില്ല. അതേസമയം ശാന്തമായും, എന്നാൽ വ്യക്തവും കണിശവുമായും കാര്യങ്ങൾ നടത്തും. പ്രതിസന്ധി കളെ നേരിടും; പ്രതിബന്ധങ്ങളെ മറികടക്കും. ഇവിടെ ഔദ്ധ ത്യമില്ല; ഭീരുത്വവുമില്ല. ശാന്തവും ദൃഢവുമായ തീരുമാനം, പെരു മാറ്റം. അതാണ് പരിശുദ്ധാത്മ ഫലമായ ആത്മനിയന്ത്രണം വഴി സംജാതമാകുന്നത്. ദയയും ക്ഷമയും വിനയവും മിതത്വവും എല്ലാം ആത്മസംയമനത്തിലും പ്രകടമാകും.

**10. ഔദാര്യം (generosity):** വുൾഗാത്താ (Vulgata) എന്ന ബൈബിളിന്റെ ലത്തീൻ വിവർത്തനത്തിൽ മേൽവിവരിച്ച ഒൻപതു ഫലങ്ങൾക്കു പുറമേ മൂന്നു ഫലങ്ങൾ കൂടി കൂട്ടി ച്ചേർത്തിട്ടുണ്ട്. അവയാണു തുടർന്നു പഠനവിഷയമാക്കുന്നത്.

ഔദാര്യം ആണ് പട്ടികയിൽ പുതുതായി ചേർത്ത ആദ്യത്തെ ഫലം. അപരന്റെ ആവശ്യം കണ്ടറിഞ്ഞ് സഹായി ക്കാൻ പ്രേരിപ്പിക്കുന്ന സ്വഭാവസവിശേഷതയാണ് ഔദാര്യം. പ്രതിഫലമായി ഒന്നും പ്രതീക്ഷിക്കുന്നില്ല. കൊടുക്കുന്നതിന്റെ കണക്കു വയ്ക്കുന്നില്ല. ആവശ്യക്കാരനു കൊടുക്കുന്നതു നഷ്ട മായി പരിഗണിക്കുന്നതുമില്ല. സ്നേഹം, ദയ, നന്മ എന്നിവയു ടെയെല്ലാം ബാഹ്യമായൊരു പ്രകടനമാകുന്നു ഔദാര്യം.

എല്ലാം സമൃദ്ധമായി ദാനം ചെയ്യുന്ന ദൈവത്തിന്റെ സ്വഭാവ സവിശേഷതയിലുള്ള പങ്കുചേരലുമാണ് ഔദാര്യം. സ്വരുക്കൂട്ടി വച്ച് സമ്പന്നനാകുന്നതിനേക്കാൾ ആവശ്യക്കാർക്കു കൊടുത്ത് സംതൃപ്തിയും സന്തുഷ്ടിയും നേടാൻ ഔദാര്യം പ്രേരിപ്പി ക്കുന്നു. ഇതു ഭൗതിക സമ്പത്തിന്റെ കാര്യത്തിൽ മാത്രമല്ല, സമ യവും അറിവും കഴിവുകളും എല്ലാം ദാനമായി പങ്കുവയ്ക്കാൻ പ്രേരിപ്പിക്കുന്നതും ഔദാര്യമാണ്. ലുബ്ധിനു വിരുദ്ധമായി നിൽക്കുന്നു ഔദാര്യം. ആദിമ ക്രൈസ്തവ സമൂഹത്തിൽ നിറഞ്ഞുനിന്ന ഒരു സവിശേഷതയാണിത്. വ്യക്തികൾ തമ്മിലും

സഭാസമൂഹങ്ങൾ തമ്മിലുമുള്ള പങ്കുവയ്ക്കലിൽ ഇതു പ്രകടമായിരുന്നു (2 കോറി 9:11-13). എന്റെ സമ്പത്ത്, അതു പണമോ ആരോഗ്യമോ അറിവോ കഴിവുകളോ എന്തുമാകട്ടെ ഒന്നും എന്റെ സ്വന്തമല്ല, മറ്റുള്ളവർക്കു കൂടി ഉപകാരപ്രദമാകാൻ വേണ്ടി എന്നെ ഏല്പിച്ചിരിക്കുന്ന ദാനങ്ങളാണെന്ന ബോധ്യം ഔദാര്യത്തിലേക്കു നയിക്കും. ഉള്ളും ഉള്ളതും പങ്കുവയ്ക്കാൻ ഔദാര്യം പ്രേരിപ്പിക്കും. പങ്കുവയ്ക്കുന്നതിൽ സന്തോഷം കണ്ടെത്താൻ ഔദാര്യം സഹായിക്കും.

**11. അടക്കം (modesty):** ജീവിതാന്തസിന് അനുയോജ്യമായ വിധത്തിൽ ആന്തരികവും ബാഹ്യവുമായ ചലനങ്ങളെ നിയന്ത്രിക്കുകയും ക്രമപ്പെടുത്തുകയും ചെയ്യുന്നതിനെയാണ് അടക്കം എന്നു വിശേഷിപ്പിക്കുന്നത്. "*അടക്കമൊതുക്കം*" എന്ന ഗ്രാമീണ ഭാഷയിൽ പറയുന്ന മനോഭാവവും പ്രവർത്തനശൈലിയും. *ഉടമയുടെ പ്രൗഢി, അയൽക്കാരന് അസൂയ* (owner's pride, neighbour's jealousy) എന്ന പരസ്യത്തിനു കടക വിരുദ്ധമായി നിൽക്കുന്ന മനോഭാവവും ജീവിതശൈലിയും അടക്കമെന്ന ഫലം സൂചിപ്പിക്കുന്നു.

പ്രകടനാത്മകതയ്ക്ക് അമിത പ്രാധാന്യം കൊടുക്കുന്ന ആനുകാലിക ലോകത്തിൽ ഏറെ അവഗണിക്കപ്പെടുന്നതും എന്നാൽ അവശ്യം വേണ്ടതുമായൊരു ഗുണമാണ് അടക്കം. വസ്ത്രധാരണത്തെക്കുറിച്ചാണ് അടക്കം എന്ന വാക്കു ആദ്യമേ അനുസ്മരിപ്പിക്കുക. മറ്റുള്ളവർക്കു പാപകാരണമാകത്തക്കവിധത്തിൽ ഉതപ്പുണ്ടാക്കുന്ന വസ്ത്രധാരണം ഒഴിവാക്കണം എന്നു "അടക്കം" പഠിപ്പിക്കുന്നു. എന്നാൽ അതു മാത്രമല്ല. എന്റെ വലുപ്പം കാണിക്കാൻ, മറ്റുള്ളവരുടെ ശ്രദ്ധയും പ്രശംസയും പിടിച്ചുപറ്റാൻ വേണ്ടി നടത്തുന്ന സകല ശ്രമങ്ങൾക്കും വിരുദ്ധമായി നിൽക്കുന്നു അടക്കം. അതു പ്രവർത്തനശൈലിയാവാം, അണിയുന്ന വേഷവിധാനങ്ങളാകാം, വസിക്കുന്ന വീടുകളും സഞ്ചരിക്കുന്ന വാഹനങ്ങളും ആകാം, പണിയുന്ന സ്ഥാപനങ്ങളാകാം. ലോകത്തിലെ ഏറ്റം ഉയരം കൂടിയ പ്രതിമ പണിയാൻ സഹസ്രകോടികൾ മുടക്കുമ്പോൾ പ്രതിമയുടെ ചുറ്റും ചോരുന്ന കൂരകളിൽ കഴിയുന്ന മനുഷ്യരെ കാണാതെ പോകുന്നതും "അടക്ക"ത്തിനു വിരുദ്ധമാണ്.

മിതത്വം, സൗമ്യത, ദയ, വിനയം, നന്മ എന്നീ ഗുണവിശേഷങ്ങളുമായി ബന്ധപ്പെട്ടതാണ് അടക്കം. മതി എന്നു പറയാൻ

"അടക്കം" പഠിപ്പിക്കുന്നു. ആന്തരിക മനുഷ്യൻ വളരുന്നതിനാനുപാതികമായി പ്രകടനാത്മകതയ്ക്കുള്ള ത്വര കുറയും. എല്ലാ മേഖലകളിലും ഏറെ പ്രസക്തമാണ് അടക്കം. "*നിറകുടം തുളുമ്പില്ല*" എന്ന പഴഞ്ചൊല്ല് ഇവിടെ അർത്ഥവത്താകുന്നു. എന്റെ ഏതെങ്കിലും വാക്കോ, നോട്ടമോ, ചേഷ്ടയോ, പ്രവർത്തനമോ ഒന്നും മറ്റാർക്കും ഒരുവിധത്തിലും പാപഹേതുവാകാതിരിക്കാൻ അടക്കം എന്ന പരിശുദ്ധാത്മഫലം സഹായിക്കും. ഇത് ഒരു സംസ്കാരത്തിന്റെ തന്നെ ഭാഗമായിത്തീരണം. എല്ലാം തുറന്നു കാട്ടി, കൊട്ടിഘോഷിക്കുന്ന പ്രകടന സംസ്കാരത്തിന് എതിരേ ഒരു പ്രതിസംസ്കാരമായ ആന്തരികതയുടെ ഭാഗമായിരിക്കണം അടക്കം.

**12. ശുദ്ധത (Chastity):** ലൈംഗിതയുമായി ബന്ധപ്പെട്ടതാണ് ശുദ്ധത എന്ന പരിശുദ്ധാത്മാഫലം. സ്ത്രീയും പുരുഷനുമായി മനുഷ്യനെ സൃഷ്ടിച്ച ദൈവത്തിന്റെ ആഗ്രഹവും പദ്ധതിയും അനുസരിച്ച് സ്വന്തം ലൈംഗിക വികാരങ്ങളെയും ആഗ്രഹങ്ങളെയും, മനസിന്റെയും ശരീരത്തിന്റെയും പ്രവർത്തനങ്ങളെയും നിയന്ത്രിക്കാൻ ശുദ്ധത സഹായിക്കുന്നു. "വ്യഭിചാരം ചെയ്യരുത്" എന്ന പ്രമാണത്താൽ വിലക്കിയിരിക്കുന്ന സകല പ്രവൃത്തികളിൽ നിന്നും ഒഴിഞ്ഞു നിൽക്കാൻ ശുദ്ധത പ്രേരിപ്പിക്കുന്നു. വിശ്വസ്തത, ആത്മസംയമനം എന്നീ ഫലങ്ങളുമായി അഭേദ്യം ബന്ധപ്പെട്ടതാണ് ശുദ്ധത. ആത്മനിയന്ത്രണത്തിന്റെ ഒരു പ്രധാന മേഖലയാണിത്.

ഈ ഫലത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് യേശു വളരെ വ്യക്തമായി പഠിപ്പിച്ചിട്ടുണ്ട്. "*വ്യഭിചാരം ചെയ്യരുത് എന്നു കല്പിച്ചിട്ടുള്ളതു നിങ്ങൾ കേട്ടിട്ടുണ്ടല്ലോ. എന്നാൽ ഞാൻ നിങ്ങളോടു പറയുന്നു. ആസക്തിയോടെ സ്ത്രീയെ നോക്കുന്നവൻ ഹൃദയത്തിൽ അവളുമായി പാപം ചെയ്തുകഴിഞ്ഞു*" (മത്താ 5:27-28). ഒരു പുരുഷനും ഒരു സ്ത്രീയും തമ്മിൽ വിവാഹത്താൽ ബന്ധിതരായി, ആയുഷ്ക്കാലം മുഴുവൻ, ഇണയും തുണയുമായി വർത്തിക്കുക എന്നതാണ് ലൈംഗികതയുടെയും സ്ത്രീപുരുഷ വ്യത്യാസങ്ങളുടെയും അടിസ്ഥാനലക്ഷ്യം. ആ ലക്ഷ്യത്തിനനുസൃതമായ ജീവിതം നയിക്കാൻ ശുദ്ധത എന്ന പരിശുദ്ധാത്മ ഫലം സഹായിക്കുന്നു.

ഇതിനു വിരുദ്ധമായുള്ള പ്രവർത്തനങ്ങളെ ദൈവനിഷേധവും

കഠിന പാപവുമായി പൗലോസ് അപ്പസ്തോലൻ പ്രഖ്യാപിക്കുന്നുണ്ട്. സ്വാഭാവികമായിത്തന്നെ ദൈവത്തെയും പ്രകൃതിയിൽ ദൈവം നൽകിയിരിക്കുന്ന ധാർമ്മിക നിയമങ്ങളെയും അറിയാമായിരുന്നിട്ടും മനഃപൂർവ്വം അവയെ ലംഘിക്കുന്നവരെ "*ദൈവം തങ്ങളുടെ ഭോഗാസക്തികളോടുകൂടെ, ശരീരങ്ങൾ പരസ്പരം അവമാനിതമാകുന്നതിന് അശുദ്ധിക്കു വിട്ടുകൊടുത്തു*" (റോമാ 1,24). തുടർന്നു വിവരിക്കുന്ന ലൈംഗിക വൈകൃതങ്ങളെല്ലാം ശുദ്ധതയ്ക്കു വിരുദ്ധമായ പാപങ്ങളായി അപ്പസ്തോലൻ ചിത്രീകരിക്കുന്നത് (റോമാ 1:25–28) ഉത്തരാധുനികം എന്നു വിശേഷിപ്പിക്കപ്പെടുന്ന ആനുകാലിക ലോകത്തിന്റെ ഒരു നേർക്കാഴ്ചപോലെ തോന്നും.

വിവാഹം, ഏകഭാര്യ-ഭർതൃത്വം, മരണംവരെ ഒരുമിച്ചു ജീവിക്കാനുള്ള ദമ്പതികളുടെ ഉത്തരവാദിത്വം, സന്താനോല്പാദനം എന്നിവയെല്ലാം ഉപേക്ഷിച്ച്, കേവലം ആഗ്രഹങ്ങളുടെയും അതിലുപരി ആസക്തികളുടെയും പൂർത്തീകരണത്തിനുള്ള മാർഗ്ഗമായി ലൈംഗികത അധഃപതിക്കുന്നതിന് "ശുദ്ധത" തടയിടുന്നു. അടക്കം എന്ന പേരിൽ മുകളിൽ കണ്ട് പരിശുദ്ധാത്മഫലം ശുദ്ധതയുമായി അഭേദ്യം ബന്ധപ്പെട്ടിരിക്കുന്നു.

മനുഷ്യശരീരം ദൈവാലയവും യേശുവിന്റെ മൗതിക ശരീരത്തിന്റെ ഭാഗവുമാണ് എന്ന കാഴ്ചപ്പാടിൽ നിന്നുവേണം ശുദ്ധതയെ കാണാൻ. "*നിങ്ങളുടെ ശരീരങ്ങൾ ക്രിസ്തുവിന്റെ അവയവങ്ങളാണെന്നു നിങ്ങൾക്കറിഞ്ഞുകൂടേ? ക്രിസ്തുവിന്റെ അവയവങ്ങൾ എനിക്കു വേശ്യയുടെ അവയവങ്ങളാക്കാമെന്നോ?...... നിങ്ങളിൽ വസിക്കുന്ന ദൈവദത്തമായ പരിശുദ്ധാത്മാവിന്റെ ആലയമാണ് നിങ്ങളുടെ ശരീരം എന്നു നിങ്ങൾക്കറിഞ്ഞുകൂടേ?*" (1 കോറി 6:15–20) അതിനാൽ എല്ലാത്തരം ലൈംഗിക ദുരുപയോഗങ്ങളിൽ നിന്നും വിട്ടുനിൽക്കണം.... "*നിങ്ങളുടെ ശരീരങ്ങളെ വിശുദ്ധവും ദൈവത്തിനു പ്രീതികരവുമായ സജീവബലിയായി അർപ്പിക്കുവിൻ*" (റോമാ 12,1) എന്ന ആഹ്വാനത്തിനുള്ള മറുപടിയാണ് ശുദ്ധത. "*നിങ്ങളുടെ ശരീരത്തിൽ ദൈവത്തെ മഹത്വപ്പെടുത്തുവിൻ*" (1 കോറി 6,20) എന്ന അപ്പസ്തോലന്റെ ഉപദേശം ശുദ്ധതയുടെ പ്രാധാന്യത്തിലേക്കു ശ്രദ്ധ ക്ഷണിക്കുന്നു.

ശുദ്ധതയും വിശുദ്ധിയും ഒന്നല്ല; തമ്മിൽ ബന്ധമുണ്ട്, അതേ സമയം വ്യത്യാസങ്ങളും. ദൈവത്തിനു വേണ്ടി പൂർണ്ണമായി

സമർപ്പിക്കപ്പെട്ടത് എന്നാണ് വിശുദ്ധം എന്നതിനർത്ഥം. അതേ സമയം ദൈവകല്പനകൾ പൂർണ്ണമായി അനുസരിച്ചു ജീവിക്കുന്നതിനെ വിശുദ്ധി എന്നു വിശേഷിപ്പിക്കുന്നു. ശുദ്ധത മുഖ്യമായും ലൈംഗിക മേഖലയിലാണ് ശ്രദ്ധ കേന്ദ്രീകരിക്കുന്നത്. ദൈവഹിതാനുസാരം, അവിടുത്തെ കല്പനകൾക്കനുസൃതമായി ലൈംഗികജീവിതത്തെ ചിന്തയിലും വാക്കിലും പ്രവൃത്തിയിലും നിയന്ത്രിക്കുന്നതിനെ ശുദ്ധത എന്നു വിശേഷിപ്പിക്കുന്നു.

വിവാഹിതർക്കും അവിവാഹിതർക്കും ഒരുപോലെ പ്രധാനപ്പെട്ടതാണ് ശുദ്ധത. ലൈംഗികബന്ധത്തിൽ നിന്ന് അകന്നു നിൽക്കണം എന്നല്ല, ആ ബന്ധം ദൈവിക നിയമങ്ങൾക്കനുസൃതമായിരിക്കണം എന്നത്രേ "ശുദ്ധത" നിഷ്കർഷിക്കുന്നത്. അതിനാൽ ബ്രഹ്മചര്യം, കന്യാവ്രതം എന്നിവ മാത്രമായി ശുദ്ധതയെ ചുരുക്കാനാവില്ല. എല്ലാവർക്കും, എല്ലാ ജീവിതാന്തസിലുള്ളവർക്കും, ഏതു പ്രായക്കാർക്കും ഒരുപോലെ പ്രസക്തമാണ് ശുദ്ധത. ദൈവത്തിനു സ്വീകാര്യമായ ബലിവസ്തുവായി തന്നെത്തന്നെ സമർപ്പിക്കാൻ ശുദ്ധത അവശ്യം ആവശ്യമാണ്.

**ചുരുക്കത്തിൽ:** വ്യക്തികളിലും സമൂഹങ്ങളിലും പരിശുദ്ധാത്മാവിന്റെ പ്രവർത്തനം വഴി സംജാതമാകുന്ന സവിശേഷതകളെയാണ് ഫലങ്ങൾ എന്നു വിശേഷിപ്പിക്കുന്നത്. ആത്മാവിന്റെ ദാനങ്ങളും വരങ്ങളും എല്ലാം ഫലങ്ങളിലേക്കു നയിക്കണം. പരിശുദ്ധാത്മാവിന്റെ ഫലങ്ങൾ ഒമ്പത് എന്നാണ് ഗലാ 5:22-23ന്റെ അടിസ്ഥാനത്തിൽ പൊതുവേ കരുതപ്പെടുന്നത്. എന്നാൽ വുൾഗാത്ത എന്ന പേരിൽ അറിയപ്പെടുന്ന ലത്തീൻ വിവർത്തനത്തിൽ മൂന്നു ഫലങ്ങൾ കൂടുതലുണ്ട്. അതിനാൽ ഫലങ്ങളുടെ എണ്ണത്തെക്കുറിച്ച് രണ്ടഭിപ്രായങ്ങൾ നിലനിൽക്കുന്നു.

ഫലങ്ങൾ 9 (12) എന്നു പറയുമ്പോഴും ആത്യന്തികമായ ഒരേ ഒരു യാഥാർത്ഥ്യത്തിന്റെ വിവിധ വശങ്ങളാണ് അക്കമിട്ടു നിരത്തുന്നത് എന്ന കാര്യം ശ്രദ്ധിക്കണം. ഒരേ വ്യക്തിയിലുണ്ടാകുന്ന സ്വഭാവസവിശേഷതകളാണു ഫലങ്ങൾ. ഇവ എല്ലാം പരസ്പരം ബന്ധപ്പെട്ടിരിക്കുന്നു; പരസ്പരം വിശദീകരിക്കുകയും ചെയ്യുന്നു. *സ്നേഹം, ആനന്ദം, സമാധാനം, ക്ഷമ, ദയ, നന്മ, വിശ്വസ്തത, സൗമ്യത, ആത്മസംയമനം* എന്നിവയാണ് ഗ്രീക്കു മൂലത്തിലുള്ളത്. അതോടൊപ്പം *ഔദാര്യം, അടക്കം, ശുദ്ധത* എന്നീ മൂന്നു ഫലങ്ങൾകൂടി ലത്തീൻ വിവർത്തനത്തിൽ കാണാം.

ഈ ഫലങ്ങൾ എല്ലാം തന്നെ വ്യക്തികൾ തമ്മിലുള്ള പര

സ്പരബന്ധത്തിൽ പ്രകടമാകുന്നവയാണ്. ആനന്ദം മാത്രമേ വ്യക്തിയുടെ ആന്തരികതയിൽ മാത്രം ഒതുങ്ങി നിൽക്കുന്നതായി കരുതാനാവൂ. എന്നാൽ അതും മറ്റുള്ളവരുമായുള്ള ബന്ധങ്ങളിൽ പ്രകടമാകും.

ഫലങ്ങളാണ് പ്രധാനം. വരങ്ങളും ദാനങ്ങളും എത്രയേറെ ലഭിച്ചാലും ഫലം പുറപ്പെടുവിക്കുന്നില്ലെങ്കിൽ ജീവിതം അർത്ഥശൂന്യമാകും. യേശുതന്നെ അനുസ്മരിപ്പിക്കുന്നതാണ് ഇക്കാര്യം (മത്താ 7:21-24). ഫലം തരാത്ത ശാഖകൾ മുറിച്ചുമാറ്റും; ഫലം തരാത്ത വൃക്ഷം വെട്ടി തീയിൽ എറിയും എന്നിങ്ങനെയുള്ള ഉപമകളിലൂടെ ഫലത്തിന്റെ പ്രാധാന്യത്തിലേക്കു ശ്രദ്ധ ക്ഷണിക്കുന്നു.

വേരിൽ നിന്നു ജീവരസം തായ്ത്തടിയിലൂടെ ശാഖകളിലേക്കു വന്നു ഫലം പുറപ്പെടുവിക്കുന്നതു പോലെയാണ് മനുഷ്യജീവിതത്തിൽ പരിശുദ്ധാത്മാവ് ഫലം പുറപ്പെടുവിക്കുന്നത് എന്നു മുന്തിരിച്ചെടിയുടെ ഉപമയിലൂടെ പഠിപ്പിച്ചു. പരിശുദ്ധാത്മാവിന്റെ ഫലങ്ങൾ എന്നു പറയുമ്പോഴും നമ്മിൽ വസിക്കുന്ന പരിശുദ്ധ ത്രിയേകദൈവമാണ് ഫലത്തിന്റെയും ഉറവിടം എന്നതു മറക്കാതിരിക്കാം. ജീവിതം ഫലം അണിയാൻ ദൈവത്തോടു ചേർന്നു നിൽക്കണം. അതിന് അവിടുത്തെ കല്പനകൾ പാലിക്കണം.

എല്ലാ കല്പനകളും കൂടി യേശു ഒരു പുതിയ കല്പനയിൽ ഒതുക്കി: "*ഞാൻ നിങ്ങളെ സ്നേഹിച്ചതുപോലെ നിങ്ങളും പരസ്പരം സ്നേഹിക്കുവിൻ*" (യോഹ 13,34) "*ആര് എന്നിലും ഞാൻ അവനിലും വസിക്കുന്നുവോ, അവൻ ഏറെ ഫലം പുറപ്പെടുവിക്കും*" (യോഹ 15,5). എങ്ങനെയാണ് ഒരാൾ യേശുവിൽ നിലനിൽക്കുക എന്നും ഗുരുനാഥൻ തന്നെ പഠിപ്പിക്കുന്നുണ്ട്. "*ഞാൻ എന്റെ പിതാവിന്റെ കല്പനകൾ പാലിച്ച് അവിടുത്തെ സ്നേഹത്തിൽ നിലനിൽക്കുന്നതുപോലെ, നിങ്ങൾ എന്റെ കല്പനകൾ പാലിച്ചാൽ എന്റെ സ്നേഹത്തിൽ നിലനിൽക്കും*" (യോഹ 15,10). അതാണു ജീവിതം പരിശുദ്ധാത്മാവിന്റെ ഫലങ്ങൾ കൊണ്ടു നിറയാൻ ആവശ്യമായ നിബന്ധന-സ്നേഹം. അത് ദാനവും, വരവും, പ്രവൃത്തിയും ഒപ്പം ഫലവുമാണ്; എല്ലാറ്റിനെയും കൂട്ടി യോജിപ്പിക്കുന്ന, ഫലസമൃദ്ധമാക്കുന്ന ദൈവത്തിന്റെ തന്നെ സ്വഭാവം (1 യോഹ 4:8-10).

# ഉപസംഹാരം

“*അഗ്നിജ്വാലകൾ പോലുള്ള നാവുകൾ തങ്ങളോരോരുത്തരുടെയും മേൽ വന്നു നിൽക്കുന്നതായി അവർ കണ്ടു. അവരെല്ലാവരും പരിശുദ്ധാത്മാവിനാൽ നിറഞ്ഞു. ആത്മാവുകൊടുത്ത ഭാഷണവരമനുസരിച്ച് അവർ വിവിധ ഭാഷകളിൽ സംസാരിക്കാൻ തുടങ്ങി*” (അപ്പ 2:3-4).

അന്ത്യ അത്താഴ വേളയിൽ ശിഷ്യന്മാരോടു വിടപറയുമ്പോൾ യേശു നൽകിയ ഒരു വാഗ്ദാനമായിരുന്നു സഹായകൻ. “*എന്നേക്കും നിങ്ങളോടുകൂടെ ആയിരിക്കാൻ മറ്റൊരു സഹായകനെ അവിടുന്നു നിങ്ങൾക്കു നൽകും*” (യോഹ 14,16). യേശുവിന്റെ പ്രാർത്ഥനയ്ക്കു മറുപടിയായി പിതാവ് അയയ്ക്കുന്ന ഈ സഹായകൻ ആരാണ്, എന്താണ് ഈ സഹായകന്റെ സവിശേഷതകൾ എന്ന അന്വേഷണമാണ് നാം ഇതുവരെ നടത്തിയത്. ഏതെങ്കിലും ഒരു മനുഷ്യവ്യക്തിയെക്കുറിച്ചുള്ളതല്ല ഈ വാഗ്ദാനം, മറിച്ച് ദൈവം തന്നെ ആയ, ദൈവത്തിന്റെ ആത്മാവ് എന്നു വിശേഷിപ്പിക്കപ്പെടുന്ന, പരിശുദ്ധാത്മാവിനെക്കുറിച്ചാണ്.

മറഞ്ഞിരിക്കുന്ന ദൈവം എന്നു പരിശുദ്ധാത്മാവിനെ വിശേഷിപ്പിക്കാം. വളരെ സാവകാശമാണ് ബൈബിളിലും തുടർന്നു കത്തോലിക്കാസഭയുടെ ആധികാരിക പ്രബോധനങ്ങളിലും വ്യക്തത കൈവന്നത്. കത്തോലിക്കാസഭയുടെ വിശ്വാസം ഏറ്റം ആധികാരികമായി ഏറ്റുപറയുന്നതാണ് സാർവ്വത്രിക സഭയുടെ വിശ്വാസപ്രമാണം. രണ്ടാം സാർവ്വത്രിക സൂനഹദോസായ കോൺസ്റ്റാന്റിനോപ്പിൾ I എ.ഡി. 381 ൽ പ്രഖ്യാപിച്ച വിശ്വാസപ്രമാണത്തിൽ പരിശുദ്ധാത്മാവിനെ സംബന്ധിച്ച വിശ്വാസം ഇപ്രകാരമാണ്. “*കർത്താവും ജീവദാതാവും, പിതാവിൽ നിന്നു പുറപ്പെടുന്നവനും, പിതാവിനോടും പുത്രനോടും ഒപ്പം ആരാധിക്കപ്പെടുകയും മഹത്വീകരിക്കപ്പെടുകയും ചെയ്യുന്നവനും, പ്രവാചകന്മാർ വഴി സംസാരിച്ചവനുമായ പരിശുദ്ധാത്മാവിലും ഞങ്ങൾ വിശ്വസിക്കുന്നു.*”

ഈ വിശ്വാസപ്രമാണമാണ് വി. കുർബാനയുടെ മധ്യേ ഏറ്റു പറയുന്നത്. ലത്തീൻ ക്രമത്തിൽ ഒരു കാര്യം കൂടുതലായി കാണാം. “പിതാവിൽ നിന്നും” എന്നതിന്റെ കൂടെ “പുത്രനിൽ നിന്നും” എന്ന വിശ്വാസം (filioque എന്ന് ലത്തീനിൽ). ഇതു ബൈബിളിന്റെയും സഭാപിതാക്കന്മാരുടെയും പഠനത്തെ ആസ്പദമാക്കി, പില്ക്കാലത്തു കൂട്ടിച്ചേർത്തതാണ്. ഇതു വലിയ വിവാദങ്ങൾക്കു വഴി തെളിച്ചു. അതിനാലാവാം സീറോ മലബാർ കുർബാനക്രമത്തിന്റെ ഭാഗമായി ഏറ്റുപറയുന്ന വിശ്വാസപ്രമാണത്തിൽ “പുത്രനിൽ നിന്നും” എന്നത് ഐഛികമായി നിർദ്ദേശിച്ചിരിക്കുന്നത്. ഈ വിവാദം അടിസ്ഥാനരഹിതമാണെന്ന് ബൈബിളിൽ പരിശുദ്ധാത്മാവിനെക്കുറിച്ചു പറയുന്ന കാര്യങ്ങൾ സൂക്ഷ്മമായി നിരീക്ഷിച്ചാൽ മനസിലാകും.

ഉൽപത്തി മുതൽ വെളിപാടു വരെയുള്ള 73 ബൈബിൾ ഗ്രന്ഥങ്ങളിൽ പരിശുദ്ധാത്മാവിനെക്കുറിച്ചുള്ള പ്രബോധനം സാവകാശം ഇതൾ വിടരുന്നതായി നാം കണ്ടു. ബൈബിളിൽ പരിശുദ്ധാത്മാവിനെക്കുറിച്ചു പറയുന്ന കാര്യങ്ങൾ, ചരിത്രക്രമത്തിനു പ്രാധാന്യം കൊടുക്കാതെ ചുരുക്കമായി സംഗ്രഹിക്കാനാണ് തുടർന്നു ശ്രമിക്കുന്നത്.

പരിശുദ്ധാത്മാവിനെ സൂചിപ്പിക്കാൻ മുഖ്യമായും മൂന്നു പ്രതീകങ്ങൾ ബൈബിളിൽ ഉപയോഗിക്കുന്നുണ്ട്, **കാറ്റ്, ജലം, അഗ്നി.** ജീവനും ജീവിതവുമായി അഭേദ്യം ബന്ധപ്പെട്ടതാണ് ഈ മൂന്ന് പ്രതീകങ്ങൾ. ഒപ്പം ശാക്തീകരണവും ശുദ്ധീകരണവും സൂചിപ്പിക്കാനും ഈ മൂന്നു പ്രതീകങ്ങൾ ഉപകരിക്കുന്നു. പരിശുദ്ധാത്മാവ് കാറ്റും വെള്ളവും തീയും ആണെന്ന് ഇതുകൊണ്ടർത്ഥമാക്കുന്നില്ല. എന്നാൽ ഈ പ്രതീകങ്ങൾ ആത്മാവിന്റെ സ്വഭാവവും പ്രവർത്തനങ്ങളും മനസിലാക്കാൻ സഹായിക്കും. ഈ പ്രതീകങ്ങളിൽ ഓരോന്നിന്റെയും വ്യത്യസ്ത സ്വഭാവ സവിശേഷതകൾ ശ്രദ്ധിക്കണം. ജീവൻ നൽകാനും പരിപോഷിപ്പിക്കാനും നശിപ്പിക്കാനും കഴിവുള്ളതാണ് ഇവ മൂന്നും. ദൈവിക ജീവൻ മനുഷ്യരിൽ ഉല്പാദിപ്പിക്കാനും വളർത്താനും ആ ജീവനു ഹാനികരമായതെല്ലാം നശിപ്പിക്കാനും പരിശുദ്ധാത്മാവു സഹായിക്കുന്നു.

ഇതോടൊപ്പം മാമ്മോദീസായുടെ അവസരത്തിൽ യേശുവിന്റെ മേൽ ആവസിച്ച പരിശുദ്ധാത്മാവു പ്രത്യക്ഷപ്പെട്ട

പ്രാവിന്റെ രൂപവും പരിഗണിക്കണം. ദൈവജനത്തിന്റെ പ്രതീകമാണ് **പ്രാവ്** (ഹോസി 7,11), ഒപ്പം സമാധാനത്തിന്റെയും (ഉൽപ 8,11). മനുഷ്യനെ ദൈവത്തോടു രമ്യതപ്പെടുത്തി സമാധാനം സ്ഥാപിക്കാനും അങ്ങനെ ദൈവജനത്തെ രൂപീകരിക്കാനുമാണ് പരിശുദ്ധാത്മാവു യേശുവിനെ അഭിഷേകം ചെയ്യുന്നതെന്ന് പ്രാവിന്റെ പ്രതീകത്തിലൂടെ സൂചിപ്പിക്കുന്നു.

"**ത്രിത്വം**" എന്ന പദം ബൈബിളിൽ ഇല്ല. എന്നാൽ അതു സൂചിപ്പിക്കുന്ന യാഥാർത്ഥ്യം വ്യക്തമായും വ്യംഗ്യമായും ബൈബിളിൽ കാണാം. എല്ലാറ്റിന്റെയും സ്രഷ്ടാവാണ് പിതാവായ ദൈവം. മനുഷ്യനെ പാപത്തിൽ നിന്ന് മോചിപ്പിക്കുന്ന രക്ഷകനാണ് പുത്രനായ ദൈവം. മനുഷ്യർക്ക് ദൈവിക ജീവൻ പ്രദാനം ചെയ്ത് ദൈവമക്കളായി വീണ്ടും ജനിപ്പിക്കുന്ന, അഥവാ ദത്തെടുക്കുന്നതാണ് പരിശുദ്ധാത്മാവ്.

സൃഷ്ടിയുടെ ആരംഭം മുതൽ പരിശുദ്ധാത്മാവ് പ്രവർത്തനനിരതനായിരുന്നു. രൂപരഹിതമായ ആദിജലപിണ്ഡത്തിന്മേൽ പരിവർത്തിച്ച് രൂപഭാവങ്ങൾ വിരിയിച്ചെടുക്കുന്നതു പരിശുദ്ധാത്മാവാണ്. പൂർവ്വപിതാക്കന്മാരിലും (ഉദാ ജോസഫ്-ഉൽപ 41,38), നേതാക്കന്മാരിലും രാജാക്കന്മാരിലും പ്രവാചകന്മാരിലും എല്ലാം പ്രവർത്തിച്ചതും ഓരോരുത്തരെയും അവരവരുടെ ദൗത്യത്തിനായി ശാക്തീകരിച്ചതും നയിച്ചതും പരിശുദ്ധാത്മാവാണ്. ദൈവജനം മുഴുവനും പരിശുദ്ധാത്മാവിനാൽ നിറഞ്ഞിരുന്നെങ്കിൽ എന്നു മോശ ആഗ്രഹിച്ചു (സംഖ്യ 11,29); അതു സംഭവിക്കും എന്ന് ജോയേൽ പ്രവചിച്ചു (ജോയേൽ 2:28-29), ഈ പ്രതീക്ഷയും പ്രവചനവും യേശുവിന്റെ മഹത്വീകരണത്തോടെ യാഥാർത്ഥ്യമായി.

പുതിയ നിയമത്തിന്റെ ആരംഭത്തിൽ പരിശുദ്ധാത്മാവിനാൽ നയിക്കപ്പെടുന്ന അനേകം വ്യക്തികളെ കാണാം. കന്യകാമറിയവും എലിസബത്തും ശിമയോനും ഹന്നായും സ്നാപകയോഹന്നാനും പോലെ അനേകർ. എന്നാൽ യേശുവിലാണ് പരിശുദ്ധാത്മാവിന്റെ സാന്നിധ്യവും പ്രവർത്തനങ്ങളും ഏറ്റം അധികം പ്രകടമായത്.

യേശുവിന്റെ കന്യകാജനനം തന്നെ പരിശുദ്ധാത്മാവിന്റെ പ്രവൃത്തിയാണ് (ലൂക്കാ 1,35). തന്റെ ദൗത്യത്തിനായി യേശുവിനെ അഭിഷേകം ചെയ്തതും (മർക്കോ 1,10) പ്രവർത്തനങ്ങ

ളിൽ ഉടനീളം നയിച്ചതും (ലൂക്കാ 4,18; അപ്പ 10,38) പരിശുദ്ധാത്മാവാണ്. ആത്മാവിന്റെ ശക്തിയാൽ യേശു സുവിശേഷം പ്രഘോഷിച്ചു; പിശാചുക്കളെ ബഹിഷ്കരിച്ചു; രോഗികൾക്കു സൗഖ്യം നൽകി, മരിച്ചവരെ ഉയിർപ്പിച്ചു; പാപങ്ങൾ മോചിച്ചു. അങ്ങനെ ദൈവരാജ്യം ഈ ഭൂമിയിൽ ഉദ്ഘാടനം ചെയ്തു.

യേശുവിൽ പ്രവർത്തിച്ച പരിശുദ്ധാത്മാവു തന്നെ ശിഷ്യന്മാരിൽ തുടർന്നു പ്രവർത്തിക്കും എന്ന് നാഥൻ വാഗ്ദാനം ചെയ്തു. ആത്മാവിന്റെ പ്രവർത്തനങ്ങൾ എന്തൊക്കെ ആയിരിക്കുമെന്ന് അവരെ പഠിപ്പിച്ചു. എന്നും കൂടെ വസിക്കും. നിരന്തരം പ്രചോദിപ്പിക്കും. എല്ലാ പ്രതിബന്ധങ്ങളെയും തരണം ചെയ്യാൻ ശക്തിപ്പെടുത്തും. ദൈവിക രഹസ്യങ്ങളുടെ ഉള്ളറകളിലേക്കു നയിക്കും. ദൈവവചനം വിശ്വസനീയമായ വിധത്തിൽ ജീവിക്കാനും പ്രഘോഷിക്കാനും സഹായിക്കും. അവരെ ദൈവമക്കളായി വീണ്ടും ജനിപ്പിക്കും. പ്രാർത്ഥിക്കാൻ പഠിപ്പിക്കും, പോരാ, അവരിലൂടെ പരിശുദ്ധാത്മാവു തന്നെ പ്രാർത്ഥിക്കും.

ഉത്ഥിതനായ നാഥൻ അവരുടെ മേൽ നിശ്വസിച്ചുകൊണ്ട് പരിശുദ്ധാത്മാവിനെ ശിഷ്യന്മാർക്കു നൽകി; പന്തക്കുസ്താദിവസം, കൊടുങ്കാറ്റിന്റെ ആരവത്തോടെ, തീനാവുകളുടെ രൂപത്തിൽ ശിഷ്യന്മാരിൽ ആവസിച്ച പരിശുദ്ധാത്മാവ് അവരെ സമൂലം രൂപാന്തരപ്പെടുത്തി. യേശുവിനു സാക്ഷ്യം വഹിക്കാൻ ധൈര്യം, പ്രഘോഷിക്കാൻ വാക്കുകൾ, വിശ്വാസം ജനിപ്പിക്കാൻ അടയാളങ്ങൾ, എല്ലാം പരിശുദ്ധാത്മാവിന്റെ പ്രവർത്തനഫലമായിരുന്നു. അഗ്നിപോലെ ശുദ്ധീകരിക്കുന്നതും ജീവൻ നൽകുന്നതുമായിരുന്നു അവരുടെ മേൽ ആവസിച്ച ആത്മാവ്; കൊടുങ്കാറ്റുപോലെ, എല്ലാ പ്രതിബന്ധങ്ങളെയും തല്ലിത്തകർത്തു മുന്നേറുന്ന ആന്തരികശക്തിയും.

പരിശുദ്ധാത്മാവ് ശിഷ്യരിൽ നിരന്തരം വസിച്ചു, അവരെ നയിച്ചു. ക്രിസ്തീയ സമൂഹങ്ങൾ രൂപപ്പെടുത്തി, ലോകത്തിന്റെ അതിർത്തികൾ വരെ സുവിശേഷം എത്തിക്കാൻ അവരിലൂടെ പ്രവർത്തിച്ചു. ആത്മാവിന്റെ പ്രവർത്തനങ്ങൾ നിരവധി ദാനങ്ങളായി, കൃപാവരങ്ങളായി അവരിൽ പ്രകടമായി. ആത്മാവിന്റെ വരദാനങ്ങൾ സുവിശേഷ പ്രഘോഷണത്തിനു വിശ്വാസ്യത നൽകി. വരദാനങ്ങൾ വ്യക്തികളിലും സമൂഹങ്ങളിലും ഫലം അണിഞ്ഞു. സ്നേഹത്തിൽ അധിഷ്ഠിതമായ ഒരു ജീവിതം, ഒരു സമൂഹം

രൂപം പ്രാപിച്ചു. സന്തോഷം അവരുടെ മുഖമുദ്രയായി. അവരുടെ ശാന്തതയും സൗമ്യതയും ക്ഷമയും ഔദാര്യവും ആത്മസംയമനവും എല്ലാം ലോകത്തിനു മുമ്പിൽ വലിയ സാക്ഷ്യമായി.

ഇതുതന്നെയാണ് ആദ്യ പന്തക്കുസ്താ മുതൽ ഇന്നുവരെ സംഭവിച്ചുകൊണ്ടിരിക്കുന്നത്; യുഗാന്തം വരെ ഇതു തുടരുകയും ചെയ്യും. കഴിഞ്ഞുപോയ ഏതോ ഒരു കാലത്തു ജീവിച്ചു മരിച്ചു മണ്ണടിഞ്ഞ ഒരു മനുഷ്യനല്ല യേശു വാഗ്ദാനം ചെയ്ത സഹായകൻ. അതു ദൈവമാണ്; അദൃശ്യനായി, എന്നാൽ വിവിധ രീതികളിൽ അനുഭവ വേദ്യനായി, ഇന്നും എന്നും നമ്മോടൊന്നിച്ചു വസിക്കുന്ന ദൈവം.

രക്ഷാചരിത്രത്തെ ബൈബിൾ മൂന്നുഭാഗമായി തിരിക്കുന്നതു കാണാം. ഒരുക്കം, പൂർത്തീകരണം, പ്രഘോഷണം. ഇതിൽ ആദ്യത്തേത് പ്രപഞ്ചസൃഷ്ടി മുതൽ ദൈവപുത്രന്റെ മനുഷ്യാവതാരം വരെയുള്ള കാലമാണ്. ഇതിനെ പഴയനിയമകാലം എന്നു സാധാരണ വിശേഷിപ്പിക്കുന്നു. യേശുവിന്റെ ജനനം മുതൽ മരണവും ഉത്ഥാനവും സ്വർഗ്ഗാരോഹണവും വരെയുള്ള കാലഘട്ടം പൂർത്തീകരണത്തിന്റെ കാലമാണ്. യേശുവിൽ പൂർത്തിയായ ദൈവിക പദ്ധതി ലോകാതിർത്തികൾ വരെ പ്രഘോഷിക്കുന്ന കാലഘട്ടമാണ് മൂന്നാമത്തേത്. ആദ്യകാലഘട്ടത്തിൽ പിതാവിന്റെയും രണ്ടാം ഘട്ടത്തിൽ പുത്രന്റെയും പ്രവർത്തനങ്ങൾക്ക് ഊന്നൽ നൽകുമ്പോൾ മൂന്നാം കാലഘട്ടം പരിശുദ്ധാത്മാവിന്റെ പ്രവർത്തനങ്ങളിലാണ് ശ്രദ്ധ കേന്ദ്രീകരിക്കുന്നത്. അതേസമയം, എല്ലാ കാലഘട്ടങ്ങളിലും, പ്രപഞ്ചസൃഷ്ടി മുതൽ എല്ലാറ്റിന്റെയും നവീകരണമായ പുനർസൃഷ്ടിവരെ, പിതാവും പുത്രനും പരിശുദ്ധാത്മാവുമായ ത്രിയേകദൈവമാണ് പ്രവർത്തന നിരതനായിരിക്കുന്നത് എന്ന കാര്യം മറക്കരുത്.

പാതയിൽ പ്രകാശമായി, പ്രലോഭനങ്ങളെ നേരിടാൻ സഹായകനായി, പ്രതിബന്ധങ്ങളെ മറികടക്കാൻ ശക്തിയായി, വിശ്വസനീയമാംവിധം സുവിശേഷം പ്രഘോഷിക്കാൻ ആന്തരിക പ്രചോദനമായി, ദുഃഖത്തിൽ ആണ്ടു പോകാതെ പ്രത്യാശാദീപമായി, എന്നും കൂടെ വസിക്കുന്ന, കൂടെ നടക്കുന്ന, കൈപിടിച്ചു നടത്തുന്ന ദൈവമാണ് പരിശുദ്ധാത്മാവ്. ബൈബിളിലൂടെ സ്വയം വെളിപ്പെടുത്തുന്ന ദൈവം അപ്പനും അമ്മയുമാണ്, ചേട്ടനും ചേച്ചിയുമാണ്; കൂട്ടുകാരനും കൂട്ടുകാരിയുമാണ്.

ഒരിക്കലും കൈവിടാത്ത സ്നേഹസാന്നിധ്യം, ഒരിക്കലും കുറയാത്ത സന്തോഷം, ഒരിക്കലും അസ്തമിക്കാത്ത പ്രത്യാശ, ഒന്നിനും തോല്പിക്കാനാവാത്ത ആന്തരികശക്തി, ശാന്തി, സമാധാനം ഇതെല്ലാമാണ് പരിശുദ്ധാത്മാവായി എന്നിൽ നിരന്തരം വസിക്കുന്ന ദൈവം. "*ഞങ്ങൾ അവന്റെ അടുത്ത് വന്ന് വാസമുറപ്പിക്കും*" (യോഹ 14,23). "*എന്നും നിങ്ങളോടു കൂടെ ആയിരിക്കാൻ മറ്റൊരു സഹായകനെ അവിടുന്നു നിങ്ങൾക്കു തരും*" (യോഹ 14,16). ഒന്നേ ചെയ്യേണ്ടതുള്ളൂ. യേശുവിന്റെ വചനം ശ്രവിക്കുക, അനുസരിക്കുക. അങ്ങനെ വചനത്തിൽ നില നിൽക്കുക. അപ്പോൾ യേശു ഉദ്ഘാടനം ചെയ്ത ദൈവരാജ്യം ഒരു യാഥാർത്ഥ്യമായി അനുഭവവേദ്യമാകും. അതിനുവേണ്ടി, ആത്മാവിനോടു ചേർന്ന് പ്രാർത്ഥിക്കാം.

**"കർത്താവായ യേശുവേ, വരണമേ!**
**മാറാൻ ആത്താ!"**